# അടിസ്ഥാന വേദോപദേശങ്ങൾ

ടി. എസ്. ബാലൻ

*Author's Address*

**T.S.Balan**
**Anand Bhavan,**
**Valayanchirangara P.O.,**
**Perumbavoor, Ernakulam.**
**Kerala - Pin. 683 556**
**Phone: 0484-3232356; Mob: 09447414608**
**Email: tsbalan@yahoo.com**
**Websites:**
**www.tsbalan.com www.thebibleradio.com**

(Malayalam)
**Adisthana Vedopadesangal**
(The Fundamental Doctrines)

Author: **T.S. Balan**
***Address:***
Anand Bhavan,
Valayanchirangara P.O.,
Perumbavoor, Ernakulam Dist.
Kerala - Pin. 683 556. INDIA.
Phone: 0484-3232356, Mob: 09447414608.
local Calls from US & Canada: (972) 213-1404
Email: tsbalan@yahoo.com
**Websites:**
www.tsbalan.com
www.thebibleradio.com

First Edition: May 2011

***Printed at:***
Perumbavoor Printers,
Best Complex, Perumbavoor,
Ernakulam, Kerala.

Published by the Author

**Price: Rs. 30/-**
(Postage Extra)

All rights Reserved

For more copies: Contact the Author.

For Free Ebook (PDF Format): www.tsbalan.com

# മുഖവുര

അടിസ്ഥാന വേദോപദേശങ്ങൾ എന്ന വിഷയത്തിനു പുതുമയില്ല. ഈ പേരിൽ ഒരു പുസ്തകം മുപ്പതു വർഷം മുൻപ് ഞാൻ വായിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഇപ്പോൾ ആ പുസ്തകമോ അടിസ്ഥാന വേദോപദേശങ്ങൾ വിവരിക്കുന്ന മറ്റു പുസ്തകങ്ങളോ മാർക്കറ്റിൽ ലഭ്യമല്ല. ഗുരുതരമായ ഒരു സ്ഥിതി വിശേഷമാണിത്. ഒരു വിശ്വാസി അറിഞ്ഞിരിക്കേണ്ട അടിസ്ഥാന ഉപദേശവിഷയങ്ങൾ പോലും അറിയാതെ വിശ്വാസജീവിതം എങ്ങനെ സാധ്യമാകും? വിശ്വാസികൾക്കെന്നല്ല ഭൂരിപക്ഷം ശുശ്രൂഷകൻമാർക്കും അടിസ്ഥാന വേദോപദേശങ്ങൾ അറിഞ്ഞുകൂടാ എന്നതാണു വസ്തുത. ഈ പ്രശ്നത്തിന് ഒരു പരിഹാരം എന്ന നിലയിലാണ് അടിസ്ഥാന വേദോപദേശങ്ങൾ എന്ന ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നത്.

രക്ഷിക്കപ്പെട്ടവർക്കു മാത്രമല്ല രക്ഷിക്കപ്പെടാത്തവർക്കും ഈ പുസ്തകം പ്രയോജനം ചെയ്യണമെന്നുള്ള ഉദ്ദേശ്യത്തോടെയാണ് ഗ്രന്ഥരചന നിർവ്വഹിച്ചിരിക്കുന്നത്. അതുകൊണ്ട് കഴിയുന്നത്ര ലളിതമായ ഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്. മാത്രമല്ല സങ്കീർണ്ണങ്ങളായ ഉപദേശവിഷയങ്ങളും വിവാദപ്രശ്നങ്ങളും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. സുവിശേഷീകരണത്തിന് ഉപയുക്തമാകണം ഈ ഗ്രന്ഥം എന്നതിനാൽ അച്ചടിക്കൂലി മാത്രമാണ് വിലയായി നിശ്ചയിച്ചിട്ടുള്ളത്. എന്റെ സുഹൃത്തുക്കളായ നിരവധി സുവിശേഷ സ്നേഹികളുടെ സഹായവും പ്രാർത്ഥനയും മൂലമാണ് ഇതു സാധ്യമായത്. അവർക്കു ദൈവം തക്ക പ്രതിഫലം നൽകി അനുഗ്രഹിക്കട്ടെ.

പേരു സൂചിപ്പിക്കുന്നതുപോലെ ഈ ഗ്രന്ഥം കേവലം അടിസ്ഥാന ഉപദേശങ്ങൾ മാത്രമാണു പഠനവിധേയമാക്കുന്നത്. ദൈവവചനം കൂടുതൽ ആഴമായി പഠിക്കണം എന്ന് ആഗ്രഹമുള്ളവർ ഈ പുസ്തകത്തിന്റെ അവസാന പേജിലുള്ള പരസ്യത്തിൽ കാണുന്ന സി.ഡികൾ വാങ്ങി പഠിക്കുകയോ മറ്റു പുസ്തകങ്ങൾ വാങ്ങി വായിക്കയോ ചെയ്യേണ്ടതാണ്. രക്ഷിക്കപ്പെട്ടവർക്കും രക്ഷിക്കപ്പെടാത്തവർക്കും സഹായകമാകട്ടെ എന്ന പ്രാർത്ഥനയോടെ ഈ ഗ്രന്ഥം ദൈവകരങ്ങളിൽ സമർപ്പിക്കുന്നു.

റ്റി.എസ്. ബാലൻ

# വിഷയവിവരം


| | |
|---|---|
| 1. അടിസ്ഥാന വിശ്വാസപ്രമാണങ്ങൾ | 5 |
| 2. ദൈവവചനം | 9 |
| 3. ദൈവം | 15 |
| 4. മനുഷ്യൻ | 21 |
| 5. മാനസാന്തരം | 26 |
| 6. നീതീകരണം | 31 |
| 7. വീണ്ടുംജനനം | 38 |
| 8. വിശ്വാസസ്നാനം | 43 |
| 9. വേർപാട് | 49 |
| 10. തിരുവത്താഴം | 55 |
| 11. പരിശുദ്ധാത്മസ്നാനം | 60 |
| 12. ദൈവിക രോഗശാന്തി | 76 |
| 13. വിശുദ്ധീകരണം | 80 |
| 14. ദൈവസഭ | 85 |
| 15. ശുശ്രൂഷകൻമാർ | 89 |
| 16. ഓർഡിനേഷൻ | 97 |
| 17. ഭാവിയിൽ സംഭവിക്കാനുള്ളത് | 102 |
| 18. ഇനിയെന്ത്? | 122 |


# 1
# അടിസ്ഥാന വിശ്വാസപ്രമാണങ്ങൾ

അടിസ്ഥാന വിശ്വാസപ്രമാണങ്ങൾ എന്ന പേരിൽ കുറെ വിശ്വാസപ്രമാണങ്ങൾ ബൈബിളിൽ അക്കമിട്ടു നിരത്തിയിട്ടില്ല എന്ന് പ്രാരംഭത്തിൽത്തന്നെ വ്യക്തമാക്കട്ടെ. ഓരോ ക്രൈസ്തവ പ്രസ്ഥാനത്തിനും അവരുടേതായ വിശ്വാസപ്രമാണങ്ങളുണ്ടാകാം. അതു മാത്രമാണു ശരിയെന്ന് അവർ അവകാശപ്പെട്ടെന്നും വരാം. പക്ഷേ തമ്മിൽ പൊരുത്തപ്പെടാത്ത ഈ വിശ്വാസപ്രമാണങ്ങളെല്ലാം ഒന്നുപോലെ ശരിയാകാൻ പറ്റില്ലല്ലോ. അതുകൊണ്ടു രക്ഷയ്ക്ക് ആധാരമാകുന്ന വിശ്വാസപ്രമാണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവയെങ്കിലും പഠനവിധേയമാക്കേണ്ടതുണ്ട്. ഈ വിധത്തിലുള്ള 21 വിഷയങ്ങൾ താഴെ കൊടുക്കുന്നു. ഇന്ത്യൻ പെന്തക്കോസ്ത് ദൈവസഭയുടെ ബൈലോയിൽ കാണുന്ന വിശ്വാസപ്രമാണങ്ങളാണ് മാതൃകയായി സ്വീകരിക്കുന്നത്.

1. ബൈബിൾ

പഴയനിയമത്തിലെ 39 പുസ്തകങ്ങളും പുതിയനിയമത്തിലെ 27 പുസ്തകങ്ങളും ഉൾക്കൊള്ളുന്ന ബൈബിൾ ദൈവനിശ്വാസീയമായ തിരുവെഴുത്തുകളാണ്. പകർത്തിയെഴുതിയപ്പോൾ ഉണ്ടായിട്ടുള്ള തെറ്റുകൾ, തർജ്ജമയിലും അച്ചടിയിലും മറ്റും ഉണ്ടായിട്ടുള്ള തെറ്റുകൾ തുടങ്ങിയവ ഒഴികെ ഒരു വിധത്തിലുള്ള തെറ്റും ബൈബിളിലില്ല. ബൈബിൾ മാത്രമാണ് ദൈവനിശ്വാസീയമായ ഗ്രന്ഥം.

2. ദൈവം

നിത്യനായ ഏക സത്യ ദൈവം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് വ്യക്തിത്വങ്ങളിൽ വെളിപ്പെട്ടിരിക്കുന്നു.

3. മനുഷ്യൻ

ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവകല്പന ലംഘിച്ചതുമൂലം പാപിയായിത്തീർന്നു. ദൈവപുത്രനായ യേശുക്രിസ്തുവിനു മാത്രമേ പാപിയായ മനുഷ്യനെ വീണ്ടെടുക്കാൻ കഴിയൂ.

4. മാനസാന്തരം

പാപത്തെക്കുറിച്ചുള്ള അനുതാപത്തോടും യേശുക്രിസ്തുവിന്റെ പരമയാഗത്തിലുള്ള വിശ്വാസത്തോടും കൂടി മാത്രമേ മനുഷ്യനു ദൈവത്തെ സമീപിക്കുവാൻ കഴിയൂ.

5. നീതീകരണം

യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ മാത്രമേ നീതീകരണം സാധിക്കൂ. പുണ്യപ്രവൃത്തികളാൽ നീതീകരണം സാദ്ധ്യമാകുന്നതല്ല.

6. വീണ്ടുംജനനം

യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി ഹൃദയത്തിൽ സ്വീകരിക്കുകയും വായ്കൊണ്ട് ഏറ്റു പറയുകയും ചെയ്യുന്നതിലൂടെ മാത്രമേ നിത്യരക്ഷ പ്രാപിക്കാൻ കഴിയൂ. പരിശുദ്ധാത്മാവിനാലും ദൈവ വചനത്താലും വീണ്ടും ജനിക്കാതെ നിത്യജീവൻ ലഭിക്കുന്നതല്ല.

7. വിശ്വാസസ്നാനം

കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചവർ യേശുവിനോടു ചേരുവാൻ പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ വെള്ളത്തിൽ മുങ്ങി സ്നാനമേൽക്കണം.

8. വേർപാട്

വിശ്വാസി പാപങ്ങളിൽ നിന്നും പാപികളിൽ നിന്നും ദുരുപദേശങ്ങളിൽ നിന്നും ദൈവവചന വിരുദ്ധമായ ആരാധനകളിൽ നിന്നും വേർപെടണം. എല്ലാവിധത്തിലുമുള്ള ഇണയല്ലാപ്പിണകളും അവിശുദ്ധ കൂട്ടായ്മകളും ഒഴിവാക്കേണ്ടതാണ്.

9. തിരുവത്താഴം

കർത്താവു കാണിച്ചു തന്ന മാതൃകപ്രകാരം തിരുവത്താഴം നടത്തേണ്ടതാണ്. ഇതു കർത്താവു വരുവോളം അവന്റെ ക്രൂശുമരണത്തിന്റെ ഓർമ്മയ്ക്കായി ചെയ്യേണ്ടതാണ്. എന്നാൽ കർത്താവു കാണിച്ചു തന്ന മാതൃകയനുസരിച്ചു മറ്റുള്ളവരുടെ പാദം കഴുകുന്നത് അനുകരണീയമായ മാതൃകയാണെങ്കിലും ഇതു തിരുവത്താഴം പോലെ നിർബ്ബന്ധമായും ചെയ്യേണ്ടതല്ല.

10. പരിശുദ്ധാത്മസ്നാനം

വീണ്ടുംജനനം പ്രാപിച്ച എല്ലാ വിശ്വാസികളും പരിശുദ്ധാത്മസ്നാനം പ്രാപിക്കേണ്ടതാണ്. പരിശുദ്ധാത്മസ്നാനം പ്രാപിക്കുന്ന വ്യക്തി അന്യഭാഷയിൽ സംസാരിക്കാൻ തുടങ്ങും. പരിശുദ്ധാത്മ സ്നാനത്തിന്റെ തത്ക്ഷണം പ്രത്യക്ഷമാകുന്ന അടയാളമാണിത്. ഈ അന്യഭാഷാഭാഷണം സാരത്തിൽ ഒന്നാണെങ്കിലും ഉപയോഗത്തിലും പ്രയോഗത്തിലും ഭാഷാവരത്തിൽ നിന്നു വ്യത്യസ്തമാണ്. ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായിരുന്ന എല്ലാ കൃപാവരങ്ങളും ഇക്കാലത്തും നിലനിൽക്കുന്നു. ഇവ നീക്കപ്പെട്ടിട്ടില്ല.



11. ദൈവിക രോഗശാന്തി

വിശ്വാസത്തോടുകൂടിയ പ്രാർത്ഥനയാൽ രോഗശാന്തിയുണ്ടാകും. എന്നാൽ മരുന്നുകൾ ഉപയോഗിക്കുന്നതു പാപമായോ അവിശ്വാസമായോ പരിഗണിക്കേണ്ടതില്ല.

12. ശുദ്ധീകരണം

വിശ്വാസി യേശുക്രിസ്തുവിന്റെ രക്തത്താലും ദൈവവചനത്താലും പരിശുദ്ധാത്മാവിനാലും വിശുദ്ധീകരിക്കപ്പെടുന്നു.

13. ദൈവസഭ

കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചു വീണ്ടുംജനനം പ്രാപിച്ചവരുടെ സമൂഹമാണു ദൈവസഭ. സഭയുടെ വിശ്വാസാചാരങ്ങൾ പുതിയ നിയമത്തിലെ ഉപദേശങ്ങൾക്ക് അനുസൃതമായിരിക്കണം. പഴയനിയമത്തിലെ ചട്ടങ്ങളും നിയമങ്ങളും പുതിയനിയമ വിശ്വാസികൾക്കു ബാധകമല്ല. വിശ്വാസി, വിശ്വാസികളുടെ പ്രാദേശിക കൂട്ടായ്മയായ പ്രാദേശിക സഭ, എല്ലാ വിശ്വാസികളും ഉൾക്കൊള്ളുന്ന ആകമാനസഭ എന്നിവ മാത്രമേ ദൈവിക പദ്ധതിയിലുള്ളൂ. സഭകൾ എന്ന പേരിൽ അറിയപ്പെടുന്ന സംഘടനകൾ ദൈവികമല്ല.

14. ശുശ്രൂഷ

അപ്പോസ്തലൻ, പ്രവാചകൻ, സുവിശേഷകൻ, ഇടയൻ, അദ്ധ്യാപകൻ എന്നിവരാണ് ദൈവസഭയിലെ പ്രധാന ശുശ്രൂഷകർ. ദൈവം തന്റെ ജനത്തെ ഭരമേല്പിച്ചിരിക്കുന്ന ശുശ്രൂഷ ചെയ്യാൻ അവരെ പരിശീലിപ്പിക്കുകയെന്നതാണ് ഈ ശുശ്രൂഷകരുടെ പ്രധാന ദൗത്യം. ഓരോ പ്രാദേശിക സഭയിലും ഒരു അദ്ധ്യക്ഷൻ (പാസ്റ്റർ, ബിഷപ്പ്) ഉണ്ടായിരിക്കണം. ഈ അദ്ധ്യക്ഷന്റെ കീഴിൽ ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരികളും വേണം.

15. ഓർഡിനേഷൻ

ശുശ്രൂഷകൾക്കായി ദൈവം വിളിച്ചവരെ സഭ അംഗീകരിക്കുന്ന ശുശ്രൂഷയാണ് ഓർഡിനേഷൻ. പ്രാദേശിക സഭയിലെ മൂപ്പൻമാർ ചേർന്നു കൈവച്ചു പ്രാർത്ഥിച്ച് ഓർഡിനേഷൻ നൽകേണ്ടതാണ്. സംഘടനയുടെ നേതാവിന്റെ കൈവയ്പ്പിനാൽ ഒരുവിധത്തിലുള്ള ആത്മീയ നൻമയും ഉണ്ടാകുന്നില്ല. ഇത് ഓർഡിനേഷനുമല്ല.

16. സുവിശേഷവേല

സുവിശേഷവേല എന്നത് എല്ലാ വിശ്വാസികളുടേയും കർത്തവ്യമാണ്.

17. ക്രിസ്തുവിന്റെ മടങ്ങിവരവ്

യേശുക്രിസ്തു തന്റെ ജനത്തെ ചേർക്കാനായി മടങ്ങി വരും. രക്ഷിക്കപ്പെട്ടവരെല്ലാം കർത്താവു മടങ്ങിവരുമ്പോൾ എടുക്കപ്പെടും.

18. മഹോപദ്രവകാലം

സഭയുടെ ഉൽപ്രാപണത്തിനു ശേഷമുള്ള ഏഴു വർഷം ഈ ഭൂമിയിൽ എതിർക്രിസ്തു ഭരണം നടത്തും. മഹോപദ്രവകാലം എന്ന് ഈ ഏഴു വർഷങ്ങളെ വിളിക്കാവുന്നതാണ്.

19. സഹസ്രാബ്ദം

ഏഴു വർഷത്തെ ഭരണം എതിർക്രിസ്തു പൂർത്തിയാക്കുമ്പോൾ അവനെ കർത്താവായ യേശുക്രിസ്തു തോല്പിക്കുകയും ആയിരം വർഷം നീണ്ടു നിൽക്കുന്ന ഒരു ഭരണം ആരംഭിക്കുകയും ചെയ്യും.

20. അന്ത്യ ന്യായവിധി

സഹസ്രാബ്ദത്തിനു ശേഷം അന്ത്യ ന്യായവിധി നടക്കും. വെള്ള സിംഹാസനത്തിന്റെ മുൻപിൽ വച്ച് എല്ലാ പാപികളും ന്യായം വിധിക്കപ്പെടും. തീയും ഗന്ധകവും കത്തുന്ന പൊയ്കയിൽ പാപികൾ നിത്യത ചെലവഴിക്കേണ്ടതായി വരും. ഇതു രണ്ടാം മരണം എന്ന പേരിൽ അറിയപ്പെടുന്നു. സാത്താനും അവന്റെ ദൂതൻമാർക്കും ഇതേ ശിക്ഷ തന്നെയാണു ലഭിക്കുക.

21. നിത്യത

അന്ത്യന്യായവിധിക്കു ശേഷം പുതിയ യെരൂശലേം എന്ന നഗരം ഭൂമിയിലേക്ക് ഇറങ്ങിവരും. രക്ഷിക്കപ്പെട്ടവർ ദൈവത്തോടുകൂടി ഈ നഗരത്തിൽ വസിക്കും.

# 2

# ദൈവവചനം

കൃപയാലാണു വിശ്വാസം മൂലം നാം രക്ഷിക്കപ്പെട്ടിരിക്കുന്നത് എന്നു ബൈബിൾ പറയുന്നു (എഫേ. 2:8). കൃപ ദൈവത്തിൽ നിന്നു വരുന്നു. ആകയാൽ ദൈവകൃപ മാറ്റമില്ലാതെ നിൽക്കുന്നു. പക്ഷേ വിശ്വാസം മനുഷ്യന്റെ ഭാഗത്തുനിന്നു വരേണ്ടതാണ്. അതുകൊണ്ട് നാം വിശ്വസിക്കുന്നതെന്ത് എന്നതു ഗൗരവമുള്ള വിഷയമാണ്. 'അവനവന്റെ വിശ്വാസം അവനവനെ രക്ഷിക്കും' എന്നു ബൈബിളിൽ എവിടെയോ പറയുന്നുണ്ട് എന്നു തെറ്റിദ്ധരിച്ചിരിക്കുന്നവർ നിരവധിയുണ്ട്. പക്ഷേ ഇങ്ങനെയൊരു വാക്യം ബൈബിളിലില്ല. 'വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു' എന്നത്രേ ബൈബിൾ പറയുന്നത് (റോമ.10:17). അതുകൊണ്ടു ദൈവവചനത്തിൽ അധിഷ്ഠിതമായ വിശ്വാസം മാത്രമാണു ശരിയായ വിശ്വാസം. അങ്ങനെയുള്ള വിശ്വാസം മാത്രമേ രക്ഷയ്ക്കു കാരണമാകൂ.

ദൈവവചനമായ ബൈബിളിൽ പറയുന്നതു വിശ്വസിക്കുന്നതിനു മുമ്പായി ദൈവവചനത്തിൽത്തന്നെ വിശ്വാസമുണ്ടാകണം. ദൈവവചനത്തെക്കുറിച്ച് എന്താണു വിശ്വസിക്കേണ്ടത്? പറയാം:

''പഴയനിയമത്തിലെ 39 പുസ്തകങ്ങളും പുതിയ നിയമത്തിലെ 27 പുസ്തകങ്ങളും ഉൾക്കൊള്ളുന്ന ബൈബിൾ ദൈവനിശ്വാസ്യമായ തിരുവെഴുത്തുകളാണ്. പകർത്തിയെഴുതിയപ്പോൾ ഉണ്ടായിട്ടുള്ള തെറ്റുകൾ, തർജ്ജമയിലും അച്ചടിയിലും മറ്റും ഉണ്ടായിട്ടുള്ള തെറ്റുകൾ തുടങ്ങിയവ ഒഴികെ ഒരു വിധത്തിലുള്ള തെറ്റും ബൈബിളിലില്ല. ബൈബിൾ മാത്രമാണ് ദൈവനിശ്വാസീയമായ ഗ്രന്ഥം.''

ഇതാണു ദൈവവചനത്തെക്കുറിച്ചു നാം വിശ്വസിക്കേണ്ടത്. മറ്റു മതങ്ങളിൽപെട്ടവരോ നിരീശ്വരവാദികളോ ചില ക്രൈസ്തവ സമുദായങ്ങളിലെ അംഗങ്ങളോ ഈ നിലപാടുമായി യോജിച്ചുകൊള്ളണമെന്നില്ല. പക്ഷേ ആരൊക്കെ യോജിച്ചാലും വിയോജിച്ചാലും രക്ഷിക്കപ്പെട്ടവർ ഈ നിലപാടിൽ ഉറച്ചുനിന്നേ മതിയാകൂ.

ബൈബിളിനെക്കുറിച്ചു പറയുമ്പോൾ ബൈബിളിന്റെ ഉദ്ഭവം, കാനോൻ രൂപീകരണം, വിവിധ തർജ്ജമകൾ തുടങ്ങി ബൈബിളുമായി ബന്ധപ്പെട്ട് ഒട്ടേറെ കാര്യങ്ങൾ പറയേണ്ടതുണ്ട്. എങ്കിലും വിസ്താരഭയം മൂലം അതിനു തുനിയുന്നില്ല. ബൈബിളുമായി ബന്ധപ്പെട്ടു സാധാരണക്കാർ അറിഞ്ഞിരിക്കേണ്ട വിഷയങ്ങൾ മാത്രമേ ഇവിടെ വിശദീകരിക്കുന്നുള്ളൂ.

ബൈബിൾ ദൈവനിശ്വാസീയമാണ് എന്നു ദൈവമക്കൾ വിശ്വസിക്കുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പുതിയ നിയമത്തിലെ 27 പുസ്തകങ്ങൾ ഏവ എന്നതിനെ സംബന്ധിച്ചു സാധാരണയായി അഭിപ്രായ വ്യത്യാസമുണ്ടാകാറില്ല. പക്ഷേ പഴയനിയമത്തിലെ 39 പുസ്തകങ്ങൾ പലപ്പോഴും തർക്കങ്ങൾക്കു വഴി വയ്ക്കാറുണ്ട്. എങ്കിലും അതിന്റെ വിശദാംശങ്ങളിലേക്ക് ഇപ്പോൾ കടക്കുന്നില്ല. യഹൂദർ ഉപയോഗിക്കുന്ന ബൈബിളിൽ കാണുന്ന 39 പഴയനിയമ പുസ്തകങ്ങൾ മാത്രമാണു ദൈവസഭയും സ്വീകരിക്കുന്നത് എന്നു സാമാന്യമായി പറഞ്ഞുകൊണ്ട് ആ വിഷയം വിടുന്നു.

'ദൈവനിശ്വാസീയം' എന്ന വിഷയം അല്പം വിശദീകരിക്കേണ്ടതുണ്ട്. ബൈബിളിലെ പ്രധാന പഠിപ്പിക്കലുകൾ മാത്രമല്ല, ഓരോ വാചകവും ഓരോ വാക്കും വരെ ദൈവനിശ്ചയപ്രകാരം എഴുതപ്പെട്ടതാണ് എന്നത്രേ 'ദൈവനിശ്വാസീയം' എന്നതു കൊണ്ട് അർത്ഥമാക്കുന്നത്. എങ്കിലും നമ്മുടെ കൈയിൽ ഇപ്പോഴുള്ള ബൈബിൾ കുറ്റമറ്റതാണ് എന്നു പറയാനാവില്ല. കാരണം, പല വിധത്തിലുള്ള തെറ്റുകൾ ബൈബിളിൽ കടന്നു കൂടിയിട്ടുണ്ട്. അങ്ങനെയെങ്കിൽ 'ദൈവനിശ്വാസീയം' എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

ബൈബിളിലെ ഓരോ പുസ്തകവും എഴുതപ്പെട്ടതു ദൈവാത്മ പ്രേരണയാലാണ്. അവ എഴുതാൻ ഉപയോഗിച്ചത് എഴുത്തുകാരന്റെ ഭാഷയും ശൈലിയും മറ്റുമാണെങ്കിലും ദൈവാത്മ പ്രേരണയാൽ എഴുതിയതുകൊണ്ടു വാചകങ്ങളും വാക്കുകളും ദൈവനിശ്ചയപ്രകാരമാണ് എഴുതപ്പെട്ടത്. ഇങ്ങനെ എഴുതപ്പെട്ട മൂല കൃതി തികച്ചും ദൈവനിശ്വാസീയമാണ്, ദൈവവചനമാണ്. അതിൽ ഒരു വിധത്തിലുള്ള തെറ്റുമില്ല. അല്പംകൂടി വ്യക്തമായി പറഞ്ഞാൽ ബൈബിളിലെ 66 പുസ്തകങ്ങളുടെ മൂലകൃതി ദൈവനിശ്വാസീയമാണ്. അവയിൽ ഒരു വിധത്തിലുള്ള തെറ്റും ഉണ്ടായിരുന്നില്ല.

ബൈബിളിലെ പുസ്തകങ്ങളുടെ മൂലകൃതി എന്നതിന് ഊന്നൽ കൊടുത്തു പറയാൻ കാരണമുണ്ട്. ഇന്ന് നാം ഉപയോഗിക്കുന്ന



ബൈബിൾ മൂലകൃതിയുമായി നൂറു ശതമാനം യോജിക്കുന്നതാണെന്നു തീർത്തു പറയാൻ പറ്റില്ല. പല വിധത്തിലുള്ള തെറ്റുകൾ ബൈബിളിൽ കടന്നു കൂടിയിട്ടുണ്ട്. അതെപ്പറ്റിയാണ് ''പകർത്തിയെഴുതിയപ്പോൾ ഉണ്ടായിട്ടുള്ള തെറ്റുകൾ, തർജ്ജമയിലും അച്ചടിയിലും മറ്റും ഉണ്ടായിട്ടുള്ള തെറ്റുകൾ'' എന്നിങ്ങനെ വക തിരിച്ചു പറഞ്ഞിട്ടുള്ളത്. ഈ വിഷയങ്ങൾ അല്പംകൂടി വിശദീകരിക്കാം.

ബൈബിളിലെ ചില പുസ്തകങ്ങൾ 3500 വർഷത്തോളം മുമ്പാണ് എഴുതപ്പെട്ടത്. മറ്റു ചിലതിന് 1900 വർഷത്തോളം മാത്രമേ പഴക്കമുള്ളൂ. ഇവയുടെ മൂല കൃതികൾ ഇപ്പോൾ ലഭ്യമല്ല. അതുകൊണ്ട് മൂല കൃതികളിൽ എന്താണ് എഴുതിയിട്ടുള്ളതെന്നു വ്യക്തമല്ല. മൂല കൃതികളിൽ നിന്നു നേരിട്ടു പകർത്തിയെഴുതിയ കോപ്പികളും ലഭ്യമല്ല. നമുക്കു ലഭിച്ചിട്ടുള്ള പ്രാചീന കൈയെഴുത്തു പ്രതികൾ പത്തോ ഇരുപതോ നൂറോ വട്ടം പകർത്തപ്പെട്ടതാകാം. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും തെറ്റുകൾ ഉണ്ടാകും. മൂലകൃതി എഴുതിയതു ദൈവാത്മാവിലാണെങ്കിലും പകർത്തിയെഴുതിയതു ദൈവാത്മാവിലല്ല. അതുകൊണ്ട് പകർപ്പുകളിൽ തെറ്റുകളുണ്ടാകുക സ്വാഭാവികം.

മൂലകൃതിയിൽ നിന്നു പകർത്തി എഴുതുമ്പോൾ എത്രത്തോളം തെറ്റുകൾ ഉണ്ടാകാം എന്നു മനസ്സിലാക്കാൻ ഒരു പരീക്ഷണം നടത്താവുന്നതാണ്. ഒരദ്ധ്യായം മാത്രമുള്ള യൂദായുടെ ലേഖനം നമ്മുടെ കൈവശമുള്ള വേദപുസ്തകത്തിൽ നോക്കി പകർത്തിയെഴുതുക. തെറ്റു വരാതിരിക്കാൻ പരമാവധി ശ്രമിക്കണം. ഈ പകർപ്പ് മറ്റൊരാളുടെ കൈയിൽ കൊടുത്തു പുതിയൊരു പകർപ്പ് എഴുതിക്കുക. ഇങ്ങനെ ലഭിച്ച പുതിയ പകർപ്പ് മറ്റൊരാൾക്കു കൊടുത്ത് പകർപ്പെഴുതി വാങ്ങുക. അങ്ങനെ പത്താമത്തെ പകർപ്പ് ലഭിച്ചു കഴിയുമ്പോൾ അതു നമ്മുടെ കൈവശമുള്ള വേദപുസ്തകവുമായി ഒത്തു നോക്കുക. എത്ര ശ്രദ്ധിച്ച് എഴുതിയാലും 10 തെറ്റുകളെങ്കിലും തീർച്ചയായും ഉണ്ടാകും. അവയിൽ ചിലത് ഗുരുതരവുമായിരിക്കും. ബൈബിളിലെ പുസ്തകങ്ങളുടെ മൂലകൃതികളിൽ നിന്നു പകർപ്പ് എഴുതി ഉണ്ടാക്കിയപ്പോഴും ഈ വിധത്തിലുള്ള തെറ്റുകൾ ഉണ്ടായിരിക്കാൻ ഇടയുണ്ട്. എങ്കിലും ഇത്തരം തെറ്റുകൾ പരമാവധി ഒഴിവാക്കിയുള്ള ബൈബിളാണ് ഇപ്പോൾ പ്രചാരത്തിലുള്ളത്. അതുകൊണ്ടു നാം ഉപയോഗിക്കുന്ന ബൈബിളിൽ ഈ വിധത്തിലുള്ള തെറ്റുകൾ ഏറെ ഇല്ലെന്നു പറയാം.

ചില കൈയെഴുത്തു പ്രതികളിൽ കാണാത്ത വേദഭാഗങ്ങൾ നാം ഉപയോഗിക്കുന്ന ബൈബിളിൽ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നതു

ശ്രദ്ധിക്കുക. മർക്കോ.16:9-20 തന്നെ നല്ല ഉദാഹരണം. ഈ വാക്യങ്ങൾ പല കയ്യെഴുത്തു പ്രതികളിലും കാണുന്നില്ല. അതുപോലെ പ്രവൃ. 8:37 മിക്ക കയ്യെഴുത്തു പ്രതികളിലും ഒഴിവാക്കിയിരിക്കുന്നു. മർക്കോസും ലൂക്കോസും എഴുതിയ പുസ്തകങ്ങളിൽ ഈ ഭാഗങ്ങൾ ഉണ്ടായിരുന്നോ എന്നു വ്യക്തമല്ല. അതുകൊണ്ട് ഈ വാക്യങ്ങൾ മാത്രം ഉപയോഗിച്ച് ഒരു വിധത്തിലുള്ള വിശ്വാസപ്രമാണവും ഉണ്ടാക്കരുത്. പക്ഷേ ഈ വാക്യങ്ങളിലുള്ള പ്രധാന ആശയങ്ങൾ മറ്റു വേദഭാഗങ്ങളിലും ഉള്ളതിനാൽ തള്ളിക്കളയേണ്ടതില്ല.

1യോഹ.5:7 ഏറെ വിവാദങ്ങൾക്കു കാരണമായിട്ടുള്ള വേദഭാഗമാണ്. പല തർജ്ജമകളിലും ഈ വാക്യം For there are three that bear record in heaven, the Father, the Word, and the Holy Ghost: and these three are one എന്നാണു കൊടുത്തിട്ടുള്ളത്. ത്രിത്വോപദേശം സ്ഥാപിക്കുവാൻ പലരും ഈ വാക്യം ഉപയോഗിക്കാറുമുണ്ട്. പക്ഷേ പ്രധാന പ്രാചീന കയ്യെഴുത്തു പ്രതികളിൽ ഈ വാക്യം ഇങ്ങനെയല്ല കാണുന്നത്. അതുകൊണ്ടാണ് നാം ഉപയോഗിക്കുന്ന സത്യവേദപുസ്തകത്തിൽ ഈ വാക്യം ''ആത്മാവു സാക്ഷ്യം പറയുന്നു. ആത്മാവു സത്യമല്ലോ'' എന്നു മാത്രം കൊടുത്തിരിക്കുന്നത്. ഇതിൽ ഏതാണു ശരിയായ നിലപാട് എന്നത് ഇപ്പോഴും തർക്കവിഷയമായി തുടരുന്നു.

നാം ഉപയോഗിക്കുന്ന ബൈബിളിൽ മാത്രം കാണുന്ന തെറ്റുകളും നിരവധിയുണ്ട്. തർജ്ജമ, അച്ചടി തുടങ്ങിയവയിലുള്ള തെറ്റുകളാണ് അവ. ഈ വിധത്തിലുള്ള തെറ്റുകൾ മലയാളത്തിലുള്ള മറ്റു തർജ്ജമകളോ ഇതര ഭാഷകളിലുള്ള ബൈബിളുകളോ നോക്കി തിരുത്താവുന്നതാണ്. എബ്രായ, ഗ്രീക്ക് ഭാഷകളിൽ സാമാന്യ ജ്ഞാനം നേടുന്നതും ഗുണം ചെയ്യും.

ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച സത്യവേദ പുസ്തകം മാത്രമാണു ശരിയായ ദൈവവചനം എന്നു ധരിച്ചു വച്ചിരിക്കുന്ന സാധുക്കൾ ഏറെയുണ്ട്. മറ്റൊരു തർജ്ജമ നോക്കുന്നതോ വായിച്ചു കേൾക്കുന്നതോ പോലും ഗുരുതരമായ പാപമായി ഇവർ കണക്കാക്കുന്നു. ആരാധനയിലും മറ്റും ഇവർ സത്യവേദപുസ്തകം മാത്രമേ ഉപയോഗിക്കൂ. എന്തിനേറെ പറയുന്നു, ബൈബിൾ സൊസൈറ്റിതന്നെ ദൈവികമാണെന്നു ധരിച്ചു വച്ചിരിക്കുന്നവരും കുറവല്ല.

''ബൈബിൾ മാത്രമാണ് ദൈവനിശ്വാസീയമായ ഗ്രന്ഥം'' എന്നതും വിശ്വാസപ്രമാണത്തിന്റെ ഭാഗമാണ്. പെന്തക്കോസ്ത് സഭകൾ



ഫലത്തിൽ ഈ വിശ്വാസമാണു സ്വീകരിച്ചിട്ടുള്ളതെങ്കിലും ഈ വസ്തുത അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ എഴുതിവയ്ക്കാറില്ല. സഭയിൽ കടന്നുകയറുന്ന ദുരുപദേശക്കാർക്ക് സാധാരണക്കാരായ വിശ്വാസികളെ വിഡ്ഢികളാക്കാൻ ഇതുമൂലം പഴുതു ലഭിക്കുന്നു. പ്രജാപതിപ്രശ്നം ഉദാഹരണമായെടുക്കാം.

ഭൂരിപക്ഷം പ്രജാപതിക്കാരും ബൈബിൾ ദൈവവചനമാണെന്നു സമ്മതിച്ചിരുന്നു. പക്ഷേ ബൈബിളിനു വെളിയിലും ദൈവിക വെളിപ്പാടുണ്ടെന്ന് അവർ വാദിച്ചു. പെന്തക്കോസ്ത് സഭകളുടെ വിശ്വാസപ്രമാണങ്ങളിൽ ഈ വിഷയം വ്യക്തമായി പറയാതിരുന്നതു നിമിത്തം കുറെ കലക്കമുണ്ടാക്കാൻ അവർക്കു കഴിയുകയും ചെയ്തു. അതുകൊണ്ടാണ് ''ബൈബിൾ മാത്രമാണ് ദൈവനിശ്വാസീയമായ ഗ്രന്ഥം'' എന്ന് ഇവിടെ അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ പറയുന്നത്.

ബൈബിൾ ദൈവനിശ്വാസീയമാണെന്നു വിശ്വസിക്കുന്നവർക്കു ബൈബിളിനു വെളിയിൽ ദൈവിക വെളിപ്പാടുണ്ടെന്നു പറയാനാവില്ല എന്നതാണു വസ്തുത. സംശയമുള്ളവർ 147-ാം സങ്കീർത്തനം 19, 20 വാക്യങ്ങൾ ശ്രദ്ധിച്ചു വായിക്കുക: ''അവൻ യാക്കോബിനു തന്റെ വചനവും യിസ്രായേലിനു തന്റെ ചട്ടങ്ങളും വിധികളും വെളിപ്പെടുത്തുന്നു. അങ്ങനെ യാതൊരു ജാതിക്കും അവൻ ചെയ്തിട്ടില്ല; അവന്റെ വിധികളെ അവർ അറിഞ്ഞിട്ടുമില്ല. യഹോവയെ സ്തുതിക്കുവിൻ.'' വിശേഷിച്ചു വ്യാഖ്യാനമൊന്നും കൂടാതെ മനസ്സിലാക്കാൻ കഴിയുന്നത്ര വ്യക്തമാണ് ഈ വാക്യങ്ങൾ. എന്നിട്ടും ചിലർ ബൈബിളിനു വെളിയിൽ ദൈവിക വെളിപ്പാടുണ്ടെന്നു പഠിപ്പിക്കുന്നു. കഷ്ടമെന്നല്ലാതെ എന്തു പറയാൻ!

''ദൈവം പണ്ടു ഭാഗം ഭാഗമായും വിവിധമായും സംസാരിച്ചു'' എന്നല്ലേ എബ്രായലേഖനത്തിൽ പറയുന്നത് എന്നു ചോദിച്ചേക്കാം. ശരിയാണ്, എബ്രായരുടെ പിതാക്കൻമാരോടു സംസാരിച്ച കാര്യമാണു പറയുന്നതെന്ന് അവിടെത്തന്നെ ഉണ്ടല്ലോ. ''നാം അവന്റെ സന്താനമല്ലോ'' എന്നു കവിവരൻമാർ പറഞ്ഞതായി പൗലോസ് പറയുന്നല്ലോ എന്നു ചോദിക്കുന്നവരുമുണ്ട്. കവിവരൻമാർ പറഞ്ഞു എന്നാണു പൗലോസ് പറഞ്ഞത്, കവിവരൻമാരിലൂടെ ദൈവം സംസാരിച്ചു എന്നല്ല. ''അവർ ദൈവത്തെ തപ്പിനോക്കി'' എന്നും പൗലോസ് പറയുന്നല്ലോ (പ്രവൃ.17:27-29). പക്ഷേ ദൈവത്തെ തപ്പി കണ്ടുപിടിക്കാനാവില്ല. അവർ കണ്ടുപിടിച്ചെന്നു പൗലോസ് പറയുന്നുമില്ല. വെറുതെ കുറെ തപ്പിയെന്നു മാത്രം. ഏഥൻസിലുള്ളവർ അതിഭക്തൻമാരാണെന്നു പൗലോസ് സമ്മതിക്കുന്നു. പക്ഷേ യഥാർത്ഥ ദൈവം അവർക്ക് അജ്ഞാതനായിരുന്നു.

ആ ദൈവത്തെ അവർക്കു കാട്ടിക്കൊടുക്കാൻ പൗലോസ് എത്തേണ്ട തായി വന്നു. സത്യസുവിശേഷകർക്കു മാത്രമേ യഥാർത്ഥ ദൈവത്തെ വെളിപ്പെടുത്താൻ പറ്റൂ.

ബൈബിൾ അപൂർണ്ണമാണെന്നു വാദിക്കുന്നവരുണ്ട്. എന്താണു പൂർണ്ണത? പാപിയായ മനുഷ്യനു ദൈവത്തെ അറിയാനും രക്ഷകനെ കണ്ടെത്താനും ദൈവഹിതപ്രകാരം ജീവിക്കാനും നിത്യജീവൻ നേടാനും ആവശ്യമായതെല്ലാം ബൈബിളിലുണ്ട്. ഇതിൽ അധികമായി എന്താണു വേണ്ടത്? ശാസ്ത്രവും ചരിത്രവും മറ്റും വേണമെന്നാണോ? ദൈവ വചനം എന്തിനായി എഴുതപ്പെട്ടു? പാപിയായ മനുഷ്യന് നിത്യജീവൻ പ്രാപിക്കാനുള്ള വഴി കാണിച്ചു കൊടുക്കുക എന്നതാണ് ബൈബിളിന്റെ ഉദ്ദേശ്യം. അതിനാവശ്യമായതെല്ലാം ബൈബിളിലുണ്ട്. ബൈബിളിൽ ഇല്ലാത്തതൊന്നും ആത്മരക്ഷയ്ക്ക് ആവശ്യമില്ല.

ചില ക്രൈസ്തവ സമുദായങ്ങളിൽ നിലനിൽക്കുന്ന ശിശു സ്നാനം, കുമ്പസാരം, വിഗ്രഹാരാധന, പട്ടത്വം തുടങ്ങിയവയ്ക്കു ബൈ ബിൾ ആധാരം കണ്ടെത്താൻ കഴിയാതെ വരുമ്പോൾ പറയുന്ന മുട്ടാ പ്പോക്കാണ് ബൈബിൾ അപൂർണ്ണമാണ് എന്നത്. ഒന്നാം നൂറ്റാണ്ടിലെ ദൈവസഭയിൽ കേട്ടുകേഴ്‌വിപോലും ഇല്ലായിരുന്ന ഇത്തരം ദുരുപദേശ ങ്ങളും ദുരാചാരങ്ങളും പാഗൺ മതത്തിൽ നിന്നു പില്ക്കാലത്തു കടം കൊണ്ടതാണ്. അതുകൊണ്ടാണ് ഇവയ്ക്കൊന്നും ദൈവവചനത്തിൽ ആധാരം കണ്ടെത്താൻ കഴിയാതെ പോകുന്നത്. ബൈബിൾ ദുർവ്യാ ഖ്യാനം ചെയ്ത് ഇവയ്ക്കു ന്യായീകരണം കണ്ടെത്തുകയല്ല മറിച്ച് ദൈവവചനത്തിൽ ആധാരമുള്ള വിശ്വാസാചാരങ്ങൾ മാത്രം സ്വീകരി ക്കുകയാണു നാം ചെയ്യേണ്ടത്. മനുഷ്യനിർമ്മിതമായ കാനോനിൽ മാത്രം ആധാരം കണ്ടെത്താൻ കഴിയുന്ന ദുരുപദേശങ്ങളും ദുരാചാരങ്ങളും വിട്ടുകളയുക. ദൈവം മനുഷ്യനെ ന്യായം വിധിക്കുന്നത് മനുഷ്യനിർ മ്മിതമായ കാനോൻ അനുസരിച്ചല്ല ദൈവവചനമായ ബൈബിൾ ആധാ രമാക്കിയാണ് എന്നു മറക്കരുത്.

# 3
# ദൈവം

ദൈവവചനത്തെപ്പറ്റി നാം എന്താണു വിശ്വസിക്കേണ്ടതെന്നു കഴിഞ്ഞ അധ്യായത്തിൽ വ്യക്തമാക്കി. ഈ അധ്യായത്തിൽ ദൈവ ത്തെക്കുറിച്ചു ബൈബിൾ പറയുന്നതെന്തെന്നു വിശദീകരിക്കാം:

''നിത്യനായ ഏകസത്യ ദൈവം പിതാവ്, പുത്രൻ, പരിശുദ്ധാ ത്മാവ് എന്നീ മൂന്ന് വ്യക്തിത്വങ്ങളിൽ വെളിപ്പെട്ടിരിക്കുന്നു'' എന്നു ദൈവവചനമായ ബൈബിൾ പറയുന്നു.

ഭൂരിപക്ഷം ക്രൈസ്തവ വിഭാഗങ്ങളും ദൈവത്തെക്കുറിച്ച് ഇതു തന്നെയാണു വിശ്വസിക്കുന്നത്. അതുകൊണ്ട് കത്തോലിക്കർ ഉൾപ്പെ ടെയുള്ള ക്രൈസ്തവ സമുദായങ്ങൾ ഈ വിശ്വാസപ്രമാണത്തെ എതിർ ക്കുകയില്ല. പക്ഷേ ഭൂരിപക്ഷം കൾട്ടുകളും ത്രിത്വമെന്നൊന്നില്ല എന്നാണു പഠിപ്പിക്കുന്നത്.

യഹോവാസാക്ഷികളുടെ വിശ്വാസമനുസരിച്ച് പിതാവായ ദൈവം മാത്രമാണ് യഹോവയായ ദൈവം. പുത്രൻ യഹോവയുടെ സൃഷ്ടിയാണ്. പരിശുദ്ധാത്മാവ് ദൈവത്തിന്റെ ശക്തി മാത്രമാണ്. ഇതി നോടു സാമ്യമുള്ള വിശ്വാസമാണ് ഭൂരിപക്ഷം കൾട്ടുകളും സ്വീകരിക്കു ന്നത്. പക്ഷേ യേശുനാമക്കാരും ബ്രൻഹാമിന്റെ കൾട്ടും മറ്റും യേശു മാത്രമാണു ദൈവമെന്നു പഠിപ്പിക്കുന്നു. പിതാവ്, പുത്രൻ, പരിശുദ്ധാ ത്മാവ് എന്നിവ യേശുവിന്റെ സ്ഥാനപ്പേരുകളാണ് എന്നത്രേ ഇവരുടെ നിലപാട്. പരിശുദ്ധാത്മാവു മാത്രമാണു ദൈവം എന്നു പഠിപ്പിക്കുന്ന കൾട്ടുകളും ഉണ്ടെന്നു കേട്ടിട്ടുണ്ട്.

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്നു വ്യക്തി ത്വങ്ങളുള്ള ഏക ദൈവത്തിലാണ് രക്ഷിക്കപ്പെട്ടവർ വിശ്വസിക്കുന്നത്. എത്ര ദൈവമുണ്ട്? ഒരു ദൈവം മാത്രം. ദൈവത്തിൽ എത്ര വ്യക്തിത്വങ്ങ ളുണ്ട്? മൂന്ന്. മനുഷ്യബുദ്ധിക്കു പൂർണ്ണമായി ഉൾക്കൊള്ളാനാകാത്ത നിരവധി മാർമ്മിക വിഷയങ്ങൾ ബൈബിളിലുണ്ട്. അവയിൽ ഒന്നാണിത്. എങ്കിലും ഏക ദൈവമേയുള്ളൂ എന്നും ആ ദൈവത്തിൽ മൂന്ന് വ്യക്തിത്വ

ങ്ങളുണ്ടെന്നും ദൈവവചനത്തിൽ വ്യക്തമായി പറയുന്നുണ്ട്. ദൈവ വചനം വിശ്വസിക്കാൻ തയ്യാറുള്ളവർ ഇതു വിശ്വസിക്കേണ്ടതാണ്.

**ദൈവം ഏകനാണ് എന്നതിനുള്ള തെളിവുകൾ:**

താഴെ പറയുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക:

ആകയാൽ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും യഹോവ തന്നേ ദൈവം, മറ്റൊരുത്തനുമില്ല എന്നു നീ ഇന്ന് അറിഞ്ഞു മനസ്സിൽ വച്ചുകൊള്ളുക. ആവ.4:39

യിസ്രായേലിന്റെ രാജാവായ യഹോവ, അവന്റെ വീണ്ടെടുപ്പുകാരനായ സൈന്യങ്ങളുടെ യഹോവ, ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ആദ്യനും അന്ത്യനുമാകുന്നു; ഞാനല്ലാതെ ഒരു ദൈവവുമില്ല. യെശ.44:6

നീ, നീ മാത്രം യഹോവ ആകുന്നു; നീ ആകാശത്തെയും സ്വർഗ്ഗാധിസ്വർഗ്ഗത്തെയും അവയിലെ സകല സൈന്യത്തെയും ഭൂമിയെയും അതിലുള്ള സകലത്തെയും സമുദ്രങ്ങളെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കി; നീ അവയെ ഒക്കെയും രക്ഷിക്കുന്നു; ആകാശത്തിലെ സൈന്യം നിന്നെ നമസ്കരിക്കുന്നു. നെഹ.9:6

ഞങ്ങൾ സ്വന്തംചെവികൊണ്ടു കേട്ടതൊക്കെയും ഓർത്താൽ യഹോവേ, നിന്നെപ്പോലെ ഒരുത്തനുമില്ല; നീ അല്ലാതെ ഒരു ദൈവവുമില്ല. 1ദിന.17:20

അങ്ങനെ അവർ യഹോവ എന്നു നാമമുള്ള നീ മാത്രം സർവ്വ ഭൂമിക്കും മീതേ അത്യുന്നതൻ എന്ന് അറിയും. സങ്കീ.83:18

ദൈവം ഏകനാണെന്നു തെളിയിക്കാൻ ഇങ്ങനെ നിരവധി വാക്യങ്ങളുണ്ട്. എന്നാൽ ദൈവം ഏകനാണ് എന്ന വസ്തുത മിക്കവരും ചോദ്യം ചെയ്യാത്തതുകൊണ്ട് ഈ വിഷയം ഇതിൽ അധികം നീട്ടുന്നില്ല.

ഏകനായ ദൈവത്തിൽ മൂന്ന് വ്യക്തിത്വങ്ങളുണ്ടോ എന്ന വിഷയം ഏറെ വിവാദങ്ങൾക്കു വഴി വച്ചിട്ടുണ്ട്. ത്രിത്വം എന്നൊന്നില്ല എന്നു വാദിക്കുന്ന കൾട്ടുകൾ ദൈവം ഏകൻ മാത്രമാണെന്നും ദൈവം ത്രിത്വമല്ലെന്നും ശഠിക്കും. എങ്കിലും ഈ കൾട്ടുകൾ തമ്മിലും ചില അഭിപ്രായ വ്യത്യാസങ്ങൾ നിലവിലുണ്ട്. യഹോവാസാക്ഷികളും മറ്റു ചില കൾട്ടുകളും പിതാവായ ദൈവം മാത്രമാണു ദൈവമെന്നും യഹോവ എന്നതു പിതാവു മാത്രമാണെന്നും വാദിക്കും. പക്ഷേ യേശു നാമക്കാരും മറ്റു ചിലരും യേശുവാണ് ഏകദൈവം എന്നത്രേ പഠിപ്പിക്കുന്നത്. എന്നാൽ ബൈബിൾ ഇതെപ്പറ്റി എന്തു പറയുന്നു എന്നു പഠിക്കാം.

ത്രിത്വം ഉണ്ടോ, ത്രിത്വത്തിലെ ഓരോ വ്യക്തിത്വവും ദൈവമാണോ, യഹോവ എന്നതു പിതാവായ ദൈവത്തിനു മാത്രമുള്ള



പേരാണോ, പുത്രൻ പിതാവിന്റെ സൃഷ്ടിയാണോ, പരിശുദ്ധാത്മാവ് വ്യക്തിയാണോ തുടങ്ങിയ വിഷയങ്ങളൊക്കെ പഠനവിധേയമാക്കേണ്ടതുണ്ട്. എങ്കിലും വളരെ വിശദമായ ഒരു പഠനം നടത്താൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല. അതുകൊണ്ട് പ്രധാനപ്പെട്ട വിഷയങ്ങൾ മാത്രം പറയാം.

**ത്രിത്വം ഉണ്ടോ?**

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്ന് വ്യക്തിത്വങ്ങളുണ്ടോ എന്ന വിഷയമാണ് ആദ്യം പരിശോധിക്കുന്നത്. താഴെ പറയുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക. ഈ വാക്യങ്ങളിലെല്ലാം ത്രിത്വം വെളിപ്പെടുന്നുണ്ട്.

യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽനിന്ന് കയറി; അപ്പോൾ സ്വർഗ്ഗം തുറന്ന് ദൈവാത്മാവ് പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽ വരുന്നത് അവൻ കണ്ടു; ''ഇവൻ എന്റെ പ്രിയ പുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'' എന്ന് സ്വർഗ്ഗത്തിൽനിന്ന് ഒരു ശബ്ദവും ഉണ്ടായി. മത്താ. 3:16,17

ആകയാൽ നിങ്ങൾ പുറപ്പെട്ട്; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും...മത്താ. 28:19.

കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ. 2കൊരി.13:14.

ഇങ്ങനെ നിരവധി വാക്യങ്ങളിൽ ത്രിത്വം വെളിപ്പെടുന്നുണ്ട്. പക്ഷേ ത്രിത്വനിഷേധികൾ ഈ വാക്യങ്ങളെല്ലാം ദുർവ്യാഖ്യാനം ചെയ്ത് സാധുക്കളെ വഞ്ചിക്കുന്നു. പുത്രൻ ദൈവമല്ലെന്നോ പരിശുദ്ധാത്മാവു ശക്തിയാണെന്നോ ഒക്കെ അവർ പഠിപ്പിക്കും. പിതാവെന്നതു സ്ഥാനപ്പേരു മാത്രമാണെന്നും അതുകൊണ്ട് പിതാവ് എന്നതു പുത്രൻ തന്നെയാണെന്നും വരെ ഇത്തരക്കാർ പറഞ്ഞുവയ്ക്കും. പക്ഷേ ദൈവത്തിനു മാത്രം അവകാശപ്പെടാൻ കഴിയുന്ന സ്വഭാവവിശേഷങ്ങളും പ്രത്യേകതകളും പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു വ്യക്തിത്വങ്ങൾക്കും യോജിക്കുന്നതാണ് എന്ന വസ്തുത ഇക്കൂട്ടർ വിസ്മരിക്കുന്നു. ഈ വിഷയം അല്പംകൂടി വിശദമായി പഠനവിധേയമാക്കാം:

**നിത്യൻ**

പിതാവു നിത്യനാണ്.

പർവ്വതങ്ങൾ ഉണ്ടായതിനും നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിനും മുമ്പേ നീ അനാദിയായും ശാശ്വതമായും ദൈവം

ആകുന്നു. സങ്കീ.90:2.

പുരാതനനായ ദൈവം നിന്റെ സങ്കേതം; കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ട്; അവൻ ശത്രുവിനെ നിന്റെ മുമ്പിൽനിന്നു നീക്കിക്കളഞ്ഞു സംഹരിക്കുക എന്നു കല്പിച്ചിരിക്കുന്നു. ആവ.33:27

പുത്രൻ നിത്യനാണ്.

യേശു പറയുന്നു: ഞാൻ അല്ഫയും ഓമേഗയും, ഒന്നാമനും ഒടുക്കത്തവനും, ആദിയും അന്തവും ആകുന്നു. വെളി.22:13

പരിശുദ്ധാത്മാവു നിത്യനാണ്

....ജഡികശുദ്ധി വരുത്തുന്നു എങ്കിൽ, നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിക്കുവാൻ നിങ്ങളുടെ മനസ്സാക്ഷിയെ നിർജ്ജീവപ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും? എബ്രാ.9:14.

**പരിശുദ്ധൻ**

പിതാവു പരിശുദ്ധനാണ്

ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വ ശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് അവർ രാപകൽ വിശ്രമം കൂടാതെ പറഞ്ഞു കൊണ്ടിരിക്കുന്നു. വെളി.4:8

പുത്രൻ പരിശുദ്ധനാണ്

പരിശുദ്ധനും നീതിമാനുമായവനെ നിങ്ങൾ തള്ളിപ്പറഞ്ഞു, കൊലപാതകനായവനെ വിട്ടു തരണം എന്നു ചോദിച്ചു, ജീവ നായകനെ കൊന്നുകളഞ്ഞു. പ്രവൃ.3:14.

ദൈവാത്മാവു പരിശുദ്ധനാണ്

നിങ്ങളോ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ചു സകലവും അറിയുന്നു. 1യോഹ.2:20

**സർവ്വവ്യാപി**

പിതാവു സർവ്വവ്യാപിയാണ്

ഞാൻ കാണാത്തവണ്ണം ആർക്കെങ്കിലും മറയത്ത് ഒളിക്കുവാൻ കഴിയുമോ? എന്നു യഹോവയുടെ അരുളപ്പാട്; ഞാൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നവനല്ലയോ എന്നു യഹോവയുടെ അരുളപ്പാട്. യിരെ.23:24

പുത്രൻ സർവ്വവ്യാപിയാണ്

രണ്ടോ മൂന്നോ പേര് എന്റെ നാമത്തിൽ കൂടിവരുന്നിടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട് എന്നും ഞാൻ നിങ്ങളോടു



പറയുന്നു. മത്താ.18:20

ദൈവാത്മാവു സർവ്വവ്യാപിയാണ്

നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്കു പോകും? തിരുസന്നിധി വിട്ടു ഞാൻ എവിടേക്ക് ഓടും? സങ്കീ.139:7

**സർവ്വശക്തൻ**

പിതാവു സർവ്വശക്തനാണ്

അബ്രാമിനു തൊണ്ണൂറ്റൊമ്പതു വയസ്സായപ്പോൾ യഹോവ അബ്രാമിനു പ്രത്യക്ഷനായി അവനോട്: ഞാൻ സർവ്വശക്തിയുള്ള ദൈവം ആകുന്നു; നീ എന്റെ മുമ്പാകെ നടന്നു നിഷ്കളങ്കനായിരിക്കുക. ഉല്പ.17:1

പുത്രൻ സർവ്വശക്തനാണ്

ഞാൻ അല്ഫയും ഓമേഗയും ആകുന്നു എന്ന് ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു. വെളി.1:8

ദൈവാത്മാവു സർവ്വശക്തനാണ്

ക്രിസ്തു, ഞാൻ മുഖാന്തരം ജാതികളുടെ അനുസരണത്തിനായി വചനത്താലും പ്രവൃത്തിയാലും അടയാളങ്ങളുടെയും അത്ഭുതങ്ങളുടേയും ശക്തികൊണ്ടും പരിശുദ്ധാത്മാവിന്റെ ശക്തി കൊണ്ടും പ്രവർത്തിച്ചത് അല്ലാതെ മറ്റൊന്നും മിണ്ടുവാൻ ഞാൻ തുനിയുകയില്ല. റോമ.15:18.

**സർവ്വജ്ഞത**

പിതാവു സർവ്വജ്ഞനാണ്

......ഇത് പൂർവ്വ കാലം മുതൽ അറിയിക്കുന്ന കർത്താവ് അരുളിച്ചെയ്യുന്നു എന്ന് എഴുതിയിരിക്കുന്നുവല്ലോ. പ്രവൃ.15:18

പുത്രൻ സർവ്വജ്ഞനാണ്

കർത്താവേ, നീ സകലവും അറിയുന്നു; എനിക്കു നിന്നോടു പ്രിയമുണ്ട് എന്നും നീ അറിയുന്നു ..... യോഹ.21:17.

ആത്മാവു സർവ്വജ്ഞനാണ്

നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു; ആത്മാവു സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു. 1കൊരി. 2:10

**സ്രഷ്ടാവ്**

പിതാവു സ്രഷ്ടാവാണ്

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഉല്പ.1:1

പുത്രൻ സ്രഷ്ടാവാണ്

സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായത് ഒന്നും അവനെ കൂടാതെ ഉളവായതല്ല. യോഹ.1:3

ആത്മാവു സ്രഷ്ടാവാണ്

ദൈവത്തിന്റെ ആത്മാവ് എന്നെ സൃഷ്ടിച്ചു; സർവ്വശക്തന്റെ ശ്വാസം എനിക്ക് ജീവനെ തരുന്നു. ഇയ്യോ.33:4.

**പരിശുദ്ധാത്മാവു വ്യക്തിയാണ്**

പരിശുദ്ധാത്മാവു വ്യക്തിയോ ശക്തിയോ എന്നതും തർക്ക വിഷയമാകാറുണ്ട്. ദൈവാത്മാവു ശക്തിയല്ല, വ്യക്തിയാണ് എന്നു താഴെ പറയുന്ന വാക്യങ്ങൾ തെളിയിക്കുന്നു:

ദൈവാത്മാവു സംസാരിക്കുന്നു:

...ത്യജിക്കും എന്ന് ആത്മാവു തെളിവായി പറയുന്നു. 1തിമോ.4:1

ആത്മാവ് ഫിലിപ്പൊസിനോട് നീ അടുത്തുചെന്നു തേരിനോടു ചേർന്നു നടക്കുക എന്നു പറഞ്ഞു. പ്രവൃ.8:29

ഉപദേശിക്കുന്നു....

എങ്കിലും പിതാവ് എന്റെ നാമത്തിൽ അയയ്ക്കുവാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞത് ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും. യോഹ.14:26

സാക്ഷ്യം പറയുന്നു....

സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ചു സാക്ഷ്യം പറയും. യോഹ.15:26-27

വിലക്കുന്നു.......

ആസ്യയിൽ വചനം പ്രസംഗിക്കരുതെന്നു പരിശുദ്ധാത്മാവ് വിലക്കുകയാൽ... പ്രവൃ.16:6

പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണെന്നു തെളിയിക്കാൻ ഇങ്ങനെ നിരവധി വാക്യങ്ങളുണ്ട്. എങ്കിലും ഇവയൊക്കെ അവഗണിച്ചുകൊണ്ട് വേദവിപരീതം പഠിപ്പിക്കുന്നവരുമുണ്ട്. ഈ ലോകത്തിന്റെ ദൈവം ഇത്തരക്കാരുടെ കണ്ണു കുരുടാക്കിയിരിക്കയാണ്. അങ്ങനെയുള്ളവരെ പഠിപ്പിക്കാൻ മിനക്കെടുന്നതു ചീമുട്ടയ്ക്ക് അടയിരിക്കുന്നതു പോലെയാണ്. ഇത്തരക്കാരെ അവഗണിക്കുക.

# 4
# മനുഷ്യൻ

ലോകം, മനുഷ്യൻ തുടങ്ങിയവയെക്കുറിച്ചുള്ള വിശ്വാസ പ്രമാണങ്ങൾ ഏതു മതത്തിന്റെയും അവിഭാജ്യ ഘടകമത്രേ. ഉദാഹരണത്തിന്, ഹൈന്ദവ വിശ്വാസമനുസരിച്ച് ബ്രഹ്മം മാത്രമാണു സത്യമായിട്ടുള്ളത്. ഈ ലോകവും മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങളും അവയുടെ ആത്മാക്കളും ബ്രഹ്മത്തിന്റെ ഭാഗംമാത്രം. അള്ളാഹുവിന്റെ സൃഷ്ടിയാണു മനുഷ്യൻ എന്നത്രേ ഇസ്ലാം പഠിപ്പിക്കുന്നത്. ബുദ്ധമതത്തിൽ സ്രഷ്ടാവായ ഒരു ദൈവമില്ല. അങ്ങനെ മനുഷ്യനെ സംബന്ധിച്ച് ഓരോ മതത്തിനും അതിന്റേതായ സിദ്ധാന്തങ്ങളുണ്ട്. വീണ്ടും ജനനം പ്രാപിച്ച ദൈവമക്കൾക്ക് ഈ വിഷയത്തിൽ വ്യക്തമായ നിലപാടുണ്ട്. അതിന്റെ രത്നച്ചുരുക്കം ഇതാണ്:

''ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവകല്പന ലംഘിച്ചതുമൂലം പാപിയായിത്തീർന്നു എന്നും ദൈവപുത്രനായ യേശുക്രിസ്തുവിനു മാത്രമേ പാപിയായ മനുഷ്യനെ വീണ്ടെടുക്കാൻ കഴിയൂ എന്നും ബൈബിൾ പഠിപ്പിക്കുന്നു.''

കത്തോലിക്കർ ഉൾപ്പെടെയുള്ള ക്രൈസ്തവ വിഭാഗങ്ങളിൽ ഭൂരിപക്ഷവും ഇതിനോട് ഏറെക്കുറെ സാമ്യമുള്ള വിശ്വാസമാണ് ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ളത്. ചില കൾട്ടുകൾ മാത്രമേ ഇതിനു വിരുദ്ധമായ വിശ്വാസം സ്വീകരിക്കുന്നുള്ളൂ.

ഉല്പത്തി പുസ്തകത്തിൽ വിവരിക്കുന്ന സൃഷ്ടികഥ വാച്യാർത്ഥത്തിൽ എടുക്കേണ്ടതില്ല എന്നു കത്തോലിക്കരും മറ്റു ചില സമുദായങ്ങളും അനൗദ്യോഗികമായെങ്കിലും പറയാറുണ്ടെന്നതാണ് ഏറെ വിചിത്രം. സൃഷ്ടിയും പരിണാമവും കൂടിച്ചേർന്ന ഒരു പ്രക്രിയയിലൂടെയാണ് ലോകമുണ്ടായത് എന്നത്രേ ഇവർ പറഞ്ഞുവയ്ക്കുന്നത്. പക്ഷേ ബൈബിൾ ദൈവവചനമാണെന്നു വിശ്വസിക്കുന്ന ആർക്കും ഇത്തരം സിദ്ധാന്തങ്ങൾ അംഗീകരിക്കാനാവില്ല. ബൈബിളിനെ സംബന്ധിച്ച് ദൈവമക്കൾ എന്താണു വിശ്വസിക്കുന്നതെന്നു മുൻപു വിശദീകരിച്ചു

കഴിഞ്ഞതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.

ഉല്പത്തി പുസ്തകത്തിൽ വിവരിക്കുന്ന വിധത്തിൽ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവനാണു മനുഷ്യൻ എന്നാണു ദൈവമക്കൾ വിശ്വസിക്കുന്നത്. ''യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു''. ഇങ്ങനെയാണു ബൈബിളിൽ പറയുന്നത്. അത് അക്ഷരാർത്ഥത്തിൽ ശരിയാണെന്നു മാത്രമേ രക്ഷിക്കപ്പെട്ടവർക്കു വിശ്വസിക്കാൻ കഴിയൂ.

മനുഷ്യനിൽ ദേഹം, ആത്മാവ് എന്നിങ്ങനെ രണ്ടു ഘടകങ്ങൾ മാത്രമേയുള്ളൂ എന്നു പഠിപ്പിക്കുന്ന മതങ്ങളുണ്ട്. ക്രൈസ്തവരിൽ ചിലരും ഇങ്ങനെയാണു വിശ്വസിക്കുന്നത്. എന്തിനേറെ, പെന്തക്കോസ്തുകാരായ ചിലർ പോലും ഇങ്ങനെ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. അതേസമയം, ആത്മാവ് എന്നൊന്നില്ലെന്നും ജീവൻ തന്നെയാണ് ആത്മാവ് എന്നും പഠിപ്പിക്കുന്ന കൾട്ടുകളുമുണ്ട്. പക്ഷേ മനുഷ്യനിൽ ദേഹം, ദേഹി (ജീവൻ), ആത്മാവ് എന്നിങ്ങനെ മൂന്നു ഘടകങ്ങളുണ്ടെന്നു ബൈബിൾ പറയുന്നു. സംശയമുള്ളവർ താഴെ പറയുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക:

''ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർവിടുവിക്കും വരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു.'' എബ്രാ.4:12. ആത്മാവ്, പ്രാണൻ, സന്ധിമജ്ജകൾ (ശരീരം) എന്നിങ്ങനെ മൂന്നു ഘടകങ്ങളുണ്ട് എന്നല്ലേ ഈ വാക്യം തെളിയിക്കുന്നത്? സംശയം തീരുന്നില്ലെങ്കിൽ ഇതാ മറ്റൊരു വാക്യം:

''സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ.'' 1തെസ്സ.5:23.

മനുഷ്യനിൽ ദേഹം, ദേഹി (പ്രാണൻ), ആത്മാവ് എന്നിങ്ങനെ മൂന്നു ഘടകങ്ങളുണ്ട് എന്നു ബൈബിൾ വ്യക്തമാക്കുന്നുണ്ട് എന്നു വ്യക്തമായല്ലോ. ബൈബിൾ ദൈവവചനമായി അംഗീകരിക്കുന്നവർക്ക് ഇതു വിശ്വസിക്കാം. ഇതു പൗലോസിന്റെ സ്വന്തം സിദ്ധാന്തം മാത്രമാണെന്നും അതുകൊണ്ട് ദൈവവചനമായി അംഗീകരിക്കേണ്ടതില്ലെന്നും പഠിപ്പിക്കുന്നവർക്ക് ആ വിശ്വാസത്തിൽ തുടരുകയും ചെയ്യാം.



പക്ഷേ പൗലോസ് ഇതെഴുതിയതു ദൈവാത്മാവിലാണെന്നും അതുകൊണ്ട് ദൈവവചനമാണെന്നും ദൈവമക്കൾ വിശ്വസിക്കും.

നിലത്തെ പൊടിയിൽ നിന്നാണ് ആദ്യ മനുഷ്യന്റെ ശരീരം ഉണ്ടാക്കിയത്. അവന്റെ മൂക്കിൽ ദൈവം ജീവന്റെ ശ്വാസം (റൂവ – ആത്മാവ്) ഊതി. അതോടെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു. ശരീരത്തിൽ നിന്ന് ആത്മാവു വേർപിരിയുമ്പോൾ മനുഷ്യൻ ജീവനില്ലാത്തവനാകുകയും ചെയ്യും. ''പൊടി പണ്ട് ആയിരുന്നതു പോലെ ഭൂമിയിലേക്കു തിരികെ ചേരും; ആത്മാവ് അതിനെ നൽകിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും.'' സഭാ.12:7.

ദേഹം എന്നാൽ എന്ത് എന്നു കൂടുതൽ വിശദീകരണം കൂടാതെ മനസ്സിലാക്കാൻ കഴിയും. പക്ഷേ ദേഹി, ആത്മാവ് എന്നിവയെക്കുറിച്ച് അത്ര എളുപ്പത്തിൽ മനസ്സിലാക്കാനാവില്ല. അതുകൊണ്ടാണ് ദേഹിയും ആത്മാവും ഒന്നാണെന്നുപോലും ചിലർ തെറ്റിദ്ധരിക്കുന്നത്. എന്നാൽ അതു ശരിയല്ല. തർജ്ജമ ചെയ്തവർ സോൾ, സ്പിരിറ്റ് എന്നീ വാക്കുകൾ ദേഹിയെന്നോ ആത്മാവെന്നോ സൗകര്യം പോലെ മാറ്റിമറിച്ചു തർജ്ജമ ചെയ്തിട്ടുണ്ട്. അതുകൊണ്ട് ആദ്യമായി ഇവ രണ്ടും ഒന്നല്ല എന്നതിന് ചില സൂചനകൾ തരാം.

''നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുവാൻ തക്കവണ്ണം കാക്കപ്പെടുമാറാകട്ടെ'' (1 തെസ്സ. 5:23) എന്നു പൗലോസ് പറയുന്നതിലൂടെ ആത്മാവും പ്രാണനും (ദേഹി) ഒന്നല്ലെന്ന് വ്യക്തമാകുന്നു. ''ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കും വരെ തുളച്ചുചെല്ലുന്നതും .... ആകുന്നു'' (എബ്രാ. 4:12) എന്നു പറയുന്നതു പ്രാണനും ആത്മാവും ഒന്നല്ല എന്നതുകൊണ്ടല്ലേ?

ദേഹി എന്നതിന്റെ എബ്രായ വാക്ക് 'നെപ്പേഷ്' എന്നാണ്. ഗ്രീക്കിൽ പ്സൂക്കേ എന്നും ഇംഗ്ലീഷിൽ സോൾ എന്നും പറയുന്ന ഈ വാക്ക് മലയാളത്തിൽ ദേഹി, പ്രാണൻ എന്നൊക്കെയാണ് തർജ്ജമ ചെയ്തിരിക്കുന്നത്. മനുഷ്യപ്രാണനു മാത്രമല്ല മൃഗങ്ങളുടെയും മറ്റു ജീവ ജാലങ്ങളുടെയും പ്രാണനും ഈ വാക്കു കൊണ്ടാണു ബൈബിളിൽ പരാമർശിക്കുന്നത്. അതുകൊണ്ട് ദേഹിയെ ജീവൻ എന്നും വിളിക്കാം. ദേഹിയെന്ന അർത്ഥം വരുന്ന പ്സൂക്കേ എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് സൈക്കോളജി എന്ന ഇംഗ്ലീഷ് വാക്ക് ഉണ്ടായത്. സൈക്കോളജി കേവലം

മനഃശാസ്ത്രം മാത്രമല്ല, ദേഹിയുടെ തന്നെ ശാസ്ത്രമാണ്. എങ്കിലും ഇന്നും സൈക്കോളജി അതിന്റെ ശൈശവദശയിലായതിനാൽ നിരവധി അബദ്ധങ്ങൾ ശാസ്ത്രസത്യമെന്ന നിലയിൽ അംഗീകരിക്കപ്പെട്ടു പോരുന്നുണ്ടെന്ന വസ്തുതയും സാന്ദർഭികമായി പറയട്ടെ.

സോൾ ആണ് ആത്മാവെന്നു ധരിച്ചുവച്ചിരിക്കുന്നവർ നിരവധിയാണ്. മരിക്കുന്നതോടെ മനുഷ്യാത്മാവ് ഇല്ലാതെയാകുന്നു എന്നു പഠിപ്പിക്കുന്നവർ തെളിവായി ചൂണ്ടിക്കാണിക്കുന്ന ബൈബിൾ വാക്യങ്ങളെല്ലാം ശരീരത്തെക്കുറിച്ചോ ദേഹിയേക്കുറിച്ചോ ഉള്ളതാണുതാനും. മനുഷ്യന്റെ ആത്മാവു മരിക്കുമെന്ന് പ്രത്യക്ഷമായോ പരോക്ഷമായോ സൂചിപ്പിക്കുന്ന ഒറ്റവാക്യം പോലും ബൈബിളിലില്ല. മറിച്ച്, മരണശേഷം ആത്മാവ് സുബോധത്തോടെയിരിക്കുന്നുവെന്നു തെളിയിക്കുവാൻ നിരവധി വാക്യങ്ങളുണ്ട്.

ദേഹി, ആത്മാവ് എന്നിവയെക്കുറിച്ച് ആഴമായി പഠിക്കുവാൻ ആഗ്രഹിക്കുന്നവർ നമ്മുടെ കൈവശമുള്ള മലയാളം-ഇംഗ്ലീഷ് തർജ്ജമകളിൽ മാത്രം ആശ്രയിക്കരുത്. എബ്രായ-ഗ്രീക്ക് ഭാഷകൾ വായിക്കാനുള്ള അറിവുനേടാൻ ഏതാനും ആഴ്ചകൾ പരിശ്രമിച്ചാൽ മതിയാകും. ദേഹി, പ്രാണൻ, ശ്വാസം, ആത്മാവ് എന്നൊക്കെ തർജ്ജമ ചെയ്തിരിക്കുന്ന വാക്കുകൾ ശ്രദ്ധിക്കുക. നെപ്പേഷ് എന്ന എബ്രായ വാക്കും പ്സൂക്കേ എന്ന ഗ്രീക്ക് വാക്കും ദേഹി (പ്രാണൻ) എന്ന അർത്ഥത്തിൽ മനസ്സിലാക്കുക. എന്നാൽ റൂക്കാ (റൂവ-റൂഹ) എന്ന എബ്രായ വാക്കും പ്ന്യൂമാ എന്ന ഗ്രീക്ക് വാക്കും ആത്മാവ് എന്ന അർത്ഥത്തിലെടുക്കുക (ചില സ്ഥലങ്ങളിൽ ഈ വാക്കുകൾക്ക് ശ്വാസം, കാറ്റ് തുടങ്ങിയ അർത്ഥങ്ങളുണ്ടെങ്കിലും അത് സന്ദർഭത്തിൽനിന്നും മനസ്സിലാക്കാനാവും). ആത്മാവ് എന്ന വാക്ക് ദൈവാത്മാവിനെ സൂചിപ്പിക്കുവാനും ദൈവദൂതൻമാരെയോ ദുരാത്മാക്കളെയോ പരാമർശിക്കുവാനും ഉപയോഗിക്കാറുണ്ട്. അതുകൊണ്ട് മനുഷ്യാത്മാവിനെക്കുറിച്ചാണോ ദൈവാത്മാവിനെക്കുറിച്ചാണോ പറയുന്നതെന്ന് സന്ദർഭത്തിൽനിന്നും മനസ്സിലാക്കണം. ദൂതന്മാർ, അശുദ്ധാത്മാക്കൾ തുടങ്ങിയവരെക്കുറിക്കുവാൻ ആത്മാവ് എന്ന വാക്ക് ഉപയോഗിക്കുന്നിടത്ത് വലിയ ബുദ്ധിമുട്ടൊന്നും കൂടാതെ അർത്ഥം മനസ്സിലാക്കാനാവും.

നിലത്തെ പൊടികൊണ്ടു ദൈവം മനുഷ്യന്റെ ജഡം നിർമ്മിച്ചിട്ട് മൂക്കിൽ ജീവശ്വാസം ഊതിയപ്പോൾ മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു. എന്നാൽ ആദം മാത്രമേ ഇപ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുള്ളൂ. മറ്റു മനുഷ്യരുടെ മൂക്കിൽ ദൈവം ജീവശ്വാസം ഊതുകയല്ല, ആത്മാവിനെ ഉള്ളിൽ സൃഷ്ടിക്കയത്രേ ചെയ്യുന്നത്. സെഖര്യാ പ്രവാചകൻ പറയുന്നു: ''ആകാശം വിരിക്കയും ഭൂമിയുടെ അടിസ്ഥാനം ഇടുകയും മനുഷ്യന്റെ ആത്മാവിനെ അവന്റെയുള്ളിൽ നിർമ്മിക്കയും ചെയ്തിരിക്കുന്ന യഹോവയുടെ അരുളപ്പാട്'' (സെഖ. 12:1). മനുഷ്യർക്ക് ആത്മാവുണ്ടായതെങ്ങനെയെന്ന് ഈ വാക്യത്തിൽ നിന്നു ഗ്രഹിക്കാം. നമ്മുടെ ആത്മാവിനെ ദൈവം നമ്മുടെ ശരീരത്തിനുള്ളിൽ നിർമ്മിച്ചു നൽകിയതാണ്.



ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലുമാണു സൃഷ്ടിച്ചത്. അതുകൊണ്ട് മനുഷ്യൻ ഇതര ജീവജാലങ്ങളിൽ നിന്നു വ്യത്യസ്തനാണ്. ദൈവത്തിന് മനുഷ്യരെപ്പോലെ കൈയും കാലും മറ്റും ഉണ്ടോ എന്നു ചോദിക്കുന്നവരുണ്ട്. പക്ഷേ ദൈവത്തെ ആരും നേർക്കുനേർ കണ്ടിട്ടില്ല. ദൈവത്തിന്റെ രൂപത്തെക്കുറിച്ചു വിശദമായി ഒന്നും ബൈബിളിൽ പറയുന്നുമില്ല. ഇത്തരം വിശദാംശങ്ങൾ ദൈവം മനുഷ്യനു മറച്ചു വച്ചിരിക്കയാണ്. അതുകൊണ്ട് ദൈവത്തെപ്പറ്റിയുള്ള ചോദ്യങ്ങൾക്കു മറുപടി പറയാൻ പറ്റില്ല. പക്ഷേ ബൈബിളിലൂടെ ദൈവം വെളിപ്പെടുത്തിയിട്ടുള്ള വിഷയങ്ങൾ അന്ധമായി വിശ്വസിക്കാൻ ദൈവമക്കൾ തയ്യാറാകും. കാരണം, ബൈബിൾ ദൈവവചനമാണെന്നും ദൈവവചനത്തിൽ തെറ്റില്ലെന്നും ദൈവമക്കൾക്കറിയാം.

ആദ്യമനുഷ്യനായ ആദത്തെ ദൈവം ഏദെൻ എന്നു പേരുള്ള തോട്ടത്തിൽ ആക്കി. തോട്ടത്തിന്റെ നടുവിൽ ഉണ്ടായിരുന്ന വൃക്ഷത്തിന്റെ ഫലം തിന്നരുത് എന്നുള്ള ദൈവകല്പന ലംഘിച്ചതുമൂലം മനുഷ്യൻ പാപിയായിത്തീർന്നു എന്നു ബൈബിൾ പറയുന്നു, ദൈവജനം അതു വിശ്വസിക്കുന്നു. നൻമതിൻമകളെക്കുറിച്ചുള്ള അറിവിന്റെ ഫലം ഭക്ഷിച്ചതോടെ മനുഷ്യൻ ആത്മീയ അർത്ഥത്തിൽ മരിച്ചു. പിന്നീട് ആദാം അക്ഷരാർത്ഥത്തിലും മരിച്ചു. ആദാം എന്ന ഒരുവന്റെ ലംഘനത്താൽ എല്ലാ മനുഷ്യരും പാപികളായിത്തീർന്നു. അതുകൊണ്ടു മരണം സകല മനുഷ്യരിലും വ്യാപരിക്കുന്നു. എന്നാൽ ക്രിസ്തു എന്ന ഏകന്റെ അനുസരണത്താൽ എല്ലാവരും വിശുദ്ധരായിത്തീരുകയും ചെയ്യും. പക്ഷേ യേശുവിൽ വിശ്വസിക്കുകയും യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും ചെയ്യുന്നവർക്കു മാത്രമേ വീണ്ടെടുപ്പു ലഭിക്കുകയുള്ളൂ. മാനസാന്തരം, നീതീകരണം, ശുദ്ധീകരണം, വീണ്ടും ജനനം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പിന്നാലെ വിശദീകരിക്കുമ്പോൾ രക്ഷ എന്ന വിഷയത്തിന്റെ വിശദാംശങ്ങളിലേക്കു കടക്കുന്നതാണ്.

# 5
# മാനസാന്തരം

ദൈവം, ദൈവവചനം, മനുഷ്യൻ തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് ബൈബിൾ എന്താണു പഠിപ്പിക്കുന്നതെന്നു കഴിഞ്ഞ അധ്യായങ്ങളിൽ വിശദീകരിച്ചു കഴിഞ്ഞു. ഇനി ക്രിസ്തീയ മാനസാന്തരം എന്ന വിഷയത്തെക്കുറിച്ചു പറയാം.

''പാപത്തേക്കുറിച്ചുള്ള അനുതാപത്തോടും യേശു ക്രിസ്തുവിന്റെ പരമയാഗത്തിലുള്ള വിശ്വാസത്തോടും കൂടി മാത്രമേ മനുഷ്യനു ദൈവത്തെ സമീപിക്കാനാവൂ.''

ആദാമ്യ പാപത്താൽ മനുഷ്യവർഗ്ഗം ഒന്നാകെ ദൈവത്തോടു അകന്നുപോയി എന്നു ദൈവജനം വിശ്വസിക്കുന്നു. അതുകൊണ്ടാണ് 'ദൈവത്തെ സമീപിക്കുക' എന്നു പറയേണ്ടതായി വരുന്നത്.

പാപത്തെക്കുറിച്ചു പറയുമ്പോൾ ആദാമ്യപാപം എന്നു പൊതുവെ പറയുമെങ്കിലും ആദത്തിന്റെ പാപം മാത്രമല്ല ഓരോ വ്യക്തിയും സ്വന്തം നിലയ്ക്കു ചെയ്യുന്ന പാപങ്ങളും പരിഗണിക്കേണ്ടതുണ്ട്. ആദം പാപം ചെയ്തതുകൊണ്ടു മാത്രമാണു ദൈവം സകല മനുഷ്യരേയും ശിക്ഷിക്കുന്നതെങ്കിൽ അതു തെറ്റാണെന്നു പറയേണ്ടതായി വരും. പക്ഷേ ഒരു മനുഷ്യനും ആദത്തിന്റെ പാപം ഹേതുവായി മാത്രം ശിക്ഷിക്കപ്പെടുകയില്ല എന്നതാണു സത്യം. പാപത്തിന്റെ ഉദ്ഭവം ആദത്തിലാണെങ്കിലും ആദത്തെപ്പോലെയോ അതിൽ അധികമോ പാപം എല്ലാ മനുഷ്യരും ചെയ്യുന്നുണ്ട്. അങ്ങനെ സകല മനുഷ്യരും പാപികളായിത്തീർന്നു. ഈ വിഷയത്തെക്കുറിച്ചു കൂടുതൽ വിശദീകരിക്കുന്നതിനു മുൻപായി പാപം എന്നാൽ എന്ത് എന്നു വ്യക്തമാക്കേണ്ടതുണ്ട്. പാപത്തിനു ശരിയായ ഒരു നിർവചനം ബൈബിളിൽ ഉള്ളതുകൊണ്ട് കാര്യം എളുപ്പമാണ്: ''പാപം ചെയ്യുന്നവൻ എല്ലാം അധർമ്മവും ചെയ്യുന്നു; പാപം അധർമ്മം തന്നേ.'' 1യോഹ.3:4.

മനസ്സിലായോ? ഇല്ലെന്നാകും ഉത്തരം. ഈ തർജ്ജമ അത്ര വ്യക്തമല്ല. അതുകൊണ്ട് പി.ഒ.സി ബൈബിൾ നോക്കാം:



''പാപം ചെയ്യുന്നവൻ നിയമം ലംഘിക്കുന്നു. പാപം നിയമലംഘനം തന്നെ.''

'നിയമം' എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് എന്നൊരു സംശയം ഉണ്ടാകാമെങ്കിലും ഈ തർജ്ജമ കുറച്ചു കൂടി ഭേദമാണ്. ന്യായപ്രമാണം, കല്പന, നിയമം എന്നൊക്കെ തർജ്ജമ ചെയ്യാവുന്ന വാക്കാണിത്. ആകയാൽ 'നിയമം' എന്നതു കൊണ്ട് രാജ്യത്തെ നിയമമല്ല 'ദൈവകല്പന' എന്നാണ് അർത്ഥമാക്കുന്നത്. അങ്ങനെയെങ്കിൽ ''പാപം ചെയ്യുന്നവൻ ദൈവകല്പന ലംഘിക്കുന്നു, പാപം കല്പനാലംഘനമാണ്'' എന്ന് ഈ വാക്യം തർജ്ജമ ചെയ്യാം.

ശാബതുകാർ ഈ വാക്യം വളച്ചൊടിച്ച് അവരുടെ ദുരുപദേശം സ്ഥാപിക്കാൻ ഉപയോഗിക്കാറുണ്ട്. അവരുടെ വ്യാഖ്യാനം അനുസരിച്ച് 'കല്പന' എന്നതുകൊണ്ട് 'പത്തു കല്പന' എന്നാണ് അർത്ഥമാക്കുന്നത്. ആകയാൽ പത്തു കല്പന ലംഘിക്കുന്നതാണു പാപം. ശബത് ആചരിക്കണമെന്നതു നാലാം കല്പനയാണ്. ശബത് ആചരിക്കാത്തവർ പാപം ചെയ്യുന്നു. ഈ രീതിയിലാണ് അവരുടെ വ്യാഖ്യാനം. പക്ഷേ ഇതു ശരിയല്ല. കല്പന എന്ന വാക്കിന് പത്തു കല്പന എന്ന് അർത്ഥമില്ല. ആയിരക്കണക്കിനു കല്പനകൾ ദൈവവചനത്തിലുണ്ട് എന്നതു തന്നെ കാരണം.

ബൈബിളിലുള്ള ദൈവകല്പനകളെ പ്രധാനമായി രണ്ടു വിഭാഗങ്ങളായി തിരിക്കാം. പഴയ നിയമത്തിലുള്ള കല്പനകൾ, പുതിയ നിയമത്തിലുള്ള കല്പനകൾ എന്നിങ്ങനെയാണ് ആ വിഭജനം. ഇവയിൽ പഴയനിയമത്തിലുള്ള ഒരു കല്പനയും പുതിയ നിയമ വിശ്വാസി അനുസരിക്കേണ്ടതില്ല. ഈ വിഷയം ഗലാത്യ ലേഖനത്തിൽ വളരെ വ്യക്തമായി വിശദീകരിച്ചിട്ടുമുണ്ട്. മാത്രമല്ല, തുടർന്നു വരുന്ന അധ്യായങ്ങളിൽ മറ്റു ചില വിശ്വാസപ്രമാണങ്ങളെക്കുറിച്ചു പഠിക്കുമ്പോൾ ഈ വിഷയം വിശദീകരിക്കുകയും ചെയ്യാം.

പഴയനിയമകാലത്ത് പഴയനിയമത്തിലെ കല്പനകൾ ലംഘിക്കുന്നതായിരുന്നു പാപം. പക്ഷേ പെന്തക്കോസ്ത് നാളിൽ ദൈവസഭ സ്ഥാപിക്കപ്പെട്ടതോടെ പഴയനിയമം മാറിപ്പോകുകയും പുതിയനിയമം നിലവിൽ വരുകയും ചെയ്തു. അന്നു മുതൽ മനുഷ്യർ പുതിയനിയമം മാത്രമാണ് അനുസരിക്കേണ്ടത്.

പാപം കല്പനാലംഘനമാണ്. പുതിയനിയമകാലത്ത് പുതിയ നിയമത്തിലെ കല്പനകൾ ലംഘിക്കുന്നതാണു പാപം. ബൈബിളിൽ വിശ്വസിക്കുന്ന വ്യക്തി മാത്രമല്ല ബൈബിളിൽ വിശ്വസിക്കാത്ത

വ്യക്തിയും പുതിയനിയമത്തിലെ കല്പനകൾ അനുസരിച്ചേ മതിയാകൂ. പുതിയ നിയമത്തിലുള്ള ഏതെങ്കിലും കല്പന ലംഘിക്കുമ്പോൾ മനുഷ്യൻ പാപിയായിത്തീരുന്നു.

''പാപത്തേക്കുറിച്ചുള്ള അനുതാപത്തോടും യേശുക്രിസ്തുവിന്റെ പരമയാഗത്തിലുള്ള വിശ്വാസത്തോടും കൂടി മാത്രമേ മനുഷ്യനു ദൈവത്തെ സമീപിക്കാനാവൂ'' എന്നതാണല്ലോ നാം പഠിച്ചുകൊണ്ടിരിക്കുന്ന വിഷയം. പാപം എന്നാൽ എന്ത് എന്നു മനസ്സിലാക്കാതെ ഈ വിഷയം പഠിക്കാനാവില്ല. അതുകൊണ്ടാണു പാപത്തെക്കുറിച്ച് ഇത്രയും വിശദീകരിച്ചത്.

മാനസാന്തരം എന്ന വിഷയം ഇക്കാലത്തു വളരെ അപൂർവമായി മാത്രമേ പ്രസംഗിക്കപ്പെടുന്നുള്ളൂ എന്നത് ഒരു ദു:ഖസത്യമാണ്. ''ഇതാ വരുന്നു അനുഗ്രഹം'' എന്നതാണ് ഇന്നത്തെ മുഖ്യ പ്രസംഗ വിഷയം. യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ സകലവിധ ഭൗതിക നൻമകളും ഒഴുകിയെത്തും എന്നാണു പ്രസംഗം. ഭൗതിക അനുഗ്രഹങ്ങൾ പ്രാപിക്കാനായി ജനം യേശുവിൽ വിശ്വസിക്കുന്നു. പാപം, പാപമോചനം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് അവർ പ്രസംഗിക്കുന്നതേയില്ല. ഇത്തരം പ്രസംഗം കേട്ട് വിശ്വാസത്തിലേക്കു വരുന്ന വ്യക്തി താൻ ആയിരിക്കുന്ന സ്ഥിതിയിൽ തുടരുകയും യേശുവിനെ സ്വീകരിക്കുന്നു എന്നു പ്രഖ്യാപിക്കയുമാണു ചെയ്യുന്നത്. ഒരു വിധത്തിലുള്ള മാനസാന്തരവും ഉണ്ടാകുന്നില്ല. ഇങ്ങനെ യേശുവിനെ സ്വീകരിച്ചാൽ രക്ഷിക്കപ്പെടുകയില്ല. അതുകൊണ്ടാണ് ''പാപത്തേക്കുറിച്ചുള്ള അനുതാപത്തോടും യേശുക്രിസ്തുവിന്റെ പരമയാഗത്തിലുള്ള വിശ്വാസത്തോടും കൂടി മാത്രമേ മനുഷ്യനു ദൈവത്തെ സമീപിക്കാനാവൂ'' എന്നു വ്യക്തമായി പറയുന്നത്.

ആദാമ്യപാപം നിമിത്തം മനുഷ്യവർഗ്ഗം ഒന്നാകെ ദൈവത്തിൽ നിന്ന് അകന്നുപോയി. ഓരോ മനുഷ്യനും സ്വന്ത നിലയ്ക്കു ചെയ്യുന്ന പാപങ്ങളിലൂടെ ഈ അകലം വർദ്ധിപ്പിക്കുന്നു. അങ്ങനെ ദൈവത്തിൽ നിന്ന് അകന്നുപോയിരിക്കുന്ന മനുഷ്യൻ വീണ്ടും ദൈവത്തോട് അടുക്കണം. പക്ഷേ പാപം അതിന് ഒരു തടസ്സമാകുന്നു. പാപത്തിനു പരിഹാരം വരാതെ മനുഷ്യനു ദൈവത്തോട് അടുക്കാനാവില്ല.

എങ്ങനെയാണ് പാപത്തിനു പരിഹാരം വരുന്നത്? അതിനായി ദൈവം ചിലതെല്ലാം ചെയ്തിട്ടുണ്ട്. മനുഷ്യൻ ചിലതെല്ലാം ചെയ്യുകയും വേണം. എന്താണു ദൈവം ചെയ്തത്? സകല മനുഷ്യവർഗ്ഗത്തിന്റെയും പാപം ദൈവം പാപരഹിതനായ യേശുവിന്റെമേൽ ചുമത്തി. യേശു സകല മനുഷ്യരുടേയും പാപങ്ങൾക്കുള്ള ശിക്ഷ അനുഭവിച്ചു. അതുകൊണ്ട് മനുഷ്യർ ഇനി തങ്ങളുടെ പാപങ്ങൾക്കുള്ള ശിക്ഷ അനുഭവിക്കേണ്ടതില്ല. എന്നാൽ യേശുക്രിസ്തുവിന്റെ ഈ പരമയാഗത്തിൽ വിശ്വസിക്കുകയും യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുകയും ചെയ്യുന്നവർക്കു മാത്രമേ പാപമോചനം ലഭിക്കുകയുള്ളൂ.



പറഞ്ഞു വരുന്നതിന്റെ ചുരുക്കമിതാണ്: സകല മനുഷ്യരുടേയും പാപമോചനത്തിന് ആവശ്യമായതു ദൈവം യേശുവിലൂടെ ചെയ്തു കഴിഞ്ഞു. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിലൂടെ ഓരോ മനുഷ്യനും ആ രക്ഷ സ്വന്തമാക്കിത്തീർക്കണം. ദൈവത്തോട് അടുക്കാനുള്ള മാർഗ്ഗം ഇതാണ്.

മാനസാന്തരം എന്നതു രണ്ടു വിധത്തിൽ ഉണ്ടാകാം:

1. തെറ്റു ചെയ്യുന്നതു നിർത്തുക.

2. പാപം ചെയ്യുന്നതു നിർത്തുകയും യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുകയും ചെയ്യുക. ഇതിൽ രണ്ടാമത്തേതാണ് ക്രിസ്തീയ മാനസാന്തരം.

പാപങ്ങളായി പൊതുവെ പരിഗണിക്കപ്പെടുന്ന പ്രവൃത്തികൾ ചെയ്യുന്നത് അവസാനിപ്പിച്ചാൽ മാനസാന്തരമായി. പക്ഷേ ഇത്തരത്തിലുള്ള മാനസാന്തരം രക്ഷയ്ക്കു കാരണമാകുകയില്ല. ഗുരുതരമായ പാപങ്ങളൊന്നും ചെയ്യാതെ തികഞ്ഞ മര്യാദക്കാരായി ജീവിക്കുന്നവർ നിരവധിയുണ്ട്. ഇത്തരക്കാരെ നല്ല മനുഷ്യരായി ഏവരും പരിഗണിക്കും. ഇങ്ങനെയുള്ള ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും മാത്രമല്ല നിരീശ്വരവാദികൾ വരെയുണ്ട്. അതുകൊണ്ട് മാനസാന്തരം എന്നതു ക്രിസ്തീയ വിശ്വാസത്തിന്റെ കുത്തകയല്ല.

അങ്ങനെയെങ്കിൽ ക്രിസ്തീയമാനസാന്തരത്തിന്റെ സവിശേഷത എന്താണ്? പാപം എന്നതിനു നൽകുന്ന വ്യാഖ്യാനം തന്നെ ആദ്യത്തേത്. നല്ലവർ എന്ന ഗണത്തിൽ പെടുന്ന സാധാരണ മനുഷ്യർ മര്യാദക്കാരായി ജീവിക്കുന്നവരാണ്. ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി തന്നെ നല്ല ഉദാഹരണം. അദ്ദേഹം നല്ല പ്രവൃത്തികൾ ചെയ്തു ജീവിച്ച വ്യക്തിയായിരുന്നു എന്നതിനു സംശയമില്ല. പക്ഷേ പാപത്തിന് മഹാത്മാ ഗാന്ധി നൽകിയ വ്യാഖ്യാനമല്ല ബൈബിളിലുള്ളത് എന്നതു ശ്രദ്ധേയമാണ്. ഗാന്ധിജിയുടെ വിശ്വാസമനുസരിച്ച് ഹിംസ പാപമാണ്. കന്നുകാലികളെയോ ഇതര പക്ഷിമൃഗാദികളെയോ കൊല്ലുന്നതു പാപമായി ഗാന്ധിജി കരുതിയിരുന്നു. അദ്ദേഹം മത്സ്യ ഭക്ഷണം പോലും വർജ്ജിക്കയും ചെയ്തിരുന്നു. പക്ഷേ ബൈബിളിന്റെ അളവുകോൽ വച്ച് അള

ക്കുമ്പോൾ ഇതൊന്നും പാപമല്ല. ഇതിന് ഒരു മറുവശമുണ്ട്. ത്രിയേക ദൈവത്തെ ഒഴികെ മറ്റൊരു ദൈവത്തേയും ആരാധിക്കാൻ ബൈബിൾ അനുവദിക്കുന്നില്ല. അന്യദൈവാരാധന കൊടിയ പാപമായാണു ബൈബിൾ പരിഗണിക്കുന്നത്. പക്ഷേ മഹാത്മാ ഗാന്ധി ത്രിയേക ദൈവത്തെ അല്ല ആരാധിച്ചിരുന്നത് എന്നു വ്യക്തമാണല്ലോ. പറഞ്ഞു വരുന്നതിന്റെ ചുരുക്കം ഇതാണ്: ക്രിസ്തീയ മാനസാന്തരം എന്നതു കൊണ്ട് അർത്ഥമാക്കുന്നത് ഈ ലോകപ്രകാരമുള്ള ഒരു 'നല്ല' ജീവിതമല്ല, മറിച്ച് ബൈബിളിൽ പറയുന്ന വിധത്തിലുള്ള വിശുദ്ധ ജീവിതമാണ്. ഈ ലോകം പാപമായി ഗണിക്കുന്ന പല പ്രവൃത്തികളും പാപമായി ബൈബിൾ പരിഗണിക്കുന്നില്ല. എന്നാൽ ലോകപ്രകാരം പാപമല്ലാത്ത പലതിനേയും ബൈബിൾ കൊടിയ പാപമായി പരിഗണിക്കയും ചെയ്യുന്നു. ഈ വ്യത്യാസം നാം മനസ്സിലാക്കണം.

പുതിയനിയമത്തിലെ കല്പനകൾ ലംഘിക്കുന്നത് അവസാനിപ്പിക്കുകയും ഇത്തരം കല്പനാലംഘനം നടത്തിയതിൽ അനുതപിക്കുകയും ചെയ്യുന്നതാണ് ക്രിസ്തീയ മാനസാന്തരം. ഇങ്ങനെ മാനസാന്തരപ്പെട്ട വ്യക്തി കർത്താവായ യേശുക്രിസ്തുവിന്റെ പരമ യാഗത്തിൽ വിശ്വസിക്കുകയും യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുകയും ചെയ്യുന്നതിലൂടെ നിത്യജീവൻ പ്രാപിക്കുന്നു - രക്ഷിക്കപ്പെടുന്നു. പാപം നിമിത്തം ദൈവത്തിൽ നിന്ന് അകന്നു പോയ മനുഷ്യന് ദൈവത്തോടടുത്തു വരാൻ ഇതല്ലാതെ വേറെ വഴിയില്ല.

രോഗം, ദു:ഖം, കടഭാരം, ശാപം, ഇതര പ്രശ്നങ്ങൾ തുടങ്ങിയവ മാറാനും ഭൗതിക നൻമകൾ ലഭിക്കാനും വേണ്ടി യേശുവിന്റെ പിന്നാലെ ഇറങ്ങുക എന്ന വ്യാജ സുവിശേഷം ലോകമെങ്ങും പ്രസംഗിക്കപ്പെടുന്ന കാലമാണിത്. പാപം, പാപമോചനം, മാനസാന്തരം, അനുതാപം തുടങ്ങിയ വിഷയങ്ങളൊന്നും പ്രസംഗിക്കപ്പെടുന്നതേയില്ല. പാപം എന്നത് ഒരു പ്രശ്നമേയല്ല എന്ന സ്ഥിതിയാണുള്ളത്. ഉണർവ്വുയോഗങ്ങൾ എന്ന പേരിൽ അറിയപ്പെടുന്ന മീറ്റിംഗുകളിൽ മാനസാന്തരം എന്ന വിഷയത്തെക്കുറിച്ചു പ്രസംഗിക്കാറില്ല. ആരും പാപബോധം നിമിത്തം കരയാറുമില്ല. പാപജീവിതം ഉപേക്ഷിക്കുന്നു എന്നു സാക്ഷ്യം പറയുന്നതും വിരളം. മദ്യപാനം പോലുള്ള പ്രവൃത്തികൾ ഭൗതിക ഉന്നമനത്തിനു തടസ്സമായതുകൊണ്ട് അവ ഉപേക്ഷിക്കുന്നവരുണ്ടാകാം. പക്ഷേ അനുതാപത്തിന്റെയോ ഏറ്റു പറച്ചിലിന്റെയോ ശബ്ദമല്ല അവിടെ കേൾക്കുക. ഇത്തരം യോഗങ്ങളിൽ പ്രസംഗിക്കപ്പെടുന്നതു വ്യാജ സുവിശേഷമാണ്. ദൈവമക്കൾ സൂക്ഷിക്കുക.

# 6
# നീതീകരണം

പാപിയായ മനുഷ്യൻ എങ്ങനെ നീതീകരണം പ്രാപിക്കുന്നു എന്നതിനെ സംബന്ധിച്ചു തിരുവചനത്തിൽ വ്യക്തമായ വിശദീകരണമുണ്ട്. അതിന്റെ രത്നച്ചുരുക്കം ഇതാണ്:

''യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ മാത്രമേ നീതീകരണം സാധിക്കൂ. പുണ്യപ്രവൃത്തികളാൽ നീതീകരണം സാദ്ധ്യമാകുന്നതല്ല.''

വിശ്വാസത്താലുള്ള നീതീകരണം എന്ന വിഷയം ഒട്ടേറെ വിവാദങ്ങൾക്കും തെറ്റിദ്ധാരണകൾക്കും കാരണമായിട്ടുണ്ട്. പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനത്തിന്റെ ഉദ്ഭവത്തിനുതന്നെ വഴിവച്ചത് ഈ വിഷയമാണെന്നു പറയാം. യേശുവിൽ വിശ്വസിക്കുന്നതു കൊണ്ടു മാത്രം പാപിക്കു നീതീകരണം പ്രാപിക്കാൻ കഴിയുകയില്ലെന്നും അതിനു വിവിധ കർമ്മങ്ങളും കൂദാശകളും ആവശ്യമാണെന്നും കത്തോലിക്കാസഭ പഠിപ്പിക്കുന്നു. പക്ഷേ ഈ നിലപാടിനോടു യോജിക്കാൻ മാർട്ടിൻ ലൂഥറിനു കഴിഞ്ഞില്ല. നീതീകരണം എന്നത് യേശുവിലുള്ള വിശ്വാസത്താൽ മാത്രം സാധിക്കേണ്ടതാണെന്നും കർമ്മങ്ങളോ കൂദാശകളോ അതിന് ആവശ്യമില്ലെന്നും ലൂഥർ പഠിപ്പിച്ചു. അത് ഒരു പിളർപ്പിനു കാരണമായി. ''ബൈബിൾ മാത്രമാണു ദൈവവചനം, യേശുവിലൂടെ മാത്രമാണു രക്ഷ, അതു കൃപയാൽ മാത്രം ലഭിക്കുന്നതാണ്, നീതീകരണം വിശ്വാസത്താൽ മാത്രമേ സാദ്ധ്യമാകൂ'' എന്നിങ്ങനെയാണ് പ്രൊട്ടസ്റ്റന്റ് നേതാക്കൻമാർ പഠിപ്പിച്ചത്. ഇതാണു ശരിയായ നിലപാടെന്നു ബൈബിൾ പഠിച്ചാൽ വ്യക്തമാകും.

ഈ വിഷയം ദൈവശാസ്ത്രത്തിന്റെ ഭാഗമായതുകൊണ്ട് ഈ വിശ്വാസത്തിന് ആധാരമായ വാക്യങ്ങൾ കൂടി ഉദ്ധരിക്കാം.

1. പാപിയായ മനുഷ്യനെ നീതീകരിക്കാൻ ദൈവത്തിനു മാത്രമേ കഴിയൂ: ''നീതീകരിക്കുന്നവൻ ദൈവം. ശിക്ഷ വിധിക്കുന്നവൻ ആര്?'' റോമ.8:23.
2. വിശ്വാസത്താൽ മാത്രമേ നീതീകരണം സാദ്ധ്യമാകൂ: ''മോശെയുടെ ന്യായപ്രമാണത്താൽ നിങ്ങൾക്കു നീതീകരണം വരുവാൻ കഴിയാത്ത സകലത്തിൽനിന്നും വിശ്വസിക്കുന്ന ഏവനും യേശുവിനാൽ നീതീകരി

ക്കപ്പെടുന്നു എന്നും, നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ.'' പ്രവൃ.13:39.

ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ നീതീകരണം പ്രാപിക്കാൻ കഴിയുമെന്നു വിശ്വസിക്കുന്നവരോടു പൗലോസ് പറയുന്നു:

''എന്നാൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നില്ല എന്ന് അറിഞ്ഞിരിക്കുകകൊണ്ടു നാമും ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലല്ല ക്രിസ്തുവിലുള്ള വിശ്വാസത്താൽ തന്നേ നീതീകരിക്കപ്പെടേണ്ടതിനു ക്രിസ്തുയേശുവിൽ വിശ്വസിച്ചു; ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും നീതീകരിക്കപ്പെടുകയില്ലല്ലോ.'' ഗലാ.2:16.

''എന്നാൽ ന്യായപ്രമാണത്താൽ ആരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല എന്നതു സ്പഷ്ടം; നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നല്ലോ ഉള്ളത്.'' ഗലാ.3:11.

പാപിയായ മനുഷ്യൻ ദൈവത്തിന്റെ ശത്രുവാണ്. പക്ഷേ മനുഷ്യൻ പാപത്തിൽ ജീവിച്ചു നശിക്കാൻ ദൈവം ആഗ്രഹിക്കുന്നില്ല. അതുകൊണ്ടു ദൈവം മനുഷ്യനെ തികച്ചും സൗജന്യമായി നീതീകരിക്കുവാനുള്ള പദ്ധതിയൊരുക്കി. കർത്താവായ യേശുക്രിസ്തുവിലൂടെയാണ് ദൈവം മനുഷ്യനെ നീതീകരിക്കുന്നത്. പൗലോസ് പറയുന്നു:

''വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്ക് ദൈവത്തോടു സമാധാനം ഉണ്ട്.'' റോമ. 5:1.

3. നീതീകരണം ദൈവകൃപയാൽ മാത്രമാണു നടക്കുന്നത്. കൃപയാൽ ആണെങ്കിൽ പ്രവൃത്തിയാൽ അല്ലെന്നു വ്യക്തം. കാരണം, പ്രവൃത്തിയാലെങ്കിൽ കൃപ ആവശ്യമില്ല. ഈ വിഷയത്തെക്കുറിച്ചു ബൈബിൾ പറയുന്നു: ''കൃപയാൽ എങ്കിൽ പ്രവൃത്തിയാലല്ല; അല്ലെങ്കിൽ കൃപ കൃപയല്ല.'' റോമ.11:6.

നാം ചെയ്യുന്ന പ്രവൃത്തിക്കു കൂലി ലഭിക്കുന്നതു കൃപയാലല്ല, അവകാശമെന്ന നിലയ്ക്കാണ്. എന്നാൽ അനർഹർക്കു തികച്ചും സൗജന്യമായി നൽകപ്പെടുന്നതാണു കൃപ. അതുകൊണ്ടാണ് നീതീകരണം സൗജന്യമാണെന്നു പറയുന്നത്.

''അവന്റെ കൃപയാൽ ക്രിസ്തു യേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്.'' റോമ.3:24.

''ദൈവം ഏകനല്ലോ; അവൻ വിശ്വാസംമൂലം പരിച്ഛേദനക്കാരെയും വിശ്വാസത്താൽ അഗ്രചർമ്മികളെയും നീതീകരിക്കുന്നു.'' റോമ.3:30.

4. യേശുക്രിസ്തുവിന്റെ രക്തത്താലത്രേ നീതീകരിക്കപ്പെടുന്നത്.



''അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ട ശേഷമോ നാം അവനാൽ എത്രയധികമായി കോപത്തിൽനിന്നു രക്ഷിക്കപ്പെടും.'' റോമ. 5:9.

5. ആദ്യ മനുഷ്യനായ ആദത്തിന്റെ ലംഘനത്താൽ സകല മനുഷ്യരും പാപികളായിത്തീർന്നു. അതുപോലെ, യേശുക്രിസ്തു എന്ന ഏകന്റെ അനുസരണത്താൽ (വിശ്വസിക്കുന്ന ഏവരും) സൗജന്യമായി നീതീകരിക്കപ്പെടുന്നു. ''അങ്ങനെ ഏക ലംഘനത്താൽ സകല മനുഷ്യർക്കും ശിക്ഷാവിധി വന്നതുപോലെ ഏക നീതിയാൽ സകല മനുഷ്യർക്കും ജീവകാരണമായ നീതീകരണവും വന്നു. ഏകമനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതു പോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാൻമാരായിത്തീരും.'' റോമ.5:18,19.

ഈ വിഷയം വ്യക്തമാക്കാൻ ഇങ്ങനെ നിരവധി വാക്യങ്ങളുണ്ട്. പക്ഷേ സ്ഥലപരിമിതി മൂലം കൂടുതൽ വിശദീകരിക്കുന്നില്ല. എങ്കിലും വിശ്വാസത്താലുള്ള നീതീകരണം എന്ന വിഷയത്തെക്കുറിച്ചു ലളിതമായ ഭാഷയിൽ ചില വസ്തുതകൾകൂടി പറയേണ്ടതുണ്ട്.

'പരോപകാരമേ പുണ്യം, പാപമേ പരപീഡനം' എന്ന നിലപാട് ഹിന്ദുമതത്തിൽ മാത്രമല്ല ഭൂരിപക്ഷം ലോകമതങ്ങളിലുമുണ്ട്. നല്ല പ്രവൃത്തികൾ ചെയ്തു രക്ഷ നേടുക എന്നതാണ് ഈ വിശ്വാസത്തിന്റെ കാതൽ. പാപവും പുണ്യവും ദൈവം ത്രാസ്സിന്റെ ഓരോ തട്ടുകളിൽ വച്ചു നോക്കുമെന്നും പാപമാണു കൂടുതലെങ്കിൽ നരകത്തിലേക്കും പുണ്യമാണു കൂടുതലെങ്കിൽ സ്വർഗ്ഗത്തിലേക്കും അയയ്ക്കുമെന്നുമാണ് പൊതുവെയുള്ള ധാരണ. ഈ തെറ്റിദ്ധാരണമൂലം, സ്വർഗ്ഗത്തിൽ പോകാനായി പുണ്യപ്രവൃത്തികൾ ചെയ്യുന്നവർ നിരവധിയാണ്. പക്ഷേ ഇതൊന്നുമല്ല ബൈബിൾ പഠിപ്പിക്കുന്നത്.

രക്ഷിക്കപ്പെടാനായി പുണ്യപ്രവൃത്തികൾ ചെയ്യുക എന്നല്ല രക്ഷിക്കപ്പെട്ടതുകൊണ്ടു സൽപ്രവൃത്തികൾ ചെയ്യുക എന്നാണു ബൈബിൾ പറയുന്നത്. സകല മനുഷ്യരും പാപികളാണ്. മനുഷ്യരുടെ നീതിപ്രവൃത്തികളെല്ലാം ദൈവസന്നിധിയിൽ കറപുരണ്ട തുണിപോലെയാണ്. (യെശ.64:6). അതുകൊണ്ടു നീതിപ്രവൃത്തികളാൽ ദൈവത്തെ പ്രസാദിപ്പിക്കാനോ നിത്യജീവൻ പ്രാപിക്കാനോ കഴിയുന്നതല്ല.

നീതീകരണം എന്ന വിഷയത്തെക്കുറിച്ചു വിശദീകരിക്കാൻ അബ്രഹാമിന്റെ പ്രവൃത്തി പൗലോസും യാക്കോബും ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നുണ്ട്. പൗലോസ് പറയുന്നു:

''അബ്രാഹാം ദൈവത്തിൽ വിശ്വസിച്ചു; അത് അവനു നീതിയായി കണക്കിട്ടു എന്നുണ്ടല്ലോ. അതുകൊണ്ട് വിശ്വാസികൾ അത്രേ

അബ്രാഹാമിന്റെ മക്കൾ എന്ന് അറിയുവിൻ.'' ഗലാ.3:6,7.

നീതീകരണത്തിനു പ്രവൃത്തിയല്ല വിശ്വാസമാണ് ആധാരം എന്നു പൗലോസ് ആവർത്തിച്ചു വ്യക്തമാക്കുന്നുണ്ട്. എന്നാൽ യാക്കോബ് ഇതിനു വിപരീതമായ നിലപാടാണു സ്വീകരിച്ചിരിക്കുന്നതെന്നു പ്രത്യക്ഷത്തിൽ തോന്നുമെങ്കിലും സത്യം അതല്ല. രണ്ടുപേരും പറയുന്നത് ഒന്നുതന്നെ. യാക്കോബ് പറയുന്നത് ഇതാണ്: ''നമ്മുടെ പിതാവായ അബ്രാഹാം തന്റെ മകനായ യിസ്ഹാക്കിനെ യാഗപീഠത്തിന്മേൽ അർപ്പിച്ചിട്ടു പ്രവൃത്തിയാൽ അല്ലയോ നീതീകരിക്കപ്പെട്ടത്?'' യാക്കോ.2:21.

നീതീകരണം വിശ്വാസത്താലല്ല പ്രവൃത്തിയാലാണു ലഭിക്കുന്നത് എന്നല്ലേ യാക്കോബ് പറയുന്നത് എന്നു സംശയം തോന്നാം. പക്ഷേ യാക്കോബ് നൽകുന്ന വിശദീകരണം കൂടി പരിശോധിക്കുമ്പോൾ വിഷയം വ്യക്തമാകുന്നതാണ്.

''അവന്റെ പ്രവൃത്തിയോടുകൂടെ വിശ്വാസം വ്യാപരിച്ചു എന്നും പ്രവൃത്തിയാൽ വിശ്വാസം പൂർണ്ണമായി എന്നും നീ കാണുന്നുവല്ലോ. അബ്രാഹാം ദൈവത്തെ വിശ്വസിക്കുകയും അത് അവനു നീതിയായി കണക്കിടുകയും ചെയ്തു എന്നുള്ള തിരുവെഴുത്തു നിവൃത്തിയായി അവൻ ദൈവത്തിന്റെ സ്നേഹിതൻ എന്നു പേരു പ്രാപിച്ചു. അങ്ങനെ മനുഷ്യൻ വെറും വിശ്വാസത്താലല്ല പ്രവൃത്തികളാൽ തന്നേ നീതീകരിക്കപ്പെടുന്നു എന്നു നിങ്ങൾ കാണുന്നു.'' യാക്കോ.2:22-24.

എന്താണു യാക്കോബ് പറയുന്നത്? അബ്രാഹാം ദൈവത്തിൽ വിശ്വസിച്ചു. അത് അവനു നീതിയായി കണക്കിട്ടു. പക്ഷേ അതോടെ എല്ലാം പൂർണ്ണമായി എന്നു തെറ്റിദ്ധരിക്കരുത്. കാരണം, പ്രവൃത്തി കൂടാതെയുള്ള വിശ്വാസം ചത്തതാണ്. അബ്രാഹാമിന്റെ ജീവിതം തന്നെ ഉദാ ഹരണമായെടുത്ത് ഈ വിഷയം പഠിക്കാം:

''യഹോവ അബ്രാമിനോട് അരുളിച്ചെയ്തതെന്തെന്നാൽ: നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ടു പുറപ്പെട്ട്, ഞാൻ നിന്നെ കാണിക്കുവാനിരിക്കുന്ന ദേശത്തേക്കു പോകുക. ഞാൻ നിന്നെ വലിയൊരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിന്റെ പേരു വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും; നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും. യഹോവ തന്നോടു കൽപ്പിച്ചതുപോലെ അബ്രാം പുറപ്പെട്ടു.'' ഉല്പ. 12:1-4.



വിശ്വാസവും പ്രവൃത്തിയും തമ്മിലുള്ള ബന്ധം ഇവിടെ വ്യക്തമാകുന്നു. സ്വന്തദേശം വിട്ടു പുറപ്പെടാൻ ദൈവം അബ്രാഹാമിനോട് ആവശ്യപ്പെടുന്നു. ഇതോടൊപ്പം ചില വാഗ്ദത്തങ്ങളും ദൈവം അബ്രഹാമിനു നൽകുന്നുണ്ട്. അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു, പക്ഷേ സ്വന്ത ദേശം വിട്ടു പുറപ്പെടുന്നുമില്ല എന്നിരിക്കട്ടെ. അത്തരം ഒരു വിശ്വാസം നീതീകരണത്തിനു കാരണമാകുമോ? അബ്രാഹാം ദൈവത്തിൽ വിശ്വസിച്ചു എന്നതിന്റെ തെളിവാണ് തുടർന്നുണ്ടായ പ്രവൃത്തി. ആ പ്രവൃത്തി ഉണ്ടായിരുന്നില്ലെങ്കിൽ അബ്രഹാമിന്റെ വിശ്വാസം ചത്തതാകുമായിരുന്നു. അങ്ങനെ വിശ്വാസം പ്രവൃത്തിയാൽ വെളിപ്പെടുമ്പോഴാണ് വിശ്വാസം ജീവനുള്ളതാകുന്നത്. ചത്ത വിശ്വാസം ആരേയും രക്ഷിക്കുകയില്ല. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു എന്നു പറയുകയും അന്യദൈവത്തെ ആരാധിക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടുകയില്ല. കാരണം, അവൻ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു എന്നു പറഞ്ഞതു സത്യമായിരുന്നെങ്കിൽ അന്യദൈവത്തെ ആരാധിക്കയില്ലായിരുന്നു. യാക്കോബ് പറയുന്നതും ഇതു തന്നെ. മകനെ യാഗം കഴിക്കാൻ ദൈവം കല്പിച്ചപ്പോൾ അബ്രാഹാം അതു ചെയ്യാൻ തയ്യാറായി. അബ്രാഹാമിന്റെ വിശ്വാസം പ്രവൃത്തിയിലൂടെ വെളിപ്പെട്ടു. അവന്റെ വിശ്വാസം ജീവനുള്ളതാണെന്നു തെളിഞ്ഞു. അങ്ങനെ അബ്രാഹാം വിശ്വാസികളുടെ പിതാവ് എന്ന പേരിന് അർഹനായിത്തീർന്നു.

ഇക്കാലത്തും മനുഷ്യൻ നീതീകരിക്കപ്പെടുന്നതു ജീവനുള്ള വിശ്വാസത്താലാണ്. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതിലൂടെയാണു നീതീകരണം പ്രാപിക്കുന്നത്. എന്നാൽ യേശുവിൽ വിശ്വസിക്കുന്നവനിൽ അതിനനുസൃതമായ പ്രവൃത്തിയുണ്ടാകും. അഥവാ, പ്രവൃത്തി ഉണ്ടായില്ലെങ്കിൽ അവൻ വിശ്വസിച്ചില്ല എന്നു തീർച്ച.

വിശ്വാസത്താലുണ്ടാകുന്ന പ്രവൃത്തിയും വിശ്വാസം കൂടാതെയുണ്ടാകുന്ന പ്രവൃത്തിയും തമ്മിലുള്ള വ്യത്യാസവും നാം തിരിച്ചറിയണം. ഉദാഹരണത്തിന്, നിരവധി ആളുകൾ സാധുക്കളെ സഹായിക്കുന്നുണ്ട്. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയും ആ വിശ്വാസത്തിന്റെ ഫലമായി ഉണ്ടാകുന്ന ദയ, പരോപകാര തത്പരത തുടങ്ങിയവ മൂലം സാധുക്കളെ സഹായിക്കുകയും ചെയ്യുന്നവരാണ് ഒരു കൂട്ടർ. ഏതെങ്കിലും അന്യദൈവത്തിൽ വിശ്വസിച്ചുകൊണ്ടോ ഒരു ദൈവത്തിലും വിശ്വസിക്കാതെയോ സാധുക്കളെ സഹായിക്കുന്നവരുണ്ട്. രണ്ടു കൂട്ടരും ചെയ്യുന്നതു സൽപ്രവൃത്തിയാണെന്നതിനു സംശയമില്ല. പക്ഷേ രണ്ടു

കൂട്ടരുടേയും സൽപ്രവൃത്തി നീതീകരണത്തിനു കാരണമാകുന്നില്ല. എന്നാൽ യേശുവിൽ വിശ്വസിച്ചശേഷം ചെയ്യുന്ന സൽപ്രവൃത്തി ഒരുവന്റെ വിശ്വാസം ജീവനുള്ളതാണെന്നതിനു തെളിവാകുന്നു. ഈ വിശ്വാസം മൂലം നീതീകരണം ലഭിക്കയും ചെയ്യുന്നു.

അങ്ങനെയെങ്കിൽ, എന്റെ ഈ ഏറ്റവും ചെറിയ സഹോദരൻമാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കു ചെയ്തു (മത്താ.25:40) എന്ന് കർത്താവു പറഞ്ഞത് തെറ്റാണെന്നു വരുമല്ലോ എന്നൊരു ചോദ്യമുണ്ട്. ഏറെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള ഒരു വേദഭാഗമാണിത്. ഈ സംഭവം അന്ത്യ ന്യായവിധി ദിവസം നടക്കുന്നതാണെന്നു കരുതിയാണ് പലരും ദുർവ്യാഖ്യാനത്തിനു മുതിരുന്നത്. ഇത് അന്ത്യ ന്യായവിധിയല്ല എന്നു മനസ്സിലാക്കുക. പിന്നെ എന്താണ്? അതിനുള്ള ഉത്തരം അവിടെത്തന്നെയുണ്ട്:

മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധദൂതൻമാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും; അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ചു, ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ ഇടത്തും നിറുത്തും. (മത്താ. 25:31-33)

രക്ഷിക്കപ്പെട്ടവരെയും രക്ഷിക്കപ്പെടാത്തവരെയും ഒന്നിച്ചു നിർത്തി ന്യായം വിധിക്കുന്ന ഒരു പരിപാടിയെക്കുറിച്ചു ബൈബിളിൽ പറയുന്നില്ല. അങ്ങനെയെങ്കിൽ ഈ സംഭവം എപ്പോഴാണു നടക്കുന്നത്. അതിനുള്ള ഉത്തരം യോവേൽ 3:1,2 വാക്യങ്ങളിലുണ്ട്.

"ഞാൻ യെഹൂദയുടെയും യെരൂശലേമിന്റെയും സ്ഥിതി മാറ്റുവാനുള്ള നാളുകളിലും കാലത്തിലും, ഞാൻ സകല ജാതികളെയും കൂട്ടി യഹോശാഫാത്ത് താഴ്വരയിൽ ചെല്ലുമാറാക്കുകയും എന്റെ ജനം നിമിത്തവും എന്റെ അവകാശമായ യിസ്രായേൽ നിമിത്തവും അവരോടു വ്യവഹരിക്കുകയും ചെയ്യും; അവർ അവരെ ജാതികളുടെ ഇടയിൽ ചിതറിച്ച് എന്റെ ദേശത്തെ വിഭാഗിച്ചുകളഞ്ഞുവല്ലോ."

കർത്താവായ യേശുക്രിസ്തു എതിർക്രിസ്തുവിനെ തോല്പിച്ച ശേഷം ആയിരമാണ്ടു വാഴ്ച നടത്തുന്നതിനു മുമ്പായി നടത്തുന്ന ന്യായവിധിയാണിത്. പാലസ്തീൻ നാടിനു ചുറ്റുമുള്ള ജാതികളാണ് വിധിക്കപ്പെടുന്നത്. അവരെയാണ് ചെമ്മാരിയാടുകളും കോലാടുകളും എന്നതുപോലെ വിഭജിക്കുന്നത്. യേശുവിന്റെ സഹോദരൻമാർ എന്ന പേരിൽ പരാമർശിക്കപ്പെടുന്നത് യഹൂദരാണ്.



എതിർക്രിസ്തുവിന്റെ ഏഴു വർഷം നീളുന്ന ഭരണത്തിന്റെ അവസാനത്തെ മൂന്നര വർഷം യഹൂദർ ഏറെ പീഡകൾ സഹിക്കേണ്ടതായി വരും. അക്കാലത്ത് അവർ സ്വന്ത രാജ്യം ഉപേക്ഷിച്ച് മറ്റു രാജ്യങ്ങളിൽ അഭയം പ്രാപിക്കും. അപ്പോൾ ചില രാജ്യങ്ങൾ അവരെ സഹായിക്കും. മറ്റു ചിലർ ഉപദ്രവിക്കും. യഹൂദർക്കു സഹായം ചെയ്ത ജാതികളാണ് ചെമ്മരിയാടുകൾ. അവരോടു കർത്താവായ യേശുക്രിസ്തു ഇപ്രകാരം പറയുന്നു: "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊള്ളുവിൻ. എനിക്കു വിശന്നു; നിങ്ങൾ ഭക്ഷിക്കുവാൻ തന്നു; ദാഹിച്ചു, നിങ്ങൾ കുടിക്കുവാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാണുവാൻ വന്നു; തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു. അതിന് നീതിമാൻമാർ അവനോട്: കർത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ വിശന്നുകണ്ടിട്ടു ഭക്ഷിക്കുവാൻ തരുകയോ ദാഹിച്ചുകണ്ടിട്ടു കുടിക്കുവാൻ തരികയോ ചെയ്തു? നിന്നെ രോഗിയായിട്ടോ തടവിലോ എപ്പോൾ കണ്ടിട്ടു ഞങ്ങൾ നിന്റെ അടുക്കൽ വന്നു എന്ന് ഉത്തരം പറയും; രാജാവ് അവരോട്: എന്റെ ഈ ഏറ്റവും ചെറിയ സഹോദരൻമാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു എന്ന് അരുളിച്ചെയ്യും."

യേശുവിന്റെ സഹോദരൻമാരായ യഹൂദൻമാർ എതിർക്രിസ്തുവിന്റെ പീഡ ഭയന്ന് അന്യരാജ്യങ്ങളിൽ അഭയം പ്രാപിച്ചപ്പോൾ അവരെ ജാതികൾ സഹായിച്ച കാര്യമാണ് കർത്താവു പറയുന്നത്. ഇപ്രകാരം സഹായം ചെയ്തവരെ ആയിരമാണ്ടു വാഴ്ചയിൽ പ്രവേശിക്കാൻ കർത്താവ് അനുവദിക്കുന്നു. പക്ഷേ യഹൂദരെ ഉപദ്രവിച്ച ജാതികളെ നിത്യ നരകത്തിലേക്കു വിടുന്നു.

ഒറ്റ നോട്ടത്തിൽ അന്ത്യ ന്യായവിധിയാണെന്നു തെറ്റിദ്ധരിക്കാൻ ഇടയുള്ള വേദഭാഗമാണിത് എന്നതു ശരിതന്നെ. സാധുക്കളെ സഹായിച്ചാൽ സ്വർഗ്ഗത്തിൽ പോകാം എന്ന തെറ്റിദ്ധാരണയ്ക്ക് ഈ വാക്യം വഴിവയ്ക്കുന്നു. പക്ഷേ ദൈവവചനം വസ്തുനിഷ്ഠമായി പഠിച്ചാൽ തെറ്റിദ്ധാരണ മാറ്റാവുന്നതാണ്.

# 7
# വീണ്ടും ജനനം

വീണ്ടുംജനനം എന്ന വിഷയവുമായി ബന്ധപ്പെട്ട് ബൈബിൾ പറയുന്നതിന്റെ രത്നച്ചുരുക്കം ഇതാണ്:

''യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി ഹൃദയത്തിൽ സ്വീകരിക്കുകയും വായ്കൊണ്ട് ഏറ്റു പറയുകയും ചെയ്യുന്നതിലൂടെ മാത്രമേ നിത്യരക്ഷ പ്രാപിക്കാൻ കഴിയൂ. പരിശുദ്ധാത്മാവിനാലും ദൈവവചനത്താലും വീണ്ടും ജനിക്കാതെ നിത്യജീവൻ ലഭിക്കുന്നതല്ല.''

ഏറ്റവും ഗൗരവമുള്ള വിഷയങ്ങളിൽ ഒന്നാണ് വീണ്ടും ജനനം എന്നത്. കാരണം, രക്ഷയെ ബാധിക്കുന്ന വിഷയമാണിത്. അതുകൊണ്ട് ഈ വിഷയം അതീവ ഗൗരവത്തോടെ പഠനവിധേയമാക്കേണ്ടതാണ്.

വീണ്ടും ജനനം എന്ന വിഷയത്തെക്കുറിച്ചു സംസാരിക്കുമ്പോൾ കർത്താവായ യേശുക്രിസ്തു നിക്കോദെമോസിനോട് ഇപ്രകാരം പറഞ്ഞു: ''യേശു അവനോട്: ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണുവാൻ ആർക്കും കഴിയുകയില്ല എന്നു പറഞ്ഞു.'' വീണ്ടും ജനനം പ്രാപിക്കാതെ ദൈവരാജ്യം കാണാൻ കഴിയുന്നതല്ല എന്നു കർത്താവായ യേശുക്രിസ്തു തന്നെ പറഞ്ഞിരിക്കെ ഈ വിഷയം നിസ്സാരമായി തള്ളിക്കളയാനാവില്ല.

വീണ്ടും ജനിക്കണം എന്നു കർത്താവായ യേശുക്രിസ്തു പറഞ്ഞെങ്കിലും നിക്കോദെമോസിനു വിഷയം മനസ്സിലായില്ല. അതുകൊണ്ട് നിക്കോദെമോസ് കർത്താവിനോടു വിശദീകരണം ആവശ്യപ്പെട്ടു: ''നിക്കോദേമൊസ് അവനോട്: മനുഷ്യൻ വൃദ്ധനായശേഷം ജനിക്കുന്നത് എങ്ങനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്നു ജനിക്കാമോ എന്നു ചോദിച്ചു.'' വീണ്ടും ജനിക്കണം എന്നു പറഞ്ഞാൽ ആരും ചോദിക്കുക ഇത്തരത്തിലുള്ള ചോദ്യമായിരിക്കും. അതുകൊണ്ട് ഈ ചോദ്യത്തിനു കർത്താവ് മറുപടി നൽകുകയും ചെയ്തു:

''അതിനു യേശു: ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ



കടക്കുവാൻ ആർക്കും കഴിയുകയില്ല. ജഡത്താൽ ജനിച്ചതു ജഡം ആകുന്നു; ആത്മാവിനാൽ ജനിച്ചത് ആത്മാവ് ആകുന്നു.''

വിശ്വാസസ്നാനത്തെക്കുറിച്ചാണു കർത്താവ് ഇവിടെ പറയുന്നതെന്ന് ഒരു തെറ്റിദ്ധാരണയുണ്ട്. വെള്ളം എന്ന വാക്കാണ് ഈ തെറ്റിദ്ധാരണയ്ക്ക് ആധാരം. പക്ഷേ ഈ വാക്യങ്ങൾക്കു വിശ്വാസസ്നാനവുമായി ഒരു ബന്ധവുമില്ല. സ്നാനമേൽക്കുന്ന സമയത്ത് ആരും വീണ്ടും ജനനം പ്രാപിക്കുന്നുമില്ല. വിശ്വാസസ്നാനത്തെക്കുറിച്ചു വിശദീകരിക്കുമ്പോൾ ഈ വിഷയം വ്യക്തമാക്കാം. ഇപ്പോൾ വീണ്ടും ജനനം എന്ന വിഷയത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാം.

വീണ്ടും ജനനം എന്താണെന്നു പൗലോസ് വ്യക്തമാക്കുന്നുണ്ട്: ''ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയത് കഴിഞ്ഞുപോയി, ഇതാ, അത് പുതിയതായി തീർന്നിരിക്കുന്നു.'' 2കൊരി.5:17. ഒരുവൻ ക്രിസ്തുവിലായി എന്നു പറയുന്നത് അവൻ പുതിയ സൃഷ്ടിയായിക്കഴിയുമ്പോഴാണ്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ പുതിയ സൃഷ്ടി ആകാത്തവർ ക്രിസ്തുവിലായിട്ടില്ല.

ഇതോടുള്ള ബന്ധത്തിൽ മറ്റൊരു വാക്യവും ശ്രദ്ധേയമാണ്. ''പരിഛേദനയല്ല അഗ്രചർമ്മവുമല്ല പുതിയ സൃഷ്ടിയത്രേ കാര്യം.'' ഗലാ.6:15.

വീണ്ടും ജനനം എങ്ങനെയാണു നടക്കുന്നതെന്നു പത്രോസ് വ്യക്തമാക്കുന്നുണ്ട്: ''കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ തന്നേ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു.'' 1 പത്രോ.1:22. വീണ്ടും ജനനം നടക്കുന്നതു ദൈവവചനത്താലാണെന്ന വസ്തുത പത്രോസ് വിശദീകരിക്കുന്നു.

വീണ്ടും ജനിക്കേണ്ട ആവശ്യകത എന്ത് എന്നതാണു പ്രസക്തമായ മറ്റൊരു ചോദ്യം. ദൈവവചനപ്രകാരം ജീവിച്ചാൽ പോരേ? ഇതര മതങ്ങളിലെന്ന പോലെ പുണ്യപ്രവൃത്തികൾ ചെയ്തു ജീവിച്ച് ആത്മസാക്ഷാത്ക്കാരം പ്രാപിക്കരുതോ?

വീണ്ടും ജനനം എന്നത് എത്രത്തോളം പ്രാധാന്യമുള്ള ഉപദേശമാണെന്നു സാത്താനറിയാം. അതുകൊണ്ടത്രേ ഈ വിഷയം ഒളിച്ചുവയ്ക്കാൻ സാത്താൻ ശ്രമിക്കുന്നത്. സുവിശേഷമെന്ന പേരിൽ നാം കേൾക്കുന്ന പ്രസംഗങ്ങളിൽ വളരെ കുറച്ചു മാത്രമേ വീണ്ടും ജനനത്തെക്കുറിച്ചു പറയാറുള്ളൂ. സുവിശേഷ പ്രചരണത്തിനായി അഹോരാത്രം അധ്വാനിക്കുന്നു എന്നവകാശപ്പെടുന്നവരിൽ ഭൂരിപക്ഷവും വീണ്ടും ജനനം എന്ന വാക്കുപോലും അപൂർവമായി മാത്രമേ ഉപയോഗി

ക്കുന്നുള്ളൂ. ഇന്നത്തെ ഭൂരിപക്ഷം കൺവൻഷനുകളിലും ക്രൂസേഡു കളിലും വീണ്ടും ജനനം എന്ന വിഷയം പ്രസംഗിക്കപ്പെടുന്നില്ല. പക്ഷേ വീണ്ടും ജനനത്തിന്റെ ഉപദേശം ഒഴിവാക്കിയാൽ സുവിശേഷം സുവി ശേഷമല്ലാതാകും. മനുഷ്യനു നിത്യജീവൻ പ്രാപിക്കാൻ സഹായകമാ കാത്ത പ്രസംഗങ്ങൾ മറ്റെന്തായാലും സുവിശേഷപ്രസംഗമല്ല.

വീണ്ടും ജനനം എന്നതു രക്ഷയ്ക്ക് അത്യന്താപേക്ഷിതമായ തെന്തുകൊണ്ട് എന്നതാണല്ലോ പഠനവിഷയം. ആ വിഷയത്തിലേക്കു കടക്കുന്നതിനു മുൻപു ചില തെറ്റിദ്ധാരണകൾ തിരുത്തേണ്ടതുണ്ട്.

നിത്യരക്ഷ, നിത്യജീവൻ, ആത്മരക്ഷ എന്നൊക്കെ പറയുമ്പോൾ ആത്മാവ് എന്നൊരു സാധനം സ്വർഗ്ഗത്തിൽ പോകുന്ന കാര്യമാണു പറഞ്ഞു വരുന്നത് എന്നാണു പലരും മനസ്സിലാക്കുന്നത്. പക്ഷേ രക്ഷ എന്നതുകൊണ്ട് ബൈബിൾ അതല്ല അർത്ഥമാക്കുന്നത്. ദേഹം, ദേഹി, ആത്മാവ് എന്നിങ്ങനെ മൂന്നു ഘടകങ്ങളുള്ള ഏക വ്യക്തിയാണു മനു ഷ്യൻ. (ഈ വിഷയം വിശദമായി പഠിച്ചു കഴിഞ്ഞതാണല്ലോ.) മനുഷ്യൻ മരിക്കുമ്പോൾ ശരീരം പൊടിയിലേക്കു തിരികെ ചേരും. ആത്മാവ് ദൈവ ത്തിങ്കലേക്കു മടങ്ങിപ്പോകും. ശരീരവും ആത്മാവും തമ്മിൽ വേർപിരി യുന്നതോടെ ദേഹി (ജീവൻ) ഇല്ലാതാകും. പക്ഷേ ഇതു താത്ക്കാലിക മായ വേർപിരിയൽ മാത്രമാണ്. നിത്യതയിൽ മനുഷ്യർ ഏതു വിധത്തി ലായിരിക്കും എന്നു ദൈവവചനം വ്യക്തമാക്കുന്നുണ്ട്.

''നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളി പ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ.'' 1തെസ്സ.5:23

മരിച്ചുപോയ ദൈവമക്കൾ കർത്താവായ യേശുക്രിസ്തു മടങ്ങി വരുമ്പോൾ ഉയിർത്തെഴുന്നേൽക്കും. ജീവനോടെ ശേഷിക്കുന്നവർ രൂപാ ന്തരപ്പെടുകയും ചെയ്യും. ഈ സംഭവം നടന്നു കഴിയുമ്പോൾ ദേഹവും ദേഹിയും ആത്മാവും ഉള്ളവരായി ദൈവമക്കൾ കർത്താവിനോടൊപ്പം ആയിരിക്കും. വെറും ആത്മാവു മാത്രമല്ല നിത്യതയിൽ കടക്കുന്നത് എന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

നിത്യജീവൻ പ്രാപിക്കുന്നവർക്ക് ദേഹവും ദേഹിയും ആത്മാവും ഉണ്ടായിരിക്കും, ഉണ്ടായേ മതിയാകൂ. ചത്തു കിടക്കുന്ന ആത്മാവുമായി നിത്യതയിൽ പ്രവേശിക്കാനാവില്ല. ഈ വിഷയം മനസ്സിലാക്കാൻ താഴെ പറയുന്ന വാക്യം ഉപകരിക്കും:

''എന്നാൽ പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊ ള്ളുന്നില്ല; അത് അവനു ഭോഷത്തം ആകുന്നു. ആത്മികമായി വിവേചി



ക്കേണ്ടതാകയാൽ അത് അവനു ഗ്രഹിക്കുവാൻ കഴിയുന്നതുമല്ല. ആത്മി കനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടു ന്നതുമില്ല.'' 1കൊരി.2:14,15.

ഇവിടെ പൗലോസ് രണ്ടുതരം മനുഷ്യരെപ്പറ്റി പറയുന്നതായി കാണാം: 1. പ്രാകൃതമനുഷ്യൻ. 2. ആത്മീയൻ. പ്രാകൃത മനുഷ്യൻ എന്നതിന് ഗ്രീക്കിൽ psookheekos എന്ന വാക്കാണ് ഉപയോഗിച്ചിരി ക്കുന്നത്. psookhee എന്നതിനു ദേഹി എന്നർത്ഥം. ആത്മീയൻ എന്ന തിനു phyoomatikos എന്നാണു ഗ്രീക്കിൽ പറയുന്നത്. ആത്മാവ് എന്ന് അർത്ഥം വരുന്ന phyooma എന്ന വാക്കിൽ നിന്നാണ് ഈ വാക്കുണ്ടായി രിക്കുന്നത്. എന്താണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്? വിശദീകരിക്കാം.

ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ഏതു വിധത്തിലാണ്? ഉല്പ.2:7 നോക്കുക: ''യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു.'' ആദ്യ മനുഷ്യനായ ആദമിനു ദേഹം, ദേഹി, ആത്മാവ് എന്നിങ്ങനെ മൂന്നു ഘടകങ്ങളുണ്ടായിരുന്നു. ആദമിനോടു ദൈവം ഇപ്രകാരം അരുളിച്ചെയ്തു: ''തോട്ടത്തിലെ സകല വൃക്ഷങ്ങളു ടെയും ഫലം നിനക്ക് ഇഷ്ടംപോലെ തിന്നാം. എന്നാൽ നൻമതിൻമക ളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും. '' ഉല്പ.2:16,17.

ഈ പറഞ്ഞത് അക്ഷരാർത്ഥത്തിൽ നിറവേറിയോ? ഇല്ലെന്നു നമുക്കറിയാം. കാരണം, പാപം ചെയ്ത ദിവസം ആദം അക്ഷരാർത്ഥ ത്തിൽ മരിച്ചില്ല. 930 വർഷം ജീവിച്ചശേഷമാണ് ആദം മരിച്ചത്. പക്ഷേ പാപം ചെയ്തതോടെ എന്തോ സംഭവിച്ചു. അതുകൊണ്ടാണല്ലോ അവർക്കു നഗ്നതബോധമുണ്ടായത്. എന്താണു പാപം ചെയ്ത ദിവസം സംഭവിച്ചത്? ദൈവം പറഞ്ഞതുപോലെ ആദം അന്നു മരിച്ചു. പക്ഷേ അത് അക്ഷരാർത്ഥത്തിലുള്ള മരണമായിരുന്നില്ല എന്നു മാത്രം. അക്ഷ രാർത്ഥത്തിലുള്ള മരണം നടക്കുമ്പോൾ ദേഹത്തുനിന്ന് ആത്മാവു വേർ പിരിയുന്നു. പക്ഷേ ആദം പാപം ചെയ്ത ദിവസം അവന്റെ ആത്മാവു മരിച്ചു. ദേഹവും ദേഹിയും അവശേഷിച്ചു. (''ആത്മാവു മരിച്ചു'' എന്നു പറയുന്നത് അക്ഷരാർത്ഥത്തിലല്ല ആത്മീയ അർത്ഥത്തിലാണ് എന്നതു പ്രത്യേകം ശ്രദ്ധിക്കുക.) ആത്മാവ് ആത്മീയമായി മരിച്ചതോടെ ദേഹി ബലപ്പെടുകയും ആത്മാവിന്റെ സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. അങ്ങനെ ആദം ആത്മീയമായി മരിച്ചവനും ദേഹിയാൽ നടത്തപ്പെടു ന്നവനും ആയിത്തീർന്നു.

ആദമിന്റെ സന്തതികളാണ് ഇന്നു ലോകത്തുള്ള എല്ലാ മനുഷ്യരും. അതുകൊണ്ട് സകല മനുഷ്യരിലും മരണം വ്യാപിച്ചിരിക്കുന്നു. പ്രാകൃതമനുഷ്യൻ - അതായത് പ്രകൃത്യാലുള്ള മനുഷ്യൻ - ആത്മീയമായി മരിച്ച ആത്മാവുമായാണു ജനിക്കുന്നത്. അതുകൊണ്ടാണ് ''ആദമിൽ എല്ലാവരും മരിക്കുന്നു'' എന്നു പൗലോസ് പറയുന്നത്. 1കൊരി. 15:22. പക്ഷേ ക്രിസ്തുവിൽ എല്ലാവരും ജീവിക്കും. ''ആദമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും'' എന്നു പൗലോസ് വ്യക്തമാക്കുന്നു.

പ്രാകൃത മനുഷ്യനിൽ ആത്മാവു മരിച്ചു കിടക്കുകയാണ്. ദേഹി ആത്മാവിന്റെ സ്ഥാനം ഏറ്റെടുത്ത് പ്രവർത്തിക്കുന്നു. അങ്ങനെയുള്ള മനുഷ്യനാണ് psookheekos. കാരണം, ദേഹി - psookhee - ആണ് അവനെ നിയന്ത്രിക്കുന്നത്. പക്ഷേ ക്രിസ്തുവിങ്കലേക്കു വരുമ്പോൾ അവൻ ജീവിക്കും. അതോടെ അവന്റെ ആത്മാവു ജീവനുള്ളതായി മാറും, അതായത് ഉയിർക്കും. ആത്മാവിനു ജീവൻ ലഭിക്കുന്നതോടെ അവൻ ആത്മീയനായിത്തീരും, വീണ്ടും ജനിച്ചവനാകും. ''അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു'' (എഫേ.2:1) എന്നു പറയുന്നതിന്റെ അർത്ഥം ഇതാണ്.

ലോകത്തുള്ള മനുഷ്യരെ രണ്ടായി തിരിക്കാം: വീണ്ടും ജനനം പ്രാപിക്കാത്തവർ (പ്രാകൃതർ), വീണ്ടും ജനിച്ചവർ (ആത്മീയർ). പ്രാകൃത മനുഷ്യന് ആത്മീയ കാര്യങ്ങൾ മനസ്സിലാക്കാനാവില്ല. കാരണം, അവന്റെ ആത്മാവു മരിച്ചു കിടക്കുകയാണ്. വീണ്ടും ജനിക്കാതെ അവനു ദൈവരാജ്യം കാണാൻ കഴിയുന്നതല്ല. പക്ഷേ വീണ്ടും ജനനം പ്രാപിച്ചവന്റെ ആത്മാവിനു ജീവനുണ്ട്. അവനിൽ നിത്യജീവനുമുണ്ട്.

വീണ്ടും ജനനം എന്നത് എത്രത്തോളം പ്രാധാന്യമുള്ള വിഷയമാണെന്നു വ്യക്തമാക്കാനാണ് ഈ വിഷയം ഇത്രയും വിശദീകരിച്ചത്. വീണ്ടും ജനിക്കാത്ത മനുഷ്യൻ അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവനാണ്. അവനിൽ നിത്യജീവനില്ല. ജഡത്താൽ ജനിച്ചതു ജഡമാകുന്നു. അതുകൊണ്ട് ഏതു കുടുംബത്തിൽ ജനിച്ചാലും ആത്മീയമായി മരിച്ചവരായാണ് ഏവരും ജനിക്കുന്നത്. ആദമിൽ എല്ലാവരും മരിക്കുന്നു എന്നതാണു കാരണം. നിത്യജീവൻ പ്രാപിക്കാൻ ഒരു മാർഗ്ഗമേയുള്ളു: ക്രിസ്തു. ആദമിലൂടെ മനുഷ്യവർഗ്ഗത്തിൽ കടന്നതായ മരണം ക്രിസ്തുവിലൂടെയാണു മാറിപ്പോകുന്നത്, ക്രിസ്തുവിലൂടെ മാത്രമേ മാറിപ്പോകൂ. വീണ്ടും ജനനം പ്രാപിക്കുന്നതിലൂടെയാണ് ഇതു സാദ്ധ്യമാകുന്നത്.

# 8
# വിശ്വാസസ്നാനം

ക്രൈസ്തവരുടെ ഇടയിലെ ഏറ്റവും വലിയ തർക്കവിഷയമാണ് വിശ്വാസസ്നാനം എന്നത്. വിശ്വാസസ്നാനം കൂടിയേ കഴിയൂ എന്ന് ചിലർ വാദിക്കുമ്പോൾ ശിശുസ്നാനം മതി എന്നു മറ്റു ചിലർ ശഠിക്കുന്നു. കൊടിയുടെ കീഴിലൂടെ നടന്നാൽ മതി എന്നു പഠിപ്പിക്കുന്നവരുമുണ്ട്. ഒരു വിധത്തിലുള്ള സ്നാനവും ആവശ്യമില്ല എന്നു വാദിക്കുന്നവരും കുറവല്ല. പക്ഷേ മുൻവിധി കൂടാതെ ദൈവവചനം പഠിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നത് ഇതാണ്:

''കർത്താവായ യേശു ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചവർ യേശുവിനോടു ചേരുവാൻ പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ വെള്ളത്തിൽ മുങ്ങി സ്നാനമേൽക്കണം.''

ഈ വിശ്വാസപ്രഖ്യാപനത്തിൽ അടങ്ങിയിരിക്കുന്ന പ്രധാന വസ്തുതകൾ ഇവയാണ്:

1. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചവർ- അതായത് രക്ഷിക്കപ്പെട്ടവർ- മാത്രമാണു സ്നാനമേൽക്കേണ്ടത്. രക്ഷിക്കപ്പെടാൻ വേണ്ടി സ്നാനമേൽക്കുകയല്ല രക്ഷിക്കപ്പെട്ടതുകൊണ്ടു സ്നാനമേൽക്കുകയാണു ചെയ്യേണ്ടത്.
2. സ്നാനം യേശുവിനോടു ചേരാനുള്ള കർമ്മമാണ്.
3. സ്നാനം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നടത്തണം.
4. സ്നാനം വെള്ളത്തിൽ മുങ്ങിയാണു സ്വീകരിക്കേണ്ടത്.

ഇതിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നത് ഇവയാണ്: രക്ഷിക്കപ്പെടാത്ത വ്യക്തി സ്നാനമേൽക്കരുത്. രക്ഷിക്കപ്പെടാൻ വേണ്ടി സ്നാനമേൽക്കേണ്ടതില്ല. യേശുവിനോടു ചേരുക എന്നതാണു സ്നാനത്തിന്റെ പ്രധാന ഉദ്ദേശ്യം. സ്നാനം ത്രിത്വനാമത്തിൽ ആയിരിക്കണം. വെള്ളത്തിൽ മുങ്ങാതെ മറ്റേതെങ്കിലും വിധത്തിൽ സ്നാനം നടത്തുന്നതു ശരിയായ സ്നാനമല്ല.

ഏറെ വിവാദങ്ങൾക്കു വഴിവച്ചിട്ടുളള ഒരു വിഷയമാണു വിശ്വാസസ്നാനം എന്നു പ്രാരംഭത്തിൽത്തന്നെ പറഞ്ഞു കഴിഞ്ഞല്ലോ. അതുകൊണ്ട് ഈ വിഷയം അല്പം വിശദമായി പഠിക്കേണ്ടതുണ്ട്. മുൻവിധി കൂടാതെ പഠിച്ചാൽ മാത്രമേ വിഷയം മനസ്സിലാക്കാനാകൂ.

സ്നാനം രക്ഷിക്കപ്പെടാനുളളതല്ല രക്ഷിക്കപ്പെട്ടവർക്കുളള താണ് എന്നു പറഞ്ഞാൽ പെന്തക്കോസ്തുകാർ പോലും വിയോജി ച്ചെന്നു വരാം. അതുകൊണ്ട് ആദ്യമായി ആ വിഷയം വിശദീകരിക്കാം.

രക്ഷയെ സംബന്ധിച്ചു ബൈബിൾ എന്തു പറയുന്നു എന്നു മുൻഅധ്യായങ്ങളിൽ വിശദീകരിച്ചുകഴിഞ്ഞു. ദൈവകൃപയാൽ, യേശു ക്രിസ്തുവിലുളള വിശ്വാസം മൂലം, തികച്ചും സൗജന്യമായാണ് മനുഷ്യൻ രക്ഷിക്കപ്പെടുന്നത്. രക്ഷയ്ക്കു സത്പ്രവൃത്തികളോ കർമ്മങ്ങളോ കൂദാ ശകളോ ആവശ്യമില്ല. ഒരു കർമ്മത്തിനും മനുഷ്യനു രക്ഷ നൽകുവാൻ കഴിയുന്നതുമല്ല.

''വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷി ക്കപ്പെടും'' എന്ന വാക്യം പലരും തെറ്റിദ്ധരിച്ചിട്ടുണ്ടെന്നു പറയാതെവയ്യ. രക്ഷയ്ക്കു സ്നാനം ആവശ്യമാണെന്നു പഠിപ്പിക്കുന്നവർ ഈ വാക്യ മാണ് ആധാരമായി ചൂണ്ടിക്കാണിക്കുന്നത്. പക്ഷേ അടുത്ത ഭാഗം കൂടി വായിച്ചാൽ തെറ്റിദ്ധാരണ മാറും. ''വിശ്വസിക്കുകയും സ്നാനം ഏല്ക്കു കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധി യിൽ അകപ്പെടും.'' ഈ വാക്യത്തിൽ രണ്ടു തരം ആൾക്കാരെക്കുറിച്ചു പറയുന്നു:

1. വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്തവർ.
2. വിശ്വസിക്കാത്തവർ.

വിശ്വസിച്ചവരാണെങ്കിലും സ്നാനമേറ്റിട്ടില്ലാത്തവർ എന്നൊരു കൂട്ടർ ദൈവത്തിന്റെ കണക്കിലില്ല. ഒന്നെങ്കിൽ വിശ്വസിക്കയും സ്നാന മേൽക്കുകയും ചെയ്തവനായിരിക്കും. അല്ലെങ്കിൽ വിശ്വസിക്കാത്തവനാ യിരിക്കും. സ്നാനമേൽക്കാത്തവൻ രക്ഷിക്കപ്പെട്ടവനല്ല എന്നു ചുരുക്കം. കാരണം, രക്ഷിക്കപ്പെട്ടവൻ എത്രയും വേഗം സ്നാനമേൽക്കും എന്നതു തന്നെ. എന്നാൽ, രക്ഷയ്ക്കു സ്നാനം ആവശ്യമില്ലെങ്കിൽ സ്നാനം ഒഴിവാക്കരുതോ എന്നു ചോദിക്കുന്നവരുണ്ട്.

ബൈബിൾ എന്തു പറയുന്നു എന്നു നോക്കൂ:

1. സ്നാനം നടത്താനായി യോഹന്നാനെ ദൈവം അയച്ചു. യോഹന്നാൻ യേശുവിനെ ഉൾപ്പെടെ നിരവധി ആളുകളെ സ്നാനപ്പെടുത്തി.
2. കർത്താവായ യേശുക്രിസ്തു പോലും സ്നാനമേറ്റു.



3. കർത്താവിന്റെ അന്ത്യ കല്പനയിൽപ്പോലും സ്നാനത്തെക്കുറിച്ചു പറഞ്ഞു. മത്താ.28:19, മർക്കോ. 16:15-16.
4. ദൈവസഭയ്ക്ക് ആരംഭം കുറിച്ച പെന്തക്കോസ്ത് നാളിൽ പത്രോസ് ചെയ്ത പ്രസംഗത്തിൽ സ്നാനത്തിന്റെ പ്രാധാന്യം അർത്ഥശങ്കയ്ക്കിട യില്ലാത്ത വിധത്തിൽ വ്യക്തമാക്കി.
5. വിശ്വസിച്ചവരെല്ലാം സ്നാനമേറ്റതായി പ്രവൃത്തികളുടെ പുസ്തക ത്തിലെ ചരിത്രം തെളിയിക്കുന്നു.
6. ലേഖനങ്ങളിൽ സ്നാനത്തെപ്പറ്റി നിരവധി പരാമർശങ്ങളുണ്ട്.

ഇത്രയുമൊക്കെ ഉണ്ടെങ്കിലും സ്നാനം വേണ്ട എന്നാണ് ഒരു വ്യക്തിക്കു തോന്നുന്നതെങ്കിൽ ആ വ്യക്തിക്കു തീർച്ചയായും സ്നാനം ആവശ്യമില്ല. കാരണം, അയാൾ രക്ഷിക്കപ്പെട്ടവനല്ല. വീണ്ടും ജനനം പ്രാപിച്ച വ്യക്തിക്ക് ദൈവവചനത്തിൽ ഇത്ര വ്യക്തമായി പറയുന്ന ഉപ ദേശം തളളിക്കളയാനാവില്ല.

യേശുവിനോടു ചേരാനാണു സ്നാനം എന്നു പ്രാരംഭത്തിൽ തന്നെ പറഞ്ഞുകഴിഞ്ഞു. ഇതെപ്പറ്റി പൗലോസ് ഇപ്രകാരം പറയുന്നു: ''പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നത് എങ്ങനെ? അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴു ന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നേ.'' (റോമ.6:2-4)

ഇവിടെ പൗലോസ് പറയുന്നതിന്റെ രത്നച്ചുരുക്കം ഇതാണ്:

1. പാപം സംബന്ധിച്ചു മരിച്ചവരാണു സ്നാനം ഏൽക്കേണ്ടത്.
2. യേശുവിനോടു ചേരാനാണു സ്നാനം ഏൽക്കുന്നത്.
3. സ്നാനത്തിലൂടെ നാം യേശുവിന്റെ മരണത്തിൽ പങ്കാളികളാകുക യാണു ചെയ്യുന്നത്.
4. സ്നാനമേറ്റവർ ജീവന്റെ പുതുക്കത്തിൽ നടക്കണം.

യേശുവിനെ ഒരു വസ്ത്രം പോലെ ധരിക്കുന്ന അനുഭവമാണു സ്നാനത്തിലൂടെ ഉണ്ടാകുന്നതെന്നും പൗലോസ് പറയുന്നു. (ഗലാ.3:27) ''ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാ വരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു.''

കൊലോ.2:12ൽ പൗലോസ് പറയുന്നു: ''സ്നാനത്തിൽ നിങ്ങൾ

അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു.'' നോഹയും കുടുംബവും പെട്ടകത്തിലൂടെ രക്ഷപ്പെട്ടത് സ്നാനത്തിനു മുൻകുറിയാണെന്നത്രേ പത്രോസ് പറയുന്നത്: ''ആ പെട്ടകത്തിൽ അല്പ ജനം, എന്നുവച്ചാൽ എട്ടുപേർ, വെള്ളത്തിൽക്കൂടി രക്ഷപ്രാപിച്ചു. അതു സ്നാനത്തിനു ഒരു മുൻകുറി. സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതായല്ല, ദൈവത്തോടു നല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയായത്രേ. യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നു.'' 1പത്രോ.3:20,21. ദൈവത്തോടു നല്ല മനസ്സാക്ഷിക്കുള്ള അപേക്ഷയാണു സ്നാനം എന്നാണു പത്രോസ് പറയുന്നത്.

യിസ്രായേൽ ജനം ചെങ്കടലിലൂടെ കടന്ന സംഭവത്തെ സ്നാനത്തിന്റെ നിഴലായി പൗലോസ് വ്യാഖ്യാനിക്കുന്നു. ''സഹോദരൻമാരേ, നമ്മുടെ പിതാക്കൻമാർ എല്ലാവരും മേഘത്തിൻകീഴിൽ ആയിരുന്നു; എല്ലാവരും സമുദ്രത്തിലൂടെ കടന്ന് എല്ലാവരും മേഘത്തിലും സമുദ്രത്തിലും സ്നാനം ഏറ്റു മോശെയോടുചേർന്ന് എല്ലാവരും ഒരേ ആത്മികാഹാരം തിന്ന്, എല്ലാവരും ഒരേ ആത്മികപാനീയം കുടിച്ചു.'' 1കൊരി. 10:1-3. ചെങ്കടലിലൂടെ കടന്നവർ മേഘത്തിലും സമുദ്രത്തിലും സ്നാനമേറ്റു മോശെയോടു ചേർന്നു. ഇക്കാലത്തു വിശ്വാസസ്നാനം സ്വീകരിക്കുന്നവർ യേശുവിനോടു ചേരുന്നു.

ദൈവവചനത്തിൽ ഇത്ര വ്യക്തമായി പറയുന്ന ഉപദേശം പോലും ചിലർ നിസ്സാരമായി തള്ളിക്കളയുന്നതു കാണുമ്പോൾ അത്ഭുതം തോന്നാറുണ്ട്. ബൈബിൾ ദൈവവചനമായി അംഗീകരിക്കുന്ന ആർക്കും വിശ്വാസസ്നാനം ഒഴിവാക്കാനാവില്ല.

സ്നാനം എപ്പോഴാണു നടത്തേണ്ടത് എന്നതും പ്രസക്തമായ ചോദ്യമാണ്. ചിലർ ശിശുക്കളെ സ്നാനപ്പെടുത്തുന്നു. മറ്റു ചിലർ പ്രായപൂർത്തിയായവരെ സ്നാനപ്പെടുത്തുന്നു. ഇതു രണ്ടും ശരിയായ നടപടിയല്ല. പ്രായമല്ല വിശ്വാസമാണു സ്നാനത്തിന് ആധാരമായി സ്വീകരിക്കേണ്ടത്. വിശ്വസിക്കുക, സ്നാനമേൽക്കുക എന്നതാണ് ശരിയായ നടപടിക്രമം. വിശ്വസിക്കുന്നവരെ മാത്രമേ സ്നാനപ്പെടുത്താൻ പാടുള്ളൂ എന്നു ഫിലിപ്പോസ് ഷണ്ഡനു കൊടുത്ത മറുപടിയിൽ നിന്നു വ്യക്തമാകുന്നുണ്ട്: ''അവർ ഇങ്ങനെ വഴിപോകുമ്പോൾ വെള്ളമുള്ളൊരു സ്ഥലത്ത് എത്തി. അപ്പോൾ ഷണ്ഡൻ: ഇതാ വെള്ളം; ഞാൻ സ്നാനം ഏല്ക്കുന്നതിന് എന്ത് വിരോധം എന്ന് പറഞ്ഞു. അതിനു ഫിലിപ്പൊസ്:



നീ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്ന് പറഞ്ഞു. യേശുക്രിസ്തു ദൈവപുത്രൻ എന്ന് ഞാൻ വിശ്വസിക്കുന്നു എന്ന് അവൻ ഉത്തരം പറഞ്ഞു. അങ്ങനെ അവൻ തേര് നിർത്തുവാൻ കല്പിച്ചു; ഫിലിപ്പൊസും ഷണ്ഡനും ഇരുവരും വെള്ളത്തിൽ ഇറങ്ങി, അവൻ അവനെ സ്നാനം കഴിപ്പിച്ചു.'' പ്രവൃ.8:36-38. മരിച്ചവരെയാണു കുഴിച്ചിടുന്നത്. മരിക്കാനായി കുഴിച്ചിടാറില്ല. പാപം സംബന്ധിച്ചു മരിച്ചവരെ അടക്കം ചെയ്യുന്ന ശുശ്രൂഷയാണു സ്നാനം എന്നു പൗലോസ് പറയുന്നുണ്ടല്ലോ. മാത്രമല്ല വിശ്വസിക്കാത്ത ആരേയും സ്നാനപ്പെടുത്തിയതായി ബൈബിളിൽ കാണുന്നുമില്ല.

ആരെയാണു സ്നാനപ്പെടുത്തേണ്ടത്? ഏതു പ്രായത്തിലുള്ളവരെ സ്നാനപ്പെടുത്താം? കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുന്നു എന്ന് അർത്ഥം മനസ്സിലാക്കി, ഹൃദയപൂർവം പറയുന്നവരെ സ്നാനപ്പെടുത്താം. പ്രായം നോക്കേണ്ടതില്ല.

സ്നാനം ഏതു വിധത്തിൽ നടത്തണം എന്നതും പ്രസക്തമായ ചോദ്യമാണ്. വെള്ളത്തിൽ മുക്കി സ്നാനപ്പെടുത്തുന്നതായാണു ബൈബിളിൽ കാണുന്നത്. അതു കൊണ്ട് അങ്ങനെതന്നെ ചെയ്യണം. വെള്ളം തളി ക്കുക, കോരിയൊഴിക്കുക തുടങ്ങിയതൊന്നും ബൈബിളിൽ കാണുന്നില്ല. (ഉണ്ടെങ്കിൽ എവിടെ?)

ഏതു നാമത്തിലാണു സ്നാനമേൽക്കേണ്ടത്? പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ വേണം സ്നാനമേൽക്കുവാൻ. (മത്താ.28:19). യേശുവിന്റെ കല്പനപ്രകാരം നടക്കുന്ന സ്നാനമാകയാൽ ഇതിനെ കർത്താവായ യേശുവിന്റെ നാമത്തിലുള്ള സ്നാനം എന്നു വിളിച്ചിരുന്നു. അക്കാലത്ത് വിവിധ തരത്തിലുള്ള സ്നാനങ്ങൾ നിലവിലുണ്ടായിരുന്നതിനാൽ ക്രിസ്തീയ ജലസ്നാനത്തെ വേർതിരിച്ചറിയാനാണ് ഈ വിധത്തിൽ വിളിച്ചിരുന്നത്. കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനമേറ്റു എന്നു പ്രവൃത്തികളുടെ പുസ്തകത്തിൽ കാണുന്നത് ഈ കാരണത്താലത്രേ.

ആരാണു സ്നാനപ്പെടുത്തേണ്ടത്? സ്നാനപ്പെടുത്താൻ ഏതെങ്കിലും വിധത്തിലുള്ള ഓർഡിനേഷൻ ആവശ്യമുണ്ടോ? സ്നാപകന്റെ യോഗ്യത എന്തായിരിക്കണം എന്നു ദൈവവചനത്തിൽ പറയുന്നില്ല. അതുകൊണ്ട് അനുമാനിക്കുകയേ നിവൃത്തിയുള്ളൂ. വീണ്ടും ജനനം പ്രാപിച്ച് വിശ്വാസസ്നാനം സ്വീകരിച്ച് ദൈവകൃപയിൽ നിലനിൽക്കുന്ന ദൈവമക്കൾക്ക് സ്നാനശുശ്രൂഷ നടത്താവുന്നതാണ് എന്നു പറയാം.

എങ്കിലും സ്ത്രീകൾ ആരെയെങ്കിലും സ്നാനപ്പെടുത്തിയതായി ദൈവ വചനത്തിൽ കാണുന്നില്ല. അതുകൊണ്ട് സ്ത്രീകൾ സ്നാനം നടത്തുന്നതു ശരിയല്ല എന്നാണ് അനുമാനിക്കേണ്ടത്.

ഒരുവട്ടം സ്നാനമേറ്റവർ വീണ്ടും സ്നാനമേൽക്കണമോ? വീണ്ടും ജനനം പ്രാപിച്ചശേഷം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ വെള്ളത്തിൽ മുങ്ങി സ്നാനം സ്വീകരിച്ച വ്യക്തി വീണ്ടും സ്നാനമേൽക്കേണ്ടതില്ല. എന്നാൽ തെറ്റായ രീതിയിൽ സ്നാനമേറ്റവർ വീണ്ടും സ്നാനം സ്വീകരിക്കണം. വചനവിരുദ്ധമായി സ്വീകരിച്ച സ്നാനം യഥാർത്ഥ ക്രിസ്തീയ ജലസ്നാനമല്ല എന്നതു തന്നെ കാരണം. യോഹന്നാന്റെ സ്നാനം സ്വീകരിച്ച എഫെസൊസിലെ വിശ്വാസികൾ വീണ്ടും സ്നാനമേറ്റത് ദൃഷ്ടാന്തമായെടുക്കാം. (പ്രവൃ.19:1-7) അതുകൊണ്ട് ശിശുസ്നാനം സ്വീകരിച്ചവർ, വെള്ളത്തിൽ മുങ്ങാതെയുള്ള സ്നാനം സ്വീകരിച്ചവർ, ത്രിത്വനാമത്തിലല്ലാതെ സ്നാനമേറ്റവർ, കൾട്ടുകൾ നൽകുന്ന സ്നാനമേറ്റവർ തുടങ്ങിയവർ വീണ്ടും സ്നാനമേൽക്കണം.

വീണ്ടും പറയട്ടെ: രക്ഷിക്കപ്പെടാൻ സ്നാനം ആവശ്യമില്ല. കൃപയാൽ വിശ്വാസം മൂലമാണു രക്ഷിക്കപ്പെടുന്നത്. പക്ഷേ രക്ഷിക്കപ്പെട്ടവർ സ്നാനമേൽക്കണം. രക്ഷിക്കപ്പെട്ടു എന്ന് അവകാശപ്പെടുകയും സ്നാനമേൽക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെട്ടവരല്ല.

വിശ്വാസസ്നാനത്തെക്കുറിച്ച് ഇത്രയുമെല്ലാം മനസ്സിലാക്കിയിട്ടും സ്നാനമേൽക്കാൻ മടിക്കുന്നവരുണ്ടാകാം. അങ്ങനെയുള്ളവർ തീർച്ചയായും സ്നാനമേൽക്കരുത്. കാരണം, അത്തരക്കാർ വീണ്ടും ജനിച്ചവരല്ല. വീണ്ടും ജനനം പ്രാപിക്കാതെ, രക്ഷിക്കപ്പെടാതെ, സ്നാനമേറ്റതുകൊണ്ട് ഒരു പ്രയോജനവുമില്ല.

# 9
# വേർപാട്

വേർപാട് എന്ന വിഷയത്തിൽ ബൈബിൾ എന്തു പറയുന്നു എന്നാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്. വേർപാടിനേക്കുറിച്ചുള്ള ഉപദേശത്തിന്റെ രത്നച്ചുരുക്കം ഇതാണ്: ''വിശ്വാസി പാപങ്ങളിൽ നിന്നും പാപികളിൽ നിന്നും ദുരുപദേശങ്ങളിൽ നിന്നും ദൈവവചന വിരുദ്ധമായ ആരാധനകളിൽ നിന്നും വേർപെടണം. എല്ലാ വിധത്തിലുമുള്ള ഇണയല്ലാപ്പിണകളും അവിശുദ്ധ കൂട്ടായ്മകളും ഒഴിവാക്കേണ്ടതാണ്.''

വേർപാടിന്റെ ഉപദേശത്തിന് ഒട്ടും പ്രസക്തിയില്ലാത്ത കാലമാണിത്. 'ഇന്റർ ഡിനോമിനേഷണൽ' എന്ന് അവകാശപ്പെടുന്നത് വലിയ ക്രെഡിറ്റായി കണക്കാക്കുന്നു. 'സഭാവ്യത്യാസമില്ലാതെ' എന്നു പറഞ്ഞു മേനി നടിക്കാൻ ഇന്നു മിക്കവരും തയ്യാറാകുന്നു. എല്ലാ സഭയും ദൈവികമാണെങ്കിൽ പിന്നെ പെന്തക്കോസ്ത് വിശ്വാസം എന്തിന് എന്നതിനു മാത്രം ഇവരാരും മറുപടി പറയുന്നില്ല.

വിശ്വാസപ്രമാണങ്ങളെ രണ്ടു വിഭാഗമായി തിരിക്കാം. രക്ഷയെ ബാധിക്കുന്നത്ര ഗൗരവമുള്ള ഉപദേശങ്ങൾ, രക്ഷയെ ബാധിക്കാത്ത അഭിപ്രായ വ്യത്യാസങ്ങൾ എന്നിവയാണവ. ത്രിത്വം, വീണ്ടും ജനനം, രക്ഷ, വിശ്വാസസ്നാനം തുടങ്ങിയവയൊക്കെ രക്ഷയെ ബാധിക്കുന്ന ഉപദേശങ്ങളാണ്. അവയിൽ ഒരു വിധത്തിലുമുള്ള ഇളവുകളും അനുവദിക്കാനാവില്ല. പക്ഷേ രക്ഷയെ ബാധിക്കാത്ത അഭിപ്രായ വ്യത്യാസങ്ങളുണ്ട്. തിരുവത്താഴം രാത്രിയിൽ മാത്രമേ നടത്താവൂ, തിരുവത്താഴത്തിനു മുമ്പ് കാൽകഴുകൽ ശുശ്രൂഷ നടത്തണം, വെള്ളവസ്ത്രമേ ധരിക്കാവൂ എന്നൊക്കെ ആരെങ്കിലും പറഞ്ഞാൽ ഗൗരവത്തിൽ എടുക്കേണ്ടതില്ല. കാരണം, ഇതൊന്നും രക്ഷയെ ബാധിക്കുന്ന ഉപദേശങ്ങളല്ല.

കൂട്ട്, കൂട്ടായ്മ എന്നിവ തമ്മിലുള്ള വ്യത്യാസവും നാം അറിഞ്ഞിരിക്കണം. മനുഷ്യർ എന്ന നിലയ്ക്ക് അവിശ്വാസികളുമായി കൂട്ടുകൂടുന്നതു തെറ്റല്ല. അവിശ്വാസിയുടെ വീട്ടിൽ നടക്കുന്ന വിവാഹത്തിൽ പങ്കെടുക്കുന്നതും അനുവദനീയമാണ്. പക്ഷേ മതവിശ്വാസവു

മായി ബന്ധമുള്ള ചടങ്ങുകളിൽ വിശ്വാസികൾ പങ്കെടുക്കരുത്. ഉദാഹരണത്തിന്, അവിശ്വാസിയുടെ വീട്ടിൽ ഒരു മരണമുണ്ടായാൽ ശവസംസ്ക്കാരത്തിൽ പങ്കെടുക്കാം. പക്ഷേ അതിനുശേഷം നടത്തുന്ന അടിയന്തിരങ്ങളിൽ പങ്കെടുക്കരുത്.

വിശ്വാസി പാപങ്ങളിൽ നിന്നു വേർപെടണം എന്നതു വലിയ ബുദ്ധിമുട്ടു കൂടാതെ മനസ്സിലാക്കാൻ പറ്റുന്ന വിഷയമാണ്. എന്നാൽ പാപികളിൽ നിന്നു വേർപെടണം എന്നതിന് അല്പം വിശദീകരണം ആവശ്യമായിരിക്കുന്നു. പാപി എന്നതിനു നാം സാധാരണ കൊടുക്കുന്ന അർത്ഥം മദ്യപൻ, വഴക്കാളി എന്നൊക്കെയാണ്. ഇത്തരക്കാർ പാപികളാണെന്നതിനു സംശയമില്ല. എങ്കിലും രക്ഷിക്കപ്പെടാത്തവർ – വീണ്ടും ജനനം പ്രാപിക്കാത്തവർ– എല്ലാം പാപികളാണ്. കാരണം, അവരുടെ പാപം അവരുടെമേൽത്തന്നെ ഇരിക്കുന്നു. എത്ര നല്ലവനായി ജീവിച്ചാലും വീണ്ടുംജനനം പ്രാപിക്കാത്തവരെല്ലാം, അതായത് രക്ഷിക്കപ്പെടാത്തവരെല്ലാം, പാപികളാണ്. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ മാത്രമാണ് പാപി വിശുദ്ധനാകുന്നത്. ആകയാൽ, പാപികളോടു വേർപെടണം എന്നതു കൊണ്ട് അർത്ഥമാക്കുന്നത് രക്ഷിക്കപ്പെടാത്തവരോടു കൂട്ടായ്മ പാടില്ല എന്നാണ്.

പാപികളോടു വേർപെട്ടാൽ പിന്നെ അവരോടു സുവിശേഷം അറിയിക്കുന്നതെങ്ങനെ എന്നൊരു സംശയമുണ്ടാകാം. വേർപെടണം എന്നു പറഞ്ഞാൽ അവരുമായി സംസാരിക്കപോലും ചെയ്യരുത് എന്നല്ല. വിശ്വാസിക്ക് ഇടപെടേണ്ടി വരുന്നവരെ മൂന്നായി തിരിക്കാം:

1. രക്ഷിക്കപ്പെട്ടവർ.
2. രക്ഷിക്കപ്പെടാത്തവർ.
3. പിൻമാറ്റക്കാർ.

രക്ഷിക്കപ്പെട്ടവരോടു കൂട്ടും കൂട്ടായ്മയും ആകാം. കാരണം, അവർ നമ്മുടെ ശരീരത്തിന്റെ തന്നെ ഭാഗമാണ്. എന്നാൽ രക്ഷിക്കപ്പെടാത്തവരോടു കൂട്ടായ്മ പാടില്ല, കൂട്ടാകാം. പിൻമാറ്റക്കാരോടു കൂട്ടോ കൂട്ടായ്മയോ പാടില്ല. പൗലോസ് പറയുന്നു: ''ദുർന്നടപ്പുകാരോടു സംസർഗ്ഗം അരുത് എന്നു ഞാൻ എന്റെ ലേഖനത്തിൽ നിങ്ങൾക്ക് എഴുതിയിട്ടുണ്ടല്ലോ. അത് ഈ ലോകത്തിലെ ദുർന്നടപ്പുകാരോടോ അത്യാഗ്രഹികളോടോ പിടിച്ചുപറിക്കാരോടോ വിഗ്രഹാരാധികളോടോ അരുത് എന്നല്ലല്ലോ; അങ്ങനെ എങ്കിൽ നിങ്ങൾ ലോകം വിട്ടു പോകേണ്ടിവരും. എന്നാൽ സഹോദരൻ എന്നു പേർപെട്ട ഒരുവൻ ദുർന്നടപ്പുകാരനോ അത്യാഗ്രഹിയോ വിഗ്രഹാരാധിയോ വാവിഷ്ഠാണക്കാരനോ മദ്യപനോ



പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ അവനോടു സംസർഗ്ഗം അരുത്; അങ്ങനെയുള്ളവനോടുകൂടെ ഭക്ഷണം കഴിക്കുകപോലും അരുത് എന്നത്രേ ഞാൻ നിങ്ങൾക്ക് എഴുതിയത്.'' 1കൊരി. 5:9-11.

പിൻമാറ്റക്കാരെ ഇത്ര വെറുക്കപ്പെട്ടവരായി കാണുന്നത് എന്തുകൊണ്ട്? അതിനുള്ള കാരണം എബ്രായ ലേഖനത്തിലുണ്ട്: ''ഒരിക്കൽ പ്രകാശനം ലഭിച്ചിട്ടു സ്വർഗ്ഗീയ ദാനം ആസ്വദിക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും. ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കുകയും ചെയ്തവർ പിൻമാറിപ്പോയാൽ, തങ്ങൾക്കു തന്നേ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവനു ലോകാപവാദം വരുത്തുന്നവരും ആകുകകൊണ്ട് അവരെ പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല.'' (എബ്രാ. 6: 4-6.) ഈ വിഷയത്തെപ്പറ്റി പത്രോസ് ഇങ്ങനെ പറയുന്നു: ''കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്താൽ ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റുപോയാൽ അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനേക്കാൾ അധികം വഷളായിപ്പോയി. തങ്ങൾക്ക് ഏല്പിച്ചുകിട്ടിയ വിശുദ്ധ കല്പനയെ നീതിയുടെ വഴി അറിഞ്ഞശേഷം വിട്ടുകളയുന്നതിനേക്കാൾ അത് അറിയാതിരിക്കുന്നത് അവർക്കു നന്നായിരുന്നു. എന്നാൽ സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായെന്നും കുളിച്ചിട്ടു ചെളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നും ഉള്ള സത്യമായ പഴഞ്ചൊല്ലുപോലെ അവർക്കു സംഭവിച്ചു.'' 2 പത്രോ.2: 20-22.

പാപികളിൽ നിന്നും പാപങ്ങളിൽ നിന്നും മാത്രമല്ല ദുരുപദേശങ്ങളിൽ നിന്നും വിശ്വാസികൾ വേർപെടണം. എന്താണ് ദുരുപദേശം എന്നതാണു സ്വാഭാവികമായി ഉയരുന്ന ഒരു ചോദ്യം. ഐ.പി.സിയിൽ അംഗമായിരിക്കുന്നവർക്ക് ഐ.പി.സിയുടെ ഉപദേശമാണ് ശരിയായ ഉപദേശം. അവയുമായി യോജിക്കാത്തതൊക്കെ ദുരുപദേശമാണ്. ഐ.പി.സിയിലെ ഒരംഗത്തിന് ഐ.പി.സിയുടെ ഉപദേശത്തിൽ വിശ്വാസമില്ലാതായാലോ? സംശയം വേണ്ട, അയാൾ ഐ.പി.സി വിട്ടു പുറത്തു പോകണം. സ്വയം പുറത്തു പോയില്ലെങ്കിൽ ഐ.പി.സി അയാളെ പുറത്താക്കണം.

അടിസ്ഥാന വേദോപദേശങ്ങൾ ഏവയെന്ന് ഈ ഗ്രന്ഥത്തിന്റെ ആദ്യ അധ്യായത്തിൽത്തന്നെ വിശദീകരിച്ചിട്ടുണ്ടല്ലോ. ആ വിശ്വാസ പ്രമാണങ്ങൾ ഒന്നൊന്നായി എടുത്തു വിശദീകരിക്കയാണ് ഇപ്പോൾ ചെയ്തുവരുന്നത്. ഐ.പി.സിയുടെ വിശ്വാസപ്രമാണവുമായി 95%

യോജിക്കുന്നതാണ് ഇവിടെ വിവരിക്കുന്ന വിശ്വാസപ്രമാണമെന്ന് ഒറ്റ നോട്ടത്തിൽ തന്നെ വ്യക്തമാകും. രക്ഷയെ ബാധിക്കുന്നത്ര ഗുരുതരമായ ഉപദേശ വ്യത്യാസങ്ങളോ അഭിപ്രായ ഭിന്നതകളോ ഐ.പി.സിയുമായില്ല. ശാരോൻ ഫെലോഷിപ്പ് ചർച്ച്, അസംബ്ലീസ് ഓഫ് ഗോഡ്, ചർച്ച് ഓഫ് ഗോഡ് തുടങ്ങിയ സഭകളുടെ ഉപദേശങ്ങളും 95% ശരിയാണ്. പക്ഷേ സഭയുടെ ഭരണക്രമം ഉൾപ്പെടെയുള്ള കാര്യങ്ങളിലാണ് പ്രധാന വിയോജിപ്പ്. ദൈവവചനം വസ്തുനിഷ്ഠമായി പഠിച്ചാൽ ഐ.പി.സി പോലുള്ള സംഘടനകൾ വചനവിരുദ്ധമാണെന്നു വ്യക്തമാകും. വിശ്വാസി, പ്രാദേശിക സഭ, ആകമാന സഭ എന്നിവ മാത്രമേ ദൈവവചനത്തിലുള്ളൂ. കുറെ പ്രാദേശിക സഭകളെ കൂട്ടിച്ചേർത്തു സംഘടനയുണ്ടാക്കുന്നതു മാനുഷികമോ സാത്താന്യമോ ആണ്.

ദുരുപദേശങ്ങളിൽ നിന്നു വേർപെടുന്നതെങ്ങനെ? ദുരുപദേശം എന്ന പേരിൽ ആരെങ്കിലും കുറെ ഉപദേശങ്ങൾ ഒരിടത്തു വച്ചിട്ടുണ്ടെന്നും വിശ്വാസി അതിന്റെ ഏഴയലത്തുപോലും പോകരുതെന്നുമാണോ ഈ പറഞ്ഞതിന്റെ അർത്ഥം? അതല്ല ഉദ്ദേശിക്കുന്നത്. ചില ഉദാഹരണങ്ങൾ കൊണ്ട് ഇതു വിശദമാക്കാം.

അപരിചിതനായ ഒരു വ്യക്തിയെ നാം പരിചയപ്പെടുന്നു. ആ വ്യക്തിയോട് ഏതു വിധത്തിലുള്ള ബന്ധമാണ് ഉണ്ടാകേണ്ടത് എന്നറിഞ്ഞുകൂടാ. അത്തരം സന്ദർഭങ്ങളിൽ അയാൾ ഏതു മതവിഭാഗക്കാരനാണെന്നു തികച്ചും മാന്യമായ ഭാഷയിൽ ചോദിക്കുക. ക്രൈസ്തവനല്ലെങ്കിൽ അയാൾ വീണ്ടും ജനനം പ്രാപിച്ചവനല്ലെന്നു കൂടുതൽ അന്വേഷണം കൂടാതെ തീരുമാനിക്കാവുന്നതാണ്. എന്നാൽ ക്രൈസ്തവനാണെന്നു പറഞ്ഞാൽ ഏതു സഭാ വിഭാഗത്തിലെ അംഗമാണെന്ന് അന്വേഷിക്കുക. കത്തോലിക്കാ, ഓർത്തഡോക്സ്, യാക്കോബായ വിഭാഗങ്ങളിൽ പെട്ട ആളാണെങ്കിൽ അയാൾ വീണ്ടും ജനനം പ്രാപിച്ച വ്യക്തി ആയിരിക്കാൻ സാദ്ധ്യത കുറവാണ്. കാരണം, വീണ്ടും ജനനത്തിന്റെ ഉപദേശം ഈ സഭകളിലില്ല. എന്നാൽ മാർതോമ്മാ, സി.എസ്.ഐ., ഇവാൻജലിക്കൽ തുടങ്ങിയ സഭകളിലെ അംഗങ്ങളിൽ ചിലരെങ്കിലും വീണ്ടുംജനനം പ്രാപിച്ചവരായിരിക്കാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല. അവർ നിൽക്കുന്ന സംഘടന വിട്ട് അവർ പുറത്തു വരേണ്ടതാണെങ്കിലും വിവിധ കാരണങ്ങളാൽ അതിനു കാലതാമസമുണ്ടായേക്കാം. ഏതെങ്കിലും കൾട്ടിലെ അംഗമാണ് അയാളെങ്കിൽ സൂക്ഷിക്കുക, അയാൾ രക്ഷിക്കപ്പെട്ടവനല്ലെന്നു മാത്രമല്ല നിങ്ങളേയും ആ കൾട്ടിലേക്കു വലിച്ചിഴച്ചെന്നു വരാം. കാരണം, നിങ്ങൾക്കു നിങ്ങളുടെ വിശ്വാസപ്രമാണം



അറിയാവുന്നതിലധികം നന്നായി കൾട്ടിലെ അംഗങ്ങൾക്ക് അവരുടെ ദുരുപദേശമറിയാം.

ഏതെങ്കിലും പെന്തക്കോസ്ത് സഭയിലെ അംഗമാണ് അയാളെങ്കിൽ കൂടുതൽ വിശദാംശങ്ങൾ ചോദിച്ചറിയുക. യേശുനാമക്കാരേയും പെന്തക്കോസ്തുകാരായി കണക്കാക്കാറുണ്ടെങ്കിലും ഗുരുതരമായ ദുരുപദേശങ്ങൾ പഠിപ്പിക്കുന്നവരാണ് യേശുനാമക്കാർ. റ്റി.പി.എമ്മിലെ അംഗങ്ങളിൽ നല്ലൊരു പങ്ക് രക്ഷിക്കപ്പെട്ടവരാണെങ്കിലും ആ പ്രസ്ഥാനം ഒരു കൾട്ടാണ്. തങ്കുവിന്റ സഭ പോലുള്ള ന്യൂ ജനറേഷൻ സഭകളിലെ അംഗങ്ങൾക്ക് രക്ഷയുടെ ഉപദേശം വളരെ അപൂർവമായി മാത്രമേ ലഭിക്കാറുള്ളൂ. അതുകൊണ്ട് അവർ രക്ഷിക്കപ്പെട്ടവരായിരിക്കാൻ സാദ്ധ്യത കുറവാണ്.

ഇനി ബാക്കിയുള്ളത് പ്രധാന പെന്തക്കോസ്ത് സഭകളാണ്. അവയിൽ രക്ഷയെ ബാധിക്കുന്നത്ര ഗുരുതരമായ ദുരുപദേശങ്ങളില്ല. എന്നാൽ ഈ സംഘടനകളിലെ അംഗങ്ങളെല്ലാം രക്ഷിക്കപ്പെട്ടവരായിരിക്കണമെന്നില്ല. വിവിധ കാരണങ്ങളാൽ ആളുകൾ പെന്തക്കോസ്ത് സഭകളിൽ ചേരാറുണ്ട്. വീണ്ടും ജനനം പ്രാപിച്ചു ദൈവസഭയിൽ അംഗങ്ങളാകുന്നവരുണ്ട്. വീട്ടുകാരെല്ലാം പെന്തക്കോസ്തിൽ ചേർന്നപ്പോൾ ഒപ്പം ചേർന്നവരുണ്ട്. പണമുണ്ടാക്കാനുള്ള എളുപ്പ മാർഗ്ഗം എന്ന നിലയ്ക്കു പെന്തക്കോസ്തിലെത്തിയവരുമുണ്ട്. ചിലർ നേരെയുള്ള വഴിയിലൂടെ വിശ്വാസത്തിൽ വന്നശേഷം പിൻമാറിയെന്നും വരാം. അതുകൊണ്ട് എല്ലാ പെന്തക്കോസ്തുകാരും വീണ്ടും ജനനം പ്രാപിച്ച വിശ്വാസികളാണെന്ന ധാരണ തിരുത്തുക.

ഒരു വ്യക്തി വീണ്ടും ജനനം പ്രാപിച്ചവനാണോ എന്നറിയാൻ രണ്ടു ചോദ്യങ്ങൾ ചോദിച്ചാൽ മതിയാകും.

1. നിത്യജീവൻ പ്രാപിക്കാൻ എന്തു ചെയ്യണം?
2. നിത്യജീവൻ പ്രാപിച്ച വ്യക്തിയാണു നിങ്ങളെന്ന് ഉറപ്പുണ്ടോ?

രക്ഷിക്കപ്പെടാത്തവർക്ക് കൃത്യമായ മറുപടി പറയാനാവാത്ത ചോദ്യങ്ങളാണിവ. വീണ്ടും ജനനം എന്താണെന്നും എന്തല്ലെന്നും മുൻ അധ്യായങ്ങളിൽ വിശദീകരിച്ചു കഴിഞ്ഞതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.

ദുരുപദേശ പ്രചരണത്തിനു വിശ്വാസികൾ കൂട്ടു നിൽക്കരുത്. ഗുരുതരമായ ദുരുപദേശങ്ങൾ പഠിപ്പിക്കുന്ന വ്യക്തികളുമായും സംഘടനകളുമായും വിശ്വാസികൾ അകലം പാലിക്കണം. ഐക്യ കൺവൻഷൻ, എക്യൂമെനിക്കൽ കൂട്ടായ്മ, ഇന്റർ ഡിനോമിനേഷണൽ ഫെലോഷിപ്പ്

എന്നൊക്കെ പറയുന്ന ഇടപാടുകളുമായി വിശ്വാസികൾ സഹകരിക്കരുത്. ദൈവമക്കളെ അവിശ്വാസികളുമായി ഇണയല്ലാപ്പിണ ചേർത്തു ദുരുപദേശക്കുരുക്കിലും അന്യദൈവാരാധനയിലും അകപ്പെടുത്താനുള്ള സാത്താന്യ തന്ത്രങ്ങളാണിവ.

ദൈവമക്കൾ നടത്തുന്ന സുവിശേഷയോഗങ്ങളിൽ വീണ്ടും ജനനം എന്നാൽ എന്ത് എന്നുപോലും നിശ്ചയമില്ലാത്ത ഗായകരെയും മറ്റും ക്ഷണിച്ചു വരുത്തി പാടിക്കുന്ന പ്രവണത ഏറി വരികയാണ്. പെന്തക്കോസ്ത് സംഘടനകളുടെ തലപ്പത്തുള്ളവർപോലും ഇത്തരം തെറ്റുകൾക്കു കൂട്ടു നിൽക്കാറുമുണ്ട്. എത്ര വലിയവർ ചെയ്താലും തെറ്റ് ശരിയാകുകയില്ല. രക്ഷിക്കപ്പെട്ടവർക്കു രക്ഷിക്കപ്പെടാത്തവരുമായി ഒരു വിധത്തിലുള്ള പങ്കും ഓഹരിയുമില്ല.

പൗലോസ് പറയുന്നു:

''നിങ്ങൾ അവിശ്വാസികളോട് ഇണയല്ലാപ്പിണ കൂടരുത്; നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തൊരു ചേർച്ച? വെളിച്ചത്തിന് ഇരുളിനോട് എന്തൊരു കൂട്ടായ്മ? ക്രിസ്തുവിനും ബെലീയാലിനും തമ്മിൽ എന്ത് പൊരുത്തം? അല്ല, വിശ്വാസിക്ക് അവിശ്വാസിയുമായി എന്ത് ഓഹരി? ദൈവാലയത്തിനു വിഗ്രഹങ്ങളോട് എന്ത് യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ, ഞാൻ അവരിൽ വസിക്കുകയും അവരുടെ ഇടയിൽ നടക്കുകയും ചെയ്യും; ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവും ആകും എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നുവല്ലോ.''(1 കൊരി. 6: 14-16)

# 10
# തിരുവത്താഴം

പട്ടത്വ സഭകളിൽ കുർബ്ബാന എന്ന പേരിൽ അറിയപ്പെടുന്ന തിരുവത്താഴവുമായി ബന്ധപ്പെട്ട് ദൈവവചനം എന്തു പറയുന്നു എന്ന് ഈ അധ്യായത്തിൽ പഠിക്കാം. തിരുവത്താഴത്തെക്കുറിച്ചുള്ള ഉപദേശം ഇങ്ങനെ സംഗ്രഹിക്കാം.

''കർത്താവു കാണിച്ചുതന്ന മാതൃകപ്രകാരം തിരുവത്താഴം നടത്തേണ്ടതാണ്. ഇതു കർത്താവു വരുവോളം അവന്റെ ക്രൂശുമരണത്തിന്റെ ഓർമ്മയ്ക്കായി ചെയ്യുന്നതാണിത്. എന്നാൽ കർത്താവു കാണിച്ചു തന്ന മാതൃകയനുസരിച്ചു മറ്റുള്ളവരുടെ പാദം കഴുകുന്നത് അനുകരണീയമായ മാതൃകയാണെങ്കിലും ഇതു തിരുവത്താഴം പോലെ നിർബന്ധമായും ചെയ്യേണ്ടതല്ല.''

സാൽവേഷൻ ആർമി ഒഴികെയുള്ള പ്രധാന ക്രൈസ്തവ വിഭാഗങ്ങളെല്ലാം ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ തിരുവത്താഴം ആചരിക്കുന്നുണ്ട്. എന്നാൽ വിശ്വാസത്തിലും ആചരിക്കുന്ന രീതിയിലും സഭകൾ തമ്മിൽ വ്യത്യാസമുണ്ട്. അതുകൊണ്ടു തിരുവത്താഴം എന്താണെന്നും എന്തല്ലെന്നും വിശദമാക്കേണ്ടതുണ്ട്.

കർത്താവു കാണിച്ചു തന്ന മാതൃക അനുസരിച്ചുവേണം തിരുവത്താഴം നടത്താൻ. എന്താണു കർത്താവു കാണിച്ച മാതൃക? ''അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യൻമാർക്കു കൊടുത്തു: വാങ്ങി ഭക്ഷിക്കുവിൻ; ഇത് എന്റെ ശരീരം എന്നു പറഞ്ഞു. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു: എല്ലാവരും ഇതിൽ നിന്നു കുടിക്കുവിൻ. ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം''. (മത്താ.26:26-28) ഇതാണു കർത്താവു കാണിച്ചുതന്ന മാതൃക.

ഈ സംഭവം വിവരിച്ച ശേഷം പൗലോസ് ഇപ്രകാരം പറയുന്നു: ''അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും

ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു. അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കുകയും ചെയ്യുവാൻ. തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാതിരുന്നാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു. ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു; അനേകരും നിദ്ര കൊള്ളുന്നു.'' (1കൊരി.11:26-30)

ഈ ഭാഗങ്ങൾ ശ്രദ്ധിച്ചു വായിച്ചാൽ തിരുവത്താഴവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും മറുപടി ലഭിക്കുന്നതാണ്.

1. എങ്ങനെയാണു തിരുവത്താഴം നടത്തേണ്ടത്?

ഒരപ്പം എടുത്തു വാഴ്ത്തി നുറുക്കി എല്ലാവർക്കും കൊടുക്കണം. കർത്താവിന്റെ ശരീരം നുറുക്കപ്പെട്ടതിന്റെ ഓർമ്മ പുതുക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. അതിനുശേഷം ഒരു പാനപാത്രമെടുത്ത് സ്തോത്രം ചെയ്തശേഷം ആ വീഞ്ഞ് എല്ലാവർക്കും നൽകണം. കർത്താവു രക്തം ചിന്തിയതിന്റെ ഓർമ്മ പുതുക്കാനാണ് ഇങ്ങനെ ചെയ്യുന്നത്.

2. ആർക്കാണ് തിരുവത്താഴം നടത്താൻ അധികാരമുള്ളത്?

അതെപ്പറ്റി ബൈബിളിൽ ഒന്നും പറയുന്നില്ല. എങ്കിലും പ്രായം, പക്വത, ദൈവഭക്തി തുടങ്ങിയവ മാനദണ്ഡമായി കണക്കാക്കുമ്പോൾ ഏറ്റവും യോഗ്യൻ ആരോ ആ വ്യക്തി നടത്തട്ടെ.

3. തിരുവത്താഴം നടത്താൻ ഓർഡിനേഷൻ ആവശ്യമുണ്ടോ?

സ്നാനം, തിരുവത്താഴം തുടങ്ങിയ ശുശ്രൂഷകൾ നടത്താൻ ഏതെങ്കിലും തരത്തിലുള്ള ഓർഡിനേഷൻ വേണമെന്നു ദൈവവചനത്തിൽ കാണുന്നില്ല.

4. തിരുവത്താഴം ഞായറാഴ്ച മാത്രമേ നടത്താവൂ എന്നുണ്ടോ?

അങ്ങനെ ബൈബിളിൽ കാണുന്നില്ല.

5. തിരുവത്താഴം രാത്രിയിൽ മാത്രമേ നടത്താവൂ എന്നുണ്ടോ?

ഇത്തരം ഒരു നിബന്ധന തിരുവചനത്തിൽ കാണുന്നില്ല.

6. ഒരേ പാത്രത്തിൽ നിന്നുതന്നെ എല്ലാവരും വീഞ്ഞു കുടിക്കണമെന്നുണ്ടോ?

ഇല്ല. പങ്കെടുക്കുന്നവരുടെ എണ്ണം കുറവാണെങ്കിൽ ഒരേ പാത്രത്തിൽ നിന്നു വീഞ്ഞു കുടിക്കാൻ കഴിഞ്ഞേക്കാം. ആളുകൾ ഏറെയുണ്ടെങ്കിൽ നിരവധി പാത്രങ്ങൾ ഉപയോഗിക്കേണ്ടതായി വരും.



7. എന്തുതരം അപ്പമാണ് ഉപയോഗിക്കേണ്ടത്?

അതെപ്പറ്റി വിശദമായ കല്പനയൊന്നുമില്ല. റൊട്ടി ഉപയോഗിക്കുന്നതിൽ തെറ്റില്ല. ചപ്പാത്തിയോ ദോശയോ ഉപയോഗിക്കുന്നതു തെറ്റാണെന്നു പറയാനുമാവില്ല.

8. പുളിപ്പില്ലാത്ത അപ്പം ഉപയോഗിക്കണമെന്നുണ്ടോ?

അങ്ങനെയുള്ള ഒരു നിർബന്ധവുമില്ല.

9. തിരുവത്താഴം എടുക്കുന്നതിനു മുൻപ് ഉപവസിക്കണമെന്നുണ്ടോ?

അങ്ങനെയൊരു ചട്ടം ദൈവവചനത്തിൽ കാണുന്നില്ല.

10. തിരുവത്താഴത്തിനു മുൻപ് കാലുകഴുകൽ ശുശ്രൂഷ കൂടി നടത്തേണ്ടതല്ലേ?

കാലു കഴുകൽ ശുശ്രൂഷ എന്നൊരു ശുശ്രൂഷയില്ല. തങ്ങളിൽ ആരെ ആകുന്നു വലിയവനായി എണ്ണേണ്ടത് എന്ന തർക്കം ശിഷ്യൻമാർക്കിടയിൽ നടക്കുന്ന സമയത്താണു കാലുകഴുകൽ നടന്നത്. അക്കാലത്ത് അടിമ യജമാനന്റെ കാലു കഴുകുന്ന പതിവാണ് ഉണ്ടായിരുന്നത്. അതുകൊണ്ടു കർത്താവ് തന്റെ ശിഷ്യരുടെ പാദം കഴുകിക്കൊണ്ടു മാതൃക കാണിച്ചു. ഗുരുവായ താൻ ശിഷ്യരുടെ പാദം കഴുകി. ഇതായിരിക്കണം ദൈവമക്കളുടെ മനോഭാവം. വലിയവനാകുവാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടേയും ദാസനാകണം. ഇതാണ് ഈ പ്രവൃത്തിയിലൂടെ കർത്താവു കാണിച്ചു കൊടുത്തത്. അതല്ലാതെ, തിരുവത്താഴത്തിന്റെ ഭാഗമായി പാദം കഴുകൽ നടത്തണമെന്നോ പാദം കഴുകൽ എന്നത് ഒരു ശുശ്രൂഷ എന്ന നിലയ്ക്കു ലോകാവസാനം വരെ നടത്തണമെന്നോ കർത്താവ് അർത്ഥമാക്കിയില്ല. അതുകൊണ്ടാണ് ശിഷ്യൻമാർ പിന്നീടു പാദം കഴുകൽ ശുശ്രൂഷ എന്നൊരു പരിപാടി നടത്താതിരുന്നത്.

11. സ്ത്രീകൾ തിരുവത്താഴം നടത്തുന്നതു ശരിയാണോ?

സ്ത്രീകൾ തിരുവത്താഴം നടത്തിയതായി തിരുവചനത്തിൽ കാണുന്നില്ല. എന്നാൽ അപ്പം, വീഞ്ഞ് എന്നിവ സ്ത്രീകളുടെ ഇടയിൽ പുരുഷൻമാർ വിതരണം ചെയ്യുന്നതിനേക്കാൾ ഉചിതം സ്ത്രീകൾ തന്നെ വിതരണം ചെയ്യുന്നതാണ്.

12. സ്ത്രീകളെക്കൊണ്ടു തിരുവത്താഴം വിതരണം നടത്തിക്കാൻ ദൈവാത്മാവു പറഞ്ഞു എന്നൊരു സഭാനേതാവു പറയുന്നല്ലോ.

ഇത്തരം പുതിയ വെളിപ്പാടുകൾ ആധാരമാക്കി വിശ്വാസപ്രമാണം ഉണ്ടാക്കരുത്. ദൈവവചനത്തിൽ ആധാരമുള്ളവ മാത്രം സ്വീകരിക്കുക. ദൈവവചനത്തിൽ വ്യക്തമായി പറയാത്ത കാര്യങ്ങൾ

വലിയ പ്രാധാന്യമുള്ളവയല്ല എന്നു തീർച്ച. അത്തരം കാര്യങ്ങൾ ചെയ്യുമ്പോൾ ദൈവാത്മാവ് ആരോടെങ്കിലും വിശേഷിച്ചു പറയുന്നതു ചെയ്യുകയല്ല, ദൈവം നമുക്കു തന്നിട്ടുള്ള സാമാന്യ ബുദ്ധി ഉപയോഗിച്ചു ചിന്തിച്ചാൽ മനസ്സിലാക്കാവുന്ന കാര്യങ്ങൾ ചെയ്യുകയാണു വേണ്ടത്. സ്ത്രീകളുടെ ഇടയിലൂടെ പുരുഷൻമാർ അപ്പവീഞ്ഞുകളുമായി നടക്കുന്നതിനേക്കാൾ ഉചിതം സ്ത്രീകൾ തന്നെ അതു ചെയ്യുന്നതാണ് എന്നു മനസ്സിലാക്കാൻ വിശേഷിച്ചു വെളിപ്പാടൊന്നും വേണ്ട, വെളിവു മതി.

13. തിരുവത്താഴത്തിലൂടെ രോഗശാന്തി ഉണ്ടാകുമെന്നു ചിലർ പറയുന്നു. അതു ശരിയാണോ?

അങ്ങനെയൊരു പഠിപ്പിക്കൽ ദൈവവചനത്തിലില്ല.

14. തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ വിവേചിക്കേണ്ടതു സ്വന്തം ശരീരത്തെയാണോ അതോ ദൈവസഭയെന്ന ശരീരത്തെയാണോ?

വിവേചിക്കാതിരുന്നാൽ ശിക്ഷാവിധി ഉണ്ടാകുന്നത് ഏതു ശരീരത്തിലാണ്? സ്വന്തം ശരീരത്തിലാണെന്നല്ലേ വചനത്തിലുള്ളത്. അങ്ങനെയെങ്കിൽ വിവേചിക്കേണ്ടതും സ്വന്തം ശരീരത്തെയാണ്.

15. കത്തോലിക്കർ കുർബ്ബാനയിൽ അപ്പം മാത്രമേ കൊടുക്കുന്നുള്ളൂ. അതു ശരിയായ നടപടിയാണോ?

അല്ല. തിരുവത്താഴവുമായി ബന്ധപ്പെട്ട ഉപദേശം, പ്രവൃത്തി എന്നിവയിൽ കത്തോലിക്കർ നിരവധി തെറ്റുകൾ ചെയ്യുന്നുണ്ട്. അവയിൽ ഒന്നാണു വിശ്വാസികൾക്കു വീഞ്ഞു കൊടുക്കാതിരിക്കുന്നത്. അപ്പം നുറുക്കി കൊടുക്കുന്നതിനു പകരം ചെറിയ അപ്പങ്ങൾ ഉണ്ടാക്കി കൊടുക്കുന്നതും ശരിയായ നടപടിയല്ല.

16. കുർബ്ബാനയിൽ പുരോഹിതൻ ''ഇതെന്റെ ശരീരമാകുന്നു'' എന്നു പറയുമ്പോൾ അപ്പം യേശുവിന്റെ ശരീരമായി മാറുന്നു എന്നു കത്തോലിക്കർ പഠിപ്പിക്കുന്നു. ഇതു ശരിയാണോ?

ഇത്തരം ഒരു ഉപദേശത്തിന് ബൈബിളിൽ അടിസ്ഥാനമില്ല. അപ്പം ഒരിക്കലും യേശു ആകുകയുമില്ല. അപ്പം അപ്പമായിത്തന്നെ നിലനിൽക്കും. പക്ഷേ അപ്പം നുറുക്കുമ്പോൾ യേശുവിന്റെ ശരീരം നുറുക്കപ്പെട്ട സംഭവം ദൈവമക്കൾ ഓർക്കും. ആ അപ്പത്തിന്റെ കഷണങ്ങൾ ഭക്ഷിക്കുന്നതോടെ പലരായിരുന്ന വിശ്വാസികൾ ക്രിസ്തുവിൽ ഒന്നായതായി കരുതപ്പെടുന്നു. ഇത്രയുമാണ് യഥാർത്ഥത്തിൽ നടക്കുന്നത്. പക്ഷേ അപ്പം നുറുക്കുകപോലും ചെയ്യാത്ത കത്തോലിക്കർക്ക് ഈ വിധത്തിലുള്ള ഉപദേശങ്ങൾ സ്വീകാര്യമാകുന്നതെങ്ങനെ?

കുർബ്ബാനയിൽ വസ്തു മാറ്റം ഉണ്ടാകുന്നു എന്നു കത്തോ



ലിക്കർ പഠിപ്പിക്കുക മാത്രമല്ല ചെയ്യുന്നത് എന്നതും ശ്രദ്ധേയമാണ്. ഇപ്രകാരം ക്രിസ്തുവായി മാറിയ അപ്പത്തെ ക്രിസ്തുവായി കരുതി ആരാധിക്കുകവരെ ചെയ്യുന്നു. ഇതു വിഗ്രഹാരാധനയുടെ ഒരു വകഭേദമാണ്. കത്തോലിക്കാ പള്ളികളിലെ അൾത്താരകളിൽ ഈ അപ്പം ദൈവത്തെപ്പോലെ ആരാധിക്കപ്പെടുന്നു. അപ്പത്തെ സ്തുതിക്കുന്ന നിരവധി കീർത്തനങ്ങൾ കത്തോലിക്കർ ഉണ്ടാക്കിയിട്ടുണ്ട്. ഇവയിൽ ചില പാട്ടുകൾ പവ്വർ വിഷനിൽ ഇടയ്ക്കൊക്കെ സംപ്രേക്ഷണം ചെയ്യാറുമുണ്ട്. (അത്രയ്ക്കുണ്ട് അവരുടെ വിവരം).

കാൽവറിയിൽ രണ്ടു സഹസ്രാബ്ദത്തോളം മുൻപു നടന്ന ആ പരമയാഗം ഓരോ കുർബ്ബാനയിലും ആവർത്തിക്കപ്പെടുകയാണെന്നു വരെ കത്തോലിക്കർ പഠിപ്പിക്കുന്നു. അതുകൊണ്ടാണ് അവർ ഇതിനെ ദിവ്യബലി എന്നു വിളിക്കുന്നത്. പക്ഷേ കാൽവറിയിലെ ബലി ആവർത്തിക്കപ്പെടുന്നില്ല. ആ ബലിയുടെ ഓർമ്മ തിരുവത്താഴത്തിലൂടെ പുതുക്കുക മാത്രമാണു ചെയ്യുന്നത്. വചനത്തിൽ അടിസ്ഥാനമില്ലാത്ത ഇത്തരം അബദ്ധോപദേശങ്ങൾ ദൈവമക്കൾ തള്ളിക്കളയണം.

സ്നാനം, തിരുവത്താഴം എന്നിവ കൂദാശകളാണെന്നു പട്ടത്വ സഭകൾ പഠിപ്പിക്കുന്നു. ഇവ കൂടാതെ തൈലാഭിഷേകം, കുമ്പസാരം, വിവാഹം, പട്ടത്വം, അന്ത്യകൂദാശ എന്നിവകൂടി പ്രധാന പട്ടത്വ സഭകളിലുണ്ട്. പക്ഷേ കൂദാശ എന്ന ആശയം പോലും ദൈവവചനത്തിലില്ല. തൈലാഭിഷേകം എന്ന പേരിൽ നടത്തുന്ന കർമ്മം പരിശുദ്ധാത്മാഭിഷേകത്തിനു പകരമാണത്രേ. പക്ഷേ ഇത്തരമൊരു കർമ്മം നടത്തുകയല്ല പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുകയാണു ചെയ്യേണ്ടത്. കുമ്പസാരം എന്ന പരിപാടിക്കു ദൈവവചനത്തിൽ ആധാരമില്ല. വിവാഹം ദൈവികമാണെങ്കിലും അതു കൂദാശയാണെന്നു തിരുവചനം പറയുന്നില്ല. പട്ടത്വം, അന്ത്യകൂദാശ എന്നിവയും ബൈബിളിലില്ല.

സ്നാനം, തിരുവത്താഴം എന്നീ രണ്ടു കർമ്മങ്ങൾ മാത്രമേ കർത്താവു ദൈവസഭയ്ക്കു നൽകിയിട്ടുള്ളൂ. ഇവ രണ്ടും കർത്താവിന്റെ ക്രൂശുമരണത്തെ ഓർക്കാനുള്ളതാണ്. ഇവയിലൂടെ ആരും രക്ഷിക്കപ്പെടുകയില്ല. പക്ഷേ രക്ഷിക്കപ്പെട്ടവർ ഈ രണ്ടു കർമ്മങ്ങളും അനുഷ്ഠിക്കും. രക്ഷിക്കപ്പെട്ടതാണെന്ന് അവകാശപ്പെടുകയും സ്നാനം, തിരുവത്താഴം എന്നീ കർമ്മങ്ങൾ അനുഷ്ഠിക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തി രക്ഷിക്കപ്പെട്ടതല്ലെന്നു വ്യക്തം.

# 11
# പരിശുദ്ധാത്മസ്നാനം

പരിശുദ്ധാത്മസ്നാനം എന്നത് ഏറെ വിവാദങ്ങൾക്കു വഴി വച്ചിട്ടുള്ള ഉപദേശ വിഷയമാണ്. പെന്തക്കോസ്ത് സഭകളെ ഇതര ക്രൈസ്തവ വിഭാഗങ്ങളുമായി വേർതിരിച്ചു കാണിക്കുന്ന പ്രധാന ഘടകമാണിത്. പെന്തക്കോസ്ത് നാളിലുണ്ടായതുപോലുള്ള അനുഭവം ഇന്നും നിലനിൽക്കുന്നു എന്നു വിശ്വസിക്കുന്നവരാണു പെന്തക്കോസ്തർ എന്ന പേരിൽ അറിയപ്പെടുന്നത്.

പരിശുദ്ധാത്മസ്നാനം എന്ന വിഷയത്തോടുള്ള ബന്ധത്തിൽ പെന്തക്കോസ്ത് സഭകൾ പഠിപ്പിക്കുന്നത് ഇതാണ്:

''വീണ്ടും ജനനം പ്രാപിച്ച എല്ലാ വിശ്വാസികളും പരിശുദ്ധാത്മ സ്നാനം പ്രാപിക്കേണ്ടതാണ്. പരിശുദ്ധാത്മസ്നാനം പ്രാപിക്കുന്ന വ്യക്തി അന്യഭാഷയിൽ സംസാരിക്കാൻ തുടങ്ങും. പരിശുദ്ധാത്മസ്നാന ത്തിന്റെ തത്ക്ഷണം പ്രത്യക്ഷമാകുന്ന അടയാളമാണിത്. ഈ അന്യ ഭാഷാഭാഷണം സാരത്തിൽ ഒന്നാണെങ്കിലും ഉപയോഗത്തിലും പ്രയോഗ ത്തിലും ഭാഷാവരത്തിൽ നിന്നു വ്യത്യസ്തമാണ്. ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായിരുന്ന എല്ലാ കൃപാവരങ്ങളും ഇക്കാലത്തും നിലനിൽക്കുന്നു.''

അന്യഭാഷയുമായി ബന്ധപ്പെട്ടുള്ള ചില തെറ്റിദ്ധാരണകൾ പ്രാരംഭത്തിൽ തന്നെ തിരുത്തുകയാണ്. ഒന്നാം നൂറ്റാണ്ടിലുണ്ടായിരുന്ന എല്ലാ കൃപാവരങ്ങളും ഇന്നും നിലനിൽക്കുന്നു എന്നാണ് പെന്ത ക്കോസ്ത് സഭകൾ പഠിപ്പിക്കുന്നത്. എന്നാൽ ഇന്നു നാം കേൾക്കുന്ന എല്ലാ അന്യഭാഷയും ദൈവികമായി സഭ അംഗീകരിക്കുന്നു എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. കള്ളനോട്ടുള്ളതുകൊണ്ട് നല്ല നോട്ടില്ല എന്നല്ല, നല്ലനോട്ടുള്ളതുകൊണ്ട് കള്ളനോട്ടും ചെലവാകുന്നു എന്നാണു നാം മനസ്സിലാക്കേണ്ടത്. ഇന്നുള്ള അന്യഭാഷകളെ പ്രധാന മായി അഞ്ചു ഗ്രൂപ്പുകളായി തിരിക്കാം:

1. ദൈവാത്മാവിലുള്ളത്
2. ദുരാത്മാവിലുള്ളത്



3. വൈകാരികം
4. മാനസികരോഗം
5. മാനുഷികം

ദൈവാത്മാവിലുള്ള അന്യഭാഷ ഇന്നും നിലനിൽക്കുന്നു എന്നു പെന്തക്കോസ്തർ വിശ്വസിക്കുന്നു. എന്നാൽ ചിലർ അന്യഭാഷ പറയു ന്നതു ദുരാത്മാവിൽ നിറഞ്ഞാണ് എന്ന വസ്തുത മറച്ചു വച്ചിട്ടു കാര്യമില്ല. വെളിച്ചദൂതന്റെ വേഷത്തിൽ വരുന്ന സാത്താനാണിത്. ചിലർ വികാരാവേശത്താൽ എന്തെങ്കിലുമൊക്കെ ശബ്ദമുണ്ടാക്കിയിട്ട് അതാണ് അന്യഭാഷ എന്നു വിശ്വസിക്കുന്നു. ചില മാനസികരോഗികൾ അന്യഭാഷ പോലെ എന്തെങ്കിലും പറഞ്ഞെന്നു വരാം. മറ്റു ചിലർ മന:പൂർവ്വം അന്യ ഭാഷ ഉണ്ടാക്കി പറയാനും ഇടയുണ്ട്. അതുകൊണ്ട് പെന്തക്കോസ്തർ അന്യഭാഷയുടെ കാര്യത്തിൽ അനാവശ്യ കടുംപിടുത്തം കാണിക്കുന്നു എന്ന് ആരും തെറ്റിദ്ധരിക്കരുത്.

പരിശുദ്ധാത്മസ്നാനം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കു ന്നതെന്നും പറയേണ്ടതുണ്ട്. വിഷയം മനസ്സിലാക്കാൻ യെഹസ്ക്കേൽ കണ്ട ഒരു ദർശനം ദൃഷ്ടാന്തമായെടുക്കാം:

''ആ പുരുഷൻ കൈയിൽ ചരടുമായി കിഴക്കോട്ടു നടന്നു, ആയിരം മുഴം അളന്നു, എന്നെ വെള്ളത്തിൽക്കൂടി കടക്കുമാറാക്കി; വെള്ളം നരിയാണിയോളം ആയി. അവൻ പിന്നെയും ആയിരം മുഴം അളന്നു, എന്നെ വെള്ളത്തിൽക്കൂടി കടക്കുമാറാക്കി; വെള്ളം മുട്ടോളം ആയി; അവൻ പിന്നെയും ആയിരം മുഴം അളന്നു, എന്നെ കടക്കുമാറാക്കി; വെള്ളം അരയോളം ആയി. അവൻ പിന്നെയും ആയിരം മുഴം അളന്നു; അത് എനിക്കു കടക്കുവാൻ വയ്യാത്ത ഒരു നദിയായി; വെള്ളം പൊങ്ങി, നീന്തിയിട്ടല്ലാതെ കടക്കുവാൻ വയ്യാത്ത ഒരു നദിയായിത്തീർന്നു.'' യെഹ.47:3-5.

പ്രവാചകൻ കരയിൽ നിന്ന സമയത്ത് അവനു വെള്ളവുമായി ഒരു ബന്ധവുമില്ല. പരിശുദ്ധാത്മാവുമായി ഒരു ബന്ധവുമില്ലാത്ത മനു ഷ്യന്റെ സ്ഥിതി ഇതാണ്. (ഇതു വെറും ദൃഷ്ടാന്തമായി പറയുകയാ ണെന്ന കാര്യം മറക്കരുത്). പ്രവാചകൻ വെള്ളത്തിലേയ്ക്കിറങ്ങുന്നു. വെള്ളം പരിശുദ്ധാത്മാവാണെന്നിരിക്കട്ടെ. വെള്ളത്തിൽ തൊട്ടപ്പോൾ മുതൽ പ്രവാചകനു വെള്ളവുമായി ബന്ധമുണ്ട്. നരിയാണിയോളം വെള്ള ത്തിൽ നിൽക്കുന്ന പ്രവാചകൻ വെള്ളത്തിലാണു നിൽക്കുന്നത്. പക്ഷേ ചവിട്ടിയിരിക്കുന്നതു ഭൂമിയിലാണ്. എത്ര ശക്തമായ ഒഴുക്കു വന്നാലും വീഴുകയില്ല. പരിശുദ്ധാത്മാവുമായി ബന്ധപ്പെട്ടു നിൽക്കുന്നെങ്കിലും

പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലല്ലാത്ത വ്യക്തി ഇതുപോലെയാണെന്നു പറയാം.

മുട്ടോളം വെള്ളത്തിൽ നിൽക്കുന്ന പ്രവാചകൻ ഭൂമിയിലാണു ചുവടുറപ്പിച്ചിരിക്കുന്നത്. സാധാരണ ഒഴുക്കിലൊന്നും നിയന്ത്രണം വിട്ടു വെള്ളത്തിൽ വീഴുകയുമില്ല. പക്ഷേ അപ്രതീക്ഷിതമായി ഒരു ഒഴുക്കുണ്ടായാൽ വെള്ളത്തിൽ വീഴും. (അർത്ഥം മനസ്സിലായിരിക്കുമല്ലോ).

അരയോളം വെള്ളത്തിൽ നിൽക്കുമ്പോഴും പ്രവാചകൻ ഭൂമിയുമായുള്ള ബന്ധം വിട്ടിട്ടില്ല. കാലൂന്നിയാണു നിൽക്കുന്നത്. പക്ഷേ വെള്ളത്തിന്റെ ഒഴുക്കു സാമാന്യം നന്നായി ബാധിക്കുന്നുമുണ്ട്. ശക്തമായ ഒഴുക്കുണ്ടായാൽ വെള്ളത്തിൽ വീഴുമെന്നതിനു സംശയമില്ല.

ആയിരം മുഴം കൂടി നടന്നപ്പോൾ പ്രവാചകൻ ഒഴുക്കിൽ പെട്ടു. ഇപ്പോൾ കാല് നിലത്തു ചവിട്ടാനാകുന്നില്ല. വെള്ളത്തിന്റെ ഒഴുക്കിനൊത്ത് പ്രവാചകനും ഒഴുകുന്നു. നീന്താൻ അറിയാമെങ്കിൽ ശരീരത്തെ ഒരളവോളമെങ്കിലും നിയന്ത്രിക്കാൻ കഴിയും. നീന്തിയില്ലെങ്കിൽ വെള്ളത്തിൽ മുങ്ങിത്താഴും. ഇങ്ങനെ വെള്ളത്തിൽ മുങ്ങിപ്പോകുന്ന സ്ഥിതിയാണ് പരിശുദ്ധാത്മസ്നാനം എന്നത്. നരിയാണിയോളം വെള്ളത്തിൽ നിൽക്കുന്നവനും മുട്ടോളം വെള്ളത്തിൽ നിൽക്കുന്നവനും അരയോളം വെള്ളത്തിൽ നിൽക്കുന്നവനും വെള്ളത്തിലാണെങ്കിലും സ്നാനം എന്നു പറയാവുന്ന സ്ഥിതിയിൽ ആയില്ല.

പരിശുദ്ധാത്മാവിലല്ലാതെ യേശുവിനെ കർത്താവെന്നു പറയാൻ ആർക്കും കഴിയുന്നതല്ല. പക്ഷേ നരിയാണിയോളം വെള്ളത്തിൽ നിൽക്കുന്നതുപോലെയാണിത്. പരിശുദ്ധാത്മാവിനെ പ്രാപിക്കുക എന്ന സ്ഥിതിയിലാകുന്നത് ഇതല്ല.

യേശുവിനെ കർത്താവ് എന്ന് ഏറ്റു പറയുന്നവരെല്ലാം പരിശുദ്ധാത്മാവിനെ പ്രാപിച്ചവരാണെന്നു പഠിപ്പിക്കുന്നവരുണ്ട്. അതിന് ആധാരമായി അവർ ചൂണ്ടിക്കാണിക്കുന്ന വാക്യം ''പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവ് എന്നു പറയുവാൻ ആർക്കും കഴിയുകയുമില്ല എന്നു ഞാൻ നിങ്ങളെ ഗ്രഹിപ്പിക്കുന്നു'' (1കൊരി.12:3) എന്നതാണ്. ''തത്തമ്മേ, പൂച്ച പൂച്ച'' എന്നു തത്തമ്മ തന്നെ പറയുന്നത് അർത്ഥം മനസ്സിലാക്കിയല്ല. ഇങ്ങനെ ആരെങ്കിലും യേശുവിനെ കർത്താവെന്നു വിളിച്ചാൽ അതു ദൈവാത്മാവിൽ ആയിരിക്കയില്ല. പക്ഷേ അർത്ഥം മനസ്സിലാക്കി, തികച്ചും ആത്മാർത്ഥമായി, ആരെങ്കിലും യേശുവിനെ കർത്താവെന്നു വിളിക്കുന്നെങ്കിൽ അതു പരിശുദ്ധാത്മാവിൽ ആണെന്നതിനു സംശയമില്ല. അങ്ങനെയെങ്കിൽ പരിശുദ്ധാത്മസ്നാനത്തെക്കുറിച്ചു പെന്ത



ക്കോസ്തർ പറയുന്നതു തെറ്റല്ലേ? ഈ ചോദ്യത്തിനു ബൈബിൾ തന്നെ മറുപടി പറയട്ടെ.

പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ എന്തു ചെയ്യണം എന്നു ചോദിച്ചവരോടു പെന്തക്കോസ്ത് നാളിൽ പത്രോസ് പറഞ്ഞ മറുപടി ഇതാണ്: ''പത്രൊസ് അവരോട്: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കുവിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും.''(പ്രവൃ. 2:38) പരിശുദ്ധാത്മാവിനെ ലഭിക്കാൻ ആഗ്രഹിക്കുന്നവർ മാനസാന്തരപ്പെടുകയും സ്നാനപ്പെടുകയും വേണമെന്നാണു പത്രോസ് പറഞ്ഞത്. യേശുവിനെ കർത്താവെന്ന് ഏറ്റു പറയാതെ സ്നാനപ്പെടാൻ കഴിയുമോ? ഇല്ലെന്നു വ്യക്തം. യേശുവിനെ കർത്താവെന്ന് ഏറ്റു പറയുന്നതു പരിശുദ്ധാത്മാവിലാണല്ലോ. അങ്ങനെയെങ്കിൽ സ്നാനപ്പെടുന്നതിനു തൊട്ടു മുൻപുള്ള നിമിഷമെങ്കിലും പരിശുദ്ധാത്മാവിലാകാതെ തരമില്ല. പക്ഷേ സ്നാനപ്പെട്ടശേഷം പരിശുദ്ധാത്മാവിനെ പ്രാപിക്കാം എന്നു പത്രോസ് പറയുന്നതെന്തുകൊണ്ട്?

സ്നാനപ്പെടുന്നതിനു മുൻപു പരിശുദ്ധാത്മാവിനെ പ്രാപിക്കാം എന്നു കൊർന്നല്യോസിന്റെ വീട്ടിലെ അനുഭവം തെളിയിക്കുന്നുണ്ട്. ആ വിഷയത്തിലേക്കു നാം പിന്നാലെ വരും. അതുകൊണ്ട് ഇപ്പോൾ വിശദീകരിക്കുന്നില്ല.

ഇനി ശമര്യാക്കാരുടെ അനുഭവം നോക്കൂ: ''അനന്തരം യെരൂശലേമിലുള്ള അപ്പൊസ്തലൻമാർ, ശമര്യർ ദൈവവചനം കൈക്കൊണ്ടു എന്നു കേട്ടു പത്രൊസിനെയും യോഹന്നാനെയും അവരുടെ അടുക്കൽ അയച്ചു. അവർ ചെന്ന്, അവർക്കു പരിശുദ്ധാത്മാവു ലഭിക്കേണ്ടതിന് അവർക്കായി പ്രാർത്ഥിച്ചു. അന്നുവരെ അവരിൽ ആരുടെമേലും ആത്മാവു വന്നിരുന്നില്ല; അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റിരുന്നതേയുള്ളൂ.'' (പ്രവൃ.8:14-16)

സുവിശേഷകനായ ഫിലിപ്പോസിന്റെ പ്രസംഗം കേട്ട് ശമര്യർ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കയും സ്നാനമേൽക്കുകയും ചെയ്തു. എന്നിട്ടും അവരിൽ ആരും പരിശുദ്ധാത്മാവിനെ പ്രാപിച്ചില്ല. സ്നാനമേൽക്കുന്നതിനു മുൻപ് അവർ യേശുവിനെ വായ്കൊണ്ട് ഏറ്റു പറഞ്ഞിരുന്നു എന്നു തീർച്ച. കാരണം, യേശുവിൽ വിശ്വസിക്കാത്തവരെ ഫിലിപ്പോസ് സ്നാനപ്പെടുത്തുകയില്ല. (പ്രവൃ.8:36,37). ശമര്യർ യേശുവിനെ ഏറ്റു പറഞ്ഞതു പരിശുദ്ധാത്മാവിലല്ലേ? തീർച്ചയായും അതെ. കാരണം, പരിശുദ്ധാത്മാവിലല്ലാതെ യേശുവിനെ ഏറ്റു പറയാൻ ആർക്കും

കഴിയുന്നതല്ല. ഏറ്റു പറയുക മാത്രമല്ല, അവർ സ്നാനമേൽക്കുകയും ചെയ്തു. എന്നിട്ടും അവരിൽ ആരുടെമേലും പരിശുദ്ധാത്മാവു വന്നിരുന്നില്ല എന്നു ദൈവവചനം പറയുന്നു. ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാകുന്നു: പരിശുദ്ധാത്മാവിലല്ലാതെ ആർക്കും യേശുവിനെ ഏറ്റു പറയാൻ കഴിയുകയില്ല എന്നതു ശരിയാണെങ്കിലും പരിശുദ്ധാത്മാവിനെ പ്രാപിക്കുക എന്നതു തികച്ചും വ്യത്യസ്തമായ ഒരു കാര്യമാണ്. സംശയമുള്ളവർ താഴെ പറയുന്ന വാക്യം ശ്രദ്ധിക്കുക:

''അപ്പൊല്ലൊസ് കൊരിന്തിൽ ഇരിക്കുമ്പോൾ പൗലൊസ് ഉൾപ്രദേശങ്ങളിൽക്കൂടി സഞ്ചരിച്ച് എഫെസൊസിൽ എത്തി ചില ശിഷ്യൻമാരെ കണ്ടു: നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്ന് അവരോട് ചോദിച്ചതിന്: പരിശുദ്ധാത്മാവ് ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല എന്ന് അവർ പറഞ്ഞു.'' (പ്രവൃ.19:1-2)

യേശുവിൽ വിശ്വസിക്കുന്ന നിമിഷം പരിശുദ്ധാത്മാവിനെ പ്രാപിക്കുമെങ്കിൽ (വിശ്വസിച്ചവരെല്ലാം പരിശുദ്ധാത്മാവിനെ പ്രാപിച്ചവരാണെങ്കിൽ) ''നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ'' എന്ന ചോദ്യം അർത്ഥശൂന്യമാണ്. വിശ്വസിച്ചവർ പരിശുദ്ധാത്മാവിനെ പ്രത്യേകമായി പ്രാപിക്കേണ്ടതാണെന്ന് ഈ വാക്യം വ്യക്തമാക്കുന്നു. അല്പം കൂടി വ്യക്തമായി പറഞ്ഞാൽ, യേശുവിൽ വിശ്വസിക്കുന്നതു പരിശുദ്ധാത്മാവിലാണെങ്കിലും പരിശുദ്ധാത്മാവിനെ പ്രാപിക്കുക എന്നത് വ്യത്യസ്തമായ ഒന്നാണ്. സത്യാന്വേഷികൾക്കു കാര്യം മനസ്സിലാക്കാൻ ഇത്രയും മതിയാകും. പക്ഷേ ഈ വസ്തുതകളൊക്കെ കണ്ടില്ലെന്നു നടിച്ച് തർക്കം തുടരുന്നവരുമുണ്ട്. അങ്ങനെയുള്ളവർ തർക്കിച്ചുകൊള്ളൂ. ഉറക്കം നടിച്ചു കിടക്കുന്ന ഇത്തരക്കാരെ ഉണർത്താൻ ശ്രമിക്കുക എന്ന പാഴ്വേലയ്ക്കു മുതിരുന്നില്ല.

മേല്പറഞ്ഞ വാക്യം ഒരിക്കൽക്കൂടി ശ്രദ്ധിച്ചു വായിക്കുക. അപ്പോൾ ഒരു കാര്യം കൂടി വ്യക്തമാകും: പരിശുദ്ധാത്മാവിനെ പ്രാപിച്ച വ്യക്തിക്ക് താൻ പരിശുദ്ധാത്മാവിനെ പ്രാപിച്ചു എന്നറിയാം. കാരണം, പരിശുദ്ധാത്മാവിനെ പ്രാപിക്കുക എന്നത് ഒരു സംഭവമാണ്, കേവലം ധാരണയോ വിശ്വാസമോ അല്ല. ''നിങ്ങൾ വിവാഹിതനാണോ'' എന്ന് ആരെങ്കിലും നിങ്ങളോടു ചോദിച്ചാൽ എന്താകും മറുപടി? അവിവാഹിതനായ വ്യക്തി ''വിവാഹിതനല്ല'' എന്നു മറുപടി പറയും. വിവാഹിതനായ വ്യക്തി ''ഞാൻ വിവാഹിതനാണ്'' എന്നു സംശയം കൂടാതെ പറയും. ''വിവാഹിതനാണെന്നു ഞാൻ വിശ്വസിക്കുന്നു'' എന്നോ ''വിവാഹിതനാണോ എന്നു തീർത്തു പറയാനാവില്ല'' എന്നോ ആരെങ്കിലും പറയുമോ? അഥവാ അങ്ങനെ പറഞ്ഞാൽ എവിടെയോ എന്തോ കുഴപ്പമുണ്ടെന്നു വ്യക്തം. വിവാഹം കഴിക്കുക എന്നത് ഒരു സംഭവമാണ്. അതു കേവലം വിശ്വാസമോ തോന്നലോ ധാരണയോ അല്ല. വിവാഹം കഴിച്ച വ്യക്തിക്ക് ഭാര്യയുടെ പേരു പറയാൻ കഴിയും. എവിടെവച്ചാണു വിവാഹം കഴിച്ചതെന്നും ആരാണു വിവാഹം നടത്തിയതെന്നും പറയാൻ കഴിയും. വിവാഹത്തീയതി (മറന്നു പോയിട്ടില്ലെങ്കിൽ) പറയാൻ ബുദ്ധിമുട്ടുണ്ടാകുകയില്ല. കാരണം, വിവാഹം കഴിക്കുക എന്നത് ഒരു യഥാർത്ഥ സംഭവമാണ് എന്നതുതന്നെ.



''നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ'' എന്ന ചോദ്യം ഈ വസ്തുതകളുടെ വെളിച്ചത്തിൽ വിലയിരുത്തുക. പരിശുദ്ധാത്മാവിനെ പ്രാപിക്കുക എന്നത് ഒരു സംഭവമാണ്. പരിശുദ്ധാത്മാവിനെ പ്രാപിച്ച വ്യക്തിക്ക് താൻ പരിശുദ്ധാത്മാവിനെ പ്രാപിച്ചു എന്നു മനസ്സിലാക്കാൻ കഴിയും. അത് എപ്പോൾ നടന്നു എന്നു പറയാനും കഴിയും. അതുകൊണ്ടാണ് പൗലോസ് ഈ ചോദ്യം ചോദിച്ചത്.

ഒരു വ്യക്തി പരിശുദ്ധാത്മാവിനെ പ്രാപിക്കുമ്പോൾ അത് മറ്റുള്ളവർക്കും (ചിലപ്പോൾ) മനസ്സിലാക്കാൻ കഴിയും. ചില വാക്യങ്ങൾ ശ്രദ്ധിക്കൂ:

''അപ്പൊസ്തലൻമാർ കൈവച്ചതിനാൽ പരിശുദ്ധാത്മാവ് ലഭിച്ചത് ശിമോൻ കണ്ടപ്പോൾ അവർക്കു ദ്രവ്യം കൊണ്ടു വന്നു.''(പ്രവൃ.8:18) അപ്പോസ്തലൻമാർ കൈവച്ചപ്പോൾ പരിശുദ്ധാത്മാവു ലഭിച്ചു എന്നു ശീമോൻ എങ്ങനെയാണു മനസ്സിലാക്കിയത്? അത് ഈ ഭാഗത്തു പറഞ്ഞിട്ടില്ല. പക്ഷേ വ്യാജവിശ്വാസിയായ ശീമോനുപോലും മനസ്സിലാക്കാൻ കഴിയുന്ന എന്തോ പ്രത്യേക സംഭവം അവിടെയുണ്ടായി എന്നതിനു സംശയമില്ല. ചുരുക്കത്തിൽ, പരിശുദ്ധാത്മാവിനെ പ്രാപിക്കുക എന്നത് പ്രാപിക്കുന്നവർക്കു മാത്രമല്ല കണ്ടു നിൽക്കുന്നവർക്കും മനസ്സിലാക്കാൻ കഴിയുന്ന ഒരു സംഭവമാണ്. അതു വെറും തോന്നലോ വിശ്വാസമോ അല്ല.

വിശ്വാസികൾ പരിശുദ്ധാത്മാവിനെ പ്രാപിച്ച മറ്റൊരു സംഭവം നോക്കൂ: ''അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമംമൂലം പാപമോചനം ലഭിക്കും എന്ന് സകല പ്രവാചകൻമാരും സാക്ഷ്യം പറയുന്നു. ഈ വാക്കുകളെ പത്രൊസ് പ്രസ്താവിക്കുമ്പോൾ തന്നേ വചനം കേട്ട എല്ലാവരുടെമേലും പരിശുദ്ധാത്മാവ് വന്നു. അവർ അന്യഭാഷകളിൽ സംസാരിക്കുന്നതും ദൈവത്തെ മഹത്വീകരിക്കുന്നതും കേൾക്കുകയാൽ പത്രൊസിനോടുകൂടെ വന്ന പരിഛേദനക്കാരായ വിശ്വാസികൾ

പരിശുദ്ധാത്മാവ് എന്ന ദാനം ജാതികളുടെ മേലും പകർന്നതു കണ്ട് വിസ്മയിച്ചു. നമ്മെപ്പോലെ പരിശുദ്ധാത്മാവു ലഭിച്ച ഇവരെ സ്നാനം കഴിപ്പിച്ചു കൂടാതവണ്ണം വെള്ളം വിലക്കുവാൻ ആർക്കു കഴിയും എന്ന് പറഞ്ഞു.'' പ്രവൃ.10:43-47.

ജാതികൾക്കു പരിശുദ്ധാത്മാവിനെ ലഭിച്ചു എന്ന് പത്രോസിനോടുകൂടി വന്ന വിശ്വാസികൾക്കു മനസ്സിലായി. എങ്ങനെ? ''അവർ അന്യഭാഷകളിൽ സംസാരിക്കുന്നതും ദൈവത്തെ മഹത്ത്വീകരിക്കുന്നതും കേൾക്കുകയാൽ''. ഇത് ഒറ്റപ്പെട്ട സംഭവമാണോ? അല്ലെന്നു വ്യക്തം. കാരണം, പത്രോസിനോടു കൂടെ വന്ന യഹൂദ ക്രിസ്ത്യാനികൾക്കും പരിശുദ്ധാത്മാവിനെ ലഭിച്ചത് ഈ വിധത്തിൽ തന്നെയാണെന്ന് അവർ സമ്മതിക്കുന്നു: ''നമ്മെപ്പോലെ പരിശുദ്ധാത്മാവു ലഭിച്ച ഇവരെ'' എന്നാണ് അവർ പറയുന്നത്. പരിശുദ്ധാത്മാവിനെ പ്രാപിക്കുമ്പോൾ അന്യഭാഷകളിൽ സംസാരിക്കും എന്ന വസ്തുത അക്കാലത്ത് ഏവരും അംഗീകരിച്ചിരുന്നു എന്നാണ് ഈ വാക്യങ്ങൾ വ്യക്തമാക്കുന്നത്.

എഫെസൊസിലുള്ള വിശ്വാസികൾക്കുണ്ടായ അനുഭവവും ഇതു തെളിയിക്കുന്നു: ''ഇതു കേട്ടപ്പോൾ അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റു. പൗലൊസ് അവരുടെ മേൽ കൈവച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെമേൽ വന്നു. അവർ അന്യഭാഷകളിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തു.'' (പ്രവൃ.19:5-6) പരിശുദ്ധാത്മ സ്നാനത്തേക്കുറിച്ചു വിശദമായി പറയുന്ന സന്ദർഭങ്ങളിലെല്ലാം അന്യഭാഷാഭാഷണത്തെക്കുറിച്ചു പരാമർശമുണ്ട്. പ്രത്യക്ഷമായ മറ്റൊരടയാളത്തെക്കുറിച്ചു പറയുന്നുമില്ല. ഇതിൽ നിന്നെല്ലാം വ്യക്തമാകുന്ന വസ്തുതകൾ ഇവയാണ്:

1. പരിശുദ്ധാത്മസ്നാനം എന്നത് തോന്നലോ വിശ്വാസമോ അല്ല ഒരു സംഭവമാണ്.

2. പരിശുദ്ധാത്മസ്നാനം പ്രാപിച്ച ഒരു വ്യക്തിക്ക് താൻ എന്നാണു പരിശുദ്ധാത്മാവിനെ പ്രാപിച്ചത് എന്നു പറയാൻ കഴിയും. ആ സംഭവം വിവരിക്കാനും സാധിക്കും.

3. ഒരു വ്യക്തി പരിശുദ്ധാത്മാവിനെ പ്രാപിക്കുമ്പോൾ അതു കണ്ടു നിൽക്കുന്ന മറ്റുള്ളവർക്കും തിരിച്ചറിയാൻ കഴിയും.

4. ഒരു വ്യക്തി പരിശുദ്ധാത്മാവിനെ പ്രാപിച്ചു എന്നു മറ്റുള്ളവർ തിരിച്ചറിഞ്ഞത് അയാൾ അന്യഭാഷയിൽ സംസാരിക്കുന്നതു കേട്ടപ്പോഴാണ്.

പറഞ്ഞു വരുന്നതിന്റെ ചുരുക്കം ഇതാണ്: ഒരു വ്യക്തി കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതു പരിശുദ്ധാത്മാവിലാണ്. പക്ഷേ പരിശുദ്ധാത്മാവിനെ പ്രാപിക്കുക എന്നത് തികച്ചും വ്യത്യസ്ഥമായ കാര്യമാണ്. നരിയാണിയോളം വെള്ളത്തിലോ മുട്ടോളം വെള്ളത്തിലോ അരയോളം വെള്ളത്തിലോ നിൽക്കുന്ന വ്യക്തി വെള്ളത്തിലല്ല എന്നു പറയാനാവില്ല. പക്ഷേ അങ്ങനെ നിൽക്കുന്നതുകൊണ്ട് അയാൾ സ്നാനപ്പെട്ടു എന്നു പറയുന്നതു ശരിയല്ല. നീന്തിയിട്ടല്ലാതെ കടക്കാനാവാത്ത സ്ഥിതിയിൽ വെള്ളത്തിൽ മുങ്ങുന്നതാണു സ്നാനം. ഒരു പാത്രത്തിൽ വെള്ളം ഒഴിക്കുന്നതിനോട് ഉപമിച്ചാൽ പാത്രം നിറഞ്ഞു കവിയുന്ന സ്ഥിതിയാണിത്. പഴയനിയമത്തിലെ അഭിഷേകത്തോടുള്ള ബന്ധത്തിൽ പറയുമ്പോൾ ഈ അനുഭവത്തെ പരിശുദ്ധാത്മാഭിഷേകം എന്നും വിളിക്കാം.



ശുശ്രൂഷയ്ക്കുള്ള നിയോഗമാണ് അഭിഷേകം എന്നൊരു തെറ്റിദ്ധാരണയുണ്ട്. ''ഇന്നു നിങ്ങൾ ഒരു പുതിയ അഭിഷേകം പ്രാപിക്കണം'' എന്നും മറ്റും ചിലർ പ്രസംഗിക്കാറുമുണ്ട്. ''അഭിഷിക്തൻ'' എന്നതു 'പാസ്റ്റർ' എന്നതിന്റെ പര്യായമാണെന്നു തെറ്റിദ്ധരിക്കുന്നവരും കുറവല്ല. ഇതൊക്കെ തിരുത്തുക. പരിശുദ്ധാത്മാവിനെ പ്രാപിക്കുക എന്ന അനുഭവത്തെ വെള്ളത്തിൽ മുങ്ങുന്നതിനോട് ഉപമിച്ചാൽ അതു പരിശുദ്ധാത്മസ്നാനമാണ്. അഭിഷേകതൈലം തലയിൽ ഒഴിക്കുന്നതിനോട് ഉപമിച്ചാൽ പരിശുദ്ധാത്മാഭിഷേകമായി. പരിശുദ്ധാത്മാവിനെ പ്രാപിച്ചവരെല്ലാം അഭിഷിക്തരാണ്. പാസ്റ്റർമാർക്ക് പ്രത്യേകതയുള്ള അഭിഷേകമില്ല. പുതിയ അഭിഷേകം പ്രാപിക്കുക എന്ന പരിപാടി ദൈവവചനത്തിലില്ല.

പരിശുദ്ധാത്മസ്നാനം പ്രാപിച്ചവർ മാത്രമേ കർത്താവിന്റെ വരവിങ്കൽ ഉയിർക്കൂ എന്നു പഠിപ്പിക്കുന്നവരുണ്ട്. അതിന് ആധാരമായി അവർ ചൂണ്ടിക്കാണിക്കുന്ന വാക്യങ്ങൾ ഇവയാണ്: ''യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽ നിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ടു നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും.'' (റോമ. 8:11.) ''ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്; അവനാലല്ലോ നിങ്ങൾക്കു വീണ്ടെടുപ്പുനാളിനായി മുദ്രയിട്ടിരിക്കുന്നത്.'' (എഫേ.4:30)

പരിശുദ്ധാത്മാവ് ഉള്ളിൽ വസിക്കുന്നുണ്ടെങ്കിൽ മാത്രമേ കർത്താവിന്റെ വരവിങ്കൽ ഉയിർക്കാൻ കഴിയൂ എന്നതു ശരിയാണ്. പരിശുദ്ധാത്മാവിനാലാണു വീണ്ടെടുപ്പു നാളിനായി മുദ്രയിടുന്നത് എന്നതും സത്യം തന്നെ. പക്ഷേ പരിശുദ്ധാത്മസ്നാനം എന്ന സംഭവം

നടക്കുമ്പോഴല്ല പരിശുദ്ധാത്മാവ് ഒരു വ്യക്തിയുടെ ഉള്ളിൽ വരുന്നത്. അപ്പോഴല്ല മുദ്രയിടൽ നടക്കുന്നതും. കർത്താവായ യേശുവിനെ രക്ഷിതാവായി ഏറ്റു പറയുന്നതു പരിശുദ്ധാത്മാവിലാണെന്നു നാം കണ്ടു കഴിഞ്ഞു. അതുപോലെ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവരെല്ലാം – അതായത് രക്ഷിക്കപ്പെട്ടവരെല്ലാം – കർത്താവായ യേശുവിന്റെ വരവിങ്കൽ ഉയിർക്കും. രക്ഷിക്കപ്പെട്ടവരുടെ ഉയിർപ്പ്, രക്ഷിക്കപ്പെടാത്തവരുടെ ഉയിർപ്പ് എന്നിങ്ങനെ രണ്ടുതരം ഉയിർപ്പു മാത്രമേയുള്ളൂ. 'കൈവിടപ്പെട്ടുപോകുന്ന സഭ', 'പൂർണ്ണതപ്പെടാത്ത വിശ്വാസികൾ' എന്നൊക്കെയുള്ള പഠിപ്പിക്കലുകൾക്ക് തിരുവചനത്തിൽ ആധാരമില്ല.

ഉയിർപ്പുമായി ബന്ധപ്പെട്ട് പൗലോസ് ഇപ്രകാരം പറയുന്നു: ''ഓരോരുത്തനും താന്താന്റെ നിരയിലത്രേ; ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ; പിന്നെ അവസാനം''. 1കൊരി. 15:23. ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ ഉയിർക്കും.

പുതിയനിയമ വിശ്വാസികൾ മാത്രമേ കർത്താവിന്റെ വരവിങ്കൽ ഉയിർക്കൂ എന്നു പഠിപ്പിക്കുന്നവരുമുണ്ട്. ഈ വിഷയം പിന്നീടു വിശദമായി പഠിക്കാം. എങ്കിലും ഒരു കാര്യം ശ്രദ്ധിക്കുക: ഏറ്റവും നല്ല ഉയിർത്തെഴുന്നേല്പു കാംക്ഷിച്ചാണ് പഴയനിയമ കാലത്തെ രക്തസാക്ഷികൾ തങ്ങളുടെ ജീവിതം സമർപ്പിച്ചത്. ''ചിലർ ഏറ്റവും നല്ലൊരു ഉയിർത്തെഴുന്നേല്പു ലഭിക്കേണ്ടതിന് ഉദ്ധാരണം കൈക്കൊള്ളാതെ ഭേദ്യം ഏറ്റു.'' (എബ്രാ. 11:35) നല്ല ഉയിർപ്പ് കർത്താവിന്റെ വരവിങ്കലുള്ള ഉയിർപ്പാണ്. പക്ഷേ അവർ പുതിയനിയമ വിശ്വാസികളെ കൂടാതെ രക്ഷാപൂർത്തി പ്രാപിക്കയില്ല. ''അവർ എല്ലാവരും വിശ്വാസത്താൽ സാക്ഷ്യം ലഭിച്ചിട്ടും വാഗ്ദത്തനിവൃത്തി പ്രാപിച്ചില്ല. അവർ നമ്മെ കൂടാതെ രക്ഷാപൂർത്തി പ്രാപിക്കാതിരിക്കേണ്ടതിനു ദൈവം നമുക്കു വേണ്ടി ഏറ്റവും നല്ലതൊന്നു മുൻകരുതിയിരുന്നു.'' (എബ്രാ. 11:39-40)

ഇത്രയുമൊക്കെ പറയുമ്പോൾ ചിലർ ഒരു തടസ്സവാദം ഉന്നയിക്കും: പരിശുദ്ധാത്മാവ് ഉള്ളിൽ വസിക്കുന്നുണ്ടെങ്കിൽ മാത്രമേ ക്രിസ്തുവിന്റെ വരവിങ്കൽ ഉയിർക്കൂ എന്നു കണ്ടു കഴിഞ്ഞല്ലോ. പിന്നെങ്ങനെ പഴയനിയമ വിശുദ്ധർ ഉയിർക്കും? പരിശുദ്ധാത്മസ്നാനം എന്ന അനുഭവം പെന്തക്കോസ്ത് നാളിനു മുമ്പ് ഉണ്ടായിരുന്നില്ലല്ലോ. ശരിയാണ്, പരിശുദ്ധാത്മസ്നാനം എന്ന അനുഭവം പെന്തക്കോസ്ത് നാളിലാണ് ആരംഭിച്ചത്. പക്ഷേ പഴയനിയമ വിശുദ്ധരിലും ക്രിസ്തുവിന്റെ ആത്മാവുതന്നെയാണ് ഉണ്ടായിരുന്നത്. പത്രോസ് പറയുന്നു: ''നിങ്ങൾക്കു വരുവാനിരിക്കുന്ന കൃപയെക്കുറിച്ചു പ്രവചിച്ച പ്രവാചകൻമാർ ഈ രക്ഷയെ ആരാഞ്ഞു അന്വേഷിച്ചിരുന്നു. അവരിലുള്ള ക്രിസ്തുവിൻ ആത്മാവു ക്രിസ്തുവിനു വരേണ്ട കഷ്ടങ്ങളെയും പിൻവരുന്ന മഹിമയെയും മുമ്പിൽകൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ എങ്ങനെയുള്ളതോ എന്നു പ്രവാചകൻമാർ ആരാഞ്ഞു നോക്കി....'' (1പത്രോ. 1:10,11). പഴയനിയമ വിശുദ്ധർ പരിശുദ്ധാത്മസ്നാനം പ്രാപിച്ചവരായിരുന്നില്ല എങ്കിലും ക്രിസ്തുവിന്റെ ആത്മാവു തന്നെയാണ് അവരിലും ഉണ്ടായിരുന്നതെന്നു വ്യക്തമാണല്ലോ. അതുകൊണ്ട് ക്രിസ്തുവിന്റെ വരവിങ്കൽ അവർക്കും ഉയിർക്കാൻ കഴിയും.



പരിശുദ്ധാത്മസ്നാനവുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ രത്നച്ചുരുക്കം ഇതാണ്:

1. പരിശുദ്ധാത്മസ്നാനം എന്നത് തോന്നലോ വിശ്വാസമോ അല്ല ഒരു സംഭവമാണ്.
2. പരിശുദ്ധാത്മസ്നാനം പ്രാപിച്ച ഒരു വ്യക്തിക്ക് താൻ എന്നാണു പരിശുദ്ധാത്മാവിനെ പ്രാപിച്ചത് എന്നു പറയാൻ കഴിയും. ആ സംഭവം വിവരിക്കാനും സാധിക്കും.
3. ഒരു വ്യക്തി പരിശുദ്ധാത്മാവിനെ പ്രാപിക്കുമ്പോൾ അതു കണ്ടു നിൽക്കുന്ന മറ്റുള്ളവർക്കും തിരിച്ചറിയാൻ കഴിയും.
4. ഒരു വ്യക്തി പരിശുദ്ധാത്മാവിനെ പ്രാപിച്ചു എന്നു മറ്റുള്ളവർ തിരിച്ചറിഞ്ഞത് അയാൾ അന്യഭാഷയിൽ സംസാരിക്കുന്നതു കേട്ടപ്പോഴാണ്. അതുകൊണ്ട് പരിശുദ്ധാത്മസ്നാനത്തിന്റെ തത്ക്ഷണം പ്രത്യക്ഷമാകുന്ന അടയാളമാണ് അന്യഭാഷാഭാഷണം.

പരിശുദ്ധാത്മസ്നാനത്തെക്കുറിച്ചു ദൈവവചനം പറയുന്നത് ഇതൊക്കെയാണ്. ഈ വിശ്വാസം താഴെ കാണുന്ന വിധത്തിൽ ചുരുക്കി പറയാവുന്നതാണ്:

''വീണ്ടും ജനനം പ്രാപിച്ച എല്ലാ വിശ്വാസികളും പരിശുദ്ധാത്മസ്നാനം പ്രാപിക്കേണ്ടതാണ്. പരിശുദ്ധാത്മസ്നാനം പ്രാപിക്കുന്ന വ്യക്തി അന്യഭാഷയിൽ സംസാരിക്കാൻ തുടങ്ങും. ഇതു പരിശുദ്ധാത്മസ്നാനത്തിന്റെ തത്ക്ഷണം പ്രത്യക്ഷമാകുന്ന അടയാളമാണ്. ഈ അന്യഭാഷാഭാഷണം സാരത്തിൽ ഒന്നാണെങ്കിലും ഉപയോഗത്തിലും പ്രയോഗത്തിലും ഭാഷാവരത്തിൽ നിന്നു വ്യത്യസ്തമാണ്. ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായിരുന്ന എല്ലാ കൃപാവരങ്ങളും ഇക്കാലത്തും നിലനിൽക്കുന്നു.''

ഇതിന്റെ ആദ്യ പകുതി വിശദീകരിച്ചുകഴിഞ്ഞു. ഇനി ബാക്കിയുള്ള ഭാഗം പഠനവിധേയമാക്കാം.

''ഈ അന്യഭാഷാഭാഷണം സാരത്തിൽ ഒന്നാണെങ്കിലും ഉപയോഗ

ത്തിലും പ്രയോഗത്തിലും ഭാഷാവരത്തിൽ നിന്നു വ്യത്യസ്തമാണ്. ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായിരുന്ന എല്ലാ കൃപാവരങ്ങളും ഇക്കാലത്തും നില നിൽക്കുന്നു.''

പരിശുദ്ധാത്മസ്നാനത്തിന്റെ തത്ക്ഷണം പ്രത്യക്ഷമാകുന്ന അട യാളമാണ് അന്യഭാഷാഭാഷണം. എങ്കിലും ഈ അന്യഭാഷയും ഭാഷാ വരവും ഒന്നാണോ എന്ന വിഷയമാണ് ഇനി പരിശോധിക്കാനുള്ളത്.

ഭാഷാവരത്തിന് അമിത പ്രാധാന്യം കൊടുക്കുന്നവരാണു പെന്ത ക്കോസ്തുകാർ എന്നൊരു ആരോപണം നിലവിലുണ്ട്. പക്ഷേ വസ്തുത കൾ മനസ്സിലാക്കാതെയാണ് ഇത്തരം ഒരു ആരോപണം ഉന്നയിക്കുന്നത്. അന്യഭാഷാഭാഷണവും ഭാഷാവരവും തമ്മിലുള്ള വ്യത്യാസം തിരിച്ചറി യാതെയാണ് ഇങ്ങനെയൊക്കെ പറയുന്നത്. വിശദീകരിക്കാം:

1കൊരി 12ൽ ഒൻപതു തരം കൃപാവരങ്ങളെക്കുറിച്ചു പറയു ന്നുണ്ട്. ജ്ഞാനത്തിന്റെ വചനം, പരിജ്ഞാനത്തിന്റെ വചനം, വിശ്വാസം, രോഗശാന്തി, വീര്യപ്രവൃത്തികൾ, പ്രവചനം, ആത്മാക്കളുടെ വിവേചനം, ഭാഷാവരം, ഭാഷകളുടെ വ്യാഖ്യാനം എന്നിവയാണ് ഈ ഒൻപതു കൃപാ വരങ്ങൾ. ഈ വരങ്ങളെല്ലാം ഒരു വിശ്വാസിക്ക് ലഭിച്ചിരിക്കണമെന്നില്ല. ലഭിക്കുന്നതിനു തടസ്സവുമില്ല. എല്ലാം ദൈവാത്മാവാണു തീരുമാനി ക്കുന്നത്.

പരിശുദ്ധാത്മസ്നാനം പ്രാപിച്ച ഒരു വിശ്വാസിയിൽ ഈ വരങ്ങ ളെല്ലാം ഒരളവിൽ ഉണ്ടായിരിക്കും എന്നതാണു വസ്തുത. ദൈവ പൈതൽ ജ്ഞാനത്തിന്റെ വചനവും പരിജ്ഞാനത്തിന്റെ വചനവും ഉള്ള വനായിരിക്കും. പക്ഷേ അവ കൃപാവരമായി ലഭിച്ചവരിൽ ഒരളവിലധികം ഉണ്ടായിരിക്കുമെന്നു മാത്രം. വിശ്വാസത്തിന്റെ കാര്യവും ഇങ്ങനെ തന്നെ. എല്ലാ ദൈവമക്കൾക്കും വിശ്വാസമുണ്ട്. അതുകൊണ്ടാണല്ലോ അവരെ വിശ്വാസികൾ എന്നു വിളിക്കുന്നത്. പക്ഷേ ചിലർക്ക് കൃപാവരം എന്ന നിലയ്ക്കു വിശ്വാസം ലഭിക്കും. അങ്ങനെയുള്ളവർ വിശ്വാസത്താൽ അത്ഭുതങ്ങൾ പ്രവർത്തിക്കും. 'മലകളെ നീക്കുവാൻ മതിയായ വിശ്വാസം' എന്നൊക്കെ പറയുന്നത് ഇതാണ്.

ഏതു വിശ്വാസിക്കും രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കാം. ചിലപ്പോൾ രോഗി സൗഖ്യമാകും. പക്ഷേ രോഗശാന്തി എന്ന കൃപാവരം ലഭിച്ചവർ പ്രാർത്ഥിക്കുമ്പോൾ അത്ഭുത രോഗശാന്തി ഉണ്ടാകും. എല്ലാ വിശ്വാസിക്കും വീര്യപ്രവൃത്തികൾ (വിശ്വാസത്താൽ) നടത്താൻ കഴിയും. പക്ഷേ വീര്യപ്രവൃത്തികളുടെ കൃപാവരമുള്ളവർക്ക് വലിയ അത്ഭു തങ്ങൾ ചെയ്യാൻ സാധിക്കും.



ദൈവമക്കളെല്ലാം ഒരർത്ഥത്തിൽ പ്രവാചകരാണ്. പക്ഷേ പ്രവചനവരം ലഭിച്ചവർ അസ്സാധാരണമായ വിധത്തിൽ പ്രവചിക്കും. അതുപോലെ എല്ലാ ദൈവമക്കൾക്കും ആത്മാക്കളെ വിവേചിക്കാൻ കഴിയും. പക്ഷേ ആത്മാക്കളുടെ വിവേചനം എന്ന വരം ലഭിച്ചവർക്ക് ആത്മാക്കളെ വിവേചിക്കാനുള്ള അസ്സാധാരണമായ കഴിവുണ്ടായിരിക്കും.

ഈ പറഞ്ഞതിൽ നിന്നു വ്യക്തമാകുന്ന ഒരു വസ്തുതയുണ്ട്: കൃപാവരങ്ങളായി ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ളവയെല്ലാം വിശ്വാസികളിൽ ഒരളവോളമുണ്ടായിരിക്കും. പക്ഷേ കൃപാവരമെന്ന നിലയക്ക് ഇവ ലഭിക്കു മ്പോൾ കൂടിയ അളവിൽ ഉപയോഗിക്കാൻ കഴിയും. അന്യഭാഷയുടെ കാര്യവും ഇതുതന്നെ.

കൃപാവരങ്ങളുടെ കൂട്ടത്തിൽ 'അന്യഭാഷ' എന്നൊന്നില്ല എന്ന വസ്തുത ഏവരും ശ്രദ്ധിക്കണം. 'വിവിധ ഭാഷകളുടെ വരം' എന്നാണ് പറഞ്ഞിരിക്കുന്നത്. എന്താണ് ഇതിൽ നിന്നു മനസ്സിലാക്കേണ്ടത്? അന്യ ഭാഷ എന്നത് വിവിധ ഭാഷകളുടെ വരത്തിൽ നിന്നു വ്യത്യസ്തമാണ്. ഒരുവൻ പരിശുദ്ധാത്മസ്നാനം പ്രാപിക്കുമ്പോൾ ഒരു അന്യഭാഷയിൽ സംസാരിക്കാനുള്ള കഴിവു ലഭിക്കുന്നു. ഇതു കൃപാവരമല്ല. പക്ഷേ കൃപാവരം എന്ന നിലക്കു ഭാഷാവരം ലഭിക്കുന്നവർ ഒരു അന്യഭാഷ യിലല്ല വിവിധ ഭാഷകളിൽ സംസാരിക്കും. ഉച്ചാരണത്തിൽ ഉണ്ടാകുന്ന വ്യത്യാസങ്ങൾ കൊണ്ട് വിവിധ ഭാഷകളാണെന്നു ശ്രോതാക്കൾക്കു മനസ്സിലാക്കാൻ കഴിഞ്ഞെന്നും വരാം. വളരെ കുറച്ച് ആളുകൾക്കു മാത്രമേ വിവിധ ഭാഷകളുടെ വരം ലഭിക്കാറുള്ളു. മറ്റു കൃപാവരങ്ങളും എല്ലാ വിശ്വാസിക്കും ലഭിച്ചെന്നു വരില്ല. അതുകൊണ്ടാണ് പൗലോസ് ഇങ്ങനെ പറയുന്നത്: ''എല്ലാവരും അപ്പൊസ്തലൻമാരോ? എല്ലാവരും പ്രവാചകൻമാരോ? എല്ലാവരും ഉപദേഷ്ടാക്കൻമാരോ? എല്ലാവരും വീര്യ പ്രവൃത്തികൾ ചെയ്യുന്നവരോ? എല്ലാവർക്കും രോഗശാന്തിക്കുള്ള വരം ഉണ്ടോ? എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നുവോ? എല്ലാവരും വ്യാഖ്യാനിക്കുന്നുവോ?'' (1കൊരി.12:29,30).

ഈ പറഞ്ഞവയെല്ലാം കൃപാവരങ്ങളാണ്. അതുകൊണ്ട് ഇവയെല്ലാം ഒരു വിശ്വാസിക്കു കിട്ടിയേ മതിയാകൂ എന്നില്ല. ഉദാഹര ണത്തിന്, വിശ്വാസമില്ലാതെ വിശ്വാസിയാകില്ല. പക്ഷേ വിശ്വാസമെന്ന കൃപാവരം എല്ലാ വിശ്വാസിക്കും ലഭിച്ചേ മതിയാകൂ എന്നില്ല. ഏതു വിശ്വാസി പ്രാർത്ഥിച്ചാലും രോഗം സൗഖ്യമായെന്നു വരാം. പക്ഷേ രോഗ ശാന്തി എന്ന കൃപാവരം ആ വിശ്വാസിക്ക് ഉണ്ടെന്നതിന്റെ തെളിവല്ല അത്. പരിശുദ്ധാത്മസ്നാനം പ്രാപിക്കുമ്പോൾ വിശ്വാസി ഒരു അന്യഭാ

ഷയിൽ സംസാരിക്കുമെങ്കിലും വിവിധ ഭാഷകളുടെ വരം എല്ലാവർക്കും ലഭിക്കാറില്ല. ചുരുക്കത്തിൽ എല്ലാവരും അപ്പൊസ്തലൻമാരല്ല. എല്ലാവരും പ്രവാചകൻമാരല്ല. എല്ലാവരും ഉപദേഷ്ടാക്കൻമാരല്ല. എല്ലാവരും വീര്യപ്രവൃത്തികൾ ചെയ്യുന്നില്ല. എല്ലാവർക്കും രോഗശാന്തിക്കുള്ള വരമില്ല. എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നില്ല. എല്ലാവരും വ്യാഖ്യാനിക്കുന്നുമില്ല. ഈ കൃപാവരങ്ങളൊക്കെ വിശ്വാസികൾ പ്രത്യേകമായി പ്രാപിക്കേണ്ടതാണ്. ഇവ ലഭിക്കാനായി ദൈവമക്കൾ വാഞ്ഛിക്കുന്നതിൽ തെറ്റില്ല.

വിശ്വാസപ്രമാണത്തിന്റെ ഭാഗമായി പറഞ്ഞവയിൽ ''പരിശുദ്ധാത്മസ്നാനം പ്രാപിക്കുന്ന വ്യക്തി അന്യഭാഷയിൽ സംസാരിക്കാൻ തുടങ്ങും, ഇതു പരിശുദ്ധാത്മസ്നാനത്തിന്റെ തത്ക്ഷണം പ്രത്യക്ഷമാകുന്ന അടയാളമാണ്, ഈ അന്യഭാഷാഭാഷണം സാരത്തിൽ ഒന്നാണെങ്കിലും ഉപയോഗത്തിലും പ്രയോഗത്തിലും ഭാഷാവരത്തിൽ നിന്നു വ്യത്യസ്തമാണ്'' എന്നീ വിഷയങ്ങളാണ് നാം പഠിച്ചുകൊണ്ടിരുന്നത്. ഇതിന്റെ അവസാന ഭാഗം അല്പം കൂടി വിശദീകരിക്കേണ്ടതുണ്ട്. അന്യഭാഷയുടെ ഉപയോഗമെന്ത് എന്നതാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ട ചോദ്യം. ദൈവത്തെ ആരാധിക്കാനും പ്രാർത്ഥിക്കാനും പ്രസംഗിക്കാനും മാതൃഭാഷ ഉപയോഗിക്കാമെന്നിരിക്കെ ശ്രോതാക്കൾക്കു മനസ്സിലാകാത്ത അന്യഭാഷ ഉപയോഗിക്കുന്നതെന്തിന്? ഈ വിഷയത്തിലേക്കു കടക്കുന്നതിനു മുമ്പായി വിവിധതരം അന്യഭാഷകളെക്കുറിച്ച് അറിഞ്ഞിരിക്കണം.

അന്യഭാഷ ഉൾപ്പെടെയുള്ള കൃപാവരങ്ങളെക്കുറിച്ചു വിശദീകരിച്ചശേഷം പൗലോസ് ഇപ്രകാരം പറയുന്നു: ''ഞാൻ മനുഷ്യരുടെയും ദൂതൻമാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ.'' (1കൊരി.13:1) അന്യഭാഷകളെ മനുഷ്യന്റെ ഭാഷ, ദൂതൻമാരുടെ ഭാഷ (അമാനുഷിക ഭാഷ) എന്നിങ്ങനെ രണ്ടു ഗ്രൂപ്പുകളായി പൗലോസ് തിരിക്കുന്നു.

പെന്തക്കോസ്തു നാളിൽ ചിലർക്ക് അന്യഭാഷ മനസ്സിലായതെന്തുകൊണ്ട് എന്ന ചോദ്യത്തിനുള്ള മറുപടി ഇവിടെയുണ്ട്. അന്ന് അന്യഭാഷകളിൽ സംസാരിച്ചവരിൽ ചിലർ ഭൂമിയിലുള്ള ചില ഭാഷകളാണു സംസാരിച്ചത്. അന്യദേശങ്ങളിൽ നിന്നു വന്നവർക്ക് ആ ഭാഷ മനസ്സിലായി. എന്നാൽ ആ ദേശത്തുള്ളവർക്ക് ഒന്നും മനസ്സിലായില്ല. അതുകൊണ്ടാണ് അപ്പോസ്തലൻമാർ പുതുവീഞ്ഞു കുടിച്ചു ബഹളമു



ണ്ടാക്കുകയാണെന്നു പറഞ്ഞ് അവർ പരിഹസിക്കാൻ ഇടയായത്.

മറ്റൊരു മാനദണ്ഡം ഉപയോഗിച്ചും അന്യഭാഷകളെ രണ്ടു ഗ്രൂപ്പുകളാക്കാം.

1. മനുഷ്യൻ ദൈവത്തോടു സംസാരിക്കുന്ന അന്യഭാഷ.

''അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല ദൈവത്തോടത്രേ സംസാരിക്കുന്നു; ആരും തിരിച്ചറിയുന്നില്ലല്ലോ; എങ്കിലും അവൻ ആത്മാവിൽ മർമ്മങ്ങളെ സംസാരിക്കുന്നു.'' (1കൊരി.14:2) ഈ വിധത്തിലുള്ള അന്യഭാഷയിൽ സംസാരിക്കുന്നവൻ സഭയുടെ ആത്മികവർദ്ധനവിനു വേണ്ടിയല്ല സ്വന്തം ആത്മിക വർദ്ധനവിനുവേണ്ടിയാണ് അന്യഭാഷയിൽ സംസാരിക്കുന്നത്. ''അന്യഭാഷയിൽ സംസാരിക്കുന്നവൻ തനിക്കുതാൻ ആത്മിക വർദ്ധന വരുത്തുന്നു; പ്രവചിക്കുന്നവൻ സഭയ്ക്ക് ആത്മികവർദ്ധന വരുത്തുന്നു.'' (1കൊരി.14:4) അതുകൊണ്ട് സഭയിലിരുന്ന് ഇത്തരം അന്യഭാഷ പറയുന്നത് കഴിയുന്നത്ര ഒഴിവാക്കണം. അഥവാ പറഞ്ഞേ മതിയാകൂ എന്നുണ്ടെങ്കിൽ വലിയ ഒച്ചപ്പാടുണ്ടാക്കാതെ, മറ്റാർക്കും ശല്യമുണ്ടാക്കാതെ, പറയണം. ''വ്യാഖ്യാനി ഇല്ലെങ്കിൽ അന്യഭാഷക്കാരൻ സഭയിൽ മിണ്ടാതെ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ.'' (1കൊരി.14:28). മറ്റു ശുശ്രൂഷകൾക്കു തടസ്സമുണ്ടാകുന്ന വിധത്തിൽ അന്യഭാഷ പറഞ്ഞു ബഹളമുണ്ടാക്കുന്നവരും മൈക്കിൽക്കൂടി അന്യഭാഷ പറയുന്നവരും മറ്റും ഈ നിർദ്ദേശം ഗൗരവത്തിലെടുക്കണം.

ഒരു പ്രാർത്ഥനാഭാഷ എന്ന നിലയ്ക്ക് അന്യഭാഷ ഉപയോഗിക്കാം. ''ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നു എങ്കിൽ എന്റെ ആത്മാവു പ്രാർത്ഥിക്കുന്നു; എന്റെ ബുദ്ധിയോ അഫലമായിരിക്കുന്നു. ആകയാൽ എന്ത്? ഞാൻ ആത്മാവുകൊണ്ടു പ്രാർത്ഥിക്കും; ബുദ്ധികൊണ്ടും പ്രാർത്ഥിക്കും; ആത്മാവുകൊണ്ടു പാടും; ബുദ്ധികൊണ്ടും പാടും.'' (1കൊരി.14:14-15).

വിശ്വാസികൾക്കു സ്വന്തം ഭാഷയിൽ പ്രാർത്ഥിക്കാമെന്നിരിക്കെ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നതെന്തിന്? ഈ ചോദ്യത്തിനു ബൈബിൾ വ്യക്തമായ ഉത്തരം നൽകുന്നില്ല. എങ്കിലും ഒരു സൂചന തരാതിരിക്കുന്നുമില്ല. ''അവ്വണ്ണം തന്നേ ആത്മാവ് നമ്മുടെ ബലഹീനതയ്ക്കു തുണനില്ക്കുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നേ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു. എന്നാൽ ആത്മാവു വിശുദ്ധർക്കുവേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ട് ആത്മാവിന്റെ ചിന്ത

ഇന്നതെന്നു ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു.'' (റോമ. 8:26-27) അതുകൊണ്ട് നമ്മുടെ സ്വകാര്യ പ്രാർത്ഥനകളിൽ നാം അന്യ ഭാഷയിൽ സംസാരിക്കുന്നത് ആത്മികവർദ്ധനയ്ക്കു സഹായകമാകും. അങ്ങനെ ചെയ്യേണ്ടതുമാണ്. എന്നാൽ സഭായോഗങ്ങളിൽ അന്യഭാഷ ദുരുപയോഗം ചെയ്യാതിരിക്കാൻ പരമാവധി ശ്രദ്ധിക്കണം.

2. ദൈവം മനുഷ്യനോടു സംസാരിക്കുന്ന അന്യഭാഷ.

ദൈവം മനുഷ്യനോടു സംസാരിക്കാൻ ഉപയോഗിക്കുന്ന അന്യ ഭാഷയാണ് രണ്ടാമത്തെ ഇനം. ഇത്തരം ഒരു അന്യഭാഷ ഉണ്ടെന്നു പോലും പലർക്കും അറിഞ്ഞുകൂടാ. പൗലോസ് പറയുന്നു: ''അന്യഭാഷ കളാലും അന്യൻമാരുടെ അധരങ്ങളാലും ഞാൻ ഈ ജനത്തോടു സംസാരിക്കും എങ്കിലും അവർ എന്റെ വാക്കു കേൾക്കുകയില്ല എന്നു കർത്താവ് അരുളിച്ചെയ്യുന്നു എന്നു ന്യായപ്രമാണത്തിൽ എഴുതിയി രിക്കുന്നു.'' (1കൊരി.14:21) അന്യഭാഷ വ്യാഖ്യാനിക്കാൻ വരം ലഭിച്ചവർ വ്യാഖ്യാനിക്കുന്നത് ഈ വിധത്തിലുള്ള അന്യഭാഷയാണ്. പ്രവചന ത്തിനു തുല്യമായ ഒരു കൃപാവരമാണ് അന്യഭാഷാവ്യാഖ്യാനം. ഈ കൃപാവരം രണ്ടു വിധത്തിൽ ഉപയോഗിക്കാം. അന്യഭാഷ പറയുന്ന വ്യക്തിതന്നെ അതു വ്യാഖ്യാനിക്കുന്നതാണ് ഒരു രീതി. ''അതുകൊണ്ട് അന്യഭാഷയിൽ സംസാരിക്കുന്നവൻ വ്യാഖ്യാന വരത്തിനായി പ്രാർത്ഥി ക്കട്ടെ.'' (1കൊരി. 14:13) ഒരു വ്യക്തി അന്യഭാഷ പറയുകയും മറ്റൊരാൾ അതു വ്യാഖ്യാനിക്കുകയും ചെയ്യുന്നതു രണ്ടാമത്തെ രീതി. ''അന്യഭാഷ യിൽ സംസാരിക്കുന്നു എങ്കിൽ രണ്ടുപേരോ ഏറിയാൽ മൂന്നു പേരോ ആകട്ടെ; അവർ ഓരോരുത്തരായി സംസാരിക്കുകയും ഒരുവൻ വ്യാഖ്യാ നിക്കുകയും ചെയ്യട്ടെ.'' (1കൊരി.14:27) അന്യഭാഷാവ്യാഖ്യാനം എന്നത് പ്രവചനവുമായി സാമ്യമുള്ള കൃപാവരമാണ്. (1കൊരി. 14:23-33). ഫലത്തിൽ രണ്ടും ഒന്നുതന്നെ. പ്രവചിക്കാൻ അന്യഭാഷ പറയണമെ ന്നില്ല. പക്ഷേ അന്യഭാഷ വ്യാഖ്യാനിക്കാൻ അന്യഭാഷ പറയാതെ പറ്റി ല്ലല്ലോ. ഇതാണ് ഇവ തമ്മിലുള്ള പ്രധാന വ്യത്യാസം.

വിവിധതരം കൃപാവരങ്ങളെക്കുറിച്ചു ദൈവവചനം പറയു ന്നുണ്ട്. ഒരു വിശ്വാസിക്ക് ഈ കൃപാവരങ്ങളെല്ലാം കിട്ടിയേ മതിയാകൂ എന്നില്ല. എല്ലാ കൃപാവരങ്ങളും കിട്ടുന്നതിനു തടസ്സവുമില്ല. ശ്രേഷ്ഠ വരങ്ങൾ ലഭിക്കാനായി ആഗ്രഹിക്കുന്നതു തെറ്റാണെന്നു പറയാനു മാവില്ല. ഒന്നാം നൂറ്റാണ്ടിൽ ഈ കൃപാവരങ്ങളൊക്കെ ഉണ്ടായിരുന്നെ ങ്കിലും ദൈവവചനം എഴുതി പൂർത്തിയായതോടെ ഈ വരങ്ങളെല്ലാം നീങ്ങിപ്പോയി എന്നാണു ചിലർ പഠിപ്പിക്കുന്നത്. അതിന് ആധാരമായി



അവർ ചൂണ്ടിക്കാട്ടുന്ന വാക്യങ്ങൾ ഇവയാണ്:

''സ്നേഹം ഒരുനാളും ഉതിർന്നു പോകുകയില്ല. പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ, അതു നിന്നുപോകും; ജ്ഞാനമോ, അതു നീങ്ങിപ്പോകും. അംശമായി മാത്രം നാം അറിയുന്നു; അംശമായി മാത്രം പ്രവചിക്കുന്നു; പൂർണ്ണമായതു വരുമ്പോഴൊ അംശമായതു നീങ്ങിപ്പോകും. ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു, ശിശുവിനെപ്പോലെ ചിന്തിച്ചു, ശിശുവിനെപ്പോലെ നിരൂ പിച്ചു; പുരുഷനായ ശേഷമോ ഞാൻ ശിശുവിനുള്ളതു ത്യജിച്ചു കളഞ്ഞു. ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു; അപ്പോൾ മുഖാ മുഖമായി കാണും; ഇപ്പോൾ ഞാൻ അംശമായി അറിയുന്നു; അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെ തന്നേ അറിയും.'' (1കൊരി.13:8-12)

ആയിരക്കണക്കിനു ഭാഷകളുണ്ടെങ്കിലും നാലോ അഞ്ചോ ഭാഷ കൾ മാത്രമേ നമുക്കു മനസ്സിലാക്കാൻ കഴിയൂ. അതു കൊണ്ട് ബാക്കി യുള്ള എല്ലാ ഭാഷകളും നമുക്ക് അന്യഭാഷയാണ്. എല്ലാ ഭാഷകളും നമുക്കു മനസ്സിലാക്കാൻ കഴിയുമായിരുന്നെങ്കിൽ അന്യഭാഷ എന്നൊന്ന് ഉണ്ടാകുമായിരുന്നില്ല. അന്യഭാഷാവ്യാഖ്യാനം എന്നൊരു കൃപാവര ത്തിനും പ്രസക്തിയില്ലാതാകുമായിരുന്നു. ഭാവിയിൽ എന്തൊക്കെ നടക്കു മെന്ന് അറിയാനുള്ള കഴിവു നമുക്കുണ്ടായിരുന്നെങ്കിൽ പ്രവചനം എന്നൊരു കൃപാവരം ആവശ്യമായി വരുമായിരുന്നില്ല. നമ്മൾ സർവ്വ ജ്ഞരായിരുന്നെങ്കിൽ ജ്ഞാനസമ്പാദനവും ആവശ്യമാകുമായിരുന്നില്ല.

നമ്മുടെ ഭാഷാജ്ഞാനം പരിമിതമാണ്, അപൂർണ്ണമാണ്. ഭാവി യെക്കുറിച്ചു നമുക്ക് വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ അറിവുള്ളൂ. നമ്മുടെ ജ്ഞാനവും അപൂർണ്ണമാണ്. അതുകൊണ്ട് ചില ഭാഷകൾ നമുക്ക് അന്യഭാഷയാണ്. ഭാവി അറിയാൻ പ്രവചനം ആവശ്യമായി വരുന്നു. ജ്ഞാന സമ്പാദനത്തിനായി വിദ്യാഭ്യാസം ചെയ്യേണ്ടതായും വരുന്നു. പക്ഷേ പൂർണ്ണമായ ഭാഷാജ്ഞാനം ഉണ്ടാകുമ്പോൾ അന്യ ഭാഷയെന്നൊന്ന് ഇല്ലാതാകും. ഭാഷാവരം ആവശ്യമില്ലാതാകും. ഭാവി കാണാനുള്ള കഴിവുണ്ടാകുമ്പോൾ പ്രവചനം ആവശ്യമില്ലാതാകും. പൂർണ്ണമായ ജ്ഞാനമുണ്ടാകുമ്പോൾ അംശമായ ജ്ഞാനം ഇല്ലാതാകും. കർത്താവിന്റെ വരവിങ്കൽ നാം കർത്താവിനു സദൃശ്യൻമാരാകും. (1യോഹ.3:2) അന്നു മാത്രമേ നാം പൂർണ്ണത പ്രാപിക്കൂ. അപ്പോൾ മാത്രമേ അംശമായവ നീങ്ങിപ്പോകൂ. പൗലോസിനെപ്പോലെ നമ്മളും കണ്ണാടിയിൽ കടമൊഴിയായി കാണുകയാണ്. അഭിമുഖമായും സ്പഷ്ട മായും കാണുന്ന നാൾ വരുന്നു.

# 12

# ദൈവികരോഗശാന്തി

ദൈവികരോഗശാന്തി എന്ന വിഷയത്തിൽ ദൈവജനം എന്തു നിലപാടാണു സ്വീകരിക്കേണ്ടത്? ദൈവവചനം പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നത് ഇതാണ്:

''വിശ്വാസത്തോടുകൂടിയ പ്രാർത്ഥനയാൽ രോഗശാന്തിയുണ്ടാകും, എന്നാൽ മരുന്നുകൾ ഉപയോഗിക്കുന്നതു പാപമായോ അവിശ്വാസമായോ പരിഗണിക്കേണ്ടതില്ല.''

സർവ്വശക്തനായ ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല. രോഗങ്ങൾ സൗഖ്യമാക്കാൻ കഴിവില്ലാത്ത ദൈവത്തെ ദൈവമെന്നു വിളിക്കാനും പറ്റില്ല. കർത്താവായ യേശുക്രിസ്തു രോഗികളെ സൗഖ്യമാക്കുക മാത്രമല്ല മരിച്ചവരെ ഉയിർപ്പിക്കവരെ ചെയ്തു. കർത്താവിന്റെ ശിഷ്യന്മാരും ഇതൊക്കെത്തന്നെ തുടർന്നു. ഒന്നാം നൂറ്റാണ്ടിലെ ദൈവദാസന്മാർക്കു ചെയ്യാൻ കഴിഞ്ഞതെല്ലാം 21-ാം നൂറ്റാണ്ടിലെ ദൈവദാസന്മാർക്കും ചെയ്യാൻ കഴിയും. ഒന്നാം നൂറ്റാണ്ട് അവസാനിച്ചതോടെ അത്ഭുതങ്ങളുടെ കാലം കഴിഞ്ഞു എന്നു ദൈവമക്കൾ വിശ്വസിക്കുന്നില്ല.

രോഗികളെ സൗഖ്യമാക്കുക എന്നത് എല്ലാ വിശ്വാസിക്കും ചെയ്യാൻ അധികാരമുള്ള കാര്യമാണ്. വിശ്വസിക്കുന്നവരെ പിൻതുടരുന്ന അടയാളങ്ങളിൽ ഒന്നായി കർത്താവായ യേശു ക്രിസ്തു രോഗശാന്തിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. (മർക്കോ.16: 17, 18). ബൈബിൾ ദൈവവചനമാണെന്നു വിശ്വസിക്കുന്നവർക്ക് ഇതു വിശ്വസിക്കാതിരിക്കാനാവില്ല. രോഗശാന്തി പ്രാപിക്കുക, മറ്റുള്ളവരുടെ രോഗങ്ങൾ സൗഖ്യമാക്കുക തുടങ്ങിയവ എല്ലാ വിശ്വാസിയുടെയും നിത്യജീവിതത്തിന്റെ ഭാഗമാണ്.

രോഗശാന്തി എന്നത് കൃപാവരങ്ങളിൽ ഒന്നായി പൗലോസ് പഠിപ്പിക്കുന്നുണ്ട്. (1കൊരി.12:9) എല്ലാ വിശ്വാസിക്കും രോഗികൾക്കായി പ്രാർത്ഥിക്കാൻ അധികാരമുണ്ടെങ്കിലും രോഗശാന്തി എന്നത് ഒരു കൃപാവരമായി ലഭിച്ചവരുടെ പ്രാർത്ഥനയാൽ വലിയ അത്ഭുതങ്ങൾ നടക്കും. രോഗശാന്തിവരം പ്രാപിച്ചിട്ടുള്ള നിരവധി ദൈവദാസന്മാർ ഇക്കാല



ത്തുമുണ്ട്. അവരിലൂടെ അത്ഭുത രോഗശാന്തി ഉണ്ടാകുന്നുമുണ്ട്. എങ്കിലും ഈ രംഗത്തു നിരവധി വ്യാജന്മാരുണ്ട്. ആകയാൽ ദൈവമക്കൾ സൂക്ഷിക്കണം. അല്ലെങ്കിൽ വ്യാജന്മാരുടെ വഞ്ചനയ്ക്ക് ഇരയാകും.

രോഗശാന്തിക്ക് അമിത പ്രാധാന്യം കൊടുക്കുന്നവരെ സൂക്ഷിക്കുക. ഇത്തരക്കാർ വ്യാജന്മാരാകാനാണു സാധ്യത. രോഗശാന്തി ലഭിച്ചവരെക്കൊണ്ടു സാക്ഷ്യം പറയിക്കുന്നവർ ദൈവദാസന്മാരായിരിക്കാനുള്ള സാധ്യത വളരെ കുറവാണ്. ദൈവനാമ മഹത്വത്തിനെന്ന വ്യാജേനയാണ് ഇവർ സാക്ഷ്യം പറയിക്കുന്നത്. പക്ഷേ ഇവർ ദൈവത്തിനല്ല തങ്ങൾക്കുതന്നെയാണു മഹത്വമുണ്ടാക്കുന്നത്. ആകയാൽ ഇത്തരക്കാരുമായുള്ള എല്ലാ ഇടപാടുകളും ദൈവമക്കൾ ഒഴിവാക്കണം.

മരുന്നു കഴിക്കുന്നതു പാപമാണോ എന്നതാണ് അടുത്ത പ്രശ്നം. മരുന്നു കഴിക്കുന്നത് അവിശ്വാസം മൂലമാണെന്നോ പാപമാണെന്നോ തിരുവചനത്തിൽ കാണുന്നില്ല. എങ്കിലും ചിലർ ദൈവവചനം ദുർവ്യാഖ്യാനം ചെയ്ത് ഇത്തരം ദുരുപദേശങ്ങൾ സ്ഥാപിക്കാറുണ്ട്. പെന്തക്കോസ്ത് സഭകളിൽ ഈ ദുരുപദേശത്തിനു സ്വീകാര്യത ലഭിച്ചിരുന്നു എന്ന വസ്തുത മറച്ചു വച്ചിട്ടു കാര്യമില്ല. ഇപ്പോഴും ചില പെന്തക്കോസ്ത് സഭകളിൽ ഈ ദുരുപദേശം നിലനിൽക്കുന്നുമുണ്ട്. എങ്കിലും ഈ ദുരുപദേശത്തിന്റെ സ്വാധീനം അനുദിനം കുറഞ്ഞു വരികയാണ്.

ദൈവത്തിന് ഒന്നും അസാധ്യമല്ല. അതുകൊണ്ട് രോഗശാന്തി നൽകാനും ദൈവത്തിനു കഴിയും എന്നാണ് ഒരു വാദം. ദൈവം സർവ്വശക്തനാണെന്നതും ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല എന്നതും സത്യം തന്നെ. പക്ഷേ മനുഷ്യനു ചെയ്യാൻ കഴിയുന്നതൊന്നും ദൈവം ചെയ്യാറില്ല എന്ന വസ്തുത നാം മറന്നു കളയരുത്. മനുഷ്യന്റെ കഴിവ് അവസാനിക്കുന്നിടത്താണ് ദൈവപ്രവൃത്തി ആരംഭിക്കുന്നത്. ചില ഉദാഹരണങ്ങൾ:

ചെങ്കടൽ വിഭാഗിക്കാനുള്ള കഴിവു മനുഷ്യനില്ല. അതുകൊണ്ട് ദൈവം ചെങ്കടൽ വിഭാഗിച്ചു. പക്ഷേ നടക്കാനുള്ള കഴിവ് യിസ്രായേൽ മക്കൾക്കുണ്ടായിരുന്നു. അതുകൊണ്ട് അവർ നടന്ന് അക്കരെയെത്തി. ഗസയുടെ നിർജ്ജന പ്രദേശത്ത് ദൈവകല്പന പ്രകാരം എത്തിച്ചേർന്ന ഫിലിപ്പോസിനു മടങ്ങി വരാൻ ദൈവസഹായം ആവശ്യമായിരുന്നു. അതുകൊണ്ട് അവനെ ദൈവം എടുത്തു കൊണ്ടു പോന്നു. പക്ഷേ എന്നും രാവിലെ ഫിലിപ്പോസ് കുളിച്ചൊരുങ്ങി നിന്നു പ്രാർത്ഥിക്കുന്നു എന്നിരിക്കട്ടെ: ''ദൈവമേ, ഇതാ ഞാൻ റെഡിയായി നിൽക്കുന്നു. എന്നെ

എടുത്തു കൊണ്ടു പോകേണമേ.'' എത്ര പ്രാർത്ഥിച്ചാലും ദൈവാത്മാവു ഫിലിപ്പോസിനെ എടുത്തു കൊണ്ടുപോകുകയില്ല. ഫിലിപ്പോസിനു കാലു കൊടുത്തതു ദൈവമാണ്. നടക്കാൻ കഴിയുന്നിടത്ത് ഫിലിപ്പോസ് നടന്നു തന്നെ പോകണം.

പത്രോസിനു ജയിലിൽ നിന്നു രക്ഷപ്പെടാൻ ദൈവദൂതന്റെ സഹായം ആവശ്യമായിരുന്നു. അതുകൊണ്ട് ദൂതൻ അവനെ സഹായിച്ചു. പക്ഷേ ജയിലിനു പുറത്തുള്ള തെരുവിൽ എത്തിയ ഉടൻ ദൂതൻ അപ്രത്യക്ഷനായി. ദൂതൻ വരാതെ മുൻപോട്ടു പോകില്ല എന്നു ശഠിച്ചു കൊണ്ടു പത്രോസ് അവിടെത്തന്നെ നിന്നില്ല. അവൻ നടന്നു മർക്കോസിന്റെ വീട്ടിലെത്തി.

ഈ സംഭവങ്ങളൊക്കെ നമുക്കു ദൃഷ്ടാന്തമായി എഴുതിയിരിക്കയാണ്. മനുഷ്യനു ചെയ്യാൻ കഴിയുന്നതെല്ലാം മനുഷ്യൻ ചെയ്യണം. അതിനാവശ്യമായ ബുദ്ധിയും ശക്തിയും ദൈവം മനുഷ്യനു നൽകിയിട്ടുണ്ട്. പക്ഷേ മനുഷ്യന്റെ ബുദ്ധികൊണ്ടോ ശക്തികൊണ്ടോ സാധിക്കാനാവാത്ത കാര്യങ്ങളും ഉണ്ടാകും. അവ ദൈവത്തിനു വിട്ടുകൊടുക്കുക. അശൂർ രാജാവു യുദ്ധത്തിനായി വരുന്നു എന്നു കേട്ടപ്പോൾ ഹിസ്കിയാവ് സാധ്യമായ എല്ലാ മുൻകരുതലുകളും എടുത്തു. (2ദിന.32). പക്ഷേ അശൂർ രാജാവിനെ നേരിടാനുള്ള ശക്തി ഹിസ്ക്കിയാവിന്റെ സൈന്യത്തിനില്ലായിരുന്നു. അതുകൊണ്ട് അവൻ ദൈവത്തോടു നിലവിളിച്ചു. അസാധ്യമായതു ദൈവം സാധ്യമാക്കിക്കൊടുത്തു. ഒരു ദൈവദൂതൻ അശൂർ പാളയത്തിലെത്തി സംഹാരം നടത്തി. ഇതു നമുക്കൊരു പാഠമായിരിക്കണം. ശത്രുവായ പിശാചിനെതിരെ പോരാടാൻ നാം ധൈര്യം കാണിക്കണം. ചെയ്യാനാവുന്നതെല്ലാം ചെയ്യണം. പക്ഷേ നമ്മുടെ കഴിവ് അപര്യാപ്തമാകുമ്പോൾ ദൈവത്തോടു നിലവിളിക്കണം. ദൈവം പ്രവർത്തിക്കും. അത്ഭുതം നടക്കും. നാം രോഗികളാകുമ്പോഴും ഇതു തന്നെ ചെയ്യണം. രോഗസൗഖ്യത്തിനായി നമുക്കു ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യുക. അതോടൊപ്പം പ്രാർത്ഥിക്കുകയും വേണം.

വിശ്വാസികൾക്കു രോഗങ്ങൾ വരികയില്ല എന്നു പഠിപ്പിക്കുന്നവരുണ്ട്. ദൈവവചനം പഠിക്കാത്തതുകൊണ്ടാണ് ഇങ്ങനെയൊക്കെ പറയുന്നത്. ''ഞാൻ അബ്രഹാമിന്റെയും ഇസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവമാകുന്നു'' എന്ന് യഹോവയായ ദൈവം തന്നെ അരുളിച്ചെയ്തിട്ടുണ്ട്. പക്ഷേ യിസ്ഹാക്കിന്റെ അന്ധത ദൈവം മാറ്റിക്കൊടുത്തില്ല. മോശെയുടെ നാവിന്റെ കെട്ട് അഴിച്ചുമില്ല. പൗലോസിന്റെ ജഡത്തിലെ ശൂലം മാറ്റിക്കൊടുത്തോ? ദൈവമക്കൾക്കു രോഗം വരികയില്ലെന്ന സിദ്ധാന്തം ശരിയല്ലെന്ന് ഇതിൽ നിന്നു വ്യക്തമാകുന്നു.



മാറാവ്യാധികൾ ശാപത്തിന്റെ ഫലമായി ഉണ്ടാകുന്നതാണ് എന്ന വാദവും ശരിയല്ല. ഒരു രോഗവുമില്ലാതെ, എല്ലാവിധ ആഡംബരങ്ങളോടുംകൂടി സുഖിച്ചു ജീവിച്ച ധനവാൻ യാതനാസ്ഥലത്ത് എത്തി. (ലൂക്കോ.16:19-31) പക്ഷേ നിത്യരോഗിയും പരമ ദരിദ്രനുമായിരുന്ന ലാസർ പറുദീസയിലാണ് എത്തിച്ചേർന്നത്. ഈ കഥയിലെ ധനവാൻ ശപിക്കപ്പെട്ടവനും ദരിദ്രൻ അനുഗ്രഹിക്കപ്പെട്ടവനുമാണെന്നല്ലേ ഇതിൽ നിന്നു മനസ്സിലാക്കേണ്ടത്?

വിവിധ കാരണങ്ങളാൽ രോഗങ്ങളുണ്ടാകാം. രോഗാണുക്കൾ മൂലം രോഗമുണ്ടാകുമെന്നു വിശേഷിച്ചു പറയേണ്ടതില്ല. അപകടം മൂലം ശാരീരിക പ്രശ്നങ്ങളുണ്ടാകാം. ദുരാത്മാക്കളുടെ സ്വാധീനം മൂലം ശാരീരികവും മാനസികവുമായ രോഗങ്ങളുണ്ടാകാമെന്നു ദൈവവചനം തെളിയിക്കുന്നു. അയോഗ്യമായി തിരുവത്താഴം സ്വീകരിക്കുന്നതു രോഗത്തിനു കാരണമാകാം എന്നു പൗലോസ് പറയുന്നു. വാർദ്ധക്യസഹജമായ രോഗങ്ങളുമുണ്ട്. ഇവയിൽ ചിലത് ഒരിക്കലും സൗഖ്യമായില്ലെന്നും വരാം. അതുകൊണ്ട് രോഗങ്ങൾ ശാപത്തിന്റെ ഫലമായി ഉണ്ടാകുന്നതാണെന്നും മാറാരോഗികൾ ശപിക്കപ്പെട്ടവരാണെന്നും മറ്റുമുള്ള സിദ്ധാന്തങ്ങൾ വചന വിരുദ്ധമാണ്. സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നവർ പ്രചരിപ്പിക്കുന്ന ദുരുപദേശങ്ങളുടെ ഭാഗമാണിവയൊക്കെ.

രോഗം, അപകടം, പട്ടിണി, മരണം തുടങ്ങി ഇതര മനുഷ്യർക്കുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളും ദൈവമക്കൾക്കും ഉണ്ടാകും. പക്ഷേ സർവ്വശക്തനായ ദൈവത്തിന് ഇവയിൽ നിന്നെല്ലാം വിടുവിക്കുവാൻ കഴിയും. വിടുവിച്ചേ മതിയാകൂ എന്നുമില്ല. ഇതൊക്കെ ദൈവത്തിന്റെ പരമാധികാരത്തിൽപെട്ട കാര്യമാണ്. എങ്കിലും ഒരു കാര്യം ഉറപ്പ്: നല്ലവനായ ദൈവത്തിനു തിൻമ ചെയ്യാൻ പറ്റില്ല. ദൈവം തന്റെ മക്കൾക്ക് നൻമ മാത്രമേ ചെയ്യൂ. ദൈവത്തെ സ്നേഹിക്കുന്നവർക്ക് എല്ലാം നൻമയ്ക്കായിത്തീരുന്നു. രോഗം സൗഖ്യമായാൽ അതു നൻമയ്ക്ക്. ലാസറിനെപ്പോലെ നിത്യരോഗിയായി കഴിയേണ്ടതായി വന്നാൽ അതും നൻമയ്ക്ക്. ഇതാണു ശരിയായ കാഴ്ചപ്പാട്. ദൈവമക്കൾക്കു രോഗം വരികയില്ല എന്ന തെറ്റായ ഉപദേശത്തിൽ വിശ്വസിക്കുന്നവർക്ക് എപ്പോഴെങ്കിലും രോഗമുണ്ടായാൽ അതോടെ അവരുടെ വിശ്വാസജീവിതം തകരും എന്നതും എടുത്തു പറയേണ്ട കാര്യമാണ്. ആകയാൽ ദുരുപദേശക്കുരുക്കിൽ അകപ്പെടാതെ സൂക്ഷിക്കുക.

# 13
# വിശുദ്ധീകരണം

വിശുദ്ധീകരണം എന്ന വിഷയവുമായി ബന്ധപ്പെട്ടു തിരുവചനത്തിൽ കാണുന്നത് ഇതാണ്: ''വിശ്വാസി യേശുക്രിസ്തുവിന്റെ രക്തത്താലും ദൈവവചനത്താലും പരിശുദ്ധാത്മാവിനാലും വിശുദ്ധീകരിക്കപ്പെടുന്നു.''

ആദാമ്യ പാപത്താൽ മനുഷ്യവർഗ്ഗം പാപത്തിന് അധീനരായി ത്തീർന്നു. അങ്ങനെ സകല മനുഷ്യരും അശുദ്ധരായി. പിന്നീട് ഓരോ മനുഷ്യനും സ്വന്തം നിലയ്ക്കു ചെയ്ത പാപങ്ങൾ അശുദ്ധിയുടെ തീവ്രത വർദ്ധിപ്പിച്ചു. ഈ വിധത്തിൽ അശുദ്ധരായിത്തീർന്ന മനുഷ്യനു ദൈവത്തെ സമീപിക്കാനാവില്ല. ദൈവം വിശുദ്ധനാണ്. അതുകൊണ്ടു ദൈവത്തെ സമീപിക്കുന്നവരും വിശുദ്ധരായിരിക്കണം.

കുളിച്ചു ശുദ്ധരായി ദൈവത്തെ സമീപിക്കുക എന്ന ആശയം എല്ലാ മതങ്ങളിലും കാണാവുന്നതാണ്. പഴയനിയമത്തിലും ശരീര ശുദ്ധിക്കു വലിയ പ്രാധാന്യം കൊടുക്കുന്നുണ്ട്. പക്ഷേ പാപപങ്കിലമായ ആത്മാവിനെ ശുദ്ധീകരിക്കാൻ ഇതു മതിയാകുന്നതല്ല. ശുദ്ധീകരണം എന്ന വിഷയത്തെക്കുറിച്ചു വളരെ വിശദമായിത്തന്നെ ദൈവവചനത്തിൽ പരാമർശിക്കുന്നുണ്ട്. എങ്കിലും പ്രധാന പോയിന്റുകൾ മാത്രം പറയാം:

''ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല'' എന്ന് എബ്രാ.12:14 വ്യക്തമാക്കുന്നുണ്ട്. ''ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ'' എന്ന് 1തെസ്സ. 4:3 പറയുന്നു. ഇങ്ങനെ ശുദ്ധീകരണത്തിന്റെ ആവശ്യകത വ്യക്തമാക്കുന്ന നിരവധി വാക്യങ്ങൾ ബൈബിളിലുണ്ട്. മനുഷ്യന് ഒരു ശുദ്ധീകരണം ആവശ്യമാണ് എന്ന വസ്തുത ഏവരും അംഗീകരിക്കുന്നതാകയാൽ അതെപ്പറ്റി കൂടുതൽ പറയേണ്ടതില്ല. പക്ഷേ എങ്ങനെ ശുദ്ധീകരണം പ്രാപിക്കാം എന്നതാണു പ്രശ്നം. ബാഹ്യമായ ശുദ്ധീകരണത്തിനു പ്രാധാന്യം കൊടുക്കുന്ന മതങ്ങളുണ്ട്. ന്യായപ്രമാണത്തിലും ഈ വിധത്തിലുള്ള ശുദ്ധീകരണത്തിനു പ്രാധാന്യം നൽകിയിരുന്നു. പക്ഷേ ഇതല്ല ശരിയായ ശുദ്ധീകരണം.



**യേശുവിന്റെ രക്തത്താൽ**

കർത്താവായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുമെന്നു ബൈബിൾ വ്യക്തമായി പറയുന്നു. (1യോഹ.1:7) പഴയ നിയമ കാലത്ത് ആട്ടുകൊറ്റൻമാരുടെ രക്തത്താൽ ശുദ്ധീകരണം വരുത്താൻ ശ്രമം നടത്തിയിരുന്നു. പക്ഷേ പുതിയനിയമ കാലത്ത് യേശുവിന്റെ രക്തത്താൽ പൂർണ്ണമായ ശുദ്ധീകരണം ഉണ്ടാകുന്നതായി എബ്രായലേഖനം വ്യക്തമാക്കുന്നു. ''ആട്ടുകൊറ്റൻമാരുടെയും കാളകളുടെയും രക്തവും മലിനപ്പെട്ടവരുടെമേൽ തളിക്കുന്ന പശുഭസ്മവും ജഡികശുദ്ധി വരുത്തുന്നു എങ്കിൽ, നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിക്കുവാൻ നിങ്ങളുടെ മനസ്സാക്ഷിയെ നിർജ്ജീവ പ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും?'' (എബ്രാ.9:13,14)

യേശുവിന്റെ രക്തത്താൽ എങ്ങനെയാണ് ശുദ്ധീകരണമുണ്ടാകുന്നത് എന്ന ചോദ്യം പ്രസക്തമാണ്. പാപം നിമിത്തമാണ് മനുഷ്യൻ അശുദ്ധനായിത്തീർന്നത്. അങ്ങനെയെങ്കിൽ പാപം നീങ്ങാതെ അശുദ്ധി നീങ്ങുകയില്ല. പാപത്തിന്റെ ശമ്പളം മരണമത്രേ എന്നു ദൈവവചനം വ്യക്തമാക്കുന്നു. യേശുക്രിസ്തു സകല മനുഷ്യരുടേയും പാപം സ്വയം ഏറ്റെടുക്കുകയും എല്ലാവർക്കും വേണ്ടി മരണം വരിക്കുകയും ചെയ്തു. അങ്ങനെ യേശു എല്ലാ മനുഷ്യരുടെയും പാപത്തിനു ശാശ്വത പരിഹാരം വരുത്തി. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന വ്യക്തിയുടെ പാപങ്ങൾ മോചിക്കപ്പെടുന്നു. അങ്ങനെ പാപങ്ങളിൽ നിന്നു വിടുതൽ പ്രാപിക്കുന്ന വ്യക്തി ശുദ്ധനായിത്തീരുന്നു. കർത്താവായ യേശുവിന്റെ രക്തത്താൽ ശുദ്ധീകരണം സാധ്യമാകുന്നത് ഈ വിധത്തിലാണ്. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല.

**ദൈവവചനത്താൽ**

ദൈവവചനത്താൽ ശുദ്ധീകരണം പ്രാപിക്കാൻ കഴിയും എന്നു പറഞ്ഞാൽ മിക്കവർക്കും വിശ്വാസം വരില്ല. എങ്കിലും കർത്താവായ യേശുക്രിസ്തു തന്നെ പഠിപ്പിച്ചതാകയാൽ ഇതു നിഷേധിക്കാനാവില്ല. കർത്താവു തന്റെ ശിഷ്യൻമാരോട് ഇപ്രകാരം പറഞ്ഞു: ''ഞാൻ നിങ്ങളോടു സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു.'' (യോഹ.15:3) പിന്നീടു കർത്താവ് ഇപ്രകാരം പ്രാർത്ഥിക്കുന്നു: ''സത്യത്താൽ അവരെ വിശുദ്ധീകരിക്കണമേ; നിന്റെ വചനം സത്യം ആകുന്നു.'' (യോഹ.17:17)

ദൈവവചനം കേട്ടുകൊണ്ടിരുന്നാൽ ശുദ്ധീകരണമുണ്ടാകും എന്നൊരു തെറ്റിദ്ധാരണ പരക്കാൻ ഈ വാക്യങ്ങൾ കാരണമായിട്ടുണ്ട്. പക്ഷേ അതല്ല കർത്താവ് അർത്ഥമാക്കുന്നത്. ദൈവവചനം കേൾക്കുന്നതിലൂടെ ശുദ്ധീകരണം പ്രാപിക്കാൻ കഴിയുമെങ്കിൽ ലോകമെമ്പാടുമുള്ള മനുഷ്യരെ ശുദ്ധീകരിക്കാൻ വളരെ എളുപ്പമാണ്. പക്ഷേ അതല്ല കർത്താവു പറയുന്നത്. ഈ വിഷയത്തോടുള്ള ബന്ധത്തിൽ യാക്കോബ് പറയുന്നത് ഇങ്ങനെ: ''ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടു നിങ്ങളുടെ ആത്മാക്കളെ രക്ഷിക്കുവാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈക്കൊള്ളുവിൻ. എങ്കിലും വചനം കേൾക്കുക മാത്രം ചെയ്തുകൊണ്ടു തങ്ങളെ തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിക്കുവിൻ. ഒരുത്തൻ വചനം കേൾക്കുന്നവൻ എങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവിക മുഖം കണ്ണാടിയിൽ നോക്കുന്ന ആളോട് ഒക്കുന്നു. അവൻ തന്നെത്താൻ കണ്ടു പുറപ്പെട്ടു താൻ ഇന്ന രൂപം ആയിരുന്നു എന്ന് ഉടനെ മറന്നു പോകുന്നു.'' (യാക്കോ.1:21-24)

വചനം കേൾക്കുന്നതിനാലല്ല കേട്ട വചനം സ്വീകരിക്കുകയും അതു ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്നതിലൂടെയാണ് നാം ശുദ്ധീകരിക്കപ്പെടുന്നത്. വചനം കേൾക്കുന്നവൻ അതിനനുസരിച്ചു ജീവിക്കുന്നില്ലെങ്കിൽ ശുദ്ധീകരണം ലഭിക്കുകയില്ല.

**പരിശുദ്ധാത്മാവിനാൽ**

പരിശുദ്ധാത്മാവിനാൽ വിശ്വാസിക്കു ശുദ്ധീകരണം പ്രാപിക്കാൻ കഴിയും എന്നു ദൈവവചനം വ്യക്തമായി പറയുന്നുണ്ട്. പൗലോസ് എഴുതുന്നു: ''എങ്കിലും ജാതികൾ എന്ന വഴിപാട് പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടു പ്രസാദകരമായിത്തീരുവാൻ ഞാൻ ദൈവത്തിന്റെ സുവിശേഷഘോഷണം പുരോഹിതനായി അനുഷ്ഠിച്ചുകൊണ്ടു ജാതികളിൽ ക്രിസ്തുയേശുവിന്റെ ശുശ്രൂഷകനായിരിക്കേണ്ടതിനു, ദൈവം എനിക്കു നല്കിയ കൃപ നിമിത്തം നിങ്ങളെ ഓർമ്മപ്പെടുത്തുംവണ്ണം ഞാൻ ചിലയിടത്ത് അതിധൈര്യമായി നിങ്ങൾക്ക് എഴുതിയിരിക്കുന്നു.'' (റോമ. 15: 15,16) ജാതികൾ എന്ന വഴിപാട് പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെടുമെന്നും അങ്ങനെ അതു ദൈവത്തിനു പ്രസാദമുള്ള വഴിപാടായി മാറുമെന്നും പൗലോസ് വ്യക്തമാക്കുന്നു. ഇതു തന്നെ പൗലോസ് 1കൊരി. 6:11ൽ ആവർത്തിക്കുന്നു: ''നിങ്ങളും ചിലർ ഈ വകക്കാരായിരുന്നു; എങ്കിലും നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നേ



കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു.''

പാപിയായ മനുഷ്യൻ പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെടുന്നു എന്നു പറയുമ്പോൾ ഉണ്ടാകാനിടയുള്ള ഒരു തെറ്റിദ്ധാരണ തിരുത്തേണ്ടതുണ്ട്. മനുഷ്യൻ പാപിയായിരിക്കുമ്പോൾത്തന്നെ അവനിൽ പരിശുദ്ധാത്മാവിനാലുള്ള ശുദ്ധീകരണമുണ്ടാകുന്നു എന്നല്ല പൗലോസ് പറയുന്നത്. യേശുവിന്റെ രക്തം, ദൈവവചനം, പരിശുദ്ധാത്മാവ് എന്നിവയാൽ നടക്കുന്ന ശുദ്ധീകരണം സമാന്തരമായല്ല പരസ്പര പൂരകങ്ങളായാണു നടക്കുന്നത്. പാപിയായ മനുഷ്യൻ ദൈവവചനം കേൾക്കുകയും അതു സ്വീകരിക്കുകയും ചെയ്യുമ്പോൾ അവനിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനമുണ്ടാകുന്നു. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ഉള്ള ബോധം പരിശുദ്ധാത്മാവു നൽകുന്നതോടെ പാപി മാനസാന്തരപ്പെടുകയും കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുകയും ചെയ്യുന്നു. അപ്പോൾ യേശുവിന്റെ രക്തത്താൽ അവൻ നീതീകരണവും ശുദ്ധീകരണവും പ്രാപിക്കും. അവൻ വീണ്ടും ജനിച്ചവനാകുന്നു, രക്ഷിക്കപ്പെടുന്നു. അതുകൊണ്ടാണ് വിശ്വാസി യേശുവിന്റെ രക്തത്താലും ദൈവവചനത്താലും പരിശുദ്ധാത്മാവിനാലും ശുദ്ധീകരിക്കപ്പെടുന്നു എന്നു പറയുന്നത്. ഇവ ഓരോന്നും ശുദ്ധീകരണത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്. ദൈവഹിതപ്രകാരമുള്ള ശുദ്ധീകരണം നടന്നു കഴിയുമ്പോൾ അവൻ യേശുവിന്റെ രക്തത്താലും ദൈവവചനത്താലും പരിശുദ്ധാത്മാവിനാലും ശുദ്ധീകരണം പ്രാപിച്ചു കഴിഞ്ഞിരിക്കും.

നീതീകരണം, ശുദ്ധീകരണം തുടങ്ങിയവയെല്ലാം തികച്ചും സൗജന്യമായാണു ദൈവം മനുഷ്യനു ചെയ്തുകൊടുക്കുന്നത്. ദൈവകൃപയാൽ മാത്രമാണ് ഇവയൊക്കെ ലഭിക്കുന്നത്. ആകയാൽ മനുഷ്യന്റെ നീതിപ്രവൃത്തികളൊന്നും ഇതിനു കാരണമാകുന്നില്ല. പക്ഷേ ദൈവം ആരുടെമേലും ഇവ കെട്ടിയേല്പിക്കുന്നില്ല എന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ദൈവം എല്ലാവർക്കും നൽകിയിട്ടുണ്ട്. നിത്യജീവൻ ലഭിക്കാൻ ആഗ്രഹിക്കുന്നവർക്കു ദൈവം അതു സൗജന്യമായി നൽകുന്നതാണ്. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുക മാത്രമേ ചെയ്യേണ്ടതുള്ളൂ. പക്ഷേ ദൈവം സൗജന്യമായി നൽകുന്ന രക്ഷ സ്വീകരിക്കാൻ താത്പര്യമില്ലാത്തവർക്ക് നിത്യനാശത്തിലേക്കു പോകുവാനും ദൈവം സ്വാതന്ത്ര്യം നൽകിയിരിക്കയാണ്.

എന്തെങ്കിലുമൊക്കെ കർമ്മങ്ങൾ ചെയ്ത് ശുദ്ധീകരണം പ്രാപി

ക്കാൻ കഴിയും എന്നു വിശ്വസിക്കുന്നവരുണ്ട്. കുട്ടികൾക്കു മാമ്മോദീസാ നൽകിയാൽ ജൻമപാപം പോകും എന്നാണ് ചിലരുടെ ധാരണ. ചില കൂദാശകൾക്ക് അശുദ്ധി മാറ്റാനുള്ള കഴിവുണ്ടെന്നു വിശ്വസിക്കുന്നവരും നിരവധിയുണ്ട്. ഇതെല്ലാം തെറ്റിദ്ധാരണകളാണ്.

പാപമാണ് അശുദ്ധിക്കു കാരണം. അതുകൊണ്ടു പാപം മാറാതെ അശുദ്ധി മാറുകയില്ല. കർമ്മാചാരങ്ങളിലൂടെ പാപം മാറ്റാൻ കഴിയുമായിരുന്നെങ്കിൽ കർത്താവു മരിച്ചതു വെറുതെയായി. പാപം പോക്കാൻ യേശുവിന്റെ രക്തത്തിനു മാത്രമേ കഴിയൂ. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിലൂടെ മാത്രമേ പാപമോചനം സാധ്യമാകൂ. ദൈവവചനം കേട്ടു വിശ്വസിക്കയും പരിശുദ്ധാത്മ പ്രേരണയാൽ യേശുവിനെ രക്ഷിതാവായി സ്വീകരിക്കയുമാണു ചെയ്യേണ്ടത്. അതുകൊണ്ടാണ് ദൈവവചനം, പരിശുദ്ധാത്മാവ്, യേശുവിന്റെ രക്തം എന്നിവയാൽ ശുദ്ധീകരണം പ്രാപിക്കുന്നു എന്നു പറയുന്നത്.

ദൈവഹിതപ്രകാരമുള്ള ശുദ്ധീകരണം പ്രാപിക്കാത്തവർ ദൈവമക്കളല്ല. അങ്ങനെയുള്ളവർ രക്ഷിക്കപ്പെട്ടവരല്ല, വീണ്ടും ജനനം പ്രാപിച്ചവരുമല്ല. ക്രൈസ്തവ കുടുംബത്തിൽ ജനിച്ചതുകൊണ്ടു മാത്രം ഒരു വ്യക്തി രക്ഷിക്കപ്പെട്ടവനാകുന്നില്ല എന്നു പറയാൻ ഇതാണു കാരണം. ജഡത്താൽ ജനിച്ചതു ജഡമാകുന്നു എന്നു കർത്താവായ യേശുക്രിസ്തു തന്നെ വ്യക്തമാക്കിയിട്ടുണ്ടല്ലോ. എത്ര പാരമ്പര്യം പറയാൻ കഴിയുന്ന കുടുംബത്തിൽ ജനിച്ചാലും യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കാതെ ശുദ്ധീകരണം പ്രാപിക്കാൻ കഴിയുന്നതല്ല. ശുദ്ധീകരണം കൂടാതെ ആരും ദൈവത്തെ കാണുകയുമില്ല. ആകയാൽ ദൈവവചനം എന്തു പറയുന്നു എന്നു മനസ്സിലാക്കുകയും ആ വചനം അനുസരിക്കാൻ തീരുമാനിക്കുകയും ചെയ്യുക. അപ്പോൾ പരിശുദ്ധാത്മാവിന്റെ സഹായം ലഭിക്കും. കർത്താവായ യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവും ആയി സ്വീകരിക്കാൻ കഴിയും. അതോടെ ശുദ്ധീകരണം പ്രാപിക്കുകയും ചെയ്യും. ഇപ്രകാരം ശുദ്ധീകരണം പ്രാപിച്ച വ്യക്തിയെ പിന്നീടു പാപിയെന്നല്ല വിശുദ്ധൻ എന്നത്രേ വിളിക്കുക.

# 14

# ദൈവസഭ

ദൈവസഭ എന്നാൽ എന്ത്? ദൈവം വിളിച്ചു വേർതിരിച്ചവരുടെ കൂട്ടമാണു ദൈവസഭ എന്നു സാമാന്യമായി പറയാം. എങ്കിലും സഭയെ നിർവ്വചിച്ചാൽ അത് ഇപ്രകാരമായിരിക്കും:

''കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചു വീണ്ടും ജനനം പ്രാപിച്ചവരുടെ സമൂഹമാണു ദൈവസഭ. സഭയുടെ വിശ്വാസാചാരങ്ങൾ പുതിയ നിയമത്തിലെ ഉപദേശങ്ങൾക്ക് അനുസൃതമായിരിക്കണം. പഴയ നിയമത്തിലെ ചട്ടങ്ങളും നിയമങ്ങളും പുതിയനിയമ വിശ്വാസികൾക്കു ബാധകമല്ല. വിശ്വാസി, വിശ്വാസികളുടെ പ്രാദേശിക കൂട്ടായ്മയായ പ്രാദേശിക സഭ, എല്ലാ വിശ്വാസികളും ഉൾക്കൊള്ളുന്ന ആകമാനസഭ എന്നിവ മാത്രമേ ദൈവിക പദ്ധതിയിലുള്ളൂ. സഭകൾ എന്ന പേരിൽ അറിയപ്പെടുന്ന സംഘടനകൾ ദൈവികമല്ല.''

വലിയ വിശദീകരണമൊന്നും കൂടാതെ മനസ്സിലാക്കാൻ കഴിയുന്ന കാര്യങ്ങൾ മാത്രമേ ഇവിടെയുള്ളൂ. ജൻമം കൊണ്ടല്ല വീണ്ടും ജനനം മൂലമാണ് ഒരു വ്യക്തി ക്രിസ്ത്യാനിയാകുന്നത്. ജഡത്താൽ ജനിച്ചതു ജഡമാകുന്നു എന്നു കർത്താവുതന്നെ വ്യക്തമാക്കിയിട്ടുണ്ടല്ലോ. വീണ്ടും ജനിച്ചില്ലെങ്കിൽ ആർക്കും ദൈവരാജ്യം കാണാൻ കഴിയുന്നതല്ല എന്നത്രേ കർത്താവു പറഞ്ഞത്. വീണ്ടും ജനനം എന്നത് എത്രത്തോളം പ്രാധാന്യമുള്ള വിഷയമാണെന്ന് ഇതിൽ നിന്നു മനസ്സിലാക്കാം. വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള പ്രധാന വ്യത്യാസം ഇതാണ്: ഒരു വട്ടം ജനിച്ചാൽ സാധാരണ മനുഷ്യനാകാം. പക്ഷേ വീണ്ടും ജനിച്ചാൽ ദൈവപൈതലാകാം. എന്നാൽ ക്രിസ്ത്യാനികളെന്ന് അവകാശപ്പെട്ടു നടക്കുന്ന ഭൂരിപക്ഷം ആളുകൾക്കും ഈ വസ്തുത അറിഞ്ഞുകൂടാ എന്നത് ഒരു ദു:ഖസത്യമായി അവശേഷിക്കുന്നു. അതുകൊണ്ട് അവർ വീണ്ടും ജനനം പ്രാപിക്കുകയോ നിത്യജീവന് അവകാശികളായി തീരുകയോ ചെയ്യുന്നില്ല.

''കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചു വീണ്ടും ജനനം പ്രാപിച്ചവരുടെ സമൂഹമാണു ദൈവസഭ'' എന്നത്രേ നാം മനസ്സിലാക്കേണ്ടത്. വീണ്ടും ജനനം, രക്ഷ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് മുൻ അധ്യായങ്ങളിൽ വിശദീകരിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കേണ്ടതില്ല. എങ്കിലും പറയട്ടെ: രക്ഷ സൗജന്യമാണ്. അതു കൃപയാൽ വിശ്വാസം മൂലം പ്രാപിക്കേണ്ടതാണ്. മനുഷ്യരുടെ ഒരു നീതിപ്രവൃത്തിയും രക്ഷയ്ക്കു കാരണമാകുന്നതല്ല. ദൈവം തന്റെ കൃപയാൽ രക്ഷ നൽകുന്നു. മനുഷ്യൻ അതു വിശ്വാസത്താൽ പ്രാപിക്കുന്നു. ദൈവം എല്ലാവർക്കും രക്ഷ നൽകുവാൻ തയ്യാറാണെങ്കിലും വിശ്വസിക്കുന്നവർക്കു മാത്രമേ അതു ലഭിക്കുന്നുള്ളൂ.

എങ്ങനെയാണ് രക്ഷ സൗജന്യമായി നൽകാൻ ദൈവത്തിനു കഴിയുന്നത്? മനുഷ്യന്റെ പാപം ദൈവം വെറുതെ ക്ഷമിക്കുകയാണോ ചെയ്യുന്നത്? അല്ല, പാപത്തിന്റെ ശമ്പളം മരണമാണ്. അതുകൊണ്ടു പാപി മരിച്ചേ മതിയാകൂ. നീതിമാനായ ദൈവത്തിനു പാപിയെ ശിക്ഷിക്കാതിരിക്കാൻ സാധ്യമല്ല. എന്നാൽ സ്നേഹസ്വരൂപനായ ദൈവം പാപിയെ ശിക്ഷിക്കുന്നത് ഒഴിവാക്കാനും ആഗ്രഹിക്കുന്നു. പരസ്പര വിരുദ്ധങ്ങളായ ഈ താത്പര്യങ്ങൾ എങ്ങനെ സാധ്യമാകും? ക്രിസ്തുവിലൂടെ, യേശുവിലൂടെ മാത്രം. കർത്താവായ യേശുകിസ്തു സകല മനുഷ്യരുടെയും പാപങ്ങൾ ഏറ്റെടുത്ത് എല്ലാവർക്കും വേണ്ടി മരിച്ചു. അങ്ങനെ സകല മനുഷ്യരുടെയും പാപങ്ങൾക്കുള്ള ശിക്ഷ യേശു അനുഭവിച്ചു. ഒരു തെറ്റിന് രണ്ടു വട്ടം ശിക്ഷ നൽകാനാവില്ല. മനുഷ്യരുടെ പാപങ്ങൾക്കുള്ള ശിക്ഷ യേശു അനുഭവിച്ചുകഴിഞ്ഞതിനാൽ ഇനി പാപിയെ ശിക്ഷിക്കാനാവില്ല. പക്ഷേ ദൈവം ആരുടെമേലും രക്ഷ കെട്ടിയേൽപ്പിക്കുന്നില്ല. രക്ഷയ്ക്കായി കാംക്ഷിക്കുന്നവനു മാത്രമേ ദൈവം രക്ഷ നൽകുകയുള്ളൂ. യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി ഹൃദയം കൊണ്ടു സ്വീകരിക്കുകയും വായ്കൊണ്ട് ഏറ്റു പറയുകയും ചെയ്യുന്നതിലൂടെയാണ് പാപി രക്ഷ പ്രാപിക്കുന്നത്. ക്രൈസ്തവ കുടുംബത്തിൽ ജനിച്ചതു കൊണ്ടു മാത്രം ആരും ക്രിസ്ത്യാനിയാകുന്നില്ല എന്നു പറയാൻ ഇതാണു കാരണം. ഏതു കുടുംബത്തിൽ ജനിച്ചാലും ജഡത്താലാണു ജനിക്കുന്നത്. അതു ജഡം മാത്രമായിരിക്കും. വീണ്ടും ജനിക്കുമ്പോൾ മാത്രമേ ക്രിസ്ത്യാനിയാകുന്നുള്ളൂ.

വീണ്ടും ജനിച്ചവരുടെ പ്രാദേശിക കൂട്ടത്തെ പ്രാദേശിക സഭ എന്നു വിളിക്കാം. എല്ലാ പ്രാദേശിക സഭകളും ചേരുന്നതാണ് ആകമാന സഭ. വീണ്ടും ജനിച്ചവരെല്ലാം ഈ സാർവ്വത്രിക സഭയിൽ അംഗങ്ങ



ളാണ്. സഭകൾ എന്ന പേരിൽ അറിയപ്പെടുന്ന സംഘടനകളൊന്നും ദൈവിക പദ്ധതിയിലില്ല. ഇവയെല്ലാം മാനുഷികമോ സാത്താന്യമോ ആണ്. ഈ സംഘടനകളുടെ നേതാക്കൻമാരാകുന്നതിലൂടെ ആരും ആത്മിക അധികാരങ്ങളൊന്നും പ്രാപിക്കുന്നുമില്ല. ഈ സംഘടനകൾ നൽകുന്ന ഓർഡിനേഷൻ ദൈവികമാണെന്ന ധാരണയും ശരിയല്ല.

''സഭയുടെ വിശ്വാസാചാരങ്ങൾ പുതിയ നിയമത്തിലെ ഉപദേശങ്ങൾക്ക് അനുസൃതമായിരിക്കണം. പഴയ നിയമത്തിലെ ചട്ടങ്ങളും നിയമങ്ങളും പുതിയനിയമ വിശ്വാസികൾക്കു ബാധകമല്ല'' എന്ന ഭാഗമാണ് ഇനി വിശദീകരിക്കാനുള്ളത്. ഈ വിഷയത്തിലേക്കു കടക്കുന്നതിനു മുമ്പായി ചില വസ്തുതകൾ വ്യക്തമാക്കട്ടെ.

പഴയനിയമവും പുതിയനിയമവും അടങ്ങിയ ബൈബിളിലെ എല്ലാ പുസ്തകങ്ങളും ദൈവനിശ്വാസീയമാണെന്നു പ്രാരംഭ അധ്യായത്തിൽത്തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. അങ്ങനെയെങ്കിൽ പുതിയ നിയമത്തിന് എന്തു പ്രത്യേകതയാണുള്ളത്? വിശദീകരിക്കാം.

മനുഷ്യവർഗ്ഗത്തിനു ദൈവം ഓരോ കാലത്തും ഓരോ തരത്തിലുള്ള കല്പനയാണു കൊടുത്തിട്ടുള്ളത്. ഏദെൻ തോട്ടത്തിലായിരുന്ന ആദിമ മനുഷ്യന് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നരുത് എന്ന കല്പന മാത്രമാണു നൽകിയിരുന്നത്. പക്ഷേ ആ കല്പന മനുഷ്യൻ തെറ്റിച്ചു. അതോടെ ആ കല്പനയുടെ കാലം കഴിഞ്ഞു. പിന്നീടു വന്ന യുഗത്തിൽ സ്വന്തം മനസ്സാക്ഷി അനുസരിച്ചു ജീവിക്കാൻ ദൈവം മനുഷ്യനെ അനുവദിച്ചു.

അബ്രഹാമിന്റെ കാലമായപ്പോൾ മറ്റു ചില കല്പനകളാണു ദൈവം നൽകിയത്. ബന്ധുമിത്രാദികളെ വിട്ട് ദൈവം കാണിക്കുന്ന ദേശത്തേക്കു പോകുക എന്നതായിരുന്നു അബ്രഹാമിനു ലഭിച്ച പ്രധാന കല്പന. പിന്നീടു പരിച്ഛേദനയുടെ നിയമവും ദൈവം നൽകി.

ന്യായപ്രമാണം നിലവിൽ വന്നതോടെ അതിനു മുമ്പുള്ള നിയമങ്ങളെല്ലാം അസാധുവായി. എങ്കിലും ദൈവം അബ്രഹാമിനു നൽകിയ വാഗ്ദത്തങ്ങൾക്കു മാറ്റമുണ്ടായില്ല. ന്യായപ്രമാണകാലം ഒന്നര സഹസ്രാബ്ദത്തോളം കാലം നീണ്ടുനിന്നു. അതു കഴിഞ്ഞ് പുതിയനിയമം നിലവിൽ വന്നു. അത് ഇപ്പോഴും തുടരുന്നു. ഓരോ കാലത്തും നിലനിന്നിരുന്ന നിയമങ്ങൾ അനുസരിച്ചായിരുന്നു മനുഷ്യൻ ജീവിക്കേണ്ടിയിരുന്നത്. ഇന്നും അതുതന്നെ സ്ഥിതി. ഇക്കാലത്തു നിലനിൽക്കുന്ന നിയമം പുതിയനിയമമാണ്. പുതിയനിയമത്തിന് അനുസൃതമായി വേണം നാം ഇക്കാലത്തു ജീവിക്കുവാൻ.

അപ്പോൾ പത്തു കല്പനയോ? അവ പഴയനിയമത്തിലുള്ളതാണെങ്കിലും ഇന്നും ബാധകമല്ലേ? ന്യായമായ സംശയം. ഈ ചോദ്യത്തിന് ഉത്തരം പറയുന്നതിനു മുമ്പായി ഒരു ചോദ്യത്തിനു നിങ്ങൾ ഉത്തരം പറയണം. കല്ലിൽ അക്ഷരമായി കൊത്തിയിരുന്ന നിയമം ഏത്? അല്ലെങ്കിൽ മോശെയുടെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചത് ഏതു നിയമത്തോടുള്ള ബന്ധത്തിലാണ്? പത്തു കല്പനകൾ. ശരിയല്ലേ?

ഇനി 2 കൊരി.3:6-16 വായിക്കുക. ഇവിടെ എന്താണു പറയുന്നത്?കല്ലിൽ അക്ഷരമായി കൊത്തിയിരുന്ന നിയമം മാറി എന്നും പുതിയനിയമം നിലവിൽ വന്നു എന്നുമല്ലേ? സംശയം തീരാത്തവർ പി.ഒ.സി ബൈബിൾ, ഓശാന ബൈബിൾ തുടങ്ങിയവകൂടി വായിക്കുക.

അപ്പോൾ പത്തു കല്പനകൾ അനുസരിക്കേണ്ട എന്നാണോ? അതെ. അങ്ങനെയെങ്കിൽ വ്യഭിചരിക്കാമല്ലോ, മോഷ്ടിക്കാമല്ലോ, വിഗ്രഹങ്ങളെ ആരാധിക്കാമല്ലോ. ആകാം, പുതിയനിയമം അനുവദിക്കുന്നുണ്ടെങ്കിൽ. പക്ഷേ പത്തു കല്പനകളിൽ ശാബതിനെ സംബന്ധിച്ച പ്രമാണം ഒഴികെയുള്ള ഒൻപതെണ്ണവും പുതിയനിയമത്തിലുണ്ട്. ചില തൊക്കെ അല്പം കഠിനമാക്കിയിട്ടുമുണ്ട്. ഉദാഹരണത്തിന്, അക്ഷരാർത്ഥത്തിലുള്ള വ്യഭിചാരം മാത്രമായിരുന്നു പഴയനിയമ കാലത്തു വ്യഭിചാരം. പക്ഷേ മോഹിക്കേണ്ടതിനു സ്ത്രീയെ നോക്കുന്നവൻ പോലും ഹൃദയംകൊണ്ടു വ്യഭിചാരം ചെയ്യുന്നു എന്ന് കർത്താവു പറഞ്ഞു. അങ്ങനെ നിയമം കൂടുതൽ കഠിനമായി. മോഷ്ടിക്കരുത് എന്നു പഴയനിയമത്തിലെ കല്പന പറയുമ്പോൾ ‘‘കള്ളൻ ഇനി കക്കാതെ മുട്ടുള്ളവനു ദാനം ചെയ്യുവാൻ ഉണ്ടാകേണ്ടതിനു കൈകൊണ്ടു നല്ലതു പ്രവർത്തിച്ച് അദ്ധ്വാനിക്കുകയത്രേ വേണ്ടത്'' (എഫേ.4:28) എന്നു പുതിയനിയമം പറയുന്നു. അതുകൊണ്ടു ഫലത്തിൽ ഒൻപതു കല്പനകൾ പുതിയനിയമകാലത്തും ദൈവമക്കൾ അനുസരിക്കണമെന്നു മാത്രമല്ല, അവയിൽ ചിലതു കൂടുതൽ കഠിനമാകുകയും ചെയ്തു. പക്ഷേ പഴയനിയമത്തിൽ ഉള്ളതുകൊണ്ടല്ല പുതിയനിയമത്തിൽ ഉള്ളതുകൊണ്ടാണ് ഇവ ദൈവമക്കൾ അനുസരിക്കുന്നത്. ദൈവസഭയുടെ വിശ്വാസാചാരങ്ങൾ പുതിയനിയമത്തിൽ കാണുന്ന ചട്ടങ്ങളും വിധികളും അനുസരിച്ചു മാത്രമായിരിക്കണം.

# 15
# ശുശ്രൂഷകൻമാർ

ആത്മികശുശ്രൂഷ എന്ന വിഷയവുമായി ബന്ധപ്പെട്ട് ദൈവവചനത്തിൽ കാണുന്നത് ഇതാണ്: ‘‘അപ്പോസ്തലൻ, പ്രവാചകൻ, സുവിശേഷകൻ, ഇടയൻ, അദ്ധ്യാപകൻ എന്നിവരാണ് ദൈവസഭയിലെ പ്രധാന ശുശ്രൂഷകർ. ദൈവം തന്റെ ജനത്തെ ഭരമേല്പിച്ചിരിക്കുന്ന ശുശ്രൂഷ ചെയ്യാൻ അവരെ പരിശീലിപ്പിക്കുകയെന്നതാണ് ഈ ശുശ്രൂഷകരുടെ പ്രധാന ദൗത്യം. ഓരോ പ്രാദേശിക സഭയിലും ഒരു അദ്ധ്യക്ഷൻ (പാസ്റ്റർ, ബിഷപ്പ്) ഉണ്ടായിരിക്കണം. ഈ അദ്ധ്യക്ഷന്റെ കീഴിൽ ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരികളും വേണം.’’

കത്തോലിക്കാ സഭയിൽ പോപ്പ് മുതൽ അച്ചൻമാർ വരെയുള്ള വിവിധതരം ശുശ്രൂഷകരുണ്ട്. ഇവരെല്ലാം പുരോഹിതരാണ്. യാക്കോബായ സഭയിൽ പാത്രിയാർക്കീസ് മുതൽ അച്ചൻമാർ വരെയുള്ള പട്ടക്കാരുണ്ട്. ഓർത്തഡോക്സ് സഭയിൽ പാത്രിയാർക്കീസിനു പകരം കാതോലിക്കാ ആണെന്ന വ്യത്യസമേയുള്ളൂ. മാർതോമ്മാ സഭയിൽ മാർതോമ്മാ മെത്രാപ്പോലീത്തായാണു സഭാതലവൻ.

ബ്രദറൺ സഭകളിൽ സഹോദരൻമാരും സഹോദരിമാരും സുവിശേഷകരും മാത്രമേയുള്ളൂ. പെന്തക്കോസ്ത് സഭകളിൽ എന്തൊക്കെയാണുള്ളതെന്നു തീർത്തു പറയാനാവില്ല. പക്ഷേ തിരുവചനം എന്തു പറയുന്നു എന്നാണു നമുക്കു പരിശോധിക്കാനുള്ളത്.

ബൈബിൾ പറയുന്നു: ‘‘അവൻ ചിലരെ അപ്പൊസ്തലൻമാരായും ചിലരെ പ്രവാചകൻമാരായും ചിലരെ സുവിശേഷകൻമാരായും ചിലരെ ഇടയൻമാരായും ഉപദേഷ്ടാക്കൻമാരായും നിയമിച്ചിരിക്കുന്നു.’’ (എഫേ.4:11) ഇവരാണ് ദൈവസഭയിലെ ശുശ്രൂഷകൻമാർ. ഉപദേഷ്ടാക്കൻമാർ എന്നു പറയുന്നതിനു മുമ്പ് ‘ചിലരെ’ എന്നു പറഞ്ഞിട്ടില്ലാത്തതിനാൽ ഇടയൻമാരും ഉപദേഷ്ടാക്കൻമാരും ഒന്നാണെന്നു വാദിക്കുന്നവരുണ്ട്. എങ്കിലും ഇവർ രണ്ടാണ് എന്നു കരുതിക്കൊണ്ടാണ് ഈ പഠനം മുമ്പോട്ടു കൊണ്ടുപോകുന്നത്.

1. അപ്പോസ്തലൻ

അയയ്ക്കപ്പെട്ടവൻ എന്നാണ് ഈ വാക്കിന്റെ അർത്ഥം. കർത്താവിനാൽ തിരഞ്ഞെടുക്കപ്പെട്ട 12 പേർക്കാണ് ആദ്യം ഈ പേര് ഉപയോഗിച്ചത്. പിന്നീടു മത്ഥിയാസിനെയും അപ്പൊസ്തലനായി പരിഗണിച്ചു. പൗലോസ് അപ്പോസ്തലനാണെന്നു വിശേഷിച്ചു പറയേണ്ടതില്ല. (1കൊരി. 9:1). കർത്താവിന്റെ സഹോദരനായ യാക്കോബിനെ അപ്പോസ്തലനായി അംഗീകരിച്ചിരുന്നു എന്ന് ഗലാ.1:19 തെളിയിക്കുന്നു. പ്രവൃ.14:14ൽ ബർന്നബാസിനെ അപ്പോസ്തലൻ എന്നു വിളിച്ചിരിക്കുന്നു. അപ്പോസ്തലൻമാരുടെ എണ്ണം 12 മാത്രമല്ല എന്ന് ഇതിൽനിന്നു മനസ്സിലാക്കാം. ഇക്കാലത്തും അപ്പോസ്തലൻമാരുണ്ട്. ''അപ്പൊസ്തലന്റെ ലക്ഷണങ്ങൾ പൂർണ്ണ സഹിഷ്ണുതയിലും അടയാളങ്ങളാലും അത്ഭുതങ്ങളാലും വീര്യപ്രവൃത്തികളാലും നിങ്ങളുടെ ഇടയിൽ വെളിപ്പെട്ടുവന്നുവല്ലോ'' എന്നു പൗലോസ് പറയുന്നതിൽ നിന്നും അപ്പോസ്തലൻമാരുടെ ലക്ഷണങ്ങൾ മനസ്സിലാക്കാം. വ്യാജ അപ്പോസ്തലൻമാരും ഉണ്ടാകാം. (2കൊരി. 11:13, വെളി.2:2). ആകയാൽ സൂക്ഷിക്കുക. പക്ഷേ സ്ത്രീകൾ അപ്പോസ്തോലിക ശുശ്രൂഷ ചെയ്തതായി ദൈവവചനത്തിൽ കാണുന്നില്ല.

2. പ്രവാചകൻ

പ്രസംഗകരെയാണു പ്രവാചകൻമാർ എന്നു വിളിച്ചിരിക്കുന്നത് എന്നൊരു ധാരണയുണ്ട്. അതു ശരിയല്ല. ദൈവത്തിൽ നിന്നു നേരിട്ട് അരുളപ്പാടുകൾ പ്രാപിച്ച് ജനത്തെ അറിയിക്കുന്നവരാണു പ്രവാചകൻമാർ. ദൈവമക്കൾക്കു ദൈവം നൽകുന്ന കൃപാവരങ്ങളിൽ ഒന്നാണു പ്രവചനവരം.

അഗബോസ് എന്ന പ്രവാചകനെക്കുറിച്ച് പ്രവൃ.11:28, 21:10-12 എന്നീ വാക്യങ്ങളിൽ പരാമർശമുണ്ട്. അഗബോസ് പ്രസംഗകനായിരുന്നില്ല ഭാവി പ്രവചിക്കുന്നവനായിരുന്നു. ആസന്ന ഭാവിയിൽ ഉണ്ടാകുവാൻ പോകുന്ന ക്ഷാമത്തെക്കുറിച്ചും പൗലോസിനുണ്ടാകാനുള്ള കഷ്ടങ്ങളെക്കുറിച്ചും അഗബോസ് പ്രവചിച്ചു. അതുപോലെ, സുവിശേഷകനായ ഫിലിപ്പോസിന്റെ പെൺമക്കൾ പ്രവചിച്ചിരുന്നു. (പ്രവൃ. 21:8,9). മൂടുപടമിട്ടുകൊണ്ടു സ്ത്രീകൾക്ക് സഭയിൽ പ്രവചിക്കാം എന്നു പൗലോസ് വ്യക്തമാക്കുന്നുമുണ്ട്. (1കൊരി.11:5)

3. സുവിശേഷകൻ

പേരു സൂചിപ്പിക്കുന്നതു പോലെ, സുവിശേഷം അറിയിക്കുന്നവനാണു സുവിശേഷകൻ. സ്തേഫാനോസിടൊപ്പം തിരഞ്ഞെടുക്കപ്പെട്ട



ഫിലിപ്പോസിനെ സുവിശേഷകൻ എന്നാണു വിളിച്ചിരിക്കുന്നത്. അപ്പോസ്തലൻ, പ്രവാചകൻ എന്നിവരേക്കാൾ താഴെയുള്ളതും പാസ്റ്ററേക്കാൾ വലിയവനുമാണു സുവിശേഷകൻ. സുവിശേഷകൻ മൂത്തു പാസ്റ്ററാകുന്ന പരിപാടി ദൈവവചനത്തിലില്ല എന്നു ചുരുക്കം. സുവിശേഷകനെ പാസ്റ്ററാക്കുന്ന അത്ഭുതവിദ്യ പെന്തക്കോസ്തിൽ മാത്രമേ കാണൂ. ഇതു വചനവിരുദ്ധമാണ്.

അപ്പോസ്തലന്റെ ശുശ്രൂഷയും സുവിശേഷകന്റെ ശുശ്രൂഷയും തമ്മിൽ വളരെ സാമ്യമുണ്ടെന്ന് പ്രവൃ.8-ാം അധ്യായം തെളിയിക്കുന്നു. വിവിധ സ്ഥലങ്ങളിൽ സഞ്ചരിച്ചു സുവിശേഷം അറിയിക്കുക, സഭകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് സുവിശേഷകന്റെ ജോലി. പക്ഷേ അപ്പോസ്തലൻമാരെപ്പോലെ സുവിശേഷകർ സഭകളിൽ ഭരണം നടത്തിയതായി ബൈബിളിൽ കാണുന്നില്ല എന്നതു ശ്രദ്ധേയമാണ്.

4. ഇടയൻ

പാസ്റ്റർ എന്ന ഇംഗ്ലീഷ് വാക്കാണ് മലയാളികളായ നമുക്ക് ഇടയൻ എന്ന മലയാളവാക്കിനേക്കാൾ പരിചയം. ആളുകളെ പരിപാലിക്കുന്നവനാണ് ഇടയൻ. കർത്താവായ യേശുക്രിസ്തു ആടുകൾക്കു വേണ്ടി സ്വന്തം ജീവൻ കൊടുത്ത നല്ലയിടയനാണ്. യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരുടെ പ്രാദേശികകൂട്ടായ്മയാണ് പ്രാദേശിക സഭ. ഈ ആട്ടിൻകൂട്ടത്തെ പരിപാലിക്കാനായി ദൈവം നിയമിച്ച ഇടയൻമാരാണ് പാസ്റ്റർമാർ. 1തിമോ.3:1ൽ കാണുന്ന ബിഷപ്പ് ഇടയൻ (പാസ്റ്റർ) തന്നെ.

പ്രാദേശിക സഭയിൽ ഒരു ശുശ്രൂഷകൻ മാത്രം എന്ന രീതിയാണ് ഇപ്പോൾ നിലവിലുള്ളത്. പക്ഷേ അതല്ല ദൈവവചനത്തിൽ കാണുന്നത്. 1തിമോ.3:1 മുതൽ വായിച്ചാൽ അധ്യക്ഷൻ അഥവാ ബിഷപ്പ്, ശുശ്രൂഷകൻമാർ, സ്ത്രീകൾ (ശുശ്രൂഷക്കാരികൾ) എന്നിങ്ങനെ മൂന്നുതരം ശുശ്രൂഷക്കാർ പ്രാദേശിക സഭയിലുണ്ടെന്നു മനസ്സിലാക്കാം. ശുശ്രൂഷകരുടെ മേൽനോട്ടക്കാരനാണ് പാസ്റ്റർ എന്ന് ഈ ഭാഗം ശ്രദ്ധിച്ചു വായിച്ചാൽ വ്യക്തമാകും.

5. ഉപദേഷ്ടാവ്

അധ്യാപകൻ എന്ന് അർത്ഥം വരുന്ന ഗ്രീക്ക് വാക്കാണ് മലയാളത്തിൽ ഉപദേഷ്ടാവ് എന്നു തർജ്ജമ ചെയ്തിരിക്കുന്നത്. ഇതു ശരിയായ തർജ്ജമയല്ല. ദൈവവചനം പഠിപ്പിക്കുന്ന വ്യക്തിയാണ് ഉപദേഷ്ടാവ്. പക്ഷേ ഭൂരിപക്ഷം പ്രാദേശിക സഭകളിലും ഉപദേഷ്ടാവ് (അധ്യാപകൻ) എന്നൊരു ശുശ്രൂഷകനില്ല.

ഈ അഞ്ചുതരം ശുശ്രൂഷകൻമാരുടെ ജോലിയെന്ത്? അത് എഫേ.4:12-13ൽ പറയുന്നുണ്ട്: ''അതു നാം എല്ലാവരും വിശ്വാസ ത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യ തയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായ ത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധൻമാരുടെ യഥാസ്ഥാനത്തി നായുള്ള ശുശ്രൂഷയുടെ വേലയ്ക്കും, ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മികവർദ്ധനയ്ക്കും ആകുന്നു.''

വല്ല പിടിയും കിട്ടിയോ? ഇല്ലെന്നു തീർച്ച. മൂക്കിൽ തൊടാൻ മൂന്നു വലത്തു വയ്ക്കുന്ന രീതിയിലാണ് പൗലോസ് സാധാരണയായി എഴുതുക എന്ന് ഗ്രീക്ക് അറിയാവുന്നവർ പറയാറുണ്ട്. മേല്പടി വാക്യ ങ്ങൾ തർജ്ജമ ചെയ്തവർ അതു കൂടുതൽ വളച്ചുകെട്ടി. അതുകൊണ്ട് ഒരു സുപ്രധാന ഉപദേശസത്യം മിക്കവരും ഗ്രഹിക്കാതെപോയി. ആത്മിക ശുശ്രൂഷയെത്തന്നെ ഇതു ബാധിച്ചു. അല്പംകൂടി ലളിതമായ ഏതെ ങ്കിലും തർജ്ജമയുടെ സഹായത്തോടെ ഈ ഭാഗം പഠിക്കേണ്ടതുണ്ട്.

Contemporary English Version ആധികാരിക തർജ്ജമയല്ലെ ങ്കിലും കാര്യമെന്തെന്നു മനസ്സിലാക്കാൻ സഹായകമാണ്. "Christ chose some of us to be apostles, prophets, missionaries, pastors, and teachers, so that his people would learn to serve and his body would grow strong." ഗുഡ്ന്യൂസ് ബൈബിളും ഈ ഭാഗം വ്യക്തമായ ഭാഷയിൽ തർജ്ജമ ചെയ്തിട്ടുണ്ട്. He did this to prepare all God's people for the work of Christian service, in order to build up the body of Christ.

ക്രിസ്തുയേശുവിന്റെ ശരീരമാകുന്ന സഭയുടെ കെട്ടു പണിയുടെ ശുശ്രൂഷയ്ക്കു വിശുദ്ധരെ പ്രാപ്തരാക്കുക എന്നതാണ് ഈ ശുശ്രൂഷ കരുടെ കർത്തവ്യം എന്നു ചുരുക്കം.

കർത്താവായ യേശുക്രിസ്തുവിന്റെ ശരീരമാണ് ദൈവസഭ. ഈ ദൈവസഭ പണിയപ്പെടണം. അതിന് പണിക്കാർ വേണം. ആരാണ് പണി ക്കാർ? അപ്പോസ്തലൻ, പ്രവാചകൻ, സുവിശേഷകൻ, ഇടയൻ, അധ്യാ പകൻ എന്നിവരാണോ? അങ്ങനെയാണ് മിക്കവരും ധരിച്ചു വച്ചിരിക്കു ന്നത്. പക്ഷേ അതല്ല ദൈവവചനം പറയുന്നത്. ദൈവസഭയെ പണിയുക എന്നതു വിശുദ്ധരുടെ - അതായത് ദൈവമക്കളുടെ - ജോലിയാണ്. ഈ ജോലി ചെയ്യാൻ വിശ്വാസികളെ പ്രാപ്തരാക്കുക - പഠിപ്പിക്കുക എന്നതാണ് അപ്പോസ്തലൻ മുതൽ അധ്യാപകൻ വരെയുള്ള ശുശ്രൂഷ കരുടെ ജോലി. പക്ഷേ ഇതൊന്നുമല്ല ഇപ്പോൾ സഭയിൽ നടക്കുന്ന തെന്നു വിശേഷിച്ചു പറയേണ്ടതില്ല. പട്ടത്വ സഭകളിൽ നടന്നുവരുന്നതു



കണ്ടു പഠിച്ച പെന്തക്കോസ്തർ അതു തങ്ങളുടെ സഭയിലും പകർത്തി. ദൈവവചനം എന്തു പറയുന്നു എന്ന് അവർ പരിശോധിച്ചില്ല. അതാണു പ്രശ്നങ്ങൾക്കു വഴിവച്ചത്. പട്ടത്വ സഭകളിൽ അച്ചനുണ്ട്. അതിനു പകരം പെന്തക്കോസ്തിൽ പാസ്റ്ററുണ്ട്. അവിടെ മെത്രാനുണ്ട്. ഇവിടെ സെന്റർ പാസ്റ്ററുണ്ട്. അവിടെ കാതോലിക്കായോ പാത്രിയാർക്കീസോ പോപ്പോ ഉണ്ട്. അതിനു പകരം ഇവിടെ ജനറൽ പ്രസിഡന്റും സെക്ര ട്ടറിയും മറ്റുമുണ്ട്. പട്ടത്വ സഭകളിൽ കുർബ്ബാന ചൊല്ലൽ മുതൽ സകല പരിപാടികളും നടത്തുന്നത് അച്ചൻമാരാണ്. പെന്തക്കോസ്ത് സഭകളിൽ ഇതെല്ലാം പാസ്റ്റർമാർ ചെയ്യുന്നു. പാസ്റ്റർമാർ ഇപ്പോൾ റവകളായി മാറുകപോലും ചെയ്തിരിക്കുന്നു. അവിടെ പട്ടം കൊടുക്കുന്നതു മെത്രാ നാണ്. ഇവിടെ സഭാനേതാവു പട്ടം കൊടുക്കുന്നു. പട്ടം കൊടുക്കൽ എന്ന വാക്ക് ഉപയോഗിക്കുന്നില്ല എന്നതു മാത്രമാണ് ഏക വ്യത്യാസം. ഇതൊന്നും ദൈവവചനത്തിലുള്ള കാര്യമല്ല എന്നു വിശേഷിച്ചു പറ യേണ്ടതില്ല.

അപ്പോസ്തലൻ മുതൽ അധ്യാപകൻ വരെയുള്ള ശുശ്രൂഷക രുടെ യഥാർത്ഥ ജോലി എന്താണ്? ദൈവം തന്റെ ജനത്തെ ഭരമേല്പി ച്ചിരിക്കുന്ന ശുശ്രൂഷ ചെയ്യാൻ അവരെ പരിശീലിപ്പിക്കുക. എന്താണു ദൈവമക്കളുടെ ശുശ്രൂഷ? ദൈവസഭ പണിയുക. ഒരു ഫുഡ്ബോൾ ടീമിലെ കോച്ചിന്റെ സ്ഥാനമാണ് ശുശ്രൂഷകനുള്ളത്. പരിശീലനം നൽകു കയാണു കോച്ചിന്റെ ജോലി. പരിശീലനം നൽകുന്ന സമയത്ത് കളിക്കാ രോടൊപ്പം കോച്ചും കളിച്ചെന്നു വരാം. പക്ഷേ യഥാർത്ഥ മത്സരം ആരംഭി ക്കുമ്പോൾ കോച്ച് കോർട്ടിനു പുറത്തായിരിക്കും.

പട്ടത്വ സഭകളിൽ പൗരോഹിത്യമാണു നിലനിൽക്കുന്നത്. ദൈവ ത്തിനും മനുഷ്യനും മധ്യേയുള്ള ആളാണു പുരോഹിതൻ. പക്ഷേ അതല്ല ദൈവസഭയിലെ സ്ഥിതി. പിതാവായ ദൈവത്തിനും മനുഷ്യനും ഇടയിൽ കർത്താവായ യേശുക്രിസ്തു എന്ന ഏക മധ്യസ്ഥൻ മാത്രമേയുള്ളൂ. വിശുദ്ധസ്ഥലത്തെയും അതിപരിശുദ്ധ സ്ഥലത്തെയും തമ്മിൽ വേർതിരി ക്കുന്ന തിരശ്ശീല കർത്താവായ യേശുക്രിസ്തുവിന്റെ ശരീരത്തിന്റെ നിഴലായിരുന്നു. ആ തിരശ്ശീല കർത്താവിന്റെ പരമയാഗത്തോടെ രണ്ടായി ചീന്തിപ്പോയി. അതുകൊണ്ട് ഏതു വിശ്വാസിക്കും പുരോഹിതന്റെ സഹായം കൂടാതെതന്നെ കൃപാസനത്തോളം അടുത്തുചെല്ലാം.

പ്രാദേശിക സഭയിലെ ശുശ്രൂഷകരെക്കുറിച്ചും ദൈവവചന ത്തിൽ വ്യക്തമായി പറയുന്നുണ്ട്. 1തിമോ.3-ാം അധ്യായത്തിൽ മൂന്നു തരം ശുശ്രൂഷകരെക്കുറിച്ചു പറയുന്നുണ്ട്. ബിഷപ്പ്, ശുശ്രൂഷകൻ,

ശുശ്രൂഷക്കാരി എന്നിവരാണ് ഈ മൂന്നു തരം ശുശ്രൂഷകർ. ഈ മൂന്നു തരം ശുശ്രൂഷകരും പ്രാദേശിക സഭയിൽ ഉണ്ടായിരിക്കണം.

ബിഷപ്പ്

അധ്യക്ഷൻ, മേൽനോട്ടക്കാരൻ എന്നൊക്കെ അർത്ഥം പറയാവുന്ന വാക്കാണിത്. ദൈവസഭയെ ഒരു ആട്ടിൻകൂട്ടത്തോട് ഉപമിച്ചാൽ ബിഷപ്പ് ഇടയനാണ്. ലോക്കൽ സഭയുടെ പാസ്റ്ററാണ് ബിഷപ്പ് എന്നു ചുരുക്കം. സാധാരണക്കാരായ വിശ്വാസികളെക്കാളധികം ഉയർന്ന ആത്മിക നിലവാരം കാത്തുസൂക്ഷിക്കാൻ ബിഷപ്പിനു കടപ്പാടുണ്ട്. അതുകൊണ്ട് ബിഷപ്പിന്റെ യോഗ്യതകളെക്കുറിച്ച് പൗലോസ് ഇപ്രകാരം പറയുന്നു:

''അദ്ധ്യക്ഷൻ നിരപവാദ്യനായി ഏകഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥിപ്രിയനും ഉപദേശിക്കുവാൻ സമർത്ഥനും ആയിരിക്കണം. മദ്യപ്രിയനും തല്ലുകാരനും അരുത്; ശാന്തനും കലഹിക്കാത്തവനും ദ്രവ്യാഗ്രഹമില്ലാത്തവനും സ്വന്ത കുടുംബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ പൂർണ്ണഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കണം. സ്വന്തകുടുംബത്തെ ഭരിക്കുവാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും? നിഗളിച്ചിട്ടു പിശാചിനു വന്ന ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കുവാൻ പുതിയ ശിഷ്യനും അരുത്. നിന്ദയിലും പിശാചിന്റെ കെണിയിലും കുടുങ്ങാതിരിക്കുവാൻ പുറമെയുള്ളവരോടു നല്ല സാക്ഷ്യം പ്രാപിച്ചവനും ആയിരിക്കണം.'' (1തിമോ.3:1-5)

ഏക ഭാര്യയുടെ ഭർത്താവ് എന്നതുകൊണ്ട് പൗലോസ് എന്താണർത്ഥമാക്കുന്നത് എന്നതിനെ സംബന്ധിച്ചു തർക്കമുണ്ട്. വിശ്വാസികൾക്ക് ഒന്നിലധികം ഭാര്യമാർ ഉണ്ടാകുന്നതിനു തടസ്സമില്ലെന്നും പാസ്റ്റർ അങ്ങനെ ചെയ്യരുത് എന്നുമാത്രമാണ് പൗലോസ് നിർദ്ദേശിക്കുന്നതെന്നും വ്യാഖ്യാനിക്കുന്നവരുണ്ട്. അതല്ല, ഭാര്യ മരിച്ചു പോയാൽ പാസ്റ്റർ വീണ്ടും വിവാഹം കഴിക്കരുത് എന്നാണർത്ഥമെന്നു പറയുന്നവരുമുണ്ട്. വിവാഹം കഴിക്കാത്തവർ പാസ്റ്ററാകാൻ പാടില്ല എന്നാണ് അർത്ഥമെന്നു വ്യാഖ്യാനിക്കുന്നവരും കുറവല്ല. ഏതായാലും പാസ്റ്റർമാർക്ക് ഭാര്യയും കുടുംബവും മറ്റും അനുവദനീയമാണെന്ന് ഈ വാക്യം തെളിയിക്കുന്നു എന്നതാണ് പ്രധാന സംഗതി.

എല്ലാ പ്രാദേശിക സഭകളിലും നിരവധി ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരികളും ഉണ്ടായിരിക്കണം. ശുശ്രൂഷ എന്നു കേട്ടാലുടൻ പാസ്റ്ററുദ്യോഗം എന്നു ധരിക്കരുത്. ''കെംക്രെയ സഭയിലെ ശുശ്രൂഷക്കാരിയായ ഫേബ'' (റോമർ 16:1) ആ സഭയിലെ പാസ്റ്ററായിരുന്നു എന്നു കരുതുന്നവരുണ്ട്. ആ വാക്യത്തിന് അങ്ങനെയൊരു അർത്ഥമില്ല. വചനം പ്രസംഗിക്കുക, വചനം പഠിപ്പിക്കുക, തിരുവത്താഴം നടത്തുക, അതിഥികളെ സത്ക്കരിക്കുക, ദരിദ്രരെ സഹായിക്കുക, പ്രാർത്ഥിക്കുക, പ്രവചിക്കുക തുടങ്ങി വിവിധതരം ശുശ്രൂഷകളുണ്ട്. ഇവയിൽ ചിലതു സ്ത്രീകൾക്കും ചെയ്യാവുന്നതാണ്. മേല്പറഞ്ഞവയെല്ലാം പാസ്റ്റർ തന്നെ ചെയ്തുകൊള്ളണമെന്നുമില്ല. പാസ്റ്ററുടെ സഹായത്തിനായി പ്രാദേശിക സഭകളിൽ ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരികളും വേണം.



പാസ്റ്റർമാരുടേതിനു സമാനമായ യോഗ്യതയാണ് പൗലോസ് ശുശ്രൂഷകൻമാർക്കും നിർദ്ദേശിക്കുന്നത്. ''ശുശ്രൂഷകൻമാർ ഘനശാലികളായിരിക്കണം; ഇരുവാക്കുകാരും മദ്യപൻമാരും ദുർല്ലാഭമോഹികളും അരുത്. അവർ വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനസ്സാക്ഷിയിൽ വച്ചുകൊള്ളുന്നവർ ആയിരിക്കണം. അവരെ ആദ്യം പരീക്ഷിക്കണം; അനിന്ദ്യരായി കണ്ടാൽ അവർ ശുശ്രൂഷ ഏല്ക്കട്ടെ. ....ശുശ്രൂഷകൻമാർ ഏകഭാര്യയുള്ള ഭർത്താക്കൻമാരും മക്കളെയും സ്വന്തകുടുംബങ്ങളെയും നന്നായി ഭരിക്കുന്നവരും ആയിരിക്കണം.'' (1തിമോ. 3:8-10, 12)

ഇനി ശുശ്രൂഷക്കാരികളുടെ യോഗ്യതകൾ: ''അവ്വണ്ണം സ്ത്രീകളും ഘനശാലികളായി ഏഷണി പറയാതെ നിർമ്മദമാരും എല്ലാറ്റിലും വിശ്വസ്തമാരുമായിരിക്കണം.'' (1തിമോ.3:11)

ഇവിടെ സ്ത്രീകൾ എന്നു പറഞ്ഞിരിക്കുന്നത് സാധാരണ വിശ്വാസികളായ സ്ത്രീകളെക്കുറിച്ചല്ലെന്നു വ്യക്തം. കാരണം, 1തിമോ. 3:1-13 സഭയിലെ ശുശ്രൂഷകരെക്കുറിച്ചാണു വിവരിക്കുന്നത്. അതിനിടയിൽ സാധാരണക്കാരായ സ്ത്രീകളെക്കുറിച്ചു പറയേണ്ട കാര്യമില്ല. മാത്രമല്ല സാധാരണക്കാരായ പുരുഷൻമാരെക്കുറിച്ച് പറയുന്നുമില്ലല്ലോ. പക്ഷേ ആരാണ് ഈ സ്ത്രീകൾ എന്നതിനെക്കുറിച്ചു വിവിധതരം വ്യാഖ്യാനങ്ങളുണ്ട്. ശുശ്രൂഷകൻമാരുടെ ഭാര്യമാരാണ് ഈ സ്ത്രീകൾ എന്നാണ് ഒരു പ്രധാന വ്യാഖ്യാനം. അതല്ല, ശുശ്രൂഷകൻമാരെപ്പോലെ തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷക്കാരികളാണ് ഈ സ്ത്രീകൾ എന്നു കരുതുന്നവരുമുണ്ട്. രണ്ടിൽ ഏതായാലും ഇവർ ശുശ്രൂഷക്കാരികളായിരുന്നു എന്നതിനു സംശയമില്ല. ഈ സ്ത്രീകളുടെ ശുശ്രൂഷയെന്ത് എന്നതാണ് അടുത്തതായി പഠിക്കേണ്ടത്.

ഇവർ പാസ്റ്റർമാരായിരുന്നില്ല എന്നു തീർച്ച. അപ്പൊസ്തലൻ, ഇടയൻ എന്നീ നിലകളിൽ സ്ത്രീകൾ ശുശ്രൂഷ ചെയ്തതായി ദൈവവചനത്തിൽ കാണുന്നില്ല. പക്ഷേ സ്ത്രീകൾ പ്രവാചകശുശ്രൂഷ ചെയ്തി

രുന്നു. സുവിശേഷകനായ ഫിലിപ്പോസിന്റെ പെൺമക്കൾ പ്രവചിക്കുന്നവരായിരുന്നു. (പ്രവൃ.21: 8-9). ശിരോവസ്ത്രം ധരിച്ചു കൊണ്ട് സഭയിൽ പ്രാർത്ഥിക്കാനും പ്രവചിക്കാനും സ്ത്രീക്ക് അവകാശമുണ്ട്. (1കൊരി.11:5). ഇതിൽനിന്നും പ്രവാചകശുശ്രൂഷ ചെയ്യാൻ സ്ത്രീകൾക്ക് അവകാശമുണ്ടെന്നു തെളിയുന്നു.

പൗലോസിനോടൊപ്പം സ്ത്രീകൾ സുവിശേഷവേല ചെയ്തതിനു തെളിവുണ്ട്. ''കർത്താവിൽ ഏകചിന്തയോടിരിക്കുവാൻ ഞാൻ യുവൊദ്യയെയും സുന്തുകയെയും പ്രബോധിപ്പിക്കുന്നു. സാക്ഷാൽ ഇണയാളിയായുള്ളോവേ, അവർക്കു തുണ നില്ക്കണം എന്ന് ഞാൻ നിന്നോടും അപേക്ഷിക്കുന്നു; ജീവപുസ്തകത്തിൽ പേരുള്ള ക്ലേമന്ത് മുതലായ എന്റെ കൂട്ടുവേലക്കാരുമായി ആ സ്ത്രീകൾ എന്നോടുകൂടെ സുവിശേഷഘോഷണത്തിൽ പോരാടിയിരിക്കുന്നു.'' ഫിലി.4:2-3. സ്ത്രീവിരോധിയായി പലരും ചിത്രീകരിക്കുന്ന പൗലോസിനോടൊപ്പം സ്ത്രീകൾ സുവിശേഷവേല ചെയ്തെങ്കിൽ സ്ത്രീകൾക്കു സുവിശേഷവേല ചെയ്യാം എന്നു വ്യക്തം.

ഉപദേശിപ്പാനും പുരുഷന്റെമേൽ അധികാരം നടത്താനും സ്ത്രീയെ പൗലോസ് അനുവദിക്കുന്നില്ല. ഉപദേശിക്കുക എന്ന വാക്കിന് പഠിപ്പിക്കുക എന്നാണ് മൂലഭാഷയിലുള്ള അർത്ഥം. അങ്ങനെയെങ്കിൽ പുരുഷനെ പഠിപ്പിക്കാൻ സ്ത്രീകൾക്ക് അവകാശമില്ല എന്നു മനസ്സിലാക്കാം. സ്ത്രീകളെയോ കുട്ടികളെയോ സ്ത്രീകൾ പഠിപ്പിക്കുന്നത് അനുവദനീയമാണ്.

പട്ടത്വ സഭകളെ അനുകരിച്ച് പെന്തക്കോസ്തർ നടപ്പിലാക്കിയിരിക്കുന്ന ഭരണക്രമം വചന വിരുദ്ധമാണെന്ന് ഇനി വിശേഷിച്ചു പറയേണ്ടതില്ലല്ലോ. പട്ടത്വ സഭകളിലെ പുരോഹിതർക്കു തുല്യരായി പെന്തക്കോസ്തിൽ പാസ്റ്റർമാർ വിരാജിക്കുന്നു. ഇതു മാറണം. പ്രാദേശിക സഭകളിൽ ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരികളും ഉണ്ടാകണം. ഇവരുടെ അധ്യക്ഷനായി പാസ്റ്റർ ശുശ്രൂഷ ചെയ്യണം. പ്രാദേശിക സഭകൾ സ്വതന്ത്രമാകണം. എല്ലാ പെന്തക്കോസ്ത് സംഘടനകളും ഇല്ലാതാകണം. വചനവിരുദ്ധമായ വിശ്വാസാചാരങ്ങളെല്ലാം ഒഴിവാക്കണം.

# 16
# ഓർഡിനേഷൻ

ഓർഡിനേഷൻ, സുവിശേഷവേല എന്നിവയുമായി ബന്ധപ്പെട്ട് ദൈവവചനം എന്തു പഠിപ്പിക്കുന്നു എന്നാണ് ഈ അധ്യായത്തിൽ വിശദീകരിക്കുന്നത്:

ഓർഡിനേഷൻ

''ശുശ്രൂഷകൾക്കായി ദൈവം വിളിച്ചവരെ സഭ അംഗീകരിക്കുന്ന ശുശ്രൂഷയാണ് ഓർഡിനേഷൻ. പ്രാദേശിക സഭയിലെ മൂപ്പൻമാർ ചേർന്നു കൈവച്ചു പ്രാർത്ഥിച്ച് ഓർഡിനേഷൻ നൽകേണ്ടതാണ്. സംഘടനയുടെ നേതാവു കൈവച്ചു പ്രാർത്ഥിക്കുന്നതല്ല ഓർഡിനേഷൻ. സംഘടനകളുടെ നേതാക്കൻമാർ നൽകുന്ന കൈവയ്പ്പിനാൽ ഒരുവിധത്തിലുള്ള ആത്മിക നൻമയും ഉണ്ടാകുന്നില്ല.''

സുവിശേഷവേല

''സുവിശേഷവേല എന്നതു വീണ്ടുംജനനം പ്രാപിച്ച എല്ലാ വിശ്വാസികളുടേയും കർത്തവ്യമാണ്.''

ഓർഡിനേഷൻ എന്ന വിഷയം ഇന്ന് ഏറെ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. സമുദായക്കാരുടെ പട്ടം കൊടുക്കലിനു തുല്യമായ പരിപാടിയാണിത് എന്നത്രേ പൊതുവെയുള്ള ധാരണ. ഓർഡിനേഷൻ ലഭിച്ചവർ സമുദായങ്ങളിലെ അച്ചൻമാർക്കു തുല്യരായി മാറുന്നു എന്നാണ് സങ്കല്പം. അതുകൊണ്ടാണ് ഓർഡിനേഷനുള്ളവരെ 'റവ'യായി പരിഗണിക്കുന്നത്. സമുദായങ്ങളിൽ പട്ടം കൊടുക്കുന്നതു ബിഷപ്പുമാരാണ്. അതുകൊണ്ട് പെന്തക്കോസ്ത് സഭകളിൽ സംഘടനയുടെ നേതൃസ്ഥാനത്തുള്ളവർ കൈവച്ചാൽ ഓർഡിനേഷനായി.

എന്താണ് ഓർഡിനേഷൻ? ഈ വിഷയത്തിലേക്കു കടക്കുന്നതിനു മുമ്പായി ദൈവവേലയെക്കുറിച്ചു ചില കാര്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. അപ്പോസ്തലൻ മുതൽ അധ്യാപകൻ വരെയുള്ള അഞ്ചുതരം ശുശ്രൂഷകർ ദൈവവേല ചെയ്യാനായി ദൈവജനത്തെ പരിശീലിപ്പിക്കാനുള്ളവരാണ് എന്ന വസ്തുത കഴിഞ്ഞ അധ്യായത്തിൽ വിശദീകരി

ച്ചിരുന്നു. ''സുവിശേഷവേല എന്നത് എല്ലാ വിശ്വാസികളുടേയും കർത്തവ്യമാണ്'' എന്നത് വിശ്വാസപ്രമാണങ്ങളിൽ ഒന്നായി ഉൾപ്പെടുത്താൻ കാരണം ഇതാണ്. വീണ്ടും ജനനം പ്രാപിച്ച എല്ലാ ദൈവമക്കളും സുവിശേഷവേല ചെയ്യണം. അതിന് അവരെ പ്രാപ്തരാക്കുകയാണ് അപ്പൊസ്തലൻ മുതൽ അധ്യാപകൻ വരെയുള്ള ശുശ്രൂഷകർ ചെയ്യേണ്ടത്. പാസ്റ്റർമാർ സുവിശേഷവേല ചെയ്യുക, വിശ്വാസികൾ അവരെ തീറ്റിപ്പോറ്റുക എന്ന രീതി ദൈവവചനത്തിലുള്ളതല്ല.

എല്ലാ വിശ്വാസികളും ദൈവവേല ചെയ്യണമെന്നതാണു ദൈവഹിതമെങ്കിലും ദൈവവേലയ്ക്കായി മുഴുവൻ സമയവും വിനിയോഗിക്കാൻ എല്ലാവർക്കും കഴിയുന്നതല്ല. മാത്രമല്ല, എല്ലാവരും പൂർണ്ണസമയ പ്രവർത്തകരായിരിക്കണമെന്നു ദൈവവചനം പറയുന്നുമില്ല. അതുകൊണ്ട് ദൈവവേലയോടുള്ള ബന്ധത്തിൽ ദൈവജനത്തെ രണ്ടായി തിരിക്കാം:

1. ദൈവവേലയ്ക്കായി മുഴുവൻ സമയവും വേർതിരിച്ചവർ.
2. മറ്റു ജോലികളോടൊപ്പം ദൈവവേല ചെയ്യുന്നവർ.

(ദൈവവേല ചെയ്യാത്തവർ എന്നൊരു വിഭാഗം ദൈവസഭയിലില്ല. ഉണ്ടെങ്കിൽ ആ വ്യക്തി വീണ്ടുംജനനം പ്രാപിച്ചവനല്ല.)

മറ്റു ജോലികളോടൊപ്പം ദൈവവേല ചെയ്യുന്നവരിൽ ചിലരെ ദൈവം പൂർണ്ണസമയ ശുശ്രൂഷയ്ക്കായി വിളിക്കും. അങ്ങനെ ദൈവവിളി ലഭിക്കുന്നവരെ സഭ അംഗീകരിക്കുകയും ദൈവവേലയ്ക്കായി വേർതിരിക്കുകയും ചെയ്യുന്ന ശുശ്രൂഷയാണ് ഓർഡിനേഷൻ.

ഓർഡിനേഷന്റെ മാതൃക പ്രവൃ.13:1-3ൽ കാണുന്നുണ്ട്. ''അന്ത്യൊക്ക്യയിലെ സഭയിൽ ബർന്നബാസ്, നീഗർ എന്ന് പേരുള്ള ശിമോൻ, കുറേനക്കാരനായ ലൂക്യൊസ്, ഇടപ്രഭുവായ ഹെരോദാവോടുകൂടെ വളർന്ന മനായേൻ, ശൗൽ എന്നീ പ്രവാചകൻമാരും ഉപദേഷ്ടാക്കൻമാരും ഉണ്ടായിരുന്നു. അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചും കൊണ്ടിരിക്കുമ്പോൾ: ഞാൻ ബർന്നബാസിനെയും ശൗലിനെയും വിളിച്ചിരിക്കുന്ന വേലയ്ക്കായി അവരെ എനിക്കു വേർതിരിക്കുവിൻ എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു. അങ്ങനെ അവർ ഉപവസിച്ചു പ്രാർത്ഥിച്ച് അവരുടെ മേൽ കൈവച്ച് അവരെ പറഞ്ഞയച്ചു.'' ഇതാണ് ഓർഡിനേഷന്റെ മാതൃക. ഇതേ രീതിയാണ് ഇന്നും പിൻതുടരേണ്ടത്.

ബർന്നബാസ്, ശൗൽ എന്നിവർ വിശേഷിച്ച് ഒരു ഓർഡിനേഷനും കൂടാതെ ദൈവവേല ചെയ്തുവരുന്നതിനിടയിലാണ് ഈ സംഭവമുണ്ടായത്. ദൈവം അവരെ ഒരു പ്രത്യേക വേലയ്ക്കായി വിളിക്കുന്നു.



അവർക്കു ദൈവവിളിയുണ്ടായി എന്നു സഭയ്ക്കു ബോധ്യമായപ്പോൾ അവരെ ഓർഡെയ്ൻ ചെയ്തു.

ആരാണ് അവരുടെമേൽ കൈവച്ചത്? അതു വ്യക്തമായി പറയുന്നില്ല. പറയേണ്ട ആവശ്യമുണ്ടെന്നു ഗ്രന്ഥകാരനായ ലൂക്കോസ് കരുതിയില്ല എന്നു തീർച്ച. എന്താണു കാരണം? ആരൊക്കെ തലയിൽ കൈവച്ചു എന്നത് അത്ര പ്രാധാന്യമുള്ള കാര്യമല്ല. സഭയുടെ പ്രതിനിധികളായി ചിലർ കൈവച്ചു. അതുകൊണ്ട് കൈവച്ചവരെ 'അവർ' എന്ന വാക്കിൽ ഒതുക്കി. ഓർഡിനേഷൻ നൽകാനായി കൈവയ്ക്കുന്നവർക്ക് ഇതിൽ അധികമായി ഒരു പ്രാധാന്യവുമില്ല.

എങ്ങനെയാണ് ഓർഡിനേഷൻ നൽകേണ്ടത് എന്ന് ഈ സംഭവം വ്യക്തമാക്കുന്നു. ദൈവം ഒരു വ്യക്തിയെ വേലയ്ക്കായി വിളിക്കുന്നു. അതു പ്രാദേശിക സഭയ്ക്കു ബോധ്യമാകുമ്പോൾ ഓർഡിനേഷൻ നൽകണം. ഉപവസിച്ചു പ്രാർത്ഥിച്ച ശേഷം ഓർഡിനേഷൻ നൽകിയതായാണ് ഇവിടെ കാണുന്നത്. ആരാണു കൈവച്ചത് എന്നു വ്യക്തമല്ല. ലോക്കൽ സഭയിലെ മൂപ്പൻമാർ ചേർന്നു കൈവച്ചിരിക്കാം.

വിശ്വാസി, വിശ്വാസികളുടെ പ്രാദേശിക കൂട്ടായ്മയായ ലോക്കൽ സഭ, എല്ലാ വിശ്വാസികളും ഉൾക്കൊള്ളുന്ന ആകമാനസഭ എന്നിവ മാത്രമേ ദൈവവചനത്തിലുള്ളൂ എന്നു മുൻപു വ്യക്തമാക്കിയിട്ടുണ്ടല്ലോ. അതുകൊണ്ട് മനുഷ്യനിർമ്മിതമായ സംഘടനകൾക്ക് ദൈവിക അംഗീകാരമില്ല. ഇവയുടെ നേതാക്കൻമാർ സംഘടനകളുടെ നേതാക്കൻമാർ മാത്രമേ ആകുന്നുള്ളൂ. ഇവർക്ക് ദൈവം നൽകിയ അധികാരമൊന്നുമില്ല. സംഘടനകളുടെ നേതാക്കൻമാർ കൈവച്ചതുകൊണ്ട് ആർക്കും ആത്മിക അധികാരങ്ങളൊന്നും ലഭിക്കുന്നുമില്ല. ദൈവവേലയ്ക്കായി ദൈവം വിളിച്ചവരെ പ്രാദേശിക സഭയിലെ മൂപ്പൻമാർ ചേർന്നു കൈവച്ചു പ്രാർത്ഥിച്ച് പൂർണ്ണസമയ ശുശ്രൂഷയ്ക്കായി വേർതിരിക്കുന്നതാണ് ഓർഡിനേഷൻ. സുവിശേഷവേലയ്ക്കായി ദൈവം വേർതിരിക്കുന്നവരെ ഇപ്രകാരം ഓർഡെയ്ൻ ചെയ്യേണ്ടതാണ്.

ഓഡിനേഷൻ ലഭിച്ചവർക്ക് മറ്റു വിശ്വാസികളേക്കാൾ അധികം ബഹുമാനമോ സ്ഥാനമാനങ്ങളോ ഉണ്ടോ എന്നതും പ്രസക്തമായ ചോദ്യമാണ്. ഓർഡിനേഷൻ ലഭിച്ച വ്യക്തി പൂർണ്ണ സമയം സുവിശേഷവേല ചെയ്യേണ്ടതാണ്. സാധാരണ വിശ്വാസി പൂർണ്ണസമയം സുവിശേഷവേല ചെയ്യുന്നില്ല. ഓർഡിനേഷൻ ലഭിച്ച വ്യക്തി സാധാരണ വിശ്വാസിയേക്കാളധികം ഉയർന്ന ആത്മിക നിലവാരം കാത്തു സൂക്ഷിക്കാൻ കടപ്പെട്ടവനാണ്. നന്നായി വേല ചെയ്യുന്ന മൂപ്പൻമാർ ഇരട്ടി മാനത്തിനു

യോഗ്യരാണ്. പൗലോസ് പറയുന്നു: ''നന്നായി ഭരിക്കുന്ന മൂപ്പൻമാരെ, പ്രത്യേകം വചനത്തിലും ഉപദേശത്തിലും അധ്വാനിക്കുന്നവരെ തന്നേ, ഇരട്ടി മാനത്തിനു യോഗ്യരായി എണ്ണുക.'' (1തിമോ.5:17.)

ഓർഡിനേഷൻ ലഭിച്ചവർ റവറണ്ടൻമാരാകുമോ? അങ്ങനെ ബൈബിൾ പറയുന്നില്ല. ഓരോ വ്യക്തിയും ചെയ്യുന്ന ശുശ്രൂഷയ്ക്കനുസരിച്ച് അവരെ സംബോധന ചെയ്യുന്നതായി വചനത്തിൽ കാണാം. അപ്പൊസ്തലനായ പൗലോസ്, പ്രവാചകനായ അഗബൊസ്, (പ്രവൃ. 21:10) സുവിശേഷകനായ ഫിലിപ്പോസ് (പ്രവൃ.21:8) എന്നിവ ഉദാഹരണം. പക്ഷേ പാസ്റ്റർ എന്ന് ആരെയും വിളിച്ചതായി കാണുന്നില്ല. എങ്കിലും പാസ്റ്റർ (ഇടയൻ) എന്നൊരു ശുശ്രൂഷയുള്ളതുകൊണ്ട് ഇടയശുശ്രൂഷ ചെയ്യുന്ന വ്യക്തിയെ പാസ്റ്റർ എന്നു വിളിക്കുന്നതു തെറ്റാണെന്നു പറയുന്നില്ല. പക്ഷേ ഇടയശുശ്രൂഷ ചെയ്യാത്ത വ്യക്തിയെ പാസ്റ്റർ എന്നു വിളിക്കുന്നതു ശരിയല്ല.

റവറന്റ് എന്നത് എത്രത്തോളം ശരിയായ വിശേഷണമാണ് എന്ന ചോദ്യം പ്രസക്തമാണ്. ബഹുമാനപ്പെട്ട, മാനത്തിനു യോഗ്യനായ എന്നൊക്കെ അർത്ഥം വരുന്ന വാക്കാണിത്. ബഹുമാനത്തിന് അർഹനായ ആരെയും റവറന്റ് എന്നു വിശേഷിപ്പിക്കാം. ഇതിന് ഓർഡിനേഷനുമായി ബന്ധമൊന്നുമില്ല. പ്രായവും പക്വതയുമുള്ള അപ്പച്ചൻമാരെയും അമ്മച്ചിമാരെയും റവറന്റെന്ന വിശേഷണത്തോടെ സംബോധന ചെയ്യാവുന്നതാണ്. പക്ഷേ പ്രായക്കുറവുള്ളവരെ സഹോദരൻ (സഹോദരി) എന്നു വിളിക്കയാണ് ഉചിതം. സഭാശുശ്രൂഷ ചെയ്യുന്നവരെ പ്രായഭേദം കൂടാതെ പാസ്റ്റർ എന്നു വിളിക്കാം. പ്രായക്കുറവുള്ള പാസ്റ്റർമാരെ പ്രായക്കൂടുതലുള്ള വിശ്വാസികൾക്കു പേരു പറഞ്ഞു വിളിക്കാം. സഹോദരാ എന്നു വിളിക്കുന്നതിലും തെറ്റില്ല.

ഓർഡിനേഷൻ കിട്ടിയവനായാലും പയ്യൻമാരെ റവറന്റ് എന്നു വിളിക്കുന്നത് അനാവശ്യമാണ്. മാത്രമല്ല, ഓർഡിനേഷൻ കിട്ടിയ വ്യക്തികൾ റവറന്റ് എന്നു സ്വയം വിശേഷിപ്പിക്കുന്നതും എഴുതുന്നതും വങ്കത്തരമാണ്. ''എന്റെ പേര് റവ.തൊമ്മൻ ചാണ്ടി'' എന്ന രീതിയിലുള്ള പരിചയപ്പെടുത്തലുകൾ തീർച്ചയായും ഒഴിവാക്കണം.

സ്നാനം, തിരുവത്താഴം, വിവാഹം, ശവസംസ്ക്കാരം തുടങ്ങിയവ നടത്താൻ ഓർഡിനേഷൻ ആവശ്യമുണ്ടോ എന്നതാണ് മറ്റൊരു ചോദ്യം. ഓരോ രാജ്യത്തെയും നിയമം അനുസരിച്ച് പ്രവർത്തിക്കുക എന്നതാണു മറുപടി. സ്നാനം, തിരുവത്താഴം തുടങ്ങിയവ നടത്താൻ ഓർഡിനേഷൻ ആവശ്യമാണെന്നു ദൈവവചനം പറയുന്നില്ല. വിവാഹം, ശവസംസ്ക്കാരം എന്നിവ ഏതെങ്കിലും ദൈവദാസൻ നടത്തിയതായി ദൈവവചനത്തിൽ ആധാരവുമില്ല. അതുകൊണ്ട് ഇവ രണ്ടും ആത്മിക ശുശ്രൂഷകളല്ല. രാജ്യത്തെ നിയമം അനുസരിച്ച് ഇവയൊക്കെ നടത്തുക. ഇന്ത്യയിൽ ആരു വിവാഹം നടത്തിയാലും നിയമാനുസൃതം രജിസ്റ്റർ ചെയ്താൽ മാത്രമേ നിയമസാധുതയുള്ളൂ. ശവസംസ്ക്കാരം ആരു നടത്തണം എന്ന് ഒരു നിയമത്തിലും പറയുന്നതുമില്ല. അതുകൊണ്ട് വിവാഹവും ശവസംസ്ക്കാരവും ഓർഡിനേഷനുമായി ബന്ധമുള്ള വിഷയങ്ങളല്ല. എല്ലാം ചന്തമായും ഉചിതമായും നടക്കട്ടെ.



നേതാക്കൻമാർ വിദേശയാത്ര നടത്തുമ്പോൾ അവർക്കു പണം കൊടുത്ത് ഓർഡിനേഷൻ തരപ്പെടുത്തുന്നവരുണ്ട്. വിദേശത്തുനിന്ന് അവധിക്കു വരുമ്പോൾ പണം കൊടുത്ത് ഓർഡിനേഷൻ വാങ്ങി മടങ്ങുന്നവരുമുണ്ട്. ദൈവത്തിന്റെ ദാനം പണം കൊടുത്തു വാങ്ങാമെന്നു കരുതിയ ശീമോനെപ്പോലെ (പ്രവൃ.8:18-24) ഇവരും ഇവരുടെമേൽ കൈവച്ചവരും ദൈവകോപത്തിന് ഇരയാകും. ഇപ്രകാരം കൈവയ്പ്പു കിട്ടിയവർക്ക് ഒരു വിധത്തിലുള്ള ആത്മിക അധികാരങ്ങളും ലഭിച്ചിട്ടില്ല എന്നു ദൈവമക്കൾ മനസ്സിലാക്കണം.

വേലയ്ക്കു വിളിക്കുന്നതു ദൈവമാണ്. ആ വിളി അംഗീകരിക്കുകയും അവരുടെമേൽ കൈവച്ചു വേർതിരിക്കയും ചെയ്യേണ്ടത് അവർ അംഗമായിരിക്കുന്ന പ്രാദേശിക സഭയാണ്. സഭയെ പ്രതിനിധീകരിച്ച് പ്രാദേശിക സഭയിലെ മൂപ്പൻമാർ ആണു കൈവയ്പ്പു നൽകേണ്ടത്. ഇത്തരത്തിൽ നൽകപ്പെടുന്ന കൈവയ്പ്പു മാത്രമാണു ദൈവികം. സഭാനേതാവിൽ നിന്നോ ക്രൈസ്തവ സമുദായങ്ങളിലെ ബിഷപ്പുമാരിൽ നിന്നോ ലഭിച്ച കൈവയ്പ്പിന് ദൈവിക അംഗീകാരമില്ല. ഇത്തരം കൈവയ്പ്പ് ഓർഡിനേഷനുമല്ല.

# 17
# ഭാവിയിൽ സംഭവിക്കാനുള്ളത്

ക്രിസ്തുവിന്റെ മടങ്ങി വരവ് എന്ന വിഷയത്തെക്കുറിച്ച് ബൈബിൾ പഠിപ്പിക്കുന്നത് ഇതാണ്:

''യേശുക്രിസ്തു തന്റെ ജനത്തെ ചേർക്കാനായി മടങ്ങി വരും. രക്ഷിക്കപ്പെട്ടവരെല്ലാം കർത്താവു മടങ്ങി വരുമ്പോൾ എടുക്കപ്പെടും.''

കർത്താവായ യേശുക്രിസ്തു മടങ്ങിവരും എന്ന് ഭൂരിപക്ഷം ക്രൈസ്തവ സംഘടനകളും വിശ്വസിക്കുന്നു. പക്ഷേ വിശദാംശങ്ങളിലേക്കു കടക്കുമ്പോൾ അഭിപ്രായ വ്യത്യാസമുണ്ടാകുന്നു. 1914ൽ കർത്താവു വന്നു കഴിഞ്ഞു എന്ന് യഹോവാ സാക്ഷികൾ പഠിപ്പിക്കുന്നു. 1844ൽ കർത്താവു മടങ്ങിവരും എന്നു പഠിപ്പിച്ച് അബദ്ധത്തിലായവരുടെ പിൻതലമുറയാണ് ശാബതുകാർ. 1881 ഒക്ടോബർ 2ന് കർത്താവു മടങ്ങിവരും എന്നു വിശ്വസിക്കയും പഠിപ്പിക്കയും ചെയ്ത വിദ്വാൻ കുട്ടിക്കും അബദ്ധം പറ്റി. ഇങ്ങനെ നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. പക്ഷേ കർത്താവിന്റെ മടങ്ങിവരവ് എപ്പോൾ സംഭവിക്കും എന്നു ദൈവം മനുഷ്യനു വെളിപ്പെടുത്തിയിട്ടില്ല. ഈ വിഷയത്തെക്കുറിച്ചു കർത്താവ് ഇപ്രകാരം പറഞ്ഞു: ''ആ നാളും നാഴികയും സംബന്ധിച്ചോ; എന്റെ പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതൻമാരും പുത്രനും കൂടെ അറിയുന്നില്ല.'' മത്താ.24:36. അതുകൊണ്ട് കർത്താവിന്റെ മടങ്ങിവരവ് എപ്പോൾ സംഭവിക്കും എന്നറിയാനായി മനുഷ്യൻ നടത്തുന്ന ശ്രമങ്ങളെല്ലാം പാഴാകുകയേയുള്ളൂ.

കർത്താവു മടങ്ങി വരുമ്പോൾ എന്തു സംഭവിക്കും എന്ന് ദൈവവചനം വ്യക്തമായി പറയുന്നുണ്ട്. ''കർത്താവ് താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്ക്കുവാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും.'' (1തെസ്സ.4:16)



ഈ വിഷയത്തെക്കുറിച്ച് പൗലൊസ് മറ്റൊരിടത്ത് ഇപ്രകാരമാണു വിശദീകരിക്കുന്നത്: ''നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമയ്ക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും.'' 1കൊരി. 15:55. കർത്താവ് മടങ്ങി വരുമ്പോൾ ആരെല്ലാം എടുക്കപ്പെടും എന്നതിനെ സംബന്ധിച്ച് വിവാദങ്ങളുണ്ട്. ഉയിർപ്പിനെക്കുറിച്ചു പൗലൊസ് പറയുന്നത് ഇങ്ങനെ: ''ഓരോരുത്തനും താന്താന്റെ നിരയിലത്രേ; ആദ്യ ഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ; പിന്നെ അവസാനം.'' (1കൊരി. 15:23)

ലോകമെമ്പാടുമുള്ള മനുഷ്യരെ രണ്ടു ഗ്രൂപ്പായി തിരിക്കാം.

1. വീണ്ടും ജനനം പ്രാപിച്ചവർ- അതായത്, രക്ഷിക്കപ്പെട്ടവർ. ഇവരാണ് ക്രിസ്തുവിനുള്ളവർ.
2. വീണ്ടും ജനനം പ്രാപിക്കാത്തവർ- രക്ഷിക്കപ്പെടാത്തവർ.

ക്രിസ്തുവിനുള്ളവർ ക്രിസ്തുവിന്റെ വരവിങ്കൽ എടുക്കപ്പെടും. മറ്റുള്ളവർ ഈ ഭൂമിയിൽ അവശേഷിക്കും. പൂർണ്ണ വിശുദ്ധി പ്രാപിച്ചവർ മാത്രമേ എടുക്കപ്പെടൂ എന്നു വാദിക്കുന്നവരുണ്ട്. പക്ഷേ പൂർണ്ണ വിശുദ്ധി, പകുതി വിശുദ്ധി എന്നൊന്നും ദൈവവചനത്തിൽ പറയുന്നില്ല. പൂർണ്ണ വിശുദ്ധി മാത്രമാണു വിശുദ്ധി. അശുദ്ധി അവശേഷിക്കുന്നുണ്ടെങ്കിൽ അതു വിശുദ്ധമല്ല അശുദ്ധമാണ്. പക്ഷേ ശുദ്ധീകരണം പ്രാപിക്കുന്നതു പ്രവൃത്തിയാലല്ല കൃപയാലാണ്. കർത്താവായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. അതുകൊണ്ട് രക്ഷിക്കപ്പെട്ടവർ കൃപയിൽ നിലനിൽക്കുന്നിടത്തോളം കാലം പൂർണ്ണ വിശുദ്ധരാണ്. ദൈവകൃപയിൽ നിലനിൽക്കുന്നവരും അങ്ങനെ നിലനിന്നു മരിച്ചവരും കർത്താവിന്റെ വരവിങ്കൽ എടുക്കപ്പെടും.

ദൈവജനം എടുക്കപ്പെട്ടതിനുശേഷം ഈ ഭൂമിയിൽ എന്തൊക്കെ സംഭവിക്കും എന്നതും നാം അറിയേണ്ടതുണ്ട്. ഇതെക്കുറിച്ച് ബൈബിൾ പറയുന്നതിന്റെ രത്നച്ചുരുക്കം ഇതാണ്:

''സഭയുടെ ഉൽപ്രാപണത്തിനു ശേഷമുള്ള ഏഴു വർഷം ഈ ഭൂമിയിൽ എതിർക്രിസ്തു ഭരണം നടത്തും. മഹോപദ്രവകാലം എന്ന് ഈ ഏഴു വർഷങ്ങളെ വിളിക്കാറുണ്ട്.''

ദാനിയേൽ പ്രവചനം, വെളിപ്പാട് പുസ്തകം തുടങ്ങിയവ ഉപയോഗിച്ച് വിശദമായി പഠിക്കേണ്ട വിഷയമാണിത്. പക്ഷേ അത്ര വിശദമായ

ഒരു പഠനത്തിന് ഇപ്പോൾ മുതിരുന്നില്ല. വസ്തുതകൾ കഴിയുന്നത്ര ചുരുക്കി പറയാം:

യിസ്രായേലിന്റെ ഭാവി എന്താകും എന്നോർത്ത് ഭാരപ്പെട്ടിരുന്ന ദാനിയേലിനോട് ദൈവം ഇപ്രകാരം പറഞ്ഞു:

''അതിക്രമത്തെ തടസ്സം ചെയ്തു പാപങ്ങളെ മുദ്രയിടുവാനും അകൃത്യത്തിനു പ്രായശ്ചിത്തം ചെയ്ത് നിത്യനീതി വരുത്തുവാനും ദർശനവും പ്രവചനവും മുദ്രയിടുവാനും അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്യുവാനും തക്കവണ്ണം നിന്റെ ജനത്തിനും വിശുദ്ധനഗരത്തിനും എഴുപത് ആഴ്ചവട്ടം നിയമിച്ചിരിക്കുന്നു. അതുകൊണ്ടു നീ അറിഞ്ഞ് ഗ്രഹിച്ചുകൊള്ളേണ്ടതെന്തെന്നാൽ: യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിയുവാൻ കല്പന പുറപ്പെടുന്നതു മുതൽ അഭിഷിക്തനായോരു പ്രഭു വരെ ഏഴ് ആഴ്ചവട്ടം; അറുപത്തി രണ്ട് ആഴ്ചവട്ടം കൊണ്ട് അതിനെ വീഥിയും കിടങ്ങുമായി കഷ്ടകാലങ്ങളിൽത്തന്നേ വീണ്ടും പണിയും. അറുപത്തിരണ്ട് ആഴ്ചവട്ടം കഴിഞ്ഞിട്ട് അഭിഷിക്തൻ ഛേദിക്കപ്പെടും; അവന് ആരും ഇല്ലെന്നു വരും; പിന്നെ വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം നഗരത്തെയും വിശുദ്ധമന്ദിരത്തെയും നശിപ്പിക്കും; അവന്റെ അവസാനം ഒരു പ്രളയത്തോടെ ആയിരിക്കും; അവസാനത്തോളം യുദ്ധമുണ്ടാകും; ശൂന്യങ്ങളും നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. അവൻ ഒരു ആഴ്ചവട്ടത്തേക്കു പലരോടും നിയമത്തെ കഠിനമാക്കും; ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനന യാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും; മ്ലേച്ഛതകളുടെ ചിറകിൻമേൽ ശൂന്യമാക്കുന്നവൻ വരും; നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെ മേൽ കോപം ചൊരിയും.'' (ദാനി.9:24-27)

ആഴ്ചവട്ടം എന്നതു പഴയ മലയാളമാണ്. ആഴ്ച എന്നുതന്നെയാണ് അർത്ഥം. എഴുപത് ആഴ്ചകൾ എന്നത് 490 ദിവസമാണ്. അക്ഷരാർത്ഥത്തിലുള്ള ആഴ്ചകളല്ല പ്രവചനാർത്ഥത്തിലുള്ള ആഴ്ചകളാണിവ. അതുകൊണ്ട് ഇത് 490 വർഷങ്ങളെ കുറിക്കുന്നു. ഏഴ് ആഴ്ചകൾ (49 വർഷം), 62 ആഴ്ചകൾ (434 വർഷങ്ങൾ), ഒരാഴ്ച (ഏഴു വർഷങ്ങൾ) എന്നിങ്ങനെ ഈ 70 ആഴ്ചകളെ വിഭജിച്ചിരിക്കുന്നു. യിസ്രായേൽ ജനവുമായി ബന്ധപ്പെട്ടാണ് ഈ കാലക്കണക്കു പഠനവിധേയമാക്കേണ്ടത് എന്ന് ''നിന്റെ ജനത്തിനും വിശുദ്ധ നഗരത്തിനും എഴുപത് ആഴ്ചവട്ടം നിയമിച്ചിരിക്കുന്നു'' എന്നതുകൊണ്ടു ദൈവാത്മാവു സൂചിപ്പിക്കുന്നു. ഈ എഴുപത് ആഴ്ചകൾ (490 വർഷങ്ങൾ) പൂർത്തിയാകുമ്പോൾ എന്തൊക്കെ നടന്നിരിക്കും? അതിനുള്ള ഉത്തരം ഈ വേദഭാഗത്തിന്റെ പ്രാരംഭത്തിൽ തന്നെയുണ്ട്.



1. അതിക്രമത്തെ തടസ്സം ചെയ്തു പാപങ്ങളെ മുദ്രയിടും.
2. അകൃത്യത്തിനു പ്രായശ്ചിത്തം ചെയ്ത് നിത്യനീതി വരുത്തും.
3. ദർശനവും പ്രവചനവും മുദ്രയിടും.
4. അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്യും.

ചുരുക്കത്തിൽ, എഴുപത് ആഴ്ചകൾ കഴിയുമ്പോൾ ഈ യുഗം അവസാനിക്കും. പുതിയ യുഗം ആരംഭിക്കും.

യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിയാൻ കല്പന പുറപ്പെടുന്നതു മുതൽ വേണം ഈ 490 വർഷങ്ങൾ കണക്കുകൂട്ടാൻ എന്ന് ഈ വേദഭാഗത്തുതന്നെ പറയുന്നുണ്ട്. അതുകൊണ്ട് യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിയാൻ കല്പന പുറപ്പെട്ടതു മുതൽ അഭിഷിക്തൻ (മിശിഹ) ഛേദിക്കപ്പെടുന്നതുവരെയുള്ള കാലം 483 വർഷമാണ്. കർത്താവായ യേശുക്രിസ്തു രാജാവായി, കഴുതപ്പുറത്തു കയറി, യെരൂശലേമിലേക്കെത്തിയ ദിവസമാണ് ഈ 483 വർഷം അവസാനിച്ചത്. ഇനി ഒരാഴ്ച- ഏഴു വർഷം- മാത്രമാണ് യിസ്രായേല്യർക്കായി ദൈവം അനുവദിച്ചിട്ടുള്ളത്.

യിസ്രായേല്യർ മിശിഹയെ തള്ളിക്കളഞ്ഞതുകൊണ്ട് ദൈവം ഒരു കൃപയുടെ കാലം മനുഷ്യവർഗ്ഗത്തിനു നൽകി. 69-ാമത്തെ ആഴ്ച (483 വർഷം) പൂർത്തിയായശേഷം 70-ാമത്തെ ആഴ്ച ആരംഭിക്കുന്നതിനിടയിലുള്ള കാലമാണിത്. കൃപയുടെ ഈ കാലത്താണ് നാം ഇപ്പോൾ ജീവിക്കുന്നത്. കർത്താവായ യേശുക്രിസ്തു മടങ്ങിവരുന്നതോടെ കൃപായുഗം അവസാനിക്കും. ദൈവജനത്തെ കർത്താവ് തന്നോടൊപ്പം കൊണ്ടുപോകും. രക്ഷിക്കപ്പെടാത്തവർ മാത്രമാകും പിന്നീട് ഈ ഭൂമിയിൽ ഉണ്ടാകുക. എഴുപതാമത്തെ ആഴ്ച അതോടെ ആരംഭിക്കും. ഏഴു വർഷം മാത്രം നീളുന്നതാണ് ഈ കാലം. ഈ കാലത്ത് എന്തു നടക്കുമെന്നു വെളിപ്പാടു പുസ്തകത്തിൽ വളരെ വിശദമായി പറയുന്നുണ്ട്. അതിന്റെ രത്നച്ചുരുക്കം ഇതാണ്:

''സഭയുടെ ഉൽപ്രാപണത്തിനു ശേഷമുള്ള ഏഴു വർഷം ഈ ഭൂമിയിൽ എതിർക്രിസ്തു ഭരണം നടത്തും. മഹോപദ്രവകാലം എന്ന് ഈ ഏഴു വർഷങ്ങളെ വിളിക്കാറുണ്ട്.''

ഇത്രയും പറയുമ്പോൾ ഒരു ചോദ്യമുണ്ടാകും. 483 വർഷം കഴിഞ്ഞപ്പോൾ തുടർന്നുള്ള ഏഴു വർഷം ഉണ്ടായില്ല എന്ന് എങ്ങനെ പറയാൻ കഴിയും? ന്യായമായ സംശയമാണിത്. 483 വർഷം കഴിയുമ്പോഴാണ് മിശിഹ ഛേദിക്കപ്പെടുക എന്നു തിരുവചനത്തിലുള്ളതിനാൽ ആ

വിഷയത്തിൽ സംശയമുണ്ടാകേണ്ട കാര്യമില്ല. പിന്നെയുള്ളത് ഏഴു വർഷങ്ങൾ മാത്രമാണ്. മിശിഹായുടെ മരണത്തിനുശേഷം ഈ ഏഴു വർഷങ്ങൾ കൂടി സംഭവിച്ചു തീർന്നെങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ നടന്നിരിക്കണം.

1. അതിക്രമത്തെ തടസ്സം ചെയ്തു പാപങ്ങളെ മുദ്രയിട്ടു.
2. അകൃത്യത്തിനു പ്രായശ്ചിത്തം ചെയ്ത് നിത്യനീതി വരുത്തി.
3. ദർശനവും പ്രവചനവും മുദ്രയിട്ടു.
4. അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്തു.

ഇതൊക്കെ നടന്നോ? നടന്നെങ്കിൽ ഇപ്പോൾ അതിക്രമങ്ങളോ പാപമോ ഇല്ല. നിത്യനീതി വന്നുകഴിഞ്ഞു. ദർശനവും പ്രവചനവുമില്ല. മിശിഹ രാജാവായി അധികാരമേറ്റു കഴിഞ്ഞു. ഇതൊന്നും നടന്നില്ലെങ്കിൽ 70 ആഴ്ചകൾ അവസാനിച്ചിട്ടില്ല. എഴുപതാമത്തെ ആഴ്ച ആരംഭിച്ചിട്ടില്ല എന്നതിന് ഇതുതന്നെ പ്രധാന തെളിവ്.

എഴുപതാമത്തെ ആഴ്ചയിലുള്ള ഏഴു ദിവസത്തെ (ഏഴു വർഷത്തെ) മൂന്നര വർഷം വീതമുള്ള രണ്ടു ഭാഗങ്ങളായി തിരിച്ചു വേണം പഠിക്കുവാൻ. വെളിപ്പാട് പുസ്തകം 6-ാം അധ്യായം മുതൽ 19-ാം അധ്യായം വരെയുള്ള ഭാഗത്ത് വിവരിച്ചിരിക്കുന്ന സംഭവങ്ങൾ ഈ ഏഴു വർഷക്കാലത്തു നടക്കും. അവ ഒന്നൊന്നായി വിവരിക്കാൻ തുനിഞ്ഞാൽ പേജുകളുടെ എണ്ണം കൂടും. അതുകൊണ്ട് ഈ വിഷയം കഴിയുന്നത്ര ചുരുക്കി പറയാം. ഈ വിഷയം വിശദമായി പഠിക്കാൻ ആഗ്രഹമുള്ളവർ 'വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ' എന്ന സി.ഡി സെറ്റിൽ ഏഴാമത്തെ സി.ഡിയിലുള്ള ക്ലാസ്സ് ശ്രദ്ധിക്കുക. 10 മണിക്കൂർ ദൈർഘ്യമുള്ള ഈ ക്ലാസ്സിൽ പ്രധാനപ്പെട്ട വിശദാംശങ്ങളെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. എങ്കിലും പ്രധാന കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കാം,

വെളിപ്പാടു പുസ്തകം പഠിക്കുമ്പോൾ ചില വസ്തുതകൾ പ്രാരംഭത്തിൽത്തന്നെ മനസ്സിലാക്കേണ്ടതുണ്ട്. ഈ പുസ്തകത്തിൽ കാണുന്ന കാര്യങ്ങൾ അക്ഷരാർത്ഥത്തിൽ എടുക്കേണ്ടതില്ല. മൃഗം എന്നതു മൃഗമല്ല ഒരു പ്രതീകമാണ്. സ്ത്രീ അക്ഷരാർത്ഥത്തിലുള്ള സ്ത്രീയുമല്ല. കാലക്കണക്കുകളും ഒരു പ്രശ്നം തന്നെ. ഒരേസമയത്തു നടക്കുന്ന സംഭവങ്ങൾ ഒന്നിച്ചു പറയാതെ വിവിധ ഭാഗങ്ങളിലായി വിവരിച്ചിരിക്കുന്നത് സംശയങ്ങൾക്കു വഴിവയ്ക്കുന്നു. അതുകൊണ്ട് 6 മുതൽ 10 വരെയുള്ള അധ്യായങ്ങൾ തുടർച്ചയായി വായിക്കുക. ഈ സംഭവങ്ങൾ നടക്കുമ്പോൾ തന്നെ 11-ാം അധ്യായത്തിലെ സംഭവങ്ങളും നടക്കുന്നു. ഈ കാലത്തുതന്നെയാണ് 12-ാം അധ്യായവും നിറവേറുന്നത്. 13-ാം



അധ്യായം നിറവേറുന്നതും ഇതേ കാലത്തു തന്നെ. ഈ സംഭവങ്ങളൊക്കെ നടക്കുന്നതിനു മുമ്പ് ദൈവസഭ ഈ ഭൂമിയിൽ നിന്ന് എടുക്കപ്പെട്ടിരിക്കും എന്നു മറക്കരുത്. എങ്കിലും സഭയെന്ന പേരിൽ ഒരു പ്രസ്ഥാനം ഇക്കാലത്തും ഭൂമിയിൽ ഉണ്ടായിരിക്കും. ഈ സഭയുടെ സ്ഥിതി 17-ാം അധ്യായത്തിൽ കാണാം. ഈ ഏഴു വർഷക്കാലത്ത് ബാബിലോൺ നഗരം ഏതു വിധത്തിലായിരിക്കുമെന്നു 18-ാം അധ്യായം വിവരിക്കുന്നു. ഏഴു വർഷങ്ങൾ അവസാനിക്കുന്നതെങ്ങനെയെന്ന് 19-ാം അധ്യായത്തിൽ കാണാം. ഇങ്ങനെ പറഞ്ഞു പോയാൽ കാര്യം പിടികിട്ടുകയില്ലെന്നറിയാം. പക്ഷേ വിശദമായി പറയാൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല. എങ്കിലും ഈ കാലത്തു നടക്കുന്ന സംഭവങ്ങൾ ഏതാനും വാചകങ്ങളിൽ ചുരുക്കി പറയാം.

ദൈവസഭ എടുക്കപ്പെട്ട ശേഷമുള്ള ഏഴു വർഷം അന്തിക്രിസ്തു എന്ന പേരിൽ അറിയപ്പെടുന്ന എതിർക്രിസ്തുവിന്റെ ഭരണകാലമാണ്. പത്തു രാജ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഫെഡറേഷന്റെ പ്രസിഡന്റായിരിക്കും എതിർക്രിസ്തു എന്ന് അനുമാനിക്കാം. ഇയാളുടെ സഹായിയായി ഒരു ആത്മിക നേതാവുണ്ടായിരിക്കും. ഇവർ രണ്ടുപേരുമാണ് വെളി.13ൽ കാണുന്ന മൃഗങ്ങൾ. ഇവർ ആദ്യത്തെ മൂന്നര വർഷക്കാലം യഹൂദൻമാരുമായും കത്തോലിക്കാ സഭയുമായും സമാധാനത്തിൽ കഴിയും. ഇവരുടെ ഭരണം ഇങ്ങനെ സമാധാനത്തോടെ ആരംഭിക്കുമെങ്കിലും പിന്നീട് വലിയ യുദ്ധങ്ങളുണ്ടാകും. ഈ കാലത്താണ് വെളി.11:3-13ൽ കാണുന്ന സാക്ഷികൾ പ്രവചനം നടത്തുന്നത്. മൂന്നര വർഷം കഴിയുമ്പോൾ എതിർക്രിസ്തു യഹൂദരുമായി ശത്രുതയിലാകും. പിന്നീടുള്ള മൂന്നര വർഷക്കാലം യഹൂദന്റെ കഷ്ടകാലമായിരിക്കും. അവർ സ്വന്ത രാജ്യം വിട്ട് ഓടിപ്പോകേണ്ടതായി വരും. കത്തോലിക്കാ സഭയുമായും എതിർക്രിസ്തു ശത്രുതയിലാകും. അതു കത്തോലിക്കാ സഭയുടെ നാശത്തിനു വഴിവയ്ക്കും (വെളി.17 വായിക്കുക).

എതിർക്രിസ്തുവിന്റെ ഭരണത്തിന്റെ അവസാനത്തെ മൂന്നര വർഷക്കാലം യുദ്ധവും ക്ഷാമവും മറ്റു കഷ്ടതകളും നിറഞ്ഞതായിരിക്കും. ഏഴു വർഷം തികയുമ്പോൾ കർത്താവ് വിശുദ്ധരുമായി ഒലിവുമലയിൽ പ്രത്യക്ഷനാകും. എതിർക്രിസ്തു കർത്താവിനോടും യുദ്ധം ചെയ്യുമെങ്കിലും പരാജയപ്പെടും. അതെപ്പറ്റി യോഹന്നാൻ പറയുന്നത് ഇങ്ങനെയാണ്:

''കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്യുവാൻ മൃഗവും ഭൂരാജാക്കൻമാരും അവരുടെ സൈന്യങ്ങളും

ഒന്നിച്ചു വന്നു കൂടിയതു ഞാൻ കണ്ടു. മൃഗത്തെയും, അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏല്പിക്കുകയും, അതിന്റെ പ്രതിമയെ നമസ്കരിപ്പിക്കുകയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു. ശേഷിച്ചവരെ കുതിരപ്പുറത്തിരിക്കുന്നവന്റെ വായിൽനിന്നു പുറപ്പെടുന്ന വാൾകൊണ്ടു കൊന്നു. അവരുടെ മാംസം തിന്നു സകല പക്ഷികൾക്കും തൃപ്തി വന്നു.'' (വെളി. 19:19-21) അതോടെ എതിർക്രിസ്തുവിന്റെ ഭരണകാലം അവസാനിക്കും. പിന്നീട് എന്താണു നടക്കുക? ദൈവസഭയുടെ വിശ്വാസം ഇതാണ്:

''ഏഴു വർഷത്തെ ഭരണം എതിർക്രിസ്തു പൂർത്തിയാക്കുമ്പോൾ അവനെ കർത്താവായ യേശുക്രിസ്തു തോല്പിക്കുകയും ആയിരം വർഷം നീണ്ടുനിൽക്കുന്ന ഒരു ഭരണം ആരംഭിക്കുകയും ചെയ്യും.''

ഇതെപ്പറ്റി യോഹന്നാൻ പറയുന്നത് ഇതാണ്: ''അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കൈയിൽ പിടിച്ചുകൊണ്ടു സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങുന്നത് ഞാൻ കണ്ടു. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ച് ആയിരം ആണ്ടുകളിലേക്ക് ചങ്ങലയിട്ടു. ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിക്കുവാൻ അവനെ അഗാധത്തിൽ തള്ളിയിട്ട് അടച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു. അതിന്റെ ശേഷം അവനെ അല്പകാലത്തേക്ക് അഴിച്ച് വിടേണ്ടതാകുന്നു. ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്ക് ന്യായവിധിയുടെ അധികാരം കൊടുത്തു; യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു; അവർ ജീവിച്ചു ആയിരമാണ്ട് ക്രിസ്തുവിനോട് കൂടി വാണു. മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല. ഇത് ഒന്നാമത്തെ പുനഃരുത്ഥാനം. ഒന്നാമത്തെ പുനഃരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെ മേൽ രണ്ടാം മരണത്തിന് അധികാരം ഇല്ല; അവർ ദൈവജനത്തിനും ക്രിസ്തുവിനും പുരോഹിതൻമാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു വാഴും.'' (വെളി. 20:1-6)

വ്യാഖ്യാനമോ വിശദീകരണമോ കൂടാതെ മനസ്സിലാക്കാൻ കഴിയുന്ന കാര്യമാണിത്. സഹസ്രാബ്ദവാഴ്ച എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലത്ത് സാത്താൻ അഗാധകൂപത്തിൽ ആയിരിക്കും. അതുകൊണ്ട് മനുഷ്യരെ വഴിതെറ്റിക്കാൻ സാത്താനു കഴിയുന്നതല്ല. സഹസ്രാബ്ദയുഗത്തിൽ യുദ്ധമോ ക്ഷാമമോ ഉണ്ടായിരിക്കയില്ല. മരണം അപൂർവ്വമായിരിക്കും.



രക്ഷിക്കപ്പെട്ടവർ മാത്രമേ സഹസ്രാബ്ദകാലത്ത് ഉണ്ടായിരിക്കൂ എന്നൊരു ധാരണയുണ്ട്. അതു ശരിയല്ല. രക്ഷിക്കപ്പെട്ടവർ കർത്താവിനോടൊപ്പം ഭരണം നടത്തും. പക്ഷേ യഹൂദരും എതിർ ക്രിസ്തുവിന്റെ ഭരണകാലത്തു നശിച്ചു പോകാതെ രക്ഷപ്പെട്ട ലോകജാതികളും മറ്റും സഹസ്രാബ്ദകാലത്ത് ഉണ്ടായിരിക്കും. ആയിരം വർഷം നീണ്ടു നിൽക്കുന്ന ഈ കാലം അവസാനിക്കുമ്പോൾ എന്താണു സംഭവിക്കുക? ബൈബിൾ പറയുന്നു:

''ആയിരം ആണ്ടു കഴിയുമ്പോഴോ സാത്താനെ തടവിൽനിന്ന് അഴിച്ചുവിടും. അവൻ ഭൂമിയുടെ നാലു ദിക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടല്പുറത്തെ മണൽപോലെയുള്ള ഗോഗ്, മാഗോഗ് എന്നിവരെ യുദ്ധത്തിനായി കൂട്ടിച്ചേർക്കേണ്ടതിന് വശീകരിക്കുവാൻ പുറപ്പെടും. അവർ ഭൂമിയിൽ പരക്കെ ചെന്ന് വിശുദ്ധൻമാരുടെ പാളയത്തെയും പ്രിയനഗരത്തെയും വളയും; എന്നാൽ ആകാശത്ത് നിന്ന് തീ ഇറങ്ങി അവരെ ദഹിപ്പിച്ചു കളയും. അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്ക് തള്ളിയിടും; അവർ എന്നെന്നേക്കും രാപകൽ ദണ്ഡനം സഹിക്കേണ്ടിവരും.'' (വെളി.20:7-10)

പിന്നീട് എന്താണു നടക്കുക? ദൈവസഭയുടെ വിശ്വാസം ഇതാണ്: ''സഹസ്രാബ്ദത്തിനു ശേഷം അന്ത്യന്യായവിധി നടക്കും. വെള്ളസിംഹാസനത്തിന്റെ മുൻപിൽ വച്ച് എല്ലാ പാപികളും ന്യായം വിധിക്കപ്പെടും. തീയും ഗന്ധകവും കത്തുന്ന പൊയ്കയിൽ പാപികൾ നിത്യത ചെലവഴിക്കേണ്ടതായി വരും. ഇത് രണ്ടാം മരണം എന്ന പേരിൽ അറിയപ്പെടുന്നു. സാത്താനും അവന്റെ ദൂതൻമാർക്കും ഇതേ ശിക്ഷ തന്നെയാണു ലഭിക്കുക.'' യോഹന്നാൻ വെളിപ്പാടിൽ കണ്ടത് ഇതാണ്:

''ഞാൻ വലിയൊരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽനിന്നു ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധിയുണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചു കൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ച

വരെ ഏല്പിച്ചുകൊടുത്തു; ഓരോരുത്തനും അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും.'' (വെളി. 20: 11-15) വ്യാഖ്യാനം കൂടാതെ കാര്യം മനസ്സിലാക്കാമല്ലോ.

അന്ത്യന്യായവിധിക്കു ശേഷം എന്താണു സംഭവിക്കുക എന്നതിനെ സംബന്ധിച്ചും ദൈവസഭയ്ക്കു വ്യക്തമായ നിലപാടുണ്ട്: ''അന്ത്യന്യായവിധിക്കു ശേഷം പുതിയ യെരൂശലേം എന്ന നഗരം ഭൂമിയിലേക്ക് ഇറങ്ങിവരും. രക്ഷിക്കപ്പെട്ടവർ ദൈവത്തോടുകൂടി ഈ നഗരത്തിൽ വസിക്കും.'' വെളി.21, 22 അധ്യായങ്ങളിൽ ഇതിന്റെ വിശദാംശങ്ങൾ കാണാവുന്നതാണ്. യോഹന്നാൻ കണ്ടത് ഇതാണ്:

''ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല. പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽനിന്ന്, ദൈവസന്നിധിയിൽനിന്നു തന്നേ, ഇറങ്ങുന്നത് ഞാൻ കണ്ടു. സിംഹാസനത്തിൽനിന്ന് ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടത്: ഇതാ, മനുഷ്യരോട് കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോട് കൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയും. ഇനി മരണം ഉണ്ടാകുകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകുകയില്ല; ഒന്നാമത്തേത് കഴിഞ്ഞുപോയി; സിംഹാസനത്തിൽ ഇരിക്കുന്നവൻ: ഇതാ, ഞാൻ സകലവും പുതുതാക്കുന്നു എന്ന് അരുളിച്ചെയ്തു. എഴുതുക, ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു എന്നും അവൻ കല്പിച്ചു.''

അടിസ്ഥാന വിശ്വാസപ്രമാണങ്ങളായി നാം പരിഗണിക്കുന്ന വിഷയങ്ങളാണ് ഇതുവരെ വിവരിച്ചത്. രക്ഷിക്കപ്പെട്ട ദൈവമക്കൾക്ക് ഇതു വിശ്വസിക്കാതിരിക്കാൻ കഴിയുന്നതല്ല. ഇതു വിശ്വസിക്കാൻ തയ്യാറല്ലാത്തവർ രക്ഷിക്കപ്പെട്ടവരല്ല. തങ്ങളുടെ വിശ്വാസം ഏതു വിധത്തിലുള്ളതാണെന്ന് ഓരോരുത്തരും സ്വയം ശോധന ചെയ്യുക. തെറ്റുകൾ തിരുത്തുക. രക്ഷ കൃപയാലാണു ലഭിക്കുന്നത്. പക്ഷേ ശരിയായ വിശ്വാസം കൂടാതെ രക്ഷ പ്രാപിക്കാൻ കഴിയുന്നതല്ല. അതുകൊണ്ട് നാം എന്തു വിശ്വസിക്കുന്നു എന്നതു ഗൗരവമുള്ള വിഷയമാണ്.

# 18
# സംശയങ്ങൾക്കുള്ള മറുപടി

അടിസ്ഥാന വേദോപദേശങ്ങളായി പരിഗണിക്കപ്പെടുന്ന ഉപദേശ വിഷയങ്ങളാണ് ഇതുവരെ പഠനവിധേയമാക്കിയത്. ഉപദേശ വിഷയങ്ങൾ സംസാരിക്കുമ്പോൾ മിക്കവരും ചോദിക്കുന്ന ചില ചോദ്യങ്ങൾക്കുകൂടി മറുപടി പറയാതെ ഈ ഗ്രന്ഥം ഉപസംഹരിക്കാനാവില്ല. അതുകൊണ്ട് അങ്ങനെയുള്ള ചില ചോദ്യങ്ങളും അവയ്ക്കുള്ള മറുപടികളും താഴെ കൊടുക്കുന്നു.

1. പത്രോസാകുന്ന പാറമേലല്ലേ സഭ പണിയപ്പെട്ടിരിക്കുന്നത്?

പത്രോസാകുന്ന പാറമേലല്ല ക്രിസ്തുവാകുന്ന പാറമേലാണു ദൈവസഭ പണിയപ്പെട്ടിരിക്കുന്നത്. പത്രോസാണു സഭയുടെ അടിസ്ഥാനമായ പാറ എന്ന തെറ്റിദ്ധാരണ പരക്കാൻ കാരണമായ വേദഭാഗം പഠിച്ചാൽ ഈ വസ്തുത മനസ്സിലാകുന്നതാണ്.

യേശുവും ശിഷ്യൻമാരും ഫിലിപ്പിന്റെ കൈസര്യയിൽ ആയിരിക്കുമ്പോൾ ഉണ്ടായ ഒരു സംഭവം മത്തായി വിവരിക്കുന്നു (16:13-19)

“യേശു ഫിലിപ്പിന്റെ കൈസര്യയുടെ പ്രദേശത്ത് എത്തിയ ശേഷം തന്റെ ശിഷ്യൻമാരോട്: ജനങ്ങൾ മനുഷ്യപുത്രനെ ആര് എന്നു പറയുന്നു എന്നു ചോദിച്ചു. ചിലർ യോഹന്നാൻ സ്നാപകൻ എന്നും മറ്റു ചിലർ ഏലിയാവെന്നും വേറെ ചിലർ യിരെമ്യാവോ പ്രവാചകൻമാരിൽ ഒരുത്തനോ എന്നും പറയുന്നു എന്ന് അവർ പറഞ്ഞു. നിങ്ങളോ എന്നെ ആര് എന്നു പറയുന്നു എന്ന് അവൻ ചോദിച്ചതിനു ശിമോൻ പത്രൊസ്: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് ഉത്തരം പറഞ്ഞു. യേശു അവനോട്: ബർയോനാശിമോനേ, നീ ഭാഗ്യവാൻ; ജഡരക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്ക് ഇതു വെളിപ്പെടുത്തിയത്. നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല എന്നു ഞാൻ നിന്നോടു പറയുന്നു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നത് ഒക്കെയും

സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും എന്ന് ഉത്തരം പറഞ്ഞു.''

യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനാണ് എന്ന് ആദ്യം ഏറ്റു പറഞ്ഞതു പത്രോസാണ് എന്നതു ശരിതന്നെ. അതുകൊണ്ട് ദൈവസഭയിലെ ആദ്യ വിശ്വാസി പത്രോസാണ് എന്നതിനു സംശയമില്ല. പത്രോസ് ഈ വിധത്തിൽ ഏറ്റു പറഞ്ഞപ്പോൾ കർത്താവ് അരാമ്യ ഭാഷയിൽ പറഞ്ഞത് ഇതാണ്: (അരാമ്യ ഭാഷയിലാണ് അവർ സംസാരിച്ചിരുന്നത്) "നീ കേപ്പായാകുന്നു. ഈ കേപ്പാമേൽ ഞാൻ എന്റെ സഭയെ പണിയും.''

കേപ്പാ എന്ന അരാമ്യ വാക്കിന് പാറ, കല്ല് എന്നൊക്കെയാണ് അർത്ഥം. കർത്താവു പറഞ്ഞത് മത്തായി ഗ്രീക്കിൽ എഴുതിയപ്പോൾ "നീ പെട്രോസ് ആകുന്നു. ഈ പെട്രാമേൽ ഞാൻ എന്റെ സഭയെ പണിയും'' എന്നാക്കി. എന്തുകൊണ്ട്? കേപ്പാ എന്ന അരാമ്യവാക്കാണ് രണ്ടിടത്തും കർത്താവ് ഉപയോഗിച്ചതെങ്കിലും കർത്താവു പറഞ്ഞതിന്റെ അർത്ഥം മത്തായിക്കു മനസ്സിലായി. അതുകൊണ്ട് പത്രോസിനെ പെട്രോസ് എന്നും സഭയുടെ അടിസ്ഥാനത്തെ പെട്രാ എന്നും വിളിച്ചു. പെട്രോസ് എന്ന ഗ്രീക്ക് വാക്കിനു കല്ല് എന്നും പെട്രാ എന്ന വാക്കിന് പാറ എന്നുമാണ് അർത്ഥം. അതുകൊണ്ടു കർത്താവു പറഞ്ഞതിന്റെ അർത്ഥം ഇതാണ്: "നീ കല്ലാകുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും.'' യേശുവിനെ കർത്താവെന്നു ഹൃദയം കൊണ്ടു വിശ്വസിക്കുകയും വായ്കൊണ്ട് ഏറ്റു പറയുകയും ചെയ്യുന്നവരെല്ലാം രക്ഷിക്കപ്പെടും. ഇപ്രകാരം ഏറ്റു പറഞ്ഞ ആദ്യ വ്യക്തി പത്രോസാണ്. ദൈവസഭയെന്ന മന്ദിരത്തിന്റെ ആദ്യ ശിലയാണു പത്രോസ്. പിന്നീട് യേശുവിനെ സ്വീകരിച്ചവരെല്ലാം പത്രോസിനെപ്പോലുള്ള കല്ലുകളായി. പത്രോസ് പറയുന്നു: "മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ടു നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹമായി യേശുക്രിസ്തുമുഖാന്തരം ദൈവത്തിനു പ്രസാദമുള്ള ആത്മികയാഗം കഴിക്കുവാൻ തക്ക വിശുദ്ധപുരോഹിതവർഗ്ഗമാകേണ്ടതിനു പണിയപ്പെടുന്നു.'' (1പത്രോ.2:4,5) ദൈവസഭയുടെ അടിസ്ഥാനം ഏതെന്നു പൗലോസും വ്യക്തമാക്കുന്നുണ്ട്: "യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയുകയില്ല.'' (1കൊരി.3:11)

പാറ എന്ന വാക്ക് ബൈബിളിൽ ഏതെല്ലാം അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട് എന്നു പരിശോധിക്കുന്നതും സഹായകമാകും. അക്ഷരാർത്ഥത്തിലുള്ള പാറയെക്കുറിച്ചു പറയാൻ ഈ വാക്ക് പലവട്ടം ഉപയോഗിച്ചിട്ടുണ്ട്. യിസ്രായേലാകുന്ന കല്ല് അബ്രാഹാമെന്ന പാറയിൽ നിന്നു വെട്ടിയെടുത്തതാണെന്നും പറയുന്നുണ്ട്. എന്നാൽ ആത്മിയാർത്ഥത്തിൽ പാറ എന്ന വാക്ക് ഉപയോഗിച്ചിട്ടുള്ള എല്ലാ സ്ഥലങ്ങളിലും അതു ദൈവമെന്ന അർത്ഥത്തിൽ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. മാത്രമല്ല, പഴയനിയമത്തിൽ പരാമർശിക്കപ്പെടുന്ന ആത്മിക പാറ ക്രിസ്തുവായിരുന്നു എന്നു പൗലോസ് പറയുന്നുമുണ്ട്. (1കൊരി.10:4) പത്രോസല്ല ക്രിസ്തുവാണു പാറ എന്ന് ഈ വാക്യങ്ങളെല്ലാം തെളിയിക്കുന്നു. ക്രിസ്തുവാകുന്ന പാറമേൽ അടിസ്ഥാനമിട്ടു പണിയപ്പെട്ടുകൊണ്ടിരിക്കുന്ന സഭയെന്ന മന്ദിരത്തിന്റെ ആദ്യത്തെ ശിലയാണു പത്രോസ്. മറ്റു വിശ്വാസികളും ഈ മന്ദിരത്തിന്റെ കല്ലുകളാണ്.



സ്വർഗ്ഗത്തിന്റെ താക്കോൽ പത്രോസിന്റെ കൈവശമാണു കർത്താവു നൽകിയിരിക്കുന്നത് എന്നൊരു ധാരണയും നിലവിലുണ്ട്. സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും ഒന്നാണെന്ന തെറ്റിദ്ധാരണയിൽ നിന്നാണ് ഇങ്ങനെ പറയുന്നത്. മറ്റു സുവിശേഷകർ ദൈവരാജ്യം എന്ന് എഴുതിയപ്പോൾ മത്തായി സ്വർഗ്ഗരാജ്യം എന്ന് എഴുതിയെന്നേയുള്ളൂ. രണ്ടും ഒന്നുതന്നെ. ദൈവം എന്ന വാക്ക് നാവിൽ എടുത്താൽ ദൈവത്തിന്റെ നാമം വൃഥാ എടുക്കരുത് എന്ന കല്പനയുടെ ലംഘനമാകും എന്നു കരുതിയിരുന്ന യഹൂദർ അക്കാലത്തുണ്ടായിരുന്നു. അവർക്ക് ഇടർച്ച വരുത്താതിരിക്കാനാണ് ദൈവം എന്ന വാക്കിനു പകരം മത്തായി സ്വർഗ്ഗം എന്ന് എഴുതിയത്. അതുകൊണ്ട് മത്തായി സ്വർഗ്ഗരാജ്യം എന്ന് എഴുതിയിരിക്കുന്നത് ദൈവരാജ്യം എന്നു വായിച്ചാൽ മതി.

അക്ഷരാർത്ഥത്തിലുള്ള ദൈവരാജ്യം ആയിരമാണ്ടു വാഴ്ചയാണ്. എന്നാൽ ദൈവസഭ ആത്മീയ ദൈവരാജ്യമാണ്. പൗലോസ് പറയുന്നു: "ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രേ.''(റോമ.14:17) നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമുള്ള അനുഭവത്തിലേക്ക്, ദൈവസഭയിലേക്ക്, യഹൂദർ, ശമര്യർ, ജാതികൾ എന്നിവരെ പ്രവേശിപ്പിച്ചതു പത്രോസാണ്. സംശയമുള്ളവർ പ്രവൃ.2:38-42, 8:14-17, 10:43-48 എന്നീ വാക്യങ്ങൾ വായിക്കുക. അതുകൊണ്ട് പത്രോസിനു ലഭിച്ചത് സ്വർഗ്ഗത്തിന്റെ താക്കോലല്ല എന്നു മനസ്സിലാക്കുക. മാത്രമല്ല, പത്രോസിനു ലഭിച്ച അധികാരം പത്രോസിന്റേതു മാത്രമാണ്. അത് ആർക്കും കൈമാറാനുള്ളതല്ല, കൈമാറിയതായി ബൈബിൾ പറയുന്നുമില്ല. പത്രോസിന്റെ പിൻഗാമിയാണു മാർപാപ്പായെന്നും പത്രോസിനു ലഭിച്ച അധികാരങ്ങൾ മാർപാപ്പായ്ക്കുണ്ടെന്നതും തെറ്റിദ്ധാരണ മാത്രമാണ്.

2. കത്തോലിക്കാസഭയല്ലേ ആദ്യമുണ്ടായ സഭ?

പെന്തക്കോസ്ത് നാളിൽ ഉണ്ടായത് ഏതെങ്കിലും സംഘടനയല്ല ദൈവസഭയാണ്. ഒന്നാം നൂറ്റാണ്ടിൽ സംഘടനകൾ ഉണ്ടായിരുന്നില്ല. രണ്ടും മൂന്നും നൂറ്റാണ്ടുകളിലും ദൈവസഭ മാത്രമാണ് ഉണ്ടായിരുന്നത്. പക്ഷേ നാലാം നൂറ്റാണ്ടിൽ റോമൻ ചക്രവർത്തിയായ കോൺസ്റ്റന്റൈൻ ക്രിസ്തുമതത്തെ രാഷ്ട്രത്തിന്റെ മതമായി അംഗീകരിച്ചതോടെ പാഗൺ മതക്കാരായ ആളുകൾ കൂട്ടത്തോടെ സഭയിലെത്തി. വീണ്ടും ജനനം പ്രാപിക്കാതെ സഭയിലെത്തിയ പാഗൺ മതക്കാർ സഭയിൽ പാഗൺ മതത്തിന്റെ വിശ്വാസാചാരങ്ങൾ പ്രചരിപ്പിച്ചു. സൂര്യദേവന്റെ ജൻമദിനമായി അവർ ആഘോഷിച്ചിരുന്ന പെരുന്നാൾ ക്രിസ്തുമസ്സാക്കി. ഇഷ്ടാർ ദേവിയുടെ ഉത്സവം ഈസ്റ്ററാക്കി. പാഗൺ മതത്തിലെ പൗരോഹിത്യം സഭയിൽ കൊണ്ടുവന്നു. പാഗൺ മതത്തിലെ ശ്രേഷ്ഠ മഹാപുരോഹിതൻ പത്രോസിന്റെ പിൻഗാമിയാണെന്നു പ്രചരിപ്പിച്ചു. അങ്ങനെ പാഗൺ മതക്കാർ സഭയെ മലീമസമാക്കി. ഈ വിധത്തിൽ നാലാം നൂറ്റാണ്ടിലുണ്ടായ സഭയാണു കത്തോലിക്കാസഭ. വെളി.17ൽ കാണുന്ന മഹതിയാം ബാബിലോൺ ഇതുതന്നെ. (കൂടുതൽ വിവരങ്ങൾക്ക് മഹതിയാം ബാബിലോൺ എന്ന പുസ്തകം നോക്കുക.)

ദൈവസഭയിൽ പാഗൺ മതം കടന്നു കയറിയപ്പോൾ ഈ ദുരുപദേശങ്ങളുമായി സഹകരിക്കാതെ സത്യോപദേശങ്ങളിൽ അടിയുറച്ചു നിന്ന ഒരു കൂട്ടം ദൈവമക്കളുണ്ടായിരുന്നു. അവരാണ് യഥാർത്ഥ ദൈവസഭ. എണ്ണത്തിൽ ചുരുക്കമായിരുന്ന ഇവർ ലോകത്തിന്റെ പല ഭാഗങ്ങളിലായി കഴിഞ്ഞുവന്നു. ഇവരുടെ പിൻഗാമികളാണ് ഇന്നുള്ള ദൈവമക്കൾ. ദുരുപദേശങ്ങളാൽ തങ്ങളെത്തന്നെ മലിനരാക്കാതെ, ദൈവവചനം ആധാരമാക്കി, ഇവർ കഴിയുന്നു.

3. പുരോഹിതൻമാർക്കു പാപമോചനം നടത്താൻ അധികാരമില്ലേ?

ദൈവസഭയിലെ എല്ലാ അംഗങ്ങളും പുരോഹിതരാണ്. സംശയമുള്ളവർ ഈ വാക്യങ്ങൾ വായിക്കുക:

"നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സത്ഗുണങ്ങളെ ഘോഷിക്കുവാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും, വിശുദ്ധവംശവും, സ്വന്തജനവും ആകുന്നു." (1പത്രോ.2:9)

"നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിനു നമ്മെ രാജ്യവും പുരോഹിതൻമാരും ആക്കിത്തീർത്തവനുമായവന് എന്നെന്നേക്കും മഹത്ത്വവും ബലവും; ആമേൻ." (വെളി.1:6)



അപ്പോസ്തലൻ മുതൽ ഉപദേഷ്ടാവു വരെയുള്ള അഞ്ചു തരം ശുശ്രൂഷകരാണ് ദൈവസഭയിലുള്ളത് എന്നു നാം കണ്ടുകഴിഞ്ഞതാണല്ലോ. എല്ലാ ദൈവമക്കളും പുരോഹിതരാകയാൽ മറ്റു പുരോഹിതർ ദൈവസഭയിലില്ല. അതുകൊണ്ട് പുരോഹിതർ പാപം മോചിക്കുക എന്ന ആശയം പോലും അടിസ്ഥാന രഹിതമാണ്. എന്നാൽ ദൈവസഭ വചനാനുസൃതം എടുക്കുന്ന തീരുമാനങ്ങൾ ദൈവം അംഗീകരിക്കും എന്നതു ശരിയാണ്. കെട്ടുക, അഴിക്കുക എന്നൊക്കെ പറയുന്നത് ഈ അർത്ഥത്തിലാണ്. അതല്ലാതെ ഏതെങ്കിലും ദൈവദാസൻ സ്വന്തം ഇഷ്ടപ്രകാരം പാപമോചനം നടത്തിയാൽ അതു ദൈവികമാകില്ല. അപ്പോസ്തലൻമാർ ആരെയെങ്കിലും കുമ്പസാരിപ്പിച്ചതായി ബൈബിളിൽ കാണുന്നില്ല. ലേഖനങ്ങളിൽ കുമ്പസാരത്തെപ്പറ്റി പറയുന്നുമില്ല. അതുകൊണ്ട് കുമ്പസാരമെന്നത് ബൈബിളിനു വെളിയിലുള്ള ഉപദേശമാണ്.

4. കന്യാമറിയത്തോടു പ്രാർത്ഥിക്കുന്നതിൽ എന്താണു തെറ്റ്?

കന്യാമറിയം എന്ന വാക്കുതന്നെ തെറ്റാണ്. ആ വിഷയത്തെക്കുറിച്ചു വിശദീകരിച്ചശേഷം ഉപദേശപരമായ വിഷയത്തിലേക്കു കടക്കാം. കർത്താവായ യേശുക്രിസ്തുവിനെ പ്രസവിക്കുന്നതു വരെ മറിയം കന്യകയായിരുന്നു എന്നതിനു സംശയമില്ല. എന്നാൽ യേശുവിനെ പ്രസവിച്ച ശേഷം മറിയം നാല് ആൺമക്കളെയും ഒന്നിലധികം പെൺമക്കളെയും പ്രസവിച്ചു. ഈ വാക്യങ്ങൾ ശ്രദ്ധിക്കുക:

"ഈ ഉപമകളെ പറഞ്ഞു തീർന്നശേഷം യേശു അവിടം വിട്ടു തന്റെ പിതൃനഗരത്തിൽ വന്നു; അവരുടെ പള്ളിയിൽ അവരെ ഉപദേശിച്ചു.അവർ വിസ്മയിച്ചു: ഇവന് ഈ ജ്ഞാനവും വീര്യപ്രവൃത്തികളും എവിടെനിന്ന്? ഇവൻ തച്ചന്റെ മകൻ അല്ലയോ? ഇവന്റെ അമ്മ മറിയ എന്നവളല്ലയോ. ഇവന്റെ സഹോദരൻമാർ യാക്കോബ്, യോസെ, ശിമോൻ, യൂദാ എന്നിവർ അല്ലയോ? ഇവന്റെ സഹോദരികളും എല്ലാം നമ്മോടുകൂടെയില്ലയോ? ഇവന് ഇത് ഒക്കെയും എവിടെനിന്ന് എന്നു പറഞ്ഞ് അവങ്കൽ ഇടറിപ്പോയി." (മത്താ.13:53-56)

"ഇവൻ മറിയയുടെ മകനും യാക്കോബ്, യോസെ, യൂദാ, ശിമോൻ എന്നിവരുടെ സഹോദരനുമായ തച്ചനല്ലയോ? ഇവന്റെ സഹോദരികളും ഇവിടെ നമ്മോടുകൂടെ ഇല്ലയോ എന്നു പറഞ്ഞ് അവങ്കൽ ഇടറിപ്പോയി."(മർക്കോ.6:3)

യേശുവിനു യാക്കോബ്, യോസെ, യൂദാ, ശിമോൻ എന്നിങ്ങനെ നാലു സഹോദരൻമാരും ചില സഹോദരിമാരും ഉണ്ടായിരുന്നു എന്നല്ലേ

ഈ വാക്യങ്ങളിൽ കാണുന്നത്? യാക്കോബിന്റെ ലേഖനമെഴുതിയ യാക്കോബും യൂദയുടെ ലേഖനമെഴുതിയ യൂദയും കർത്താവിന്റെ അനുജൻമാരായിരുന്നു. എങ്കിലും ഇവർ യോസെഫിന്റെ ആദ്യ വിവാഹത്തിലെ മക്കളായിരുന്നു എന്നു പറഞ്ഞ് സാധുക്കളെ കബളിപ്പിക്കാൻ സാത്താൻ ശ്രമിക്കാറുണ്ട്. പക്ഷേ യോസെഫിന് മറ്റൊരു ഭാര്യയും മക്കളും ഉണ്ടായിരുന്നു എന്നു ബൈബിൾ സൂചിപ്പിക്കുകപോലും ചെയ്യുന്നില്ല. ഇവർ കർത്താവിന്റെ കസിൻസായിരുന്നു എന്നാണു മറ്റു ചിലരുടെ വാദം. പക്ഷേ ബൈബിളിൽ അങ്ങനെ കാണുന്നില്ല. എന്നാൽ ഇവർ യേശുവിന്റെ അമ്മയുടെ മക്കളായിരുന്നു എന്നു ബൈബിൾ പറയുന്നുണ്ട്:

"എന്റെ സഹോദരൻമാർക്കു ഞാൻ പരദേശിയും എന്റെ അമ്മയുടെ മക്കൾക്ക് അന്യനും ആയിത്തീർന്നിരിക്കുന്നു. നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നുകളഞ്ഞു; നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെ മേൽ വീണിരിക്കുന്നു. "(സങ്കീ.69:8,9)

എന്റെ സഹോദരൻമാർ എന്നു പറഞ്ഞശേഷം എന്റെ അമ്മയുടെ മക്കൾ എന്ന് എടുത്തു പറയുന്നതു ശ്രദ്ധിക്കുക. ഈ പ്രവചനം യേശുവിനെക്കുറിച്ചല്ല എന്നു വാദിക്കുന്നവർ അടുത്ത വാക്യത്തോടൊപ്പം യോഹ. 2:14-17 കൂടി വായിക്കുക. യേശുവിന്റെ സഹോദരങ്ങൾ മറിയയുടെ മക്കളായിരുന്നു എന്നതിന് ഇതിൽ അധികമായി എന്തു തെളിവാണു വേണ്ടത്? ബൈബിൾ തെറ്റില്ലാത്ത ദൈവവചനമാണെന്നു വിശ്വസിക്കുന്നവർ ഇതു വിശ്വസിക്കുക.

കത്തോലിക്കരും മറ്റു ചില പട്ടത്വ സഭകളും മറിയത്തിന് നൽകുന്ന പ്രാധാന്യം ഒന്നാം നൂറ്റാണ്ടിലെ ദൈവസഭ നൽകിയിരുന്നോ? ഇല്ലെന്നു വ്യക്തം. സുവിശേഷങ്ങളിൽപ്പോലും വളരെ അപൂർവ്വമായി മാത്രമേ മറിയത്തെ കാണുന്നുള്ളൂ. പ്രവൃത്തികളുടെ ആദ്യ ഭാഗത്ത് മറിയം മറ്റുള്ളവരോടൊപ്പം പരിശുദ്ധാത്മാവിനായി കാത്തിരിക്കുന്ന കാഴ്ചയാണു നാം കാണുന്നത്. (പ്രവൃ. 1:13,14) അതിനുശേഷം പ്രവൃത്തികളുടെ പുസ്തകത്തിലോ ലേഖനങ്ങളിലോ വെളിപ്പാടു പുസ്തകത്തിലോ നാം മറിയത്തെ കാണുന്നില്ല. പട്ടത്വ സഭകൾ മറിയത്തിനു കല്പിച്ചു നൽകിയിരിക്കുന്ന പദവികൾ യഥാർത്ഥത്തിൽ ഉള്ളതാണെങ്കിൽ ദൈവവചനത്തിൽ അതൊക്കെ ഇല്ലാതെ വരുമോ?

ഇനി മറിയത്തോടു പ്രാർത്ഥിക്കുന്നതു ശരിയാണോ എന്ന വിഷയം പഠനവിധേയമാക്കാം. മരിച്ചുപോയ വിശുദ്ധനോടോ അശുദ്ധനോടോ ആരെങ്കിലും പ്രാർത്ഥിച്ചതായി ദൈവവചനത്തിൽ എവിടെയെങ്കിലും കാണുന്നുണ്ടോ? ഇല്ലെന്നു തീർച്ച. മരിച്ചവരോടു പ്രാർത്ഥിക്കാൻ



കർത്താവ് എപ്പോഴെങ്കിലും കല്പിച്ചിട്ടുണ്ടോ? അപ്പോസ്തലൻമാർ മരിച്ചവരോടു പ്രാർത്ഥിച്ചിട്ടുണ്ടോ? മരിച്ചവരോടു പ്രാർത്ഥിക്കാൻ ലേഖനങ്ങളിൽ എവിടെയെങ്കിലും നിർദ്ദേശമുണ്ടോ? ഇല്ല എന്ന മറുപടി മാത്രമേ പറയാൻ കഴിയൂ. മരിച്ചവരോടു പ്രാർത്ഥിക്കുക, മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുക തുടങ്ങിയ പരിപാടികളൊന്നും ഒന്നാം നൂറ്റാണ്ടിലെ ദൈവസഭയിൽ ഉണ്ടായിരുന്നില്ല. നാലാം നൂറ്റാണ്ടിൽ പാഗൺ മതം സഭയിൽ കടന്നു കൂടിയതിനുശേഷമാണ് ഇത്തരം ദുരുപദേശങ്ങളൊക്കെ സഭയിൽ എത്തിയത്. പാഗൺ മതത്തിലെ ചില ദേവൻമാരും ദേവിമാരും ക്രിസ്തുമതത്തിലെ പുണ്യവാളൻമാരും പുണ്യവതികളുമായി മാറുകയും ചെയ്തു. ഇപ്പോൾ മറിയമെന്ന പേരിൽ വണങ്ങുന്നത് യേശുവിന്റെ അമ്മയായ മറിയത്തെയല്ല പാഗൺ മതത്തിലെ ഒരു ദേവിയെയാണ് എന്നുകൂടി പറഞ്ഞുകൊണ്ട് ഈ വിഷയം വിടുന്നു.

5. പെന്തക്കോസ്ത് സഭയിൽ ചേർന്നാൽ മാത്രമേ സ്വർഗ്ഗത്തിൽ പോകൂ എന്നു പറയുന്നതു ശരിയാണോ?

അങ്ങനെ ആരെങ്കിലും പറയുന്നെങ്കിൽ അതു തെറ്റാണ്. കാരണം, ബൈബിൾ അങ്ങനെ പറയുന്നില്ല. പക്ഷേ നിത്യജീവൻ പ്രാപിക്കുവാൻ ദൈവവചനം അനുസരിക്കണം.

ദൈവവചനമായ ബൈബിൾ എന്താണു പറയുന്നത്? കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു രക്ഷിക്കപ്പെടണം, വീണ്ടും ജനിക്കണം. ഇപ്രകാരം വീണ്ടും ജനനം പ്രാപിച്ച വ്യക്തി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ വെള്ളത്തിൽ മുങ്ങി സ്നാനമേൽക്കണം. രക്ഷിക്കപ്പെടുകയും സ്നാനമേൽക്കുകയും ചെയ്ത വ്യക്തി തന്നെപ്പോലെ രക്ഷിക്കപ്പെടുകയും സ്നാനമേൽക്കുകയും ചെയ്തവരോടൊപ്പം കൂട്ടായ്മ ആചരിക്കണം. രക്ഷിക്കപ്പെടാത്തവരുമായി ഇണയല്ലാപ്പിണ കൂടരുത്. ഇത്രയും ചെയ്തു കഴിയുമ്പോൾ നിങ്ങൾ ഏതെങ്കിലും പെന്തക്കോസ്ത് സഭയ്ക്കുള്ളിലായിപ്പോയെങ്കിൽ അതു പെന്തക്കോസ്ത് ഉപദേശം ദൈവവചനാനുസൃതമുള്ളതായതുകൊണ്ടാണ്.

6. പെന്തക്കോസ്തുകാർക്ക് കൈവയ്പ്പുണ്ടോ?

ഓർഡിനേഷൻ എന്ന വിഷയത്തെക്കുറിച്ച് നാം വിശദമായി പഠിച്ചതാണല്ലോ. കൈവയ്പ്പ് എന്താണെന്നും എന്തല്ലെന്നും വിശദീകരിച്ചു കഴിഞ്ഞു. സെഖര്യാവിൽ നിന്നു യോഹന്നാനും യോഹന്നാനിൽ നിന്ന് കർത്താവിനും കർത്താവിൽ നിന്ന് സകല ജാതികൾക്കും കിട്ടി എന്നു പട്ടത്വ സഭകൾ പഠിപ്പിക്കുന്ന കൈവയ്പ്പ് പെന്തക്കോസ്ത് സഭയിലില്ല.

കാരണം അത്തരമൊരു കൈവയ്പ്പ് ദൈവവചനത്തിൽ ഇല്ല എന്നതു തന്നെ. ദൈവം തന്റെ വേലയ്ക്കായി വിളിച്ചവനെ പ്രാദേശിക സഭയിലെ മൂപ്പൻമാർ ചേർന്നു കൈവച്ചു പ്രാർത്ഥിച്ചു വേലയ്ക്കായി വേർതിരിക്കുന്നതാണു ശരിയായ രീതി. ദൈവമക്കൾ ഈ വിധത്തിലുളള കൈവയ്പ്പാണു സഭയിൽ നടപ്പിലാക്കേണ്ടത്.

7. വിവാഹം, ശവസംസ്ക്കാരം എന്നിവ നടത്താൻ പെന്തക്കോസ്തുകാർക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ?

വിവാഹം നടത്താൻ വിശേഷിച്ച് അനുമതിയൊന്നും ആവശ്യമില്ല. എല്ലാ മതക്കാർക്കും തങ്ങളുടെ ആചാരമനുസരിച്ചു വിവാഹം നടത്താം. ഏതുവിധത്തിൽ വിവാഹം നടത്തിയാലും വിവാഹം നിയമാനുസൃതം രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

സ്വന്തം പുരയിടത്തിൽ ശവം സംസ്ക്കരിക്കുന്നതിന് വിശേഷിച്ച് അനുവാദമൊന്നും ആവശ്യമില്ല. ക്രിസ്ത്യാനികൾക്കും ഇങ്ങനെ ചെയ്യാവുന്നതാണ്. അതല്ല സെമിത്തേരിയിൽ ശവമടക്കണം എന്നു നിർബ്ബന്ധമുളളവർ സെമിത്തേരിയുടെ ഉടമസ്ഥന്റെ അനുവാദത്തോടെ ശവസംസ്ക്കാരം നടത്തുക. പ്രാദേശിക സഭയ്ക്ക് സെമിത്തേരിയുണ്ടെങ്കിൽ കാര്യം എളുപ്പമാകും. പക്ഷേ സെമിത്തേരിയിൽ മാത്രമേ ശവസംസ്ക്കാരം നടത്താവൂ എന്നു ദൈവവചനത്തിൽ പറയുന്നില്ല. ശവം കുഴിച്ചിടണമെന്നോ കല്ലറയിൽ വയ്ക്കണമെന്നോ നിർബ്ബന്ധമില്ല. ദഹിപ്പിക്കുന്നതിനു വിലക്കുമില്ല. ശവസംസ്ക്കാരത്തിനു പ്രത്യേക ചടങ്ങുകളോ ശുശ്രൂഷകളോ പ്രാർത്ഥനകളോ ആവശ്യവുമില്ല.

8. നിരവധി പെന്തക്കോസ്ത് സഭകളുണ്ടല്ലോ. ഇവയിൽ ഏതാണു ശരി?

ഒന്നും ശരിയല്ല എന്നതാണു വസ്തുത. കാരണം, സംഘടന എന്ന ആശയം തന്നെ ബൈബിളിലില്ല. വിശ്വാസികളുടെ പ്രാദേശിക കൂട്ടായ്മയായ ലോക്കൽ സഭകൾ മാത്രമേ ദൈവവചനത്തിലുളളൂ. കൊരിന്തിലെ സഭ, ഗലാത്യയിലെ സഭ, റോമിലെ സഭ എന്നിങ്ങനെ പ്രാദേശിക സഭകൾ സ്വതന്ത്രമായി നിൽക്കണം. ലോകമെമ്പാടുമുളള എല്ലാ വിശ്വാസികളും ഉൾക്കൊളളുന്നതാണ് സാർവ്വത്രിക സഭ.

ദൈവവചനം പറയുന്നത് ഇങ്ങനെയൊക്കെയാണെങ്കിലും ഇന്ത്യൻ പെന്തക്കോസ്ത് ദൈവസഭ, ശാരോൻ ഫെലോഷിപ്പ് ചർച്ച്, ചർച്ച് ഓഫ് ഗോഡ്, അസംബ്ലീസ് ഓഫ് ഗോഡ് തുടങ്ങി ചെറുതും വലുതുമായ നിരവധി പെന്തക്കോസ്ത് പ്രസ്ഥാനങ്ങളുണ്ട്. വിവിധ സംഘടനകളായി വിഭജിക്കപ്പെട്ടിരിക്കുന്നെങ്കിലും ഇവ തമ്മിൽ ഉപദേശൈക്യമുണ്ട്. അതുകൊണ്ട് ഈ പ്രസ്ഥാനങ്ങൾ ഒന്നുപോലെയാണെന്നു



പറയാം. ഒന്ന് മറ്റൊന്നിനേക്കാൾ നല്ലതോ ചീത്തയോ അല്ല. ഇത്തരം സംഘടനകൾ ദൈവിക പദ്ധതിയിലില്ലെങ്കിലും സംഘടനകൾ ഉണ്ടാക്കുന്നതു മരണകരമായ പാപമൊന്നുമല്ല. അതുകൊണ്ട് ഈ സംഘടനകളുടെ മേൽനോട്ടത്തിൽ നടക്കുന്ന ഏതെങ്കിലും പ്രാദേശിക സഭയിൽ അംഗത്വമെടുക്കുന്നതു ഗുരുതരമായ തെറ്റല്ല. മറ്റു പോംവഴിയൊന്നും നിർദ്ദേശിക്കാനില്ല എന്നതാണു വസ്തുത.

9. രക്ഷിക്കപ്പെടാത്തവരേക്കാൾ ഹീനമായ ജീവിതം നയിക്കുന്ന വിശ്വാസികളും പാസ്റ്റർമാരുമുണ്ടല്ലോ. ഇവരോടൊപ്പം ആരാധിക്കാൻ പോകുന്നതിനെക്കാൾ പഴയ സമുദായത്തിൽ നിൽക്കുകയല്ലേ നല്ലത്?

കർത്താവു തിരഞ്ഞെടുത്ത 12 പേരിൽ ഒരാൾ കളളനായിരുന്നു. ഇന്ന് 12ൽ 11ഉം കളളൻമാരാണെന്നു വരാം. പക്ഷേ യൂദാ ഉളളതുകൊണ്ടു കർത്താവിനെ വേണ്ട എന്നു പറയരുത്. സമുദായങ്ങൾ വിട്ട് ജനം സത്യവിശ്വാസത്തിലേക്കു വരുന്നതു തടയാനായി സാത്താൻ നിരവധി തന്ത്രങ്ങൾ പ്രയോഗിക്കാറുണ്ട്. അവയിൽ ഒന്നാണിത്. എല്ലാ പ്രാദേശിക സഭകളിലും സാത്താൻ കുറെ പ്രശ്നക്കാരെ കൊണ്ടുവന്നിടും. രക്ഷിക്കപ്പെടാത്തവരോ രക്ഷിക്കപ്പെട്ടശേഷം പിൻമാറിയവരോ ആയിരിക്കും പ്രശ്നമുണ്ടാക്കുന്നത്. പെന്തക്കോസ്ത് സംഘടനകളുടെ തലപ്പത്തുളളവരിൽ ഭൂരിപക്ഷവും വ്യാജൻമാരാണെന്നതും സത്യമാണ്. പക്ഷേ ഉപദേശ സത്യങ്ങൾക്കുവേണ്ടി നിലകൊളളുന്നവരെ ഇതൊന്നും ബാധിക്കുകയില്ല. പെന്തക്കോസ്ത് സഭകളുടെ ഉപദേശം 95% എങ്കിലും വചനാനുസൃതമാണ്. ദൈവവചനവുമായി ഇതിൽ അധികം പൊരുത്തപ്പെടുന്ന മറ്റൊരു ഉപദേശമില്ല. അതുകൊണ്ട് വ്യാജൻമാരെയും നീചൻമാരെയും അവഗണിച്ചുകൊണ്ട് പെന്തക്കോസ്ത് സഭയിൽ നിൽക്കുകയേ നിവൃത്തിയുളളൂ.

10. യേശുവിനെ പിൻപറ്റിയാൽ എല്ലാവിധ ഭൗതിക നൻമകളും ലഭിക്കും എന്നു പഠിപ്പിക്കുന്ന സഭകളുണ്ടല്ലോ. ഇതു ശരിയായ ഉപദേശമാണോ?

അല്ല. സമൃദ്ധിയുടെ സുവിശേഷമോ ദാരിദ്ര്യത്തിന്റെ സുവിശേഷമോ കർത്താവു പ്രസംഗിച്ചിട്ടില്ല. ആവശ്യത്തിന്റെ സുവിശേഷമാണ് കർത്താവു പ്രസംഗിച്ചത്. “ആകയാൽ നാം എന്തു തിന്നും എന്തു കുടിക്കും എന്ത് ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുത്. ഈ വക ഒക്കെയും ജാതികൾ അന്വേഷിക്കുന്നു; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്ക് ആവശ്യം എന്ന് അറിയുന്നുവല്ലോ. മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുവിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും.” (മത്താ.6:31-34)

ഉണ്ണാനും ഉടുക്കാനുമുണ്ടെങ്കിൽ മതിയെന്നുവയ്പ്പിൻ എന്നാണു ബൈബിൾ പഠിപ്പിക്കുന്നത്. അന്നന്നത്തെ അപ്പത്തിനുവേണ്ടി പ്രാർത്ഥിക്കാൻ ഉപദേശിക്കുകയും ചെയ്യുന്നു. ഇതാണു ശരിയായ രീതി. ദൈവമക്കൾ എന്നെന്നും ദാരിദ്ര്യം അനുഭവിച്ചേ മതിയാകൂ എന്നില്ല. അതേസമയം ദൈവമക്കൾക്കു ഭൗതികനൻമകൾ ഉണ്ടാകണമെന്നുമില്ല. മാറാരോഗം, വന്ധ്യത, സാമ്പത്തിക പ്രശ്നങ്ങൾ തുടങ്ങിയവ ശാപത്തിന്റെ ലക്ഷണമാണെന്നും ശാപം പൊട്ടിച്ചാൽ ഈ പ്രശ്നങ്ങളെല്ലാം മാറുമെന്നുമുള്ള പഠിപ്പിക്കലും വചനവിരുദ്ധമാണ്. ഇത്തരം പ്രസംഗങ്ങൾ കേട്ടു മയങ്ങിപ്പോകാതിരിക്കാൻ ദൈവമക്കൾ സൂക്ഷിക്കണം.

11. രക്ഷിക്കപ്പെടുകയും സ്നാനപ്പെടുകയും ചെയ്തശേഷം പഴയ സഭയിൽ നിൽക്കുന്നതിൽ എന്താണു തെറ്റ്?

രക്ഷ, സ്നാനം തുടങ്ങിയ അടിസ്ഥാന ഉപദേശങ്ങൾ പഠിപ്പിക്കുന്ന സഭയിലാണു നിങ്ങൾ നിൽക്കുന്നതെങ്കിൽ അവിടെനിന്നു മാറേണ്ടതില്ല. പക്ഷേ രക്ഷ, സ്നാനം തുടങ്ങിയവയിൽ വിശ്വസിക്കുകയോ അവ പഠിപ്പിക്കുകയോ ചെയ്യാത്ത സഭയിലാണു നിങ്ങൾ നിൽക്കുന്നതെങ്കിൽ രക്ഷിക്കപ്പെടുകയും സ്നാനപ്പെടുകയും ചെയ്തശേഷം ആ സഭ നിങ്ങൾ വിട്ടേ മതിയാകൂ.

ബൈബിളിൽ നിന്ന് ഒരു ദൃഷ്ടാന്തം പറയാം. ചെങ്കടൽ വിഭാഗിച്ചതു ദൈവമാണ്. ദൈവം തുറന്ന ഈ വഴിയിലൂടെ ജനം മരുഭൂമിയിലേക്കു കടന്നു. ഉടൻതന്നെ ദൈവം ആ വഴി അടച്ചു. ഇനി മടങ്ങിപ്പോകാൻ ദൈവം ഒരുക്കിയ ഒരു വഴിയില്ല. മടങ്ങിപ്പോയേ മതിയാകൂ എന്നുണ്ടെങ്കിൽ അതിനു കൃത്രിമമായ വഴി ഉണ്ടാക്കണം.

യിസ്രായേൽ ജനം ചെങ്കടൽ കടന്നത് സ്നാനത്തിന് ഒരു മുൻകുറിയായിരുന്നു. പൗലോസ് പറയുന്നു: "സഹോദരൻമാരേ, നമ്മുടെ പിതാക്കൻമാർ എല്ലാവരും മേഘത്തിൻകീഴിൽ ആയിരുന്നു; എല്ലാവരും സമുദ്രത്തിലൂടെ കടന്ന് എല്ലാവരും മേഘത്തിലും സമുദ്രത്തിലും സ്നാനം ഏറ്റു മോശെയോടുചേർന്ന് എല്ലാവരും ഒരേ ആത്മികാഹാരം തിന്ന്, എല്ലാവരും ഒരേ ആത്മികപാനീയം കുടിച്ചു- അവരെ അനുഗമിച്ച ആത്മികപാറയിൽനിന്നല്ലോ അവർ കുടിച്ചത്; ആ പാറ ക്രിസ്തു ആയിരുന്നു."(1കൊരി.10:1-4) ഫറവോന്റെ പിടിയിൽ നിന്നു ജനം പൂർണ്ണമായ വിടുതൽ പ്രാപിച്ചതു ചെങ്കടൽ കടന്നപ്പോഴാണ്. സാത്താന്റെ അടിമത്തത്തിൽ നിന്നു നാം രക്ഷ പ്രാപിക്കുന്നത് സ്നാനം സ്വീകരിക്കുമ്പോഴാണ്. ഇപ്രകാരം സ്നാനം ഏറ്റവർ മിസ്രയീമിലേക്ക്- പഴയ സമുദായത്തിലേക്ക്- മടങ്ങിപ്പോകരുത്.



12. നമ്മുടെ സഭ മാത്രമാണു ശരിയായ സഭയെന്നും മറ്റുള്ളവയെല്ലാം തെറ്റാണെന്നും പറയുന്നതു ശരിയാണോ?

തീർച്ചയായും ശരിയല്ല. ഇങ്ങനെ പറയുന്നതു കൾട്ടിന്റെ ലക്ഷണമാണ്. പക്ഷേ ദൈവവചനാനുസൃതമുള്ള വിശ്വാസപ്രമാണമില്ലാത്ത സഭ ദൈവികമല്ലെന്നു പറയുന്നതിൽ തെറ്റില്ല. ഉദാഹരണത്തിന് യഹോവസാക്ഷികളുടെ കാര്യം തന്നെ എടുക്കുക. പിതാവായ ദൈവം മാത്രമാണു ദൈവം, പുത്രൻ ദൈവമല്ല ദൈവസൃഷ്ടിയാണ്, പരിശുദ്ധാത്മാവു വ്യക്തിയല്ല ശക്തിയാണ്, 1914ൽ കർത്താവു വന്നു, മനുഷ്യന് ആത്മാവില്ല, നിത്യ നരകമില്ല എന്നൊക്കെയാണ് അവർ പഠിപ്പിക്കുന്നത്. ഇതൊക്കെ ശരിയാണെന്നു കാണിക്കാൻ അവർ ബൈബിളിൽ നിന്നു ചില വാക്യങ്ങളൊക്കെ നിരത്തുകയും ചെയ്യും. പക്ഷേ ഈ പറഞ്ഞതൊക്കെ കടുത്ത ദുരുപദേശങ്ങളാണെന്നു നമുക്കറിയാം. ഈ വിധത്തിലുള്ള വിശ്വാസപ്രമാണമുള്ള സഭ ദൈവികമല്ലെന്നു വ്യക്തമല്ലേ?

പട്ടത്വ സഭകളുടെ സ്ഥിതിയും വ്യത്യസ്തമല്ല. ഈ സഭകളിൽ നിലനിൽക്കുന്ന വിശ്വാസാചാരങ്ങളിൽ എത്രയെണ്ണത്തിനു ദൈവവചനത്തിൽ അടിസ്ഥാനമുണ്ട്? കൂദാശകൾ തന്നെ ഉദാഹരണം. വിശ്വാസസ്നാനത്തെ ശിശുസ്നാനമാക്കി മാറ്റി. പരിശുദ്ധാത്മസ്നാനത്തെ തൈലം പൂശലാക്കി അവതരിപ്പിക്കുന്നു. അപ്പോസ്തലൻമാരോ ഒന്നാം നൂറ്റാണ്ടിലെ ദൈവമക്കളോ ചെയ്തിട്ടില്ലാത്ത കുമ്പസാരം എന്ന അനാചാരം സഭയിൽ കൊണ്ടുവന്നു, തിരുവത്താഴത്തെ കുർബ്ബാനയാക്കിയെന്നു മാത്രമല്ല, അതുമായി ബന്ധപ്പെട്ട് കുറച്ചധികം അബദ്ധോപദേശങ്ങൾ പ്രചരിപ്പിക്കയും ചെയ്യുന്നു. കൈവയ്പ്പ് പട്ടം കൊടുക്കലാക്കി. പോപ്പ് മുതൽ അച്ചൻ വരെയുള്ള പുരോഹിതൻമാരെ സൃഷ്ടിച്ചു. വിവാഹം കൂദാശയാക്കി. രോഗികൾക്കു സൗഖ്യം ലഭിക്കാനായി നൽകിയിരുന്ന എണ്ണ പൂശൽ അന്ത്യകൂദാശയുമാക്കി. ഇവയിൽ ഏതെങ്കിലുമൊന്ന് ഒന്നാം നൂറ്റാണ്ടിലെ ദൈവസഭയിൽ ഉണ്ടായിരുന്നോ എന്നു പരിശോധിക്കൂ. അപ്പോൾ സത്യം വ്യക്തമാകും.

ഉപദേശപ്പിശകുകളെ രണ്ടായി തിരിക്കാം: രക്ഷയെ ബാധിക്കുന്നത്ര ഗൗരവമുള്ളവ, രക്ഷയെ ബാധിക്കാത്ത അഭിപ്രായ വ്യത്യാസങ്ങൾ. രക്ഷയെ ബാധിക്കുന്നത്ര ഗൗരവമുള്ള ഉപദേശപ്പിശകുകൾ പഠിപ്പിക്കുന്ന ക്രൈസ്തവ സമുദായങ്ങൾ, കൾട്ടുകൾ തുടങ്ങിയവ ദൈവികമല്ല, ആകാൻ കഴിയുന്നതുമല്ല. ഇത്തരം പ്രസ്ഥാനങ്ങളിൽ അംഗങ്ങളായിരിക്കുന്നവർ ഇവ വിട്ടു പുറത്തു വരേണ്ടതാണ്. ഇതു സഭ മാറലായി വ്യാഖ്യാനിക്കുന്നതു ശരിയല്ല.

# 19
# ഇനിയെന്ത്?

ദൈവമക്കൾ അറിഞ്ഞിരിക്കേണ്ട അടിസ്ഥാന വേദോപദേശങ്ങളാണ് നാം ഇതുവരെ പഠിച്ചത്. ഒരു ചെറിയ ഗ്രന്ഥത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്തു. പക്ഷേ നിരവധി സംശയങ്ങൾ അവശേഷിക്കുന്നുണ്ടാകാം. അത്തരം സംശയങ്ങൾക്കു മറുപടി ലഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ ഗ്രന്ഥത്തിന്റെ അവസാന പേജുകളിൽ കാണുന്ന പുസ്തകവും സീഡികളും പ്രയോജനം ചെയ്യും.

വിശ്വാസികൾക്ക് തങ്ങളുടെ വിശ്വാസത്തെക്കുറിച്ച് കൂടുതൽ വ്യക്തത വരുത്തുക, സത്യവിശ്വാസത്തിലേക്കു വന്നിട്ടില്ലാത്തവർക്ക് അടിസ്ഥാന വേദോപദേശങ്ങൾ പരിചയപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. അതിനാവശ്യമായ വിഷയങ്ങളെല്ലാം ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ഉപസംഹാരമെന്ന നിലയ്ക്ക് ചില കാര്യങ്ങൾ കൂടി പറയട്ടെ:

**<u>രക്ഷിക്കപ്പെട്ടവരോട്</u>**

രക്ഷിക്കപ്പെട്ട്, വിശ്വാസസ്നാനം സ്വീകരിച്ച് ദൈവകൃപയിൽ നിൽക്കുന്നവരാണു നിങ്ങളെങ്കിൽ സൂക്ഷിക്കുക. സാത്താൻ അലറുന്ന സിംഹം പോലെ ആരെ വിഴുങ്ങേണ്ടു എന്നു നോക്കി നടക്കുകയാണ്. ദുരുപദേശങ്ങളുടെ കുരുക്കിൽ നിങ്ങളെ അകപ്പെടുത്താൻ സാത്താൻ ശ്രമിക്കും. ദുർന്നടപടികളിൽ വീഴ്ത്താനും ശ്രമിക്കും. കടുത്ത ദ്രവ്യാഗ്രഹം, അധികാര മോഹം തുടങ്ങിയവ നിങ്ങളിൽ ഉളവാക്കാൻ പരിശ്രമിച്ചെന്നും വരാം. ഇത്തരം ചതിക്കുഴികളിൽ വീണ് നിരവധി ദൈവമക്കൾ നശിച്ചു പോയിട്ടുണ്ട് എന്ന വസ്തുത നിങ്ങൾ മറന്നു പോകരുത്.

ആത്മീയതയുടെ മറവിൽ പല വിധത്തിലുള്ള മറിമായങ്ങൾ നടക്കുന്ന സമയമാണിത്. കള്ളപ്രവചനം, വ്യാജരോഗശാന്തി, ആത്മവിവശത എന്ന പ്രതിഭാസം തുടങ്ങിയവയിൽ സാമാന്യം വചന പരിജ്ഞാനമുള്ളവർ പോലും വീണുപോകുന്നു. സഭാനേതാക്കൻമാർക്ക് ആത്മീയ വിഷയങ്ങളേക്കാളധികം താല്പര്യം പണവും പ്രതാപവും മറ്റു



മാണ്. അതുകൊണ്ട് ദുരുപദേശങ്ങൾക്കും ദുർന്നടപടികൾക്കും എതിരെ ഇവർ പ്രതികരിക്കുന്നില്ല. ഇതാ വരുന്നൂ അനുഗ്രഹം എന്നു പറഞ്ഞ് ജനത്തെ ഇളക്കാനാണ് മിക്കവരും ശ്രമിക്കുന്നത്. അനുഗ്രഹം എന്നാൽ ഭൗതിക അനുഗ്രഹം എന്നാണു മിക്കവരും മനസ്സിലാക്കുന്നത്. കഷ്ടം സഹിക്കുക എന്ന ആശയംപോലും സഭയിൽ ഇല്ലാതായിരിക്കുന്നു. സമൃദ്ധിയുടെ ഉപദേശം സഭയിൽ നിറഞ്ഞിരിക്കുന്നു. ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണിത്.

അധർമ്മം പെരുകുന്നതുമൂലം അനേകരുടെ സ്നേഹം തണുത്തുകൊണ്ടിരിക്കയാണ്. ശ്രേഷ്ഠദൈവദാസൻമാരാണെന്നു നാം കരുതിയ പലരും ലോകജാതികളെക്കാൾ ഒട്ടും ഭേദമല്ലെന്നു കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു. ഒരുകാലത്തു കർത്താവിനായി വൻകാര്യങ്ങൾ ചെയ്തവർ ഇപ്പോൾ പണത്തിനും അധികാരത്തിനും പിന്നാലെ ഓടുന്നു. സുവിശേഷഘോഷണം എന്നതു കേവലം ആദായമാർഗ്ഗം മാത്രമായി അവർ പരിഗണിക്കുന്നു. ഭൗതിക നൻമകൾ നേടാനായി അവർ സത്യവിശ്വാസത്തെ ബലി കഴിക്കുന്നു. സമുദായങ്ങളിലെ തിരുമേനിമാരോടും രാഷ്ട്രീയരോടും ഒന്നിച്ചു വേദി പങ്കിടുന്നു. അന്യോന്യം പുകഴ്ത്തുന്നു. വേർപാടിന്റെ ഉപദേശം പഴങ്കഥയാകുന്നു. ഇതൊക്കെ കണ്ട് സാധാരണക്കാരായ ദൈവമക്കൾ പകച്ചു നിൽക്കുന്നു. ഏതാണു തെറ്റ്? ഏതാണു ശരി? ഏതു സ്വീകരിക്കണം? ഏതു പരിത്യജിക്കണം?

ദൈവവചനം വസ്തുനിഷ്ഠമായി പഠിക്കുകയാണ് ഏക പോംവഴി. ബൈബിൾ എന്തു പറയുന്നു എന്നു പരിശോധിച്ചുകൊണ്ടു മുമ്പോട്ടു പോകുക. കർത്താവു കല്പിച്ചിട്ടുണ്ടോ, അപ്പൊസ്തലൻമാർ, ചെയ്തിട്ടുണ്ടോ, ലേഖനങ്ങളിൽ ഉപദേശമുണ്ടോ എന്നിങ്ങനെ മൂന്നു ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കുക. കർത്താവു കല്പിച്ചിട്ടില്ലാത്തതും അപ്പൊസ്തലൻമാർ ചെയ്തിട്ടില്ലാത്തതും ലേഖനങ്ങളിൽ ഉപദേശമില്ലാത്തതുമായ ഒന്നും ദൈവികമല്ല. അത്തരം ഉപദേശങ്ങളും നടപടികളും വിട്ടൊഴിയുക.

അടിസ്ഥാന വേദോപദേശങ്ങൾക്കു വില കല്പിക്കാത്ത പ്രസംഗകരെ സൂക്ഷിക്കുക. അത്തരക്കാർ ദൈവദാസൻമാരല്ല എന്നു തീർച്ച. രക്ഷ, വീണ്ടും ജനനം, വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട് തുടങ്ങിയവ പ്രസംഗിക്കാൻ മടിക്കുന്ന പ്രസംഗകർ ദൈവവേലയല്ല ചെയ്യുന്നത്. രക്ഷിക്കപ്പെടാത്തവരുമായി ഇണയല്ലാപ്പിണ കൂടുന്നവർ സാത്താന്റെ പിടിയിൽ അകപ്പെട്ടുകഴിഞ്ഞു. ഇങ്ങനെയുള്ള ഹീനകൃത്യങ്ങൾ ചെയ്യുന്ന നേതാക്കൻമാരെ സൂക്ഷിക്കുക. അവർ ദൈവത്തെ

ഉപേക്ഷിച്ചുകഴിഞ്ഞു. അതുകൊണ്ട് അവരെ മാതൃകയാക്കരുത്. ദൈവവചനം മാത്രമായിരിക്കണം നമ്മുടെ മാർഗ്ഗദർശി. ഓരോ ചുവടും സൂക്ഷിച്ചു വയ്ക്കുക. ദൈവത്തിൽ മാത്രം ആശ്രയിക്കുക.

**രക്ഷിക്കപ്പെടാത്തവരോട്**

കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചിട്ടില്ലാത്തവർ രക്ഷാനിർണ്ണയം പ്രാപിക്കാൻ ഈ ഗ്രന്ഥം സഹായകമാകണം. കർത്താവിനെ പിൻപറ്റുന്നതിന് ഈ ലോകത്തുള്ള ഒന്നും തടസ്സമാകരുത്. കാരണം, നിത്യജീവൻ എന്നതു മറ്റെന്തിനേക്കാളും അധികം വിലപ്പെട്ടതാണ്. ഒരു മനുഷ്യൻ സർവ്വ ലോകവും നേടിയിട്ടു സ്വന്തം ജീവൻ നഷ്ടമാക്കിയാൽ അവന് എന്തു പ്രയോജനം?

സത്യം അറിയാതെ നശിച്ചു പോകുന്നവരുണ്ട്. പക്ഷേ സത്യം അറിഞ്ഞിട്ടും നശിക്കുന്നവരുമുണ്ട്. ഈ പുസ്തകം വായിച്ചശേഷവും രക്ഷിക്കപ്പെടാത്തവർ സത്യത്തെ തള്ളിക്കളയുന്നവരാണ്. അവരുടെ നാശത്തിന് അവർ തന്നെ ഉത്തരവാദികൾ. വിതയ്ക്കപ്പെടുന്ന വിത്തു മുഴുവൻ ഫലം കൊടുക്കുമെന്നു കരുതാനാവില്ല. വഴിയരികെ വീണ വിത്തും മുള്ളിനിടയിൽ വീണ വിത്തും പാറപ്പുറത്തു വീണ വിത്തും ഫലം കൊടുക്കുകയില്ല. പക്ഷേ നല്ല നിലത്തു വീണ വിത്ത് നൂറുമേനി ഫലം കൊടുക്കും. ഈ പുസ്തകം വിത്തുപോലെയാണ്. ഇതിന്റെ കോപ്പികൾ വിവിധ തരക്കാരായ ആളുകൾ വായിക്കും. എന്നാൽ ഇതുമൂലമുണ്ടാകുന്ന ഫലം വ്യത്യസ്തമായിരിക്കും. ഈ ഗ്രന്ഥം ചിലരെ രക്ഷയിലേക്കു നയിക്കും. ചിലരിൽ ഒരു താത്ക്കാലിക ചലനമുണ്ടാക്കുക മാത്രമേ ചെയ്യൂ. മറ്റു ചിലർ ഈ പുസ്തകം വായിച്ചിട്ട് അവഗണിക്കും. ചിലർ ഇതു വായിക്കപോലും ചെയ്തില്ലെന്നു വരാം. ആത്മിക വിഷയങ്ങൾ തങ്ങൾക്കുള്ളതല്ല എന്നാണ് ഇത്തരക്കാരുടെ ചിന്ത.

മരണം എന്നതു വളരെക്കാലം കഴിഞ്ഞു മാത്രം സംഭവിക്കാൻ പോകുന്ന കാര്യമാണ് എന്നു കരുതുന്നവരുമുണ്ട്. ഇങ്ങനെയുള്ളവർ ആത്മിക വിഷയങ്ങളെക്കുറിച്ചു ചിന്തിക്കാൻ പോലും മിനക്കെടാറില്ല. ആത്മീയത എന്നതു സമയം പാഴാക്കുന്ന പരിപാടിയാണ് എന്നത്രേ ഇക്കൂട്ടർ കരുതുന്നത്. പക്ഷേ ഏതു പ്രായത്തിൽ നിന്നും മരണത്തിലേക്കുള്ള പാതയുണ്ട് എന്ന സത്യം നാം മറന്നുപോകരുത്. ഇപ്പോൾ ജനിച്ച ശിശുവിനു പോലും മരിക്കാം. എത്ര ആരോഗ്യവാനായാലും ഹൃദയം സ്തംഭിക്കാൻ ഏറെനേരം വേണ്ട. മാറാരോഗം പിടിപെടുന്നത് ഒഴിവാക്കാനും പറ്റില്ല. പണമോ പ്രതാപമോ സ്ഥാനമാനങ്ങളോ മനുഷ്യനെ മരണത്തിൽ നിന്നു രക്ഷിക്കയുമില്ല. എന്നിട്ടും മരണമെന്ന സത്യത്തെ



മനുഷ്യൻ അവഗണിക്കുന്നു. മരണാനന്തരജീവിതത്തെക്കുറിച്ചു ചിന്തിക്കുന്നതുമില്ല.

കുടുംബ ബന്ധങ്ങളും വ്യക്തിബന്ധങ്ങളും മറ്റുമാണു ചിലർക്കു കർത്താവിനെ പിൻപറ്റുന്നതിനുള്ള തടസ്സം. സ്വന്തം കുടുംബക്കാരെ പിണക്കുന്നതെങ്ങനെ? പള്ളിക്കാരെ വിട്ടുപിരിയുന്നതെങ്ങനെ? കർത്താവിന്റെ പിന്നാലെ ഇറങ്ങിയാൽ ഒറ്റപ്പെട്ടു പോകുകയില്ലേ എന്നൊക്കെ ഇവർ ചിന്തിക്കുന്നു. പക്ഷേ ക്രിസ്തുവിന്റെ സ്നേഹത്താൽ പിടിക്കപ്പെട്ടവർ ഇതൊന്നും വലിയ കാര്യമായി എടുക്കുകയില്ല. രക്ഷിക്കപ്പെട്ടവർക്കു കർത്താവിനേക്കാൾ വലുതായി ഒന്നും ഉണ്ടായിരിക്കുകയില്ല. അഥവാ ഉണ്ടെങ്കിൽ അവർ രക്ഷിക്കപ്പെട്ടതല്ല എന്നു തീർച്ച.

സമൂഹത്തിലുള്ള നിലയും വിലയും വിട്ടു കർത്താവിന്റെ പിന്നാലെ ഇറങ്ങാൻ ലജ്ജിക്കുന്നവരുമുണ്ട്. മറ്റുള്ളവർ എന്തു പറയും എന്ന ചിന്തയാണ് അവരെ ഭരിക്കുന്നത്. മനുഷ്യവർഗ്ഗത്തെ നിത്യ നാശത്തിൽ നിന്നു വിടുവിക്കുവാനായി അപമാനവും വേദനയും മരണവും സ്വയം ഏറ്റുവാങ്ങിയ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കാനും ആ വിശ്വാസം ഏറ്റു പറയുവാനും ലജ്ജിക്കുന്നവർ നിത്യനാശത്തിലേക്കു പോകുമെന്നതിനു സംശയമില്ല.

എല്ലാ ബന്ധങ്ങളും ശവക്കുഴികൊണ്ട് അവസാനിക്കും. അതിനപ്പുറത്തേക്കു വരാൻ ആർക്കും കഴിയുന്നതല്ല. ഇന്നു രാവിലെ സൂര്യോദയം കണ്ടവരിൽ പലരും സൂര്യാസ്തമനം കണ്ടില്ലെന്നു വരാം. ഈ രാത്രിയിൽ ഉറങ്ങാൻ കിടക്കുന്നവരിൽ പലരും അടുത്ത പ്രഭാതം കാണുകയില്ല. മനുഷ്യജീവിതം ക്ഷണഭംഗുരമാണ്. "അവനീവാഴ്‌വു കിനാവു കഷ്ടം" എന്നു കവി പാടിയത് തികച്ചും ശരിയാണ്. എല്ലാം ഒരു കിനാവു പോലെ കഴിഞ്ഞുപോകും. അതുകൊണ്ട് നിത്യരക്ഷയ്ക്കു ള്ളത് ഇപ്പോൾ ത്തന്നെ കരുതിക്കൊള്ളുക.

ഈ പുസ്തകത്തിലൂടെ ദൈവത്തിന്റെ ആത്മാവു നിങ്ങളോടു വാദിക്കുകയായിരുന്നു. നിങ്ങളുടെ ജീവിതത്തിലെ പോരായ്മകൾ ഏവയെന്ന് ഇപ്പോൾ നിങ്ങൾക്കു ബോധ്യമുണ്ട്. നിങ്ങൾ നിൽക്കുന്നതു ശരിയായ പാതയിലല്ലെന്നു നിങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. ഇനി പിൻമാറരുത്. എന്തെല്ലാം പ്രതികൂലമുണ്ടായാലും കർത്താവിനെ പിൻപറ്റും എന്നു നിങ്ങൾ തീരുമാനിക്കണം. നിങ്ങളുടെ കുടുംബാംഗങ്ങളും സമുദായക്കാരും സുഹൃത്തുക്കളും നിങ്ങളെ പിന്നോട്ടു വലിച്ചെന്നു വരാം. പക്ഷേ ഇവരാരും ശവക്കുഴിക്ക് അപ്പുറത്തേക്കു വരികയില്ല എന്ന സത്യം നിങ്ങൾ മറന്നുപോകരുത്.

ന്യായവിധി ദിവസം നാം ഓരോരുത്തരും കർത്താവിനു കണക്കു കൊടുക്കേണ്ടതായി വരും. അന്നു മറ്റാരും നമ്മുടെ തുണയ്ക്കു വരികയില്ല. "ഞാൻ സത്യം അറിഞ്ഞിരുന്നില്ല കർത്താവേ" എന്നു പറയാൻ ഇനി നിങ്ങൾക്കു കഴിയുകയില്ല. രക്ഷ പ്രാപിക്കാൻ ആവശ്യമായതെല്ലാം നിങ്ങൾ അറിഞ്ഞുകഴിഞ്ഞു. അതുകൊണ്ട് ഒരു തീരുമാനമെടുക്കാനുള്ള സമയം ഇതാണ്. നിങ്ങൾക്ക് എന്തുവേണം? നിത്യജീവൻ വേണോ? അതോ നിത്യനാശം മതിയോ? ക്ഷണഭംഗുരമായ സുഖങ്ങൾക്കുവേണ്ടി നിങ്ങൾ നിത്യജീവൻ വേണ്ടെന്നു വച്ചാൽ നിത്യനരകത്തിൽ എന്നെന്നും യാതന അനുഭവിക്കേണ്ടതായി വരും.

പ്രയോജനമുള്ളതൊന്നും മറച്ചു വയ്ക്കാതെ പറയാൻ കഴിഞ്ഞു എന്നാണു ഞാൻ കരുതുന്നത്. കഴിയുന്നത്ര ലളിതമായ ഭാഷയാണ് ഈ ഗ്രന്ഥത്തിൽ ഉപയോഗിച്ചിട്ടുള്ളത്. അതിഗഹനമായ ആശയങ്ങളോ തർക്കവിഷയങ്ങളോ ഉൾപ്പെടുത്തിയിട്ടുമില്ല. രക്ഷിക്കപ്പെട്ടവർക്കു കൃപയിൽ നിലനിൽക്കുവാനും രക്ഷിക്കപ്പെടാത്തവർക്കു കൃപയിലേക്കു കടന്നു വരുവാനും ആവശ്യമായതെല്ലാം ഈ ഗ്രന്ഥത്തിലുണ്ട്. ഇത് ആത്മിക ജീവിതത്തിനു മുതൽക്കൂട്ടാക്കാൻ ഏവരും ശ്രദ്ധിക്കുക.

ഈ ഗ്രന്ഥം നിങ്ങൾക്ക് ഏതു വിധത്തിൽ പ്രയോജനകരമായി എന്നറിയുവാൻ എനിക്ക് ആഗ്രഹമുണ്ട്. ദയവായി ബന്ധപ്പെടുക. വിലാസം, ഫോൺ നമ്പർ, ഈമെയിൽ തുടങ്ങിയവ അടുത്ത പേജിൽ കൊടുത്തിരിക്കുന്നു.

## പ്രത്യേക ശ്രദ്ധയ്ക്ക്

ഈ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന അടിസ്ഥാന വേദോപദേശങ്ങളിൽ വിശ്വസിക്കുന്ന വ്യക്തികൾക്കും സംഘടനകൾക്കും ഈ പുസ്തകം പൂർണ്ണമായോ ഭാഗികമായോ അച്ചടിച്ചു സൗജന്യമായോ മിതമായ വിലയ്ക്കോ വിതരണം നടത്തുന്നതിനു ഗ്രന്ഥകർത്താവ് അനുവാദം നൽകുന്നു. ഇപ്രകാരം പുസ്തകം പ്രസിദ്ധീകരിക്കുമ്പോൾ ഗ്രന്ഥകർത്താവിന്റെ പേരു പോലും പരാമർശിക്കേണ്ടതുമില്ല.

## ഈ പുസ്തകം എങ്ങനെ ലഭിക്കും?

അടിസ്ഥാന വേദോപദേശങ്ങൾ എന്ന ഈ പുസ്തകം ബുക്ക് സ്റ്റാളുകളിൽ ലഭിക്കുന്നതല്ല. www.tsbalan.com ഇന്റർനെറ്റിൽ സൈറ്റിൽ നിന്നു ഡൗൺലോഡ് ചെയ്യുകയോ താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുകയോ ചെയ്യുക.

## മരിച്ചവർ എവിടെ?

മരണാനന്തര ജീവിതവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും മറുപടി. സ്വർഗ്ഗം, നരകം, പാതാളം എന്നിവയുണ്ടോ, മരിച്ചവർ പ്രേതമാകുമോ, മരിച്ചവർ ഉയിർക്കുമോ, മരിച്ചവർ ഇപ്പോൾ എവിടെ തുടങ്ങിയ വിഷയങ്ങൾക്കെല്ലാം ഈ പുസ്തകം മറുപടി പറയുന്നു. പതിനായിരത്തിലധികം കോപ്പികൾ വിറ്റുകഴിഞ്ഞു.

കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ രണ്ടു പുസ്തകങ്ങളും ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് ഈ പുസ്തകങ്ങളും റ്റി.എസ്.ബാലന്റെ മറ്റു ചില പുസ്തകങ്ങളും ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്. വിലാസം: www.tsbalan.com

പുസ്തകങ്ങൾ പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:

ഏതെങ്കിലും പുസ്തകത്തിന്റെ ഒരു കോപ്പി– 50 രൂപ.
രണ്ടു പുസ്തകങ്ങളുടെയും ഓരോ കോപ്പി– 90 രൂപ.
ഏതെങ്കിലും അഞ്ചു പുസ്തകങ്ങൾ – 180 രൂപ.
ഏതെങ്കിലും പത്തു പുസ്തകങ്ങൾ – 350 രൂപ.

പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും അയയ്ക്കുക.

പുസ്തകങ്ങൾ ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 50 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുവാൻ ശ്രദ്ധിക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ മാത്രം എടുക്കുക.

പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Valayanchirangara P.O.**
**Perumbavoor, Ernakulam Dist. Pin. 683 556.**
**Phone: 0484-3232356. Mob: 9645077483**
**Email: tsbalan@yahoo.com**
**Website: www.tsbalan.com**

**ദൈവവചനം ആഴത്തിൽ പഠിക്കുവാൻ ആഗ്രഹമുണ്ടോ?**

**എങ്കിൽ ഈ സി.ഡികൾ നിങ്ങൾക്കു പ്രയോജനം ചെയ്യും**

## 1. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ

**വിഷയങ്ങൾ:** 1. അടിസ്ഥാന വേദോപദേശങ്ങൾ. 2. കൾട്ടുകൾ
3. ആത്മലോകം. 4. ദുരുപദേശങ്ങൾ. 5. ലോക മതങ്ങൾ
6. വ്യാഖ്യാനശാസ്ത്രം. 7. ഭാവികാലശാസ്ത്രം.
8, 9, 10. സംശയങ്ങൾക്കുള്ള മറുപടികൾ.
**എം.പി.3 ഫോർമാറ്റിലുള്ള 10 സി.ഡികൾ. 100 ക്ലാസ്സുകൾ.**
**ആകെ സമയം: 100 മണിക്കൂർ. വില: 900/- രൂപ**

## 2. പുതിയനിയമത്തിൽനിന്നു 100 പ്രസംഗങ്ങൾ

**എം.പി.3 ഫോർമാറ്റിലുള്ള 10 സി.ഡികൾ. 100 പ്രസംഗങ്ങൾ.**
**ആകെ സമയം: 100 മണിക്കൂർ. വില: 900/- രൂപ**

**രണ്ടു സി.ഡികളും ഒന്നിച്ചു ലഭിക്കുവാൻ 1800/- രൂപ.**
**(ഇന്ത്യയിൽ പോസ്റ്റേജ് സൗജന്യം)**
**വിദേശത്തുള്ളവർ 100 ഡോളർ അയയ്ക്കുക.**

ചെക്ക്/ഡി.ഡി തുടങ്ങിയവ റ്റി.എസ്.ബാലൻ എന്ന പേരിൽ മാത്രം എടുത്ത് താഴെ കാണുന്ന വിലാസത്തിൽ (പണം അയയ്ക്കുന്ന ആളുടെ ഫോൺ നമ്പർ സഹിതം) അയയ്ക്കുക.


വിലാസം:

**T.S.Balan, Anand Bhavan,**
**Valayanchirangara P.O.**
**Perumbavoor, Ernakulam. Pin. 683 556.**
**Phone: 0484-3232356. Mob: 09447414608**
**Email: tsbalan@yahoo.com. Website: www.tsbalan.com**
**To make payments by PayPal: tsbalan@yahoo.com**


**ഈ പ്രസംഗങ്ങളും മറ്റു സുവിശേഷകരുടെ പ്രസംഗങ്ങളും ആത്മീയ ഗാനങ്ങളും സൗജന്യമായി ശ്രവിക്കുവാൻ**

**www.thebibleradio.com**